❑Kozhikode ❑Volume No: 2 ❑Issue No: 4 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

2023
ഒക്ടോബർ 1

വിദ്യാരംഭം പതിപ്പ്



വി.ടി ഭട്ടതിരിപ്പാടിന്റെ അക്ഷരഗുരുവായ

## തിയ്യാടിപ്പെൺകിടാവ്

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


ഗൃഹോപകരണങ്ങളുടെയും
ഫർണിച്ചറുകളുടെയും
വിസ്മയലോകത്തേക്ക്
സ്വാഗതം..!
ഈസിയായി വാങ്ങാം
ഈസി ഇ.എം.ഐക്കൊപ്പം
BAJAJ FINSERV
പലിശരഹിത വായ്പയിലൂടെ
ഫർണിച്ചറുകൾ, ഗൃഹോപകരണങ്ങൾ,
ഇലക്ട്രോണിക്സുകൾ എന്നിവ
സ്വന്തമാക്കാൻ സുവർണ്ണാവസരം
Available
Samsung Finance,
Debit & Credit card, EMI
Brand Cash back Offer
NAMBOOTHIRIS HOME APPLIANCES
വിശ്വസ്തത, ഗുണനിലവാരം, വിലക്കുറവ്, മികച്ച വിൽപ്പനാനന്തര സേവനം...
നമ്പൂതിരീസ്
ഹോംഅപ്ലയൻസസ്
SINCE 1984
ആറ്റുത്യക്കോവിൽ കോംപ്ലക്സ്, മേലാറ്റൂർ
Namboothiri's e shoppe
White Mart
Ph: 04933 278843 Help Line: 8592099941, 8592099971



യോഗക്ഷേമസഭ
# സ്വസ്തി
ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5125 ആശ്വിനം കൊല്ലവർഷം 1199 തുലാം ശരദ് ഋതു

**2023 October 1 ❑Kozhikode ❑Volume No: 2 ❑Issue No: 4 ❑email: swasthitrimonthly@gmail.com ❑website: swasthi.org**

**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9447136571
ജില്ലാ സെക്രട്ടറി: താമരക്കുളം
ദിവാകരൻ നമ്പൂതിരി 9447337337

**മുഖചിത്രം വര:**
നാരായണ ഭട്ടതിരി 9496232444

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ:**
മൊബൈൽ: 9495369337

# വൈറലായ കാവ്യനീതി

ഓർമ്മയില്ലേ പഴയിടം മോഹനൻ നമ്പൂതിരിക്ക് അനുഭവിക്കേണ്ടിവന്ന വിഷമതകൾ. കാലത്തിന്റെ കാവ്യനീതി എന്നായിരുന്നു അതിനെ വിളിച്ചത്. ബ്രാഹ്മണിക്കൽ ഹെജിമണിയുടെയും വെജിറ്റേറിയനിസത്തിന്റെയും പേരിൽ ഒരു നമ്പൂതിരിക്കു നേരെ നടന്ന ഹിംസാത്മകമായ ഗുണ്ടായിസം. ഇപ്പോൾ അതേ ഹെജിമണിക്കാരൻ പഴയിടത്തെ വസതിയിൽ ചെന്നുകണ്ട് ക്ഷമചോദിച്ചതും വൈറലായിരിക്കുന്നു. ബ്രാഹ്മണസഹജമായ സഹനം കൊണ്ടാണ് ഇത് സംഭവിച്ചത് എന്നത് വേറൊരു കാവ്യനീതി.

സ്വഭാവഗുണമാണ് ബ്രാഹ്മണന്റെ മഹിമ. അഹങ്കാര ലേശമില്ലാത്ത അറിവിൽ നിന്നാണ് അതുണ്ടാവുന്നത്. അതു കാത്തു സൂക്ഷിച്ചാൽ ബാക്കിയെല്ലാം പിറകെ വരും. ഈ സംഭവം തെളിയിക്കുന്നതും മറ്റൊന്നല്ല. പുത്തൻ അറിവുകളിലേക്ക് പുതിയ ആകാശങ്ങളിലേക്ക് തുടക്കമിടുന്നതാവട്ടെ ഈ വിദ്യാരംഭം.

വിദ്യാരംഭം സംബന്ധിച്ച സുപ്രധാന കവർ സ്റ്റോറിയോടെയാണ് ഈ പതിപ്പിന്റെ തുടക്കം. വി.ടി ഭട്ടതിരിപ്പാടിന് അക്ഷരം പകർന്നു നൽകിയ തിയ്യാടിപ്പെൺകുട്ടിയെ കണ്ടെത്താൻ സ്വസ്തി നടത്തിയ ശ്രമമാണ് ഇത്. ചരിത്രത്തിലൊന്നും പിന്നീട് പരാമർശിക്കപ്പെടാതെ പോയ അവരെക്കുറിച്ചുള്ള സമഗ്രമായ വിവരണം ഇതിലുണ്ട്. അതിനു പുറമെ വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന നിരവധിപേർ അവരുടെ അറിവിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നുമുണ്ട്. അതെല്ലാം ഉൾപ്പെടുന്നതാണ് വിദ്യാരംഭം സ്പെഷ്യൽ.

അതുപോലെത്തന്നെയാണ്, അഭിമാനകരമായ ചില നേട്ടങ്ങൾ. അതിലൊന്നാണ് മികച്ച സംവിധായികക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ ശ്രുതി ശരണ്യം. നമ്മുടെ വനിതകളിൽ നിന്ന് ഇങ്ങനെ ഒരാൾ ഉണ്ടായി വന്നത് ഇപ്പോഴും അന്തർജനങ്ങളായി കഴിയുന്നവരുടെ കണ്ണ് തുറപ്പിക്കാൻ ഉപകരിക്കും. മികവിന്റെ മേഖലകളിൽ മത്സരിച്ച് ഒന്നാമതെത്തുന്ന ഇത്തരക്കാർ മറ്റുള്ളവരിൽ കുറച്ചൊന്നുമല്ല ആത്മവിശ്വാസം വളർത്തുന്നത്. ചന്ദ്രയാന്റെ വിജയത്തിനു പിന്നിലുള്ള നമ്മുടെ യുവ എഞ്ചിനീയർമാർ വാട്ട്സ് ആപ്പിലും സോഷ്യൽ മീഡിയയിലും വൈറലായി മാറുന്നതും നമ്മൾ അനുഭവിച്ച് അറിയുന്നു. നല്ല പോസിറ്റീവ് ആയ മാറ്റങ്ങളാണ് സമൂഹത്തിൽ പൊതുവിലും നമ്മുടെ സമുദായത്തിനകത്തും നടക്കുന്നത്. പുതിയ അറിവുകൾ നേടാൻ ഏവർക്കും ആശംസകൾ. അജ്ഞതയുടെ ഇരുട്ട് മാറ്റുന്നതാവട്ടെ ഈ നവരാത്രി നാളുകൾ.

പത്രാധിപർ.

Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
**Vol No:2 Issue No: 4 Registration Number : KERMAL/2022/83817**



The Ashtavaidya People
ESTD.1912
ayurveda
KEEPING ALIVE
A GLORIOUS
TRADITION
www.vaidyamadham.com
Vaidyamadham
Vaidysala & Nursing Home
MEZHATHUR, TRITHALA-679 534, PALAKKAD DT,KERALA
0466-2962044,2932755 Mob : 9400432255
info@vaidyamadham.com web : vaidyamadham.com




MACOEN PUMPS
MACOEN PUMPS
കൂടുതൽ വെള്ളം
വൈദ്യുതി ലാഭം..
39 Years of Trust
+916282319315
+918547916495
Mfd by :ENGINEER'S ELECTRIC ,NH PILATHARA,KANNUR DIST KERALA-670504

# ആരൊക്കെ / എന്തൊക്കെ

COVER STORY




വി.ടി ഭട്ടതിരിപ്പാടിന്റെ ആത്മകഥയിലെ തിയ്യാടിപ്പെൺകിടാവ്
വി.ടി ഭട്ടതിരിപ്പാട് 6

ആ തിയ്യാടിപ്പെൺകുട്ടി എവിടെപ്പോയി?
കെ.എം പരമേശ്വരൻ 10

അമ്മ എന്ന പാഠപുസ്തകം
ഡോ. ശങ്കരൻ കുട്ടി 14

അവരുടെ പിണ്ഡത്തിൽ പങ്കുകൊണ്ടതാണ് ആദ്യഓർമ്മ
പ്രൊഫ: മുളകുന്നത്തുകാവ് കൃഷ്ണൻ നമ്പ്യാർ 16


## മുക്തകം /വര


ആർട്ടിസ്റ്റ് നമ്പൂതിരി
പരമേശ്വരൻ കെ.വി/ കൃഷ്ണൻ പാതിരിശ്ശേരി 22


## സെലിബ്രിറ്റി ഗസ്റ്റ്




പ്രകാശം പരത്തുന്ന നമ്പൂരിത്തം
കിളിരൂർ രാധാകൃഷ്ണൻ 44


## ഇല്ലപ്പെരുമ




വിധവയായ അന്തർജനത്തിന് ജോലി നൽകാനായി സ്കൂൾ സ്ഥാപിച്ച മന
പട്ടലകം മന /വിനോദ് മങ്ങത്തായ 66


## അറിയേണ്ട നമ്പൂതിരി




യു ട്യൂബിലെ കൃഷി
ആനന്ദ് മൂത്തേടം 51


## സർവീസ് & പ്രോഡക്ട്സ്




സയിന്റിസ്റ്റായ സംരംഭകൻ *അവണൂർ* ദാമോദരൻ നമ്പൂതിരി.
താമരക്കുളം ദിവാകരൻ നമ്പൂതിരി 74


## വിദ്യാരംഭം സ്പെഷ്യൽ


അക്ഷരബ്രഹ്മം അരുണാചലിൽ
മുണ്ടയൂർ സത്യനാരായണൻ 24

അക്ഷരയുദ്ധത്തിലെ തോൽവി
മള്ളിയൂർ ഓമി 26

പഠനമാധ്യമം സ്നേഹമായിരിക്കട്ടെ!
ഡോ എൻ അദിതി 28

കുടജാദ്രിയിലെ അക്ഷരങ്ങൾ
കാടമ്പറ്റ ഉണ്ണികൃഷ്ണൻ31

തലവര മാറ്റിയ വാക്ക്
പാനാട് പദ്മനാഭൻ നമ്പൂതിരി 32

ഭർഗ്ഗോ ദേവസ്യയും ദേവസ്യസാറും
പൊത്തോപ്പുറം കേശവൻ ജയന്തൻ 35

സാഹിത്യം മൂത്ത് ശാന്തി പോയി
ജയൻ പുതുമന 36

അക്ഷരവും ഞാനും
നാരായണ ഭട്ടതിരി 40

പൊലീസ് റെയ്ഡിൽ നഷ്ടമായത് മഹാത്മാ ഗാന്ധിയുടെ മംഗളാശംസകൾ
സരള മധുസൂദനൻ 47

കവിത / നവദേവികളുടെ രാത്രി
ദേവി പ്രകാശ് 50

വെള്ളിത്തിരക്ക് പിന്നിലെ പെൺകരുത്ത് ശ്രുതി ശരണ്യം
ടി. എസ് വിദ്യ 57

അക്ഷരമേ, നിന്നെ ക്ഷ പിടിച്ചു
അനിയൻ മാങ്ങോട്ട്രി 60

അക്കിത്തവുമൊത്ത് സാഹിത്യക്കോലായയിൽ
കെ എം. എസ്. ഭട്ടതിരിപ്പാട് 62

ജോലി ശാന്തി, ഹോബി വര; ഓർഡർ ഓൺലൈനിൽ
ഉദയൻ നമ്പൂതിരിപ്പാട് 80

പാർവതി ജനിച്ചത് പെൺകൊടക്ക് വേണ്ടിയല്ല
ഡോ.വി.ജെ. ജാതവേദൻ 84

തൊണ്ണൂറാം വയസ്സിലെ തൊഴിൽ
അനുജൻ ടി എം 92

പൊരുത്തപ്പെടൽ
ശ്രീജ പട്ടലൂർ 96


വായനക്കാരുടെ പ്രതികരണങ്ങൾ ❑ യോഗക്ഷേമസഭാ വാർത്തകൾ ❑ വിഷ്ണുപാദം പൂകിയവർ ❑ അനുമോദനങ്ങൾ ❑ തുടങ്ങി സ്ഥിരം പംക്തികളും

26 കുട്ടികളുടെ കുട്ടിക്കൂട്ടം

പേജ് 108 മുതൽ



❑ വേദ വിഷ്ണു വട്ടപ്പറമ്പില്ലം ❑ജഗന്നാഥ കൃഷ്ണൻ ഗദ്ദമനെ ❑ അദ്വൈത് നാരായണൻ തെക്കേടത്ത് മന ❑ ശ്രീക കരുവാട് മന ❑ ശ്രീരാം പൂക്കോട് ❑ സംഗീത മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ ഇല്ലം ❑ ജാതവേദ് പുതിയക്കാട്ട് ഇല്ലം ❑ ദേവനന്ദ രാഹുൽ പുതിയക്കാട്ട് ഇല്ലം ❑ സാവിത്രി.പി പാനാട്ട് ഇല്ലം ❑ ദേവജിത്ത് പുതിയക്കാട്ട് ഇല്ലം ❑ പാർവ്വതി പാനാട്ട് ❑ ❑ഹിമ ദീപക്.ചോല മന ❑ ആർദ്ര തെഞ്ചേരി ❑ഗൗരി എ.കെ അരിഞ്ചിയിൽ ഇല്ലം ❑ ദ്യുതി കെ. എം ❑ ആർദ്ര മാളിക ❑ ആർദ്ര പി രാജേഷ് പടിഞ്ഞാറെ പാട്ട് ഇല്ലം ❑ ആദികൃഷ്ണ പാറക്കോട്ട് ഇല്ലം ❑ ആർദ്ര ശ്രീരാഗ് കാരണത്ത് മന ❑ സാത്വിക ഉണ്ണി ഒതളൂർ മന ❑ നമിത രാജീവ് നല്ലേടത്ത് മന ❑ ജഗന്നാഥ് രാമചന്ദ്രൻ കുനിയില്ലം ❑ ❑നിവേദ് കൃഷ്ണൻ പി.എം പരുത്തി മന ❑ ദേവദത്ത ടി.കെ താമരക്കുളം ഇല്ലം ❑ ദിയ ദീപക് ചോല മന ❑പാർത്ഥിവ് ചേലോട് ഇല്ലം ❑

വിദ്യാരംഭം സ്പെഷ്യൽ ❑ കിനാവുകാലത്തെ കണ്ണീർ

COVER STORY

## വി.ടി ഭട്ടതിരിപ്പാടിന്റെ ആത്മകഥയിലെ

# തിയ്യാടിപ്പെൺകിടാവ്



വി.ടി ഭട്ടതിരിപ്പാടിന്റെ കണ്ണീരും കിനാവും എന്ന ആത്മകഥയിൽ ഒരു തിയ്യാടിപ്പെൺകുട്ടിയെപ്പറ്റി പറയുന്നുണ്ട്. ആ പെൺകുട്ടിയുടെ പേരെന്ത്? എവിടത്തുകാരിയാണ്? അവർ വി.ടിയെ അക്ഷരം പഠിപ്പിക്കാനിടയാക്കിയ സാഹചര്യമെന്ത് ? അവർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ? ഇല്ലെങ്കിൽ അവരുടെ മക്കളുണ്ടോ? അവർ പിന്നീട് വി. ടി ഭട്ടതിരിപ്പാടിനെ കണ്ടിട്ടുണ്ടോ? വിടിയുടെ മകൻ അവരെ കണ്ടിട്ടുണ്ടോ? വി ടിയുടെ ആത്മകഥയിൽ ഒരു വരിയിൽ പരാമർശിച്ചു പോയ ആ തിയ്യാടിപ്പെൺകുട്ടിയെ കണ്ടെത്താൻ സ്വസ്തി നടത്തിയ ശ്രമമാണ് ഈ കുറിപ്പ്.

**ആധുനിക നമ്പൂതിരിയുടെ ആചാര്യനായ വി.ടിക്ക് അക്ഷരം പകർന്നു നൽകിയ ആ തിയ്യാടിപ്പെൺകുട്ടിക്ക് സമർപ്പിക്കുന്നു അക്ഷരപൂജയുടെ ഈ വിദ്യാരംഭം പതിപ്പ്**




**പിറ്റേ ദിവസം തന്നെ പത്തുവയസ്സിലേറെ പ്രായമാകാത്ത ആ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ളേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു.'മാൻ മാർക്ക് കുട' എന്ന ആ ശബ്ദം എത്രതവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല. ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പില്ക്കാലജീവിതത്തിൽ എനിക്കു മാർഗ്ഗനിർദ്ദേശം നൽകിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു പോവുന്നു.**



## വി.ടി ഭട്ടതിരിപ്പാട്

വിലോഭനീയമായ വിഷയാസക്തിയുടെ ഈ വിഷ്കംഭത്തിൽ പടിഞ്ഞാറെ വാരിയത്തെ അമ്മുക്കുട്ടി എന്ന മധുരപ്പതിനേഴുകാരിയായിരുന്നു നായിക. അവശതയാണ്ട അമ്മവാരസ്യാർക്ക് പകരം കഴകപ്രവൃത്തിക്കായി അവൾ എന്നെ അനുഗമനം ചെയ്യാൻ തുടങ്ങി. വിരിപൂവിനു ചുറ്റും മുരണ്ടുമണ്ടുന്ന വരിവണ്ടുപോലെ ആ സുരഭിലസൗകുമാര്യത്തിനു ചുററും എന്റെ മനസ്സ് പാറിനടന്നു.

ഇരുളടഞ്ഞ വിഭാതവേളയിൽ കുളുർത്ത പുലരിക്കാറ്റിൽ ഞങ്ങൾ വിജനമായ പുഴയിൽ ചെന്നു കുളിച്ചു പോരും. ഞാൻ തിടപ്പള്ളിയിലിരുന്നു നിവേദ്യം പാകംചെയ്യുമ്പോൾ ശുഭ്രവസ്ത്രാലങ്കാരച്ചേലോടെ ചുറ്റമ്പലത്തിലിരുന്നു ശബളാഭമായ പൂത്തട്ടത്തിൽനിന്നു പൂവെടുത്തു മാല കെട്ടുകയായിരിക്കും അമ്മുക്കുട്ടി. അവളുടെ നീണ്ട വിരൽത്തുമ്പുകളുടെ ദർശനത്താൽ മദലുളിതമായിത്തീരുന്ന എന്റെ നാഡീപടലത്തിൽ നിന്ന് അസഹ്യമായ മധുരാലാപങ്ങളുയരും. നൈവേദ്യപ്പടയും കലശക്കുടവുമായി ഇളവെയിലേറ്റ് ഇളകിമറിയുന്ന പുഴവക്കത്തെ പൂച്ചെടിപ്പടർപ്പിനിടയിലൂടെ പുറശ്ശാന്തിക്കു പോകുമ്പോൾ പൂപ്പാലികയും കൈവിളക്കും കൈയിലേന്തി അകമ്പടി സേവിച്ചു മുമ്പിൽ നടക്കാറുള്ളത് അവളാണ്.

ദീപാരാധനയുടെ പരിമളമുലാവുന്ന അസ്തമന സന്ധ്യയിൽ കുളികഴിഞ്ഞീറൻമാറി തുമ്പുകെട്ടിയ പുരികുഴൽ നിതംബബിംബത്തിലോളമടിക്കുമാറ് സഖീജനപരീതയായി അമ്പലം വലം വെയ്ക്കുന്നതും അവളാണ്. അത്താഴപൂജ

കഴിഞ്ഞ് അമ്പലം പൂട്ടിയ ശേഷം ഉറക്കം കിട്ടാത്ത രാത്രിയിൽ മതിലകത്തു ലാത്താനിറങ്ങിയാൽ തൊട്ടടുത്തുള്ള പടിഞ്ഞാറ്റി മാളികയിലെ ജനൽവെളിച്ചത്തിൽ പാവക്കൂത്തിലെ മണ്ഡോദരിയെപ്പോലെ പ്രത്യക്ഷപ്പെടുന്നതും അവളാണ്. അങ്ങനെ നാളും തീയതിയും നീണ്ടുപോകുന്നതിനിടയിൽ സംഭവങ്ങളുടെ ഗതി പെട്ടെന്നു മററൊരു വഴിക്കായി.

സായന്തനക്കാറ്റേറ്റ് പടിഞ്ഞാറെ ആലിൻചുവട്ടിൽ എന്തോ മനോരാജ്യത്തിലാണ്ടു നില്ക്കുകയായിരുന്നു ഞാൻ. കച്ചത്തോർത്തു മാത്രമുടുത്തു ചെറിയൊരോലക്കുടകാലിൽ തൂക്കിയിട്ട പുസ്തകസ്സഞ്ചിയുമായി തിയ്യാടി നമ്പ്യാരുടെ ചെറിയ പെൺകുട്ടിയുണ്ട് അപ്പോൾ ആ വഴി വരുന്നു. ഇളകി മറിയുന്ന ആലിലച്ചാർത്തിനിടയിൽക്കൂടി വാർന്നു വീഴുന്ന അസ്തമനസൂര്യന്റെ കിരണകന്ദളം ആ കൊച്ചു ബാലികയുടെ ശൈശവത്തിന്നൊരു ദൈവികപരിവേഷമുളവാക്കി. ഉച്ചഭക്ഷണമില്ലാത്തതുകൊണ്ടുള്ള വിശപ്പും വഴിനടന്ന വിയർപ്പും കൊണ്ട് ആ കുട്ടി നന്നെ വിവശയായിരുന്നു.



*മുണ്ടമുക അയ്യപ്പൻകാവിലെ ശാന്തിക്കാലത്ത്*
*വി.ടി. കുളിച്ചിരുന്ന പുഴക്കടവ്*

ഒരു സ്ളേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കം വലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു. വിറയാർന്ന കൈവിരൽ കൊണ്ട് വീണ്ടും വീണ്ടും കുത്തിക്കുറിച്ചു. പറന്നെത്തിയ ഒരു തീപ്പൊരി ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതു പോലെയായിരുന്നു അത്.



കണ്ണീരും കിനാവും 117

കാലിൽ തൂക്കിയിട്ട പുസ്തകസ്സഞ്ചിയുമായി തിയ്യാടി നമ്പ്യാരുടെ ചെറിയ പെൺകുട്ടിയുണ്ട് അപ്പോൾ ആ വഴി വരുന്നു. ഇളകിമറിയുന്ന ആലിലച്ചാർത്തിന്നിടയിൽക്കൂടി വാർന്നുവീഴുന്ന അസ്തമനസൂര്യന്റെ കിരണകന്ദളം ആ കൊച്ചു ബാലികയുടെ ശൈശവത്തിന്നൊരു ദൈവികപരിവേഷമുളവാക്കി. ഉച്ചഭക്ഷണമില്ലാത്തതുകൊണ്ടുള്ള വിശപ്പും വഴിനടന്ന വിയർപ്പുംകൊണ്ട് ആ കുട്ടി നന്നെ വിവശയായിരുന്നു. തെല്ലിട സംശയിച്ചുനിന്ന ശേഷം പെട്ടെന്നു തന്റെ സഞ്ചിയിൽനിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെടുത്ത് അവൾ എന്നെ സമീപിച്ച് ഈണക്കത്തോടെ കെഞ്ചി:

"ഈ കണക്കൊന്നു പറഞ്ഞുതരാമോ? നാളെ ചെയ്തുകൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തുനിർത്തും."

അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ എന്റെ മുഖത്തു പററിനിന്നു. നോട്ടുപുസ്തകം മേടിച്ച് അതിലെ വെളുത്ത കടലാസിൽ കുനിയനുറുമ്പ് അരിച്ചപോലെ കാണായ കറുത്ത അക്ഷരങ്ങളിൽ നോക്കി ഞാനങ്ങനെ നിന്നു. യാതൊന്നും എനിക്കു മനസ്സിലായില്ല. ലജ്ജകൊണ്ടു ഞാൻ ഇല്ലാതായി. കാഴ്ച മങ്ങിപ്പോയി. കുനിഞ്ഞിരുന്നു ഞാനൊന്നു നെടുവീർപ്പിട്ടു. 'എനിക്ക് അക്ഷരംപോലും വായിക്കാനറിയില്ലല്ലൊ' എന്ന് ആ ... പെൺകുട്ടിയോടു മീശകരുത്ത

*കണ്ണീരും കിനാവും എന്ന ആത്മകഥയിലെ പ്രസക്തഭാഗങ്ങൾ*

തെല്ലിട സംശയിച്ചുനിന്ന ശേഷം പെട്ടെന്ന് തന്റെ സഞ്ചിയിൽനിന്നു ഒരു നോട്ടു പുസ്തകം വലിച്ചെടുത്തു അവൾ എന്നെ സമീപിച്ചു ഈണക്കത്തോടെ കെഞ്ചി

'ഈ കണക്കൊന്നു പറഞ്ഞു തരാമോ? നാളെ ചെയ്തുകൊണ്ട് ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തുനിർത്തും.'

അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ എന്റെ മുഖത്തു പറ്റിനിന്നു. നോട്ടുപുസ്തകം മേടിച്ചു അതിലെ വെളുത്ത കടലാസിൽ കുനിയനുറുമ്പ് അരിച്ച പോലെ കാണായ കറുത്ത അക്ഷരങ്ങളിൽ നോക്കി ഞാനങ്ങനെ നിന്നു. യാതൊന്നും എനിക്കു മനസ്സിലായില്ല. ലജ്ജകൊണ്ട് ഞാൻ ഇല്ലാതായി. കാഴ്ച മങ്ങിപ്പോയി. കുനിഞ്ഞിരുന്നു ഞാനൊന്നു നെടുവീർപ്പിട്ടു. 'എനിക്കു അക്ഷരം പോലും വായിക്കാനറിയില്ലല്ലോ' എന്ന് ആ ഇത്തിരിയോളം പോന്ന

പെൺകുട്ടിയോടു മീശകുരുത്ത ഞാനെങ്ങനെ പറയും? പൊങ്ങച്ചം കൊണ്ടു പുളച്ച എന്റെ മനസ്സമാധാനം തകർന്നുടഞ്ഞു. നന്നെ കുട്ടിക്കാലത്തു വിജയദശമിദിവസം കുളിച്ചു കോടിമുണ്ടുടുത്തു പൂവും പ്രസാദവും ചൂടി ആവണപ്പലകമേലിരുന്നു ഭദ്രദീപത്തിൻറ തെളിനാളത്തിന്നു മുന്നിൽ വെച്ചു മോതിരവിരൽ കൊണ്ടു മണലിൽ‘ഹരിഃ ശ്രീ ഗണപതയേ നമഃ’ എന്നു കുത്തിവരക്കേണ്ടി വന്നപ്പോൾ കൈവിരൽ നൊന്തതിനാൽ കവിളത്തൂടെ കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ പുളിപ്പു വീണ്ടും എനിക്കനുഭവപ്പെട്ടതന്നാണ്.

‘കുട്ട്യോളൊക്കെ എപ്പൊപ്പോയതാ സ്കൂളുവിട്ടിട്ട്? വഴിയില് കണ്ടോരോടൊക്കെ കൊണ്യാരം പറഞ്ഞങ്ങനെ നില്ക്കും. എന്നിട്ടിരുട്ടാവും അകായിലെത്തുമ്പോൾ.’

പിന്നിൽനിന്നും അമ്മയുടെ ശാസന കേട്ട് അവൾ വീട്ടിലേക്കോടി മറഞ്ഞു. അങ്ങനെ ആ കുട്ടിയിൽ നിന്ന് ഞാൻ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ, മനസ്സിലെ അസ്വാസ്ഥ്യത്തിൽ നിന്നു രക്ഷപെടാൻ എനിക്കു കഴിഞ്ഞില്ല.

ആ രാത്രിമുഴുവൻ ഞാൻ എന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു. ‘വിജ്ഞാനം നേടിയേ അടങ്ങൂ’ എന്ന് ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. പിറ്റേദിവസംതന്നെ പത്തുവയസ്സിലേറെ പ്രായമാകാത്ത ആ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ലേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കം വലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു. വിറയാർന്ന കൈവിരൽ കൊണ്ട് വീണ്ടും വീണ്ടും കുത്തിക്കുറിച്ചു. പറന്നെത്തിയ ഒരു തീപ്പൊരി ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതു പോലെയായിരുന്നു അത്. പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടു വന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചു വെച്ചിരുന്നത് ആളൊഴിഞ്ഞ സമയത്തു ഞാനെടുത്തു വായിക്കാൻ നോക്കി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തലപൊക്കി നില്ക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിന്നടിയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന ‘മാൻ മാർക്ക് കുട’ എന്ന വാക്യം ആദ്യമായി പണിപ്പെട്ടു കൂട്ടിവായിച്ചപ്പോൾ എന്റെ മനസ്സിൽ നിന്നൊരു ആഹ്ലാദദ്ധ്വനി വിനിർഗ്ഗളിക്കുകയുണ്ടായി. ‘മാൻ മാർക്ക് കുട’ എന്ന ആ ശബ്ദം എത്രതവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല. ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പില്ക്കാലജീവിതത്തിൽ എനിക്കു മാർഗ്ഗനിർദ്ദേശം നൽകിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു പോവുന്നു. ●

പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടു വന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചു വെച്ചിരുന്നത് ആളൊഴിഞ്ഞ സമയത്തു ഞാനെടുത്തു വായിക്കാൻ നോക്കി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തലപൊക്കി നില്ക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു.

## വി. ടി. രാമൻ ഭട്ടതിരിപ്പാട്: ജീവിതരേഖ

പൊന്നാനി താലൂക്കിലെ മേഴത്തൂർ വില്ലേജിൽ വെള്ളിത്തിരുത്തിത്താഴത്ത് തുപ്പൻ ഭട്ടതിരിപ്പാടിന്റെ മകനാണു വി. ടി. രാമൻ ഭട്ടതിരിപ്പാട്. 1896 മാർച്ച് 26ന് അമ്മാത്തായ കിടങ്ങുർ കൈപ്പള്ളിമന (അങ്കമാലി)യിൽ ജനിച്ചു. ബാല്യം മുഴുവൻ വേദാധ്യയനമായിക്കഴിഞ്ഞു. മുണ്ടമുക ശാസ്താംകാവിൽ ശാന്തിക്കാരനായിരിക്കെയാണ് അക്ഷരാഭ്യാസം ആരംഭിച്ചത്. പെരിന്തൽമണ്ണ ഹൈസ്കൂളിലും ഇടക്കുന്നി നമ്പൂതിരി വിദ്യാലയത്തിലും പഠിച്ചു. ഇടക്കുന്നിയിൽ പഠിക്കുമ്പോൾ 1921–ൽസ്കൂൾ അധികൃതരുടെ സമ്മതമില്ലാതെ അഹ്മദാബാദ് കോൺഗ്രസിൽ പങ്കെടുക്കാൻ പോയതിനു സ്കൂളിൽനിന്നും പുറത്താക്കപ്പെട്ടു. അല്പകാലം കോൺഗ്രസ് പ്രവർത്തനത്തിലും തുടർന്ന് നമ്പൂതിരി യുവജനസംഘത്തിന്റെ സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളിലും അദ്ദേഹം മുഴുകി. തൃത്താലയിലെ വിദ്യാവിലാസിനി സംസ്കൃത കോളജ്, തൃശൂരിലെ യോഗക്ഷേമം കമ്പനി, മംഗളോദയം കമ്പനി എന്നിവിടങ്ങളിൽ ജോലിയും നോക്കിയിരുന്നു. ഇക്കാലത്ത് ഉണ്ണിനമ്പൂതിരി വാരികയുടെ സഹപത്രാധിപർ, നമ്പൂതിരി യുവജനസംഘത്തിന്റെ ഓർഗനൈസിംഗ് സെക്രട്ടറി എന്നീ നിലകളിൽ സജീവമായി പ്രവർത്തിച്ചു. വൃദ്ധവിവാഹം, ഘോഷാസമ്പ്രദായം എന്നിവയ്ക്ക് എതിരായും സ്ത്രീവിദ്യാഭ്യാസത്തിന് അനുകൂലമായും നിരന്തരമായി പ്രചാരണം വി. ടി. നടത്തി. ‘അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്’എന്ന പ്രഹസന നാടകം 1929ൽ യോഗക്ഷേമസഭയുടെ 22–ാം വാർഷികത്തിൽ, അവതരിപ്പിക്കാനായി രചിച്ചതും ഇക്കാലത്താണ്. രജനീരംഗം എന്ന പേരിൽ ഇക്കാലത്തു വി. ടി എഴുതിയ സമുദായപരിഷ്കരണപരങ്ങളായ കഥകൾ പിന്നീടു സമാഹരിച്ചു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ●




*വി ടി മേശാന്തിയായിരുന്ന ഷൊർണ്ണൂരിലെ മുണ്ടമുക അയ്യപ്പൻകാവ് (പടിഞ്ഞാറെ നട)*

**വിദ്യാരംഭം സ്പെഷ്യൽ ❑ ആചാര്യന്റെ ഗുരു**

## വി ടിയുടെ ഗുരുവായ തിയ്യാടിപ്പെൺകുട്ടി

# എവിടെപ്പോയി?

**വി.ടി ഭട്ടതിരിപ്പാടിനെ അക്ഷരം പഠിപ്പിച്ച പത്തു വയസ്സുകാരി തിയ്യാടിപ്പെൺകുട്ടി പിന്നീട് ചരിത്രത്തിൽ എവിടെയുമില്ല. അവരെ കണ്ടെത്താനും പത്തു വയസ്സിനു ശേഷമുള്ള അവരുടെ ജീവിതം രേഖപ്പെടുത്താനുമുള്ള ശ്രമമാണ് ഈ ഫീച്ചർ.**

**കെ.എം പരമേശ്വരൻ**



ഷൊർണ്ണൂർ റെയിൽവെ ജംഗ്ഷൻ കേരളത്തിന്റ മദ്ധ്യഭാഗത്താണ്. ഭാരതപ്പുഴയുടെ വടക്കെ കരയിൽ. പുഴയ്ക്കും റെയിൽവെ സ്റ്റേഷനും ഇടയിലുള്ള ദേശമാണ് മുണ്ടമുക അല്ലെങ്കിൽ മുണ്ടായ. ഇവിടെ പുഴവക്കത്ത് പുരാതനമായ ഒരു അമ്പലമുണ്ട്. മുണ്ടമുക അയ്യപ്പൻകാവ്. പ്രസിദ്ധമാണത്. വി.ടി ഭട്ടതിരിപ്പാട് മേശാന്തിയായിരുന്ന അമ്പലം. കൂടല്ലൂർ, ആനാറി, തെക്കിനിയേടം തുടങ്ങിയ ഇല്ലക്കാർക്ക് ഊരായ്മയുള്ള ക്ഷേത്രം. മേലഴിയത്തിനാണ് തന്ത്രം.

108 കൊല്ലം മുമ്പാണ്. ദിവസം ഒരു പറ നെല്ല് ശമ്പളത്തിന് (കൊല്ലത്തിൽ 365 പറ) ഒരു പുതിയ മേശാന്തിയെ കൂടല്ലൂർ നമ്പൂതിരിപ്പാട് നിയമിച്ചു. കൂടല്ലൂരെ തേവാരിയായി നമ്പൂതിരിപ്പാടിന് ബോദ്ധ്യം വന്ന ആളാണ്. പത്തൊമ്പതു വയസ്സു കഴിഞ്ഞതേയുള്ളു. ഓത്തെല്ലാം കടുകട്ടി. കറുത്തു മെലിഞ്ഞ ശരീരം. എല്ലാവരോടും ആത്മാർത്ഥതയോടെയുള്ള പെരുമാറ്റം. അതിനാൽ അയാളെ മുണ്ടായ അയ്യപ്പൻകാവിൽ മേശാന്തിയാക്കി.

അമ്പലത്തിലെ പ്രധാന വഴിപാടാണ് തിയ്യാട്ട്. ശനിദോഷവും വിദ്യാഭ്യാസതടസ്സവുമൊക്കെ പരിഹരിക്കാനുള്ളതാണ് പ്രസ്തുത അനുഷ്ഠാനം. പലരും അത് നേരാറുണ്ട്. അതിനാൽ തൊട്ടടുത്തു തന്നെ തിയ്യാടി കുടുംബവുമുണ്ട്. തിയ്യാടി ശങ്കരൻ നമ്പ്യാരും കുടുംബവും അയ്യപ്പൻകാവിന്റെ തൊട്ടു പടിഞ്ഞാറുവശത്താണ് താമസം. എട്ടു കുട്ടികളാണ് തിയ്യാടി നമ്പ്യാർക്കും ഇട്ടിച്ചിരി (ശ്രീദേവി ) മരുവോളമ്മക്കും ഉള്ളത്. (തിയ്യാടിമാരുടെ അന്തർജനങ്ങളെ



അയ്യപ്പൻകാവിന്റെ ഗോപുരം



അയ്യപ്പൻകാവിന്റെ ബലിക്കൽപ്പുര

'പെൺകൊട കഴിഞ്ഞ് എന്റെ തറവാടായ പെരുമ്പിലാവ് തിയ്യാടിയിൽ കുടിവെച്ചപ്പോൾ അമ്മയ്ക്ക് പ്രായം പന്ത്രണ്ട്. അങ്ങനെ അമ്മ 'കുട്ടിമരുവോളമ്മ'യായി. ഇവിടെ എത്തിയ ശേഷമായിരുന്നുവത്രെ അമ്മ ഋതുമതിയായി വയസ്സറിയിച്ചത് ! പിന്നെ എട്ടു വർഷം കഴിഞ്ഞാണ് ആദ്യത്തെ കുഞ്ഞ് പിറന്നത്.

മരുവോളമ്മ എന്നാണ് വിളിക്കാറ്) നീലകണ്ഠൻ (കുഞ്ഞുകുട്ടൻ), നാരായണൻ എന്നിവർക്കു താഴെ നങ്ങേലിക്കുട്ടി. അത്ര നാണം കുണുങ്ങിയൊന്നുമല്ല.

മുണ്ടായ എൽ.പി.സ്കൂളിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ തോൽക്കാതെ പഠിച്ച് അഞ്ചാം ക്ലാസിലായിരിക്കുന്നു നങ്ങേലി. ഈ കുട്ടിയാണ് വിടിയുടെ ആത്മകഥയിൽ പരാമർശിക്കപ്പെട്ട തിയ്യാടിക്കുട്ടി. അവരെ കണ്ടെത്താൻ സ്വസ്തി നടത്തിയ യാത്രയാണ് ഈ ഫീച്ചർ. വീണ്ടും ആ കാലത്തേക്ക് കടക്കാം.

പക്ഷഭേദമില്ലാതെ അമ്പലത്തിൽ വരുന്നവർക്കെല്ലാം പ്രസാദം കൊടുക്കുകയും ചിരിച്ചു കുശലം പറയുകയും ചെയ്യുന്ന മേശാന്തിയോട് എവിടെയാണ് മനയെന്ന് ആ കുട്ടി ചോദിച്ചു.'മേഴത്തൂർ' എന്ന് പറഞ്ഞപ്പോൾ'എന്റെ അമ്മാത്ത് മലമക്കാവിലാണ്' എന്ന് നങ്ങേലിക്കുട്ടിയും പറഞ്ഞു. തൃത്താലയിൽ നിന്നും അധികം ദൂരമില്ലല്ലൊ മലമക്കാവിലേക്കും മേഴത്തൂരിലേക്കും. ജ്യേഷ്ഠ സഹോദരന്മാരോടു തോന്നുന്ന ഒരു അടുപ്പമാണ് നങ്ങേലിക്കുട്ടിക്ക് മേശാന്തിയോട് തോന്നിയത്.

ശേഷം നടന്നതെല്ലാം വി ടിയുടെ 'കണ്ണീരും കിനാവി'ലും ഉണ്ടല്ലൊ. അവരുടെ മകൻ വടക്കാഞ്ചേരിയിൽ താമസിക്കുന്ന ഡോ ശങ്കരൻകുട്ടി പറയുന്നതിങ്ങനെ:

' ഷൊർണൂർ ഗണേഷ്ഗിരി മലയാളം സ്കൂളിൽ ആറാം ക്ലാസിൽ പഠിച്ചുകഴിഞ്ഞശേഷം പെൺകൊട കഴിഞ്ഞ് എന്റെ തറവാടായ പെരുമ്പിലാവ് തിയ്യാടിയിൽ കുടിവെച്ചപ്പോൾ അമ്മയ്ക്ക് പ്രായം പന്ത്രണ്ട്. അങ്ങനെ അമ്മ'കുട്ടിമരുവോളമ്മ'യായി. ഇവിടെ എത്തിയ ശേഷമായിരുന്നുവത്രെ അമ്മ ഋതുമതിയായി വയസ്സറിയിച്ചത് ! പിന്നെ എട്ടു വർഷം കഴിഞ്ഞാണ് ആദ്യത്തെ കുഞ്ഞ് പിറന്നത്.

നങ്ങേലിയുടേത് മാറ്റവേളിയായിരുന്നു. മുണ്ടായ അപ്ഫനാണ് പെരുമ്പിലാവിൽ നിന്ന് വേട്ടയാൾ. അപ്പോൾ സ്ഥാനം ചെറിയമ്മ. പോരാത്തതിന് ഭർത്താവിന്റെ ഓപ്പോളും. അവരുടെ വിവാഹജീവിതം പൊരുത്തപ്പെടാതെ ചെറിയമ്മയെ കുഞ്ഞപ്പൻ മാഷ് പോയി കൂട്ടിക്കൊണ്ടു വന്നതോടെ നങ്ങേലിയോടായി കലി മുഴുവനും. തിയ്യാടിയിലെ അകായിലെ ഭരണം ചെറിയമ്മ ആയി. പണിമുഴുവൻ മിണ്ടാപ്രാണിയായ നങ്ങേലിയുടെ തലയിലുമായി. സീമന്തപുത്രിയേയും വെച്ച് നങ്ങേലിയുടെ യാതനാജീവിതം നിരങ്ങിനീങ്ങി. എന്തുവന്നാലും ഭർത്താവിനെ വിട്ട് എങ്ങോട്ടും പോവില്ലെന്ന് നിശ്ചയിച്ചു. ഓപ്പോളേയും മുത്തശ്ശിയേയും ധിക്കരിക്കാനാവാത്ത അവസ്ഥയിലായിരുന്നു നങ്ങേലിയെ വേട്ട തിയ്യാടി കേശവൻ നമ്പ്യാർ.

മകൻ ശങ്കരൻ കുട്ടി തന്നെ പറയട്ടെ:

'ഞങ്ങളെയൊന്നും ലാളിച്ചു വഷളാക്കിയില്ല. കുട്ടികൾ സ്വന്തം കാലിൽ നിൽക്കാറാവണം. കഴിയുന്നത്ര പഠിക്കണം. പാരമ്പര്യ ജോലികൾ കൂടാതെ മറ്റു ജോലികൾക്കും പോകണം. അമ്മയുടെ കരുതൽ അതായിരുന്നു. തിയ്യാടി സമുദായത്തിൽ നിന്ന് ആദ്യം സ്കൂൾ വിദ്യാഭ്യാസം ലഭിച്ച പെൺകുട്ടി എന്ന മേന്മ അമ്മക്കാണെങ്കിൽ ആദ്യം പത്താം ക്ലാസ് പാസായി സർക്കാർ ജോലി സമ്പാദിച്ച തിയ്യാടി പെൺകുട്ടി

എന്റെ മൂത്ത സഹോദരി അമ്മിണി ഓപ്പോളാണ് ! ഓപ്പോളെ അതിനു സാദ്ധ്യമാക്കിയത് അമ്മയാണ്. ആരോഗ്യ വകുപ്പിൽ മിഡ് വൈഫ് ആയിട്ടാണ് ഓപ്പോൾ ജോലി ചെയ്തത്. '

'കുട്ടികളെ നോക്കുന്ന കാര്യത്തിൽ സഹായികളായി അമ്മ മൂത്തകുട്ടികളെ പരിശീലിപ്പിച്ചു. രണ്ടാമത്തെ മകൾ സരസ്വതിയെ പറ്റുന്ന പോലെ സഹായിച്ചിരുന്നത് മൂത്തമകൾ അമ്മിണിയാണ്. അഞ്ചു വയസ്സിന്റെ വ്യത്യാസം അവർ തമ്മിലുണ്ടല്ലോ. തങ്കമണിയെ പ്രസവിക്കുമ്പോൾ പത്തു വയസ്സുകാരി അമ്മിണി അടുക്കളയിലും അത്യാവശ്യം സഹായിക്കാൻ പ്രാപ്തയായി കഴിഞ്ഞിരുന്നു. അമ്മിണിയും സരസ്വതിയും കൂടി തങ്കമണിയുടെ കാര്യം ശ്രദ്ധിക്കുകയും ചെയ്യും. അമ്മിണി ഋതുമതിയായ ശേഷം കുഞ്ഞപ്പൻ മാഷ് തുടർപഠനം മുടങ്ങാതെ നോക്കി. അങ്ങനെ അമ്മിണി പത്താം ക്ലാസ് പരീക്ഷ ജയിച്ചു. തിയ്യാടി സമൂഹത്തിൽ ആദ്യമായി പത്താം ക്ലാസ് പരീക്ഷ ജയിച്ച പെൺകുട്ടിയായി അവർ.

തൃശ്ശൂരിലെ കുട്ടികളുടേയും അമ്മമാരുടേയും ആശുപത്രി പാറമേക്കാവ് അമ്പലത്തിനടുത്തുണ്ട്. പ്രസവാശുപത്രി എന്നും അറിയപ്പെടും. അവിടെ ആറു മാസത്തെ 'മിഡ് വൈഫ് കോഴ്സ്' പാസായാൽ ജോലി വേഗം കിട്ടുമെന്നറിഞ്ഞു അമ്മിണി ഓപ്പോൾ അതു ചെയ്തു. വേഗം വിവാഹം കഴിച്ചയക്കാൻ തിയ്യാടി കാരണവന്മാർക്ക് ധൃതിയായി. ജോലി കിട്ടിയ ശേഷമേ വിവാഹത്തിനു തയ്യാറുള്ളു എന്ന് ഓപ്പോളും. ഓപ്പോളുടെ വിവാഹം കഴിയാതെ ഇളയ കുട്ടികൾ വിവാഹം ചെയ്യുന്ന പതിവുമില്ല. വടക്കാഞ്ചേരിയിലെ തലപ്പിള്ളി താലൂക്ക് ആശുപത്രിയുടെ കീഴിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ (ഹെൽത്ത് സബ്ബ് സെന്റർ) തുടങ്ങുന്നുണ്ട്. നാട്ടിൻ പുറങ്ങളിൽ ഗർഭിണികൾക്ക് പ്രസവവേളയിൽ സഹായം ചെയ്യുന്ന നേഴ്സ് ആണ് മിഡ്വൈഫ്. വയറ്റാട്ടി എന്ന് നാടൻ ഭാഷ. വേലൻ, മണ്ണാൻ, പാണൻ എന്നീ പിന്നോക്ക സമുദായങ്ങളിലെ സ്ത്രീകൾ പാരമ്പര്യമായി പരിശീലനം നേടി ചെയ്തു വന്നിരുന്ന പണിക്കാണ് അമ്പലവാസികളായ തിയ്യാടിക്കുട്ടി



*വി ടി മേശാന്തിയായിരുന്ന ഷൊർണ്ണൂരിലെ മുണ്ടമുക അയ്യപ്പൻകാവിന്റെ ബലിക്കൽപ്പുരയും കൊടിമരവും. ശാന്തിക്കാലത്ത് വി ടി താമസിച്ച അഗ്രശാലാ മാളിക ഭാഗം. വൃത്തത്തിൽ കാണുന്നത്*

ഒരുമ്പെട്ടിരിക്കുന്നത് എന്ന സംസാരമുണ്ടായി. ഏതായാലും അപേക്ഷ അയച്ചു. താലൂക്കിലെ അഞ്ചാറിടത്ത് ഹെൽത്ത് സെന്റർ തുറക്കുന്നുണ്ട്. മിഡ് വൈഫ് താമസിക്കുന്ന വീടു തന്നെയാണ് തൽക്കാലം ഹെൽത്ത് സെന്റർ ആക്കുക. 24 മണിക്കൂറും സ്ഥലത്തുണ്ടാവണം. ഏതു പാതിരാത്രിക്കും ഗർഭിണികൾക്ക് വേദന വരാം. വീടുകളിൽ പോയി സഹായിക്കേണ്ടി വരും. വീട്ടിൽ സൗകര്യമില്ലാത്തവരെ ഹെൽത്ത് സെന്ററിൽ കൊണ്ടുവരും. സീരിയസ് കേസാണെങ്കിൽ വടക്കാഞ്ചേരിയിലോ തൃശ്ശൂരിലോ എത്തിക്കാനും മിഡ് വൈഫിനു ചുമതലയുണ്ട്.

വരവൂർ, ദേശമംഗലം, എളനാട്, ചൂണ്ടൽ, കടവല്ലൂർ തുടങ്ങി എവിടെയും ജോലി ചെയ്യാൻ തയ്യാറാവണം. അമ്മിണിക്ക് ആദ്യനിയമനം വരവൂർ എന്ന ഉൾപ്രദേശത്താണ് കിട്ടിയത്.

'വരവൂരിലേക്ക് അക്കാലത്ത് തൃശ്ശൂർ – ദേശമംഗലം റൂട്ടിൽ ഓടുന്ന ഒരു ബസ്സാണുള്ളത്. ഷൊർണ്ണൂർ – പൈങ്കുളം റൂട്ടിലോടുന്ന മറ്റൊരു ബസ്സും ചില ട്രിപ്പുകൾ വരവൂരിലേക്ക് പോകും. ഏതായാലും അമ്മിണി ഓപ്പോളുടെ കൂടെ വരവൂരിൽ പോയി നിൽക്കാൻ ആരും തയ്യാറില്ലെന്ന് മനസ്സിലായി. അതു വരെ തറവാട്ടിൽ 'മിണ്ടാപ്രാണി 'യായി കഴിഞ്ഞ അമ്മ മുലകുടി മാറാത്ത അഞ്ചാമത്തെ മകൻ ശങ്കരൻ കുട്ടിയേയും എടുത്ത് അമ്മിണി ഓപ്പോൾക്ക് രക്ഷിതാവായി മുന്നിട്ടിറങ്ങി!

*നങ്ങേലി അഞ്ചാം ക്ലാസുവരെ പഠിച്ച മുണ്ടമുക എൽപി സ്കൂൾ*

രാവിലെ പ്രാതലൂണു കഴിഞ്ഞ് സ്കൂളിൽ പോയി വൈകുന്നേരം തിയ്യാടിയിൽ എത്തിയാൽ പുഴയിൽ പോയി കുളിച്ചു ശുദ്ധമായിട്ടേ ഭക്ഷണം കഴിക്കാവൂ.



ഡോക്ടർ ശങ്കരൻ കുട്ടി ഏഴുപതിറ്റാണ്ടു മുമ്പ് 1949 ൽ നടന്ന ആ യാതനായാത്ര വടക്കാഞ്ചേരിയിലെ തിയ്യാടി ഭവനത്തിലെ കൺസൾട്ടിങ് റൂമിലിരുന്ന് അനുസ്മരിച്ചു.

'വരവൂർ കപ്ലിങ്ങാട്ടു മനയിലെ അന്ത:പുരത്തിന്റെ ഭാഗമായ ഒരു മുറിയിലാണ് ആദ്യദിവസങ്ങളിൽ ഞങ്ങൾ താമസിച്ചത്. ഡോക്ടർ തുടർന്നു:'അവിടെ നിന്ന് ചക്രപാണി പിഷാരടിയുടെ വീടിനു മുമ്പിലുണ്ടായിരുന്ന പഴയ'തൊഴുത്തി'ലേക്ക് താമസം മാറ്റി. ചാണകം മെഴുകിയ നിലമാണ്. രൂപമാറ്റം വരുത്തിയ തൊഴുത്ത് അങ്ങിനെ വരവൂരിലെ ആദ്യത്തെ ആരോഗ്യ ഉപകേന്ദ്രമായി. ഹെൽത്ത് സബ്ബ് സെന്റർ എന്ന് ഇംഗ്ലീഷിൽ എഴുതിയ ഒരു ബോർഡും സ്ഥാപിച്ചു. മുൻവശത്ത് മേശയും കസേരയും ബെഞ്ചും ഇട്ടു . പിൻ ഭാഗത്ത് മിഡ് വൈഫും കുടുംബവും താമസമാക്കി.'

'വൈകാതെ പനയൂർ കിഴക്കൂട്ട് എന്ന നായർ തറവാട്ടുകാരുടെ ഔട്ട് ഹൗസ് വാടകക്കെടുത്ത് ആരോഗ്യ കേന്ദ്രവും താമസവും കുറച്ചു കൂടി സൗകര്യമുള്ള ആ വീട്ടിലേക്കു മാറ്റി. ബോർഡും മുമ്പിൽ തൂക്കി. ആ വീട്ടുവരാന്തയിലെ തൂണിൽ ചാരിയിരുന്ന് അമ്മ എനിക്ക് മുലയൂട്ടിയിരുന്നതും ഞാൻ ഓർക്കാറുണ്ട്.' ഡോക്ടർ നിർത്തി.

'എനിക്ക് അഞ്ചു വയസ്സാവുന്നതു വരെ അമ്മയോടൊപ്പം വരവൂരിൽ താമസിച്ചു. ഒന്നാം ക്ലാസിൽ ചേർത്ത് പഠിപ്പിക്കാൻ അച്ഛൻ പെരുമ്പിലാവിലെ തറവാട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. അക്കാലത്ത് അമ്മിണി




## മാൻ മാർക്ക് കുട കോഴിക്കോട്ടു നിന്ന്

മലയാളക്കരയിൽ കുട വ്യവസായത്തിന്റെ ഈറ്റില്ലമായിരുന്നു കോഴിക്കോട്. നിലമ്പൂർ കാടുകളിൽനിന്ന് വെട്ടിയെടുത്ത മൂപ്പെത്തിയ ചൂരൽ കൊണ്ടുള്ള കാൽ. ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ നിന്നു കടൽ കടന്നെത്തിയ ഒന്നാംതരം പരുത്തിത്തുണി. ഇവ രണ്ടും കമ്പികളും ചേർത്ത് കോഴിക്കോട്ടെ തൊഴിലാളികൾ ഉണ്ടാക്കിയ കുടകൾ ഇന്ത്യയിൽ മാത്രമല്ല, വിദേശത്തും പ്രിയങ്കരമായിരുന്നു.

1900 ത്തിൽ കോഴിക്കോട്ട് ധാരാളം കുട വ്യവസായ ശാലകളുണ്ടായിരുന്നു. ഇബ്രാഹിം കരീം സൺസിന്റെ മാൻ മാർക്ക്, സേട്ട് നാഗ്ജി പുരുഷോത്തം കമ്പനിയുടെ സൂര്യ മാർക്ക് കുടകൾ എന്നിവ കേരളത്തിനകത്തും പുറത്തും രാജ്യാന്തരതലത്തിലും ശ്രദ്ധേയമായിരുന്നു. വ്യവസായ പ്രമുഖരായ സേട്ട് നാഗ്ജി പുരുഷോത്തം കമ്പനി 1880ൽ ആണ് പ്രവർത്തനം തുടങ്ങിയത്.

ഇബ്രാഹിം കരീം 1860ൽ മുംബൈയിൽ കുടക്കമ്പനി തുടങ്ങി. ആദ്യം ഇംഗ്ലണ്ടിൽനിന്നു കുട ഇറക്കുമതി ചെയ്തു വിറ്റ ഇബ്രാഹിം കരീം മക്കളായ റഹീം ഭായ്, റാംജനാലി, ഗുലാം അലി എന്നീ മക്കളെ കൂടെ കൂട്ടി ഇബ്രാഹിം കരീം സൺസ് എന്ന കമ്പനിക്കു രൂപം നൽകി. മൂത്ത മകൻ യൂറോപ്പിൽ പോയി കുട നിർമാണം പഠിച്ചു. ഇതിനായുള്ള യന്ത്രങ്ങൾ ഇറക്കുമതി ചെയ്തു. അങ്ങനെ കോഴിക്കോട്ടുനിന്ന് പ്രശസ്തമായ മാൻ മാർക്ക് കുട പിറന്നു. ഈ കുടയുടെ പരസ്യമാണ് വി.ടി ആദ്യമായി കൂട്ടി വായിച്ച വാക്കുകൾ മാൻ മാർക്ക് കുട ●

## ചരിത്രത്തിന്റെ ശേഷിപ്പുകൾ

*ഇവിടെയായിരുന്നു നങ്ങേലി താമസിച്ചിരുന്ന തിയ്യാടി ഭവനം*



# അമ്മ എന്ന പാഠപുസ്തകം

അമ്മ നടത്തിയ ത്യാഗം കാരണം തന്റെ കുട്ടിക്കാലം അമ്മയിൽ നിന്ന് വിട്ടു നിൽക്കേണ്ട ഒന്നായി മാറിയത് ശങ്കരൻ കുട്ടി ഇങ്ങനെ അനുസ്മരിക്കുന്നു:

മൂന്നു വയസ്സു മുതൽ അമ്മയോടൊപ്പം വരവൂരിലെ വാടക വീട്ടിലായിരുന്നു. അഞ്ചു വയസ്സ് തികഞ്ഞപ്പോൾ അച്ഛൻ വന്ന് എന്നെ പെരുമ്പിലാവിലേക്കു കൂട്ടിക്കൊണ്ടുപോയി. അമ്മ ഒപ്പം വന്നില്ല. കാരണം ഓപ്പോളെ ഒററക്കാക്കി പോരാൻ അമ്മക്കാവില്ല. അങ്ങനെ ഞാൻ അമ്മയിൽ നിന്ന് വേർപെട്ടായി താമസം.

ഒന്നാം ക്ലാസിലെ ഒഴിവുകാലത്ത് എന്നെ വരവൂരിൽ അമ്മയുടെ അടുത്താക്കി. അക്കാലത്ത് എനിക്ക് വിട്ടുമാറാത്ത ചൊറിപിടിച്ചു. അമ്മ പറഞ്ഞതനുസരിച്ച് ഒരു ദിവസം ദേശമംഗലത്തേക്ക് ഓപ്പോൾ എന്നേയും കൂട്ടി. അവിടത്തെ ഡോക്ടറാണ് ചൊറി പരിശോധിച്ച് ഒരു ഓയിൽമെന്റ് പുരട്ടാൻ നിർദ്ദേശിച്ചത്. അങ്ങിനെ സ്കൂൾ തുറക്കുമ്പോഴേക്കും ചൊറിയൊക്കെ മാറി.

'കുളിക്കാൻ വെള്ളം ഒഴിച്ചു തരൂ ഓപ്പോളേ' എന്ന് ഞാൻ കെഞ്ചിയപ്പോൾ 'അനിയൻ തന്നെ വെള്ളമൊഴിച്ചു കുളിച്ചാൽ മതി' എന്ന് ഓപ്പോൾ.'ഡോക്ടർക്ക് ഓപ്പോളാണല്ലോ കൈകഴുകാൻ വെള്ളം കൊടുക്കുന്നതും സോപ്പുകൊടുക്കുന്നതും പാത്രം കൊണ്ട് വെള്ളം ഒഴിച്ചു കൊടുക്കുന്നതും ഒക്കെ. അതുപോലെ എനിക്കും ചെയ്തു തരണം' എന്നായി എന്റെ കൊഞ്ചൽ.

'നീ പഠിച്ച് വലുതായി ഡോക്ടറായി വന്നാൽ ഞാൻ ഒക്കെ ചെയ്തു തരാം' അതായിരുന്നു ഓപ്പോളുടെ മറുപടി. എന്നെ ഡോക്ടറാക്കാൻ പ്രേരിപ്പിച്ച കാര്യങ്ങളിലൊന്ന് അതായിരുന്നു. പക്ഷേ, ഞാൻ ഡോക്ടറായതു കാണാൻ അമ്മയുണ്ടായിരുന്നില്ല. ●

*വരവൂർ കപ്ലിങ്ങാട്ടു മനയിൽ പഴയതറവാടിന്റെ ഭാഗമായിട്ടുള്ള വടക്കേ അറയുടെ കവാടം. 1949 ൽ വരവൂരിൽ ഹെൽത്ത് സബ് സെന്ററിൽ മിഡ് വൈഫ് ആയി നിയമനം കിട്ടിയപ്പോൾ ആദ്യദിവസങ്ങളിൽ അമ്മിണിക്കുട്ടിയും അമ്മ നങ്ങേലി മരുവോളമ്മയും മൂന്നുവയസ്സുകാരൻ ശങ്കരൻ കുട്ടിയും ഈ മുറിയിലാണ് താമസിച്ചിരുന്നത്*





പക്ഷേ, ഞാൻ ഡോക്ടറായതു കാണാൻ അമ്മയുണ്ടായിരുന്നില്ല.

ഡോ. ശങ്കരൻ കുട്ടി,
എം.ബി .ബി.എസ്സ്, എം.എസ്.
ഡി.ജി.ഒ വടക്കാഞ്ചേരി
മൊബൈൽ: 9447201771

ഓപ്പോളുടെ വിവാഹവും ഒത്തുവന്നു. അമ്മയുടെ അമ്മാത്തായ മലമക്കാവിലെ ഏട്ടനാണ് വരൻ. കോഴിക്കോട്ട് പോലീസ് മേധാവിയുടെ ഓഫീസിൽ വയർലസ് ഓപ്പറേറ്ററുടെ ജോലിയാണ്. വിവാഹശേഷവും അമ്മിണി ഓപ്പോളും അമ്മയും വരവൂരിൽ തന്നെ താമസിച്ചു. അവധി ദിവസങ്ങളിൽ മലമക്കാവേട്ടൻ വരവൂരിലുണ്ടാവും. മാസത്തിൽ ഒരു ദിവസം അച്ഛനും വരവൂർ പോക്കുണ്ട്. സന്ധ്യക്കു മുമ്പായി പെരുമ്പിലാവിൽ മടങ്ങിയെത്തും.'

1951 ൽ പെരുമ്പിലാവു തിയ്യാടിയിൽ ഉപനയനം നടന്നു. പതിനൊന്നുകാരൻ കേശവൻകുട്ടിയുടെ. പിറ്റത്തെ കൊല്ലം ആറു മാസത്തെ ഇടവേളയിൽ രണ്ടു പെൺകൊടകളും നടന്നു. രണ്ടാമത്തെ മകളായ പത്താം ക്ലാസ്കാരി സരസ്വതിയെ ചെർപ്പുളശ്ശേരി തിയ്യാടിക്കു കൊടുത്തു. ആറു മാസം കഴിഞ്ഞപ്പോൾ മൂന്നാമത്തെ മകൾ തങ്കമണിക്കും മുളങ്കുന്നത്തുകാവിൽ നിന്ന് ആലോചന ഒത്തുവന്നപ്പോൾ അതും നടത്തി.'

ഇത്തരം ചടങ്ങുകൾക്കു മാത്രമെ നങ്ങേലിക്കുട്ടി മരുവോളമ്മ പെരുമ്പിലാവ് തിയ്യാടിയിൽ വന്നു താമസിച്ചിട്ടുള്ളു. മുത്തമകൾക്ക് വി

## മാൻ മാർക്ക് കുട കവിതയായപ്പോൾ

പി.പി.രാമചന്ദ്രൻ മാൻ മാർക്ക് കുട എന്ന പേരിൽ ഒരു കവിതയെഴുതിയിട്ടുണ്ട്. മറക്കുടക്കുള്ളിലെ ഇരുട്ട് നീക്കാൻ വന്ന കറുത്ത പൂജാരിയായാണ് കവിതയിൽ വി.ടി.യെ വിഭാവനം ചെയ്യുന്നത്. ഇരുട്ട് അകറ്റാൻ വന്ന കറുത്ത പൂജാരി. അദ്ധ്വാനിക്കുന്നവന്റെ നിറം. കവിതയിലെ കുട തുറന്നാൽ വിചിത്രമായ ലിപി കണക്ക് വിരാജിക്കുന്ന നക്ഷത്രത്തുളകൾ. അതിന്റെ നടുവിൽ ഒരു മാനും, നിറനിലാവൊഴുക്കുന്ന ചന്ദ്രനും. കുടയിലെ നക്ഷത്രത്തുളകൾ ഈ ലോകവുമായി നമ്മെ ബന്ധപ്പെടാൻ ഉപകരിക്കുന്നു. എന്നാൽ ആധുനിക ലോകത്തിന് ഇത്തരം കുടകൾ ആവശ്യമില്ല. സങ്കുചിതത്വത്തിന്റെ തുരുത്തുകളിലാണ്. അതിനാൽ വി.ടി.യെയും അദ്ദേഹത്തിന്റെ മാൻമാർക്ക് കുടയേയും നാം അവഗണിച്ചു. പുതിയ കുടയുടെ മുദ്ര മാനല്ല. ഇരയ്ക്കു നേരെ ചാടുന്ന സിംഹമാണ്. നന്മയല്ല, തിന്മയാണ് ഇന്നിനെ ഗ്രസിക്കുന്നത് എന്നർത്ഥം. ●

ശേഷമായതും നങ്ങേലിയുടെ തുടർ താമസം അനിവാര്യമാക്കി. 1953 ൽ അവധിക്കാലത്ത് വരവൂരിൽ അമ്മ യോടൊപ്പം താമസിക്കാനെത്തിയ ശങ്കരൻ കുട്ടി താൻ അമ്മാമനായ സംഭവം ഓർക്കുന്നു.

'വടക്കാഞ്ചേരി ആശുപത്രിയിൽ നിന്ന് മാലതി ഡോക്ടർ ടാക്സി പിടിച്ച് വന്ന് ചെരിപ്പുകൾ ഊരിയിട്ട് ധൃതിയിൽ അകത്തേക്കു കയറിപ്പോയി. അകത്തു അമ്മയും ഓപ്പോളുമേ ഉണ്ടായിരുന്നുള്ളു. വൈകാതെ ഒരു കുട്ടിയുടെ കരച്ചിൽ അകത്തു നിന്നും കേട്ടു. അധികം വൈകാതെ മനസ്സിലായി അമ്മിണി ഓപ്പോൾ അമ്മയായ കാര്യം. ആൺകുട്ടിയെയാണ് പ്രസവിച്ചിരിക്കുന്നത്. അമ്മയുടെ മുഖത്ത് മുത്തശ്ശിയായതിന്റെ സന്തോഷവും അഭിമാനവും. എന്റെ മരുമകനെ ഞാനും വൈകാതെ കണ്ടു. നാരായണൻകുട്ടി എന്നാണ് പിന്നീട് അവന് പേരുവിളിച്ചത്.'

'നാരായണൻ കുട്ടിക്കു താഴെ അമ്മിണി ഓപ്പോൾ ഒരു ആൺ കുട്ടിയേയും പെൺകുട്ടിയേയും പ്രസവിച്ചു. മുത്തശ്ശിയുടെ ലാളനയേറ്റു അവർ വളർന്നു. സ്വന്തം മക്കൾക്ക് കൊടുക്കാൻ കഴിയാതിരുന്ന സ്നേഹവാത്സല്യങ്ങൾ കൊടുത്ത് പേരക്കുട്ടികളെ വളർത്തി. 1965 ൽ അമ്മ ആസ്ത്മയും ഹൃദ്രോഗവും മൂർച്ഛിച്ചാണ് മരിച്ചത്. തൃശ്ശൂരിൽ ബി.എസ്സി രണ്ടാം വർഷത്തിനു പഠിക്കുകയായിരുന്നു ഞാൻ. അതിനു ശേഷം വല്ല്യോപ്പോളായി അമ്മയുടെ സ്ഥാനത്ത്.'

മരിക്കുമ്പോൾ അമ്മയുടെ ഷഷ്ഠിപൂർത്തി കഴിഞ്ഞിട്ടില്ല. തന്റെ കരിയർ ആതുരശുശ്രൂഷയാവണമെന്ന് തീരുമാനിക്കാൻ അമ്മയുടെ മരണം ഇടയാക്കി. ഡോ: ശങ്കരൻ കുട്ടി എം. ബി. ബി എസിനു ശേഷം എം. എസ്, ഡിജിഒ ഇത്യാദി ബിരുദങ്ങൾ കൂടി നേടി.

തൊറാസിക് സർജ്ജറിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി കെ.ആർ.വാരിയർ ഡോക്ടറുടെ വത്സല ശിഷ്യനായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ഹൗസ് സർജ്ജൻസി കഴിഞ്ഞ് മുക്കത്തടുത്ത കൂടരഞ്ഞിയിൽ, ഒരു വർഷം സർക്കാർ ഡിസ്പൻസറിയിലെ ചികിത്സാനുഭവമാണ് നമ്മുടെ നാട്ടിൽ സാധാരണക്കാർക്ക് സമീപിക്കാനാവുന്ന ഡോക്ടറായി ജീവിക്കാനുള്ള പ്രചോദനമായത്. പോണ്ടിച്ചേരി ജിപ്മർ മെഡിക്കൽ കോളേജിൽ നിന്ന് എം.എസ്.ബാച്ചിലെ താനൊഴികെയുള്ളവർ വിദേശ കരിയർ വാരിപ്പുണർന്നപ്പോഴും മലയാള മണ്ണിൽ കാലൂന്നി നിന്നു. എഴുപത്തേഴാം വയസ്സിലും കർമ്മനിരതനായിക്കഴിയുന്നു നങ്ങേലിക്കുട്ടിയുടെ ജനകീയ ഡോക്ടറായ മകൻ.

ഡോക്ടർ ശങ്കരൻ കുട്ടിയുടെ സഹധർമ്മിണി ശോഭന എം.എ.ബിരുദക്കാരിയാണ്. ചൂണ്ടലിനടുത്തുള്ള തായങ്കാവ് തിയ്യാടി കുടുംബാംഗമാണ്. മൂന്നു പെൺമക്കളാണ് ഈ ദമ്പതിമാർക്കുള്ളത്. ●


കെ. എം പരമേശ്വരൻ,ഫോൺ: 9072383651.

മകന്റെ വിലാസം: ഡോക്ടർ ടി. കെ. ശങ്കരൻ കുട്ടി, ഹൈസ്കൂളിന് എതിർവശം, മെയിൻ റോഡ്, പി.ഒ വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല, ഫോൺ 9447201771




*എം. എൻ കാരശ്ശേരി, ടി.എൻ. വാസുദേവൻ*

## വിലപിടിച്ച ഒരു വർത്തമാനം

ടി.എൻ. വാസുദേവൻ കലാരസികനായ എന്റെ സുഹൃത്ത് എന്ന പേരിൽ 2021 സെപ്തംബർ 5 ന് എം. എൻ കാരശ്ശേരി മാതൃഭൂമിയിൽ ഇങ്ങനെ എഴുതി.

ടി.എൻ. വാസുദേവനും ഞാനും അടുത്ത സുഹൃത്തുക്കളായിരുന്നു. കുറേക്കാലം ഞങ്ങൾ കാലിക്കറ്റ് സർവകലാശാലയിൽ സഹപ്രവർത്തകരുമായിരുന്നു. അദ്ദേഹം ഫിസിക്സ് വിഭാഗത്തിൽ; ഞാൻ മലയാളത്തിലും.

വാസുദേവന്റെ ആകസ്മികനിര്യാണത്തിന്റെ വ്യസനം പങ്കുവെച്ചു കൊണ്ട് ഞങ്ങളുടെ പൊതുസുഹൃത്തും ശാസ്ത്രാധ്യാപകനുമായ ഗണേശനോട് ഫോണിൽ സംസാരിക്കുമ്പോഴാണ് ആ കുടുംബത്തെ സംബന്ധിച്ച് വിലപിടിച്ച ഒരു വർത്തമാനം ഞാൻ അറിഞ്ഞത്..

ഗണേശൻ ചോദിച്ചു:

'വി.ടി. ഭട്ടതിരിപ്പാടിനെ എഴുതാനും വായിക്കാനും പഠിപ്പിച്ചത് ഒരു തിയ്യാടി പെൺകുട്ടിയാണ് എന്ന് കാരശ്ശേരി മാഷ്ക്ക് അറിയാലോ, ല്ലേ?'

'പിന്നെ? കണ്ണീരും കിനാവും ആ കഥ പറയുന്നുണ്ടല്ലോ. അന്ന് വി.ടി.ക്ക് പതിനേഴ് വയസ്സാണ്. അദ്ദേഹം ആദ്യമായി വായിച്ചത് ഒരു പത്രക്കീറിലെ പരസ്യമാണ് -മാൻ മാർക്ക് കുട.'

'അതേയതേ. ആ പെൺകുട്ടി വാസുദേവൻ മാഷ്ടെ ഭാര്യയുടെ മുത്തശ്ശിയാണ് കേട്ടോ.'

അതേ, താൻ അറിയുന്ന വാസുദേവന്റെ ഭാര്യയുടെ മുത്തശ്ശിയായിരുന്നു വി.ടി ഭട്ടതിരിപ്പാടിനെ അക്ഷരം പഠിപ്പിച്ചത് എന്നത് കാരശ്ശേരിക്ക് വിലപിടിച്ച ഒരു വർത്തമാനം തന്നെയായിരുന്നു. ●



വി ടി ഭട്ടതിരിപ്പാടിനെ അക്ഷരം പഠിപ്പിച്ച നങ്ങേലിക്കുട്ടിയെ പെൺകൊട നടത്തിയ പെരുമ്പിലാവിലെ തിയ്യാടി ഭവനം. ഇവിടത്തെ കേശവൻ നമ്പ്യാരാണ് വേളി കഴിച്ചത്.

# അവരുടെ പിണ്ഡത്തിൽ പങ്ക് കൊണ്ടതാണ് ആദ്യഓർമ്മ

പ്രൊഫ: മുളകുന്നത്തുകാവ് കൃഷ്ണൻ നമ്പ്യാർ



നങ്ങേലി എന്ന ആ ബാലിക എന്റെ ഏടത്തിയമ്മ വസന്തമരുവോളമ്മയുടെ അച്ഛോളാണ്. മൂത്ത ജ്യേഷ്ഠൻ ഡോ.ടി.എൻ.വാസുദേവന്റെ ഭാര്യയുടെ അച്ഛൻപെങ്ങൾ. എന്റെ ഓപ്പോൾ ആര്യാദേവിയുടെ ഭർത്തൃമാതാവുമാണ്. 1965ൽ അവർ മരിക്കുമ്പോൾ എനിക്ക് വെറും ഏഴ് വയസ്സ്. അവർ മരിച്ച് പതിനൊന്നാം ദിവസം പെരുമ്പിലാവ് തിയ്യാടിയിൽ നടന്ന പിണ്ഡത്തിൽ പങ്കുകൊണ്ടതാണ് എന്റെ ആദ്യഓർമ്മകളിലൊന്ന്.

നങ്ങേലി മരുവോളമ്മയുമായി നേരിൽ സ്മരണകൾ പങ്കുവെക്കുന്ന ചിലരുടെ വാക്കുകളും നിരീക്ഷണങ്ങളുമാണ് ഈ കുറിപ്പെഴുതാൻ പിൻബലം പകർന്നത്. മകൻ വടക്കാഞ്ചേരിയിൽ താമസിക്കുന്ന ഡോ.ടി.കെ. ശങ്കരൻ കുട്ടി നിരവധി ഓർമ്മകൾ പങ്കുവെച്ചു. അവരുടെ സഹോദരന്റെ മക്കൾ മുളങ്കുന്നത്തുകാവ് കിഴക്കേ തിയ്യാടി സരസ്വതി മരുവോളമ്മയും ഗോപാലകൃഷ്ണൻ നമ്പ്യാരും അശീതി പിന്നിട്ടവരാണ്. ഇവർ രണ്ടു പേരും ധാരാളം സ്മൃതികൾ പൊടി തട്ടിയെടുത്തു. അതും സഹായകമായി. കൂട്ടത്തിൽ എന്റെ ജ്യേഷ്ഠൻ രാമൻ നമ്പ്യാർ തയ്യാറാക്കിയ ഓർമ്മയിലെ തിയ്യാടി നമ്പ്യാർ വംശാവലിയേയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇവരോടെല്ലാം പ്രത്യേക കടപ്പാടുണ്ട്.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളി

കേവലം എട്ട് മൂലകുടുംബങ്ങളിൽ ഒതുങ്ങി നിൽക്കുന്നവരാണ് തിയ്യാടി നമ്പ്യാർ സമുദായം. കഷ്ടിച്ച് നൂറ്റിയെഴുപത്തഞ്ചോളം പേർ. മുളങ്കുന്നത്തു കാവ്, പെരുമ്പിലാവ്, തായങ്കാവ്, ഇരിങ്ങാലക്കുട, (തൃശ്ശൂർ ജില്ല) മുണ്ടായ, ചെർപ്പുളശ്ശേരി, മലമക്കാവ് (പാലക്കാട് ജില്ല) പെരിന്തൽമണ്ണക്കടുത്ത് ഏലംകുളം പുളിങ്കാവ് (മലപ്പുറം ജില്ല ) എന്നിങ്ങനെയാണ് മൂല കുടുംബങ്ങൾ.

ലായി കേവലം എട്ട് മൂലകുടുംബങ്ങളിൽ ഒതുങ്ങി നിൽക്കുന്നവരാണ് തിയ്യാടി നമ്പ്യാർ സമുദായം. കഷ്ടിച്ച് നൂറ്റിയെഴുപത്തഞ്ചോളം പേർ. മുളങ്കുന്നത്തു കാവ്, പെരുമ്പിലാവ്, തായങ്കാവ്, ഇരിങ്ങാലക്കുട, (തൃശ്ശൂർ ജില്ല) മുണ്ടായ, ചെർപ്പുളശ്ശേരി, മലമക്കാവ് (പാലക്കാട് ജില്ല) പെരിന്തൽമണ്ണക്കടുത്ത് ഏലംകുളം, പുളിങ്കാവ് (മലപ്പുറം ജില്ല ) എന്നിങ്ങനെയാണ് മൂലകുടുംബങ്ങൾ. അയ്യപ്പൻ തിയ്യാട്ട് എന്ന അനുഷ്ഠാന ക്ഷേത്രകലയാണ് തിയ്യാടി നമ്പ്യാരുടെ കുലത്തൊഴിൽ. തിരുവുള്ളക്കാവ് ശാസ്താവാണ് കുലദൈവം. അവാന്തര ബ്രാഹ്മണ വിഭാഗക്കാരായ അമ്പലവാസികളിൽ പെടുന്ന ഇക്കൂട്ടരുടെ സാമുദായികാചാരങ്ങൾ, ക്രിയകൾ,

# പിൻമുറ ശാന്തിനികേതനിലും

മരുവോളമ്മക്ക് 94-ാം വയസ്സിലും അമ്മയുടെ കൂടെ പാട്ടു പാടി കളിച്ചതിന്റെ ഓർമ്മയുണ്ട്. "മുണ്ടായ സ്കൂളിൽ പഠിക്കുന്ന കാലത്ത് നാട്ടുകാരൻ കൂടിയായ കഥകളി സംഗീതജ്ഞൻ വെങ്കിടകൃഷ്ണ ഭാഗവതർ (കലാമണ്ഡലം നമ്പീശന്റെ ഗുരു) ആണ് കഥകളിപ്പദങ്ങൾ പാടാൻ പഠിപ്പിച്ചത്. പെരുമ്പിലാവ് തിയ്യാടിയിൽ വെച്ചാണ് അമ്മയുടെ കൂടെ തിരുവാതിരക്കളി കളിച്ചിരുന്നത്." സരസ്വതിയുടെ മകൻ കലാമണ്ഡലം വാസുണ്ണി നമ്പ്യാരും പെരുമ്പിലാവിലെ തിയ്യാട്ടു കളരിയിൽ വളർന്നതാണ്. കൊൽക്കത്ത ശാന്തിനികേതനിലെ റിട്ട. ഫാക്കൽട്ടിയായ അദ്ദേഹം പെരുമ്പിലാവിലെ അമ്മാത്തെ മുത്തശ്ശന്റെ കീഴിൽ തിയ്യാട്ടഭ്യസിക്കാനുണ്ടായ സൗഭാഗ്യം പങ്കുവെച്ചു.

'മുത്തശ്ശൻ വരാന്തയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു കൊണ്ട് ഓരോരുത്തരുടേയും ചൊല്ലലും പാടലും ആടലും മുദ്രകൾ കാട്ടലും ഒക്കെ ശ്രദ്ധിക്കുന്നുണ്ടാവും. തെറ്റുകണ്ടാൽ തിരുത്തിക്കും. ഏഴാം ക്ലാസ് പഠനം കഴിയുന്നതുവരെ നിരന്തരം പെരുമ്പിലാവിലെ അമ്മാത്തു പോയിപ്പഠിച്ചു. കലാമണ്ഡലം നമ്പീശൻ ചെർപ്പുളശ്ശേരി അയ്യപ്പൻകാവു പരിസരത്ത് ഞങ്ങളുടെ അയൽവാസിയായി താമസിക്കുന്ന കാലം. അച്ഛന്റെ ആത്മമിത്രം.'

'വാസുണ്ണിയുടെ മുഖം സ്ത്രീവേഷത്തിന്



*നങ്ങേലിയുടെ രണ്ടാമത്തെ മകൾ 94 കാരി സരസ്വതി മരുവോളമ്മയും അവരുടെ മകൻ കലാമണ്ഡലം വാസുണ്ണി നമ്പ്യാരും ഭാര്യ ഗീതയും*

നല്ലതാണ്. ഇയാളെ കലാമണ്ഡലത്തിൽ ചേർത്ത് വേഷം പഠിപ്പിക്കാം' എന്ന ഉപദേശവുമായപ്പോൾ കഥകളി പഠനത്തിലേക്കു തിരിഞ്ഞു.

കൽക്കട്ടയിലെ ശാന്തിനികേതനിൽ നിന്ന് ജോലി മതിയാക്കി 2022 ൽ കേരളത്തിൽ തിരിച്ചെത്തി. ഇപ്പോൾ തിയ്യാട്ടിൽ സജീവമായി പങ്കെടുത്തു വരുന്നു. മുത്തശ്ശന്റെ തിയ്യാട്ടിലെ ഗുരുത്വമാണ് വാസുണ്ണിയുടെ ബാങ്ക് ബാലൻസ്. ●

*കലാമണ്ഡലം വാസുണ്ണി നമ്പ്യാർ*
മൊബൈൽ 9434210261

ചടങ്ങുകൾ എല്ലാം നമ്പൂതിരി സമ്പ്രദായത്തോട് സമാനമാണ്.

ഷോഡശ സംസ്കാരത്തെ പിന്തുടരുന്ന പകഴിയം ചടങ്ങ് പ്രമാണമാക്കിയുള്ള തരത്തിലാണ് ജാതകർമ്മം, നാമകരണം, ചോറൂണ്, ഉപനയനം, വേളി, മരണാന്തര ചടങ്ങുകൾ എല്ലാം നിർവഹിക്കുന്നത്. സന്ധ്യാവന്ദനം, ഗായത്രി ചൊല്ലൽ, പുല ആചരണം എന്നിവയിലും സമാനതകൾ കാണാം. ഇവർ ഋഗ്വേദികളും വിശ്വാമിത്ര ഗോത്രക്കാരും ശൈവരുമാണ്. പേരുകൾ, വേഷഭൂഷാദികൾ, ബന്ധു ജനങ്ങളെ അഭിസംബോധന ചെയ്യൽ തുടങ്ങിയവയിലും നമ്പൂതിരിശൈലി ദൃശ്യമാണ്. സ്ത്രീകളെ മരുവോളമ്മ എന്നാണ് വിളിക്കുന്നത്. അകത്ത് കഴിയുന്ന എന്ന അർത്ഥത്തിൽ അന്തർജനം ഉണ്ടായ പോലെ  മറവിൽ ഇരിക്കുന്ന അമ്മയാവാം മറവിലമ്മ അഥവാ മരുവോളമ്മ. മറവിലമ്മ എന്നതിന്റെ തദ്ഭവം. ഒരിക്കലും മരുമകളമ്മയോ മരുമക്കത്തായക്കാരോ അല്ല തീർത്തും മക്കത്തായക്കാരാണ് പാരമ്പര്യ ശൈലിയിൽ സമുദായിക ക്രിയകളോടെ അഗ്നിസാക്ഷിയായി സ്വജാതിയിൽ പെട്ട പെൺകുട്ടികളെ വേളി കഴിച്ച് ഭർതൃഗൃഹത്തിൽ കുടി വയ്ക്കുന്ന രീതിയാണ് പിന്തുടർന്ന് വന്നത്. സമീപകാലത്ത് ചില മാറ്റങ്ങളൊക്കെ ഇക്കാര്യത്തിൽ വന്നു ചേർന്നിട്ടുണ്ട്.

ചെറുതാലി, കാതിൽചിറ്റ്, നെറ്റിയിലെ കുറി, തുടങ്ങിയവ അന്തർജനങ്ങളെ അനുസ്മരിപ്പിക്കുന്നു. പേരുകളിൽ പോലും വേണ്ടുവോളം പൊരുത്തങ്ങൾ ഉണ്ട്. മരുവോളമ്മയിൽ പലരുടെയും പേരുകൾ ആര്യാദേവി, സാവിത്രി, ഉമാദേവി, ശ്രീദേവി, പാർവതി എന്ന തരത്തിലാണ് പഴയ ശൈലിയിൽ പലരും അറിയപ്പെട്ടിരുന്നത്. നങ്ങേലി, നങ്ങയ്യ, ഇട്ടിച്ചിരി, താത്രി, പാപ്പി എന്ന വിധത്തിലായിരുന്നു. വർത്തമാനകാലഘട്ടത്തിൽ ധാരാളം മാറ്റങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. പരസ്പരം അഭിസംബോധന ചെയ്യുന്ന സമ്പ്രദായവും ശ്രദ്ധേയമാണ്. മുത്തശ്ശൻ, മുത്തശ്ശി, വല്യച്ഛൻ, വല്യമ്മ, അപ്ഫൻ, ചെറിയമ്മ, ഏട്ടൻ, ഏട്ടത്തിയമ്മ, ഏട്ടത്തി, ഓപ്പോൾ, അച്ചോൾ, പേരശ്ശി, ചിറ്റശ്ശി എന്നിങ്ങനെ നീളുന്നു അത്. അമ്മയുടെ ഭവനം അമ്മാത്തും.

അയ്യപ്പൻ തിയ്യാട്ട് കുലപ്രവൃത്തിയായി പിന്തുടർന്ന് വരുന്ന സമുദായക്കാരുടെ ഭവനപ്പേരാണ് തിയ്യാടി എന്നത്. മന, മഠം, പുഷ്പകം എന്നൊക്കെ പറയുന്ന വിധത്തിൽ ഒരു ഗൃഹനാമം എന്ന് കരുതിയാൽ മതി. പാരമ്പര്യടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിൽ അരങ്ങേറി വരുന്ന ഒരു അനുഷ്ഠാനക്ഷേത്ര കലയായ തിയ്യാട്ടിനെ കേന്ദ്രീകരിച്ചുള്ള സാമൂഹിക



*കോഴിക്കോട്ട് അരങ്ങേറിയ ഒരു തിയ്യാട്ടിൽ നിന്ന്*

വ്യവസ്ഥിതിയെയാണ് ഇവർ പിന്തുടരുന്നത്. ആലേഖ്യ-അഭിനയ- ഗീത-വാദ്യ- നൃത്തങ്ങളാൽ സമ്പന്നമാണ് ഈ കലാരൂപം. പുരുഷന്മാർ മാത്രം രംഗവേദികളിലെത്തുന്ന ഇതിൽ സ്ത്രീകൾക്ക് പ്രത്യേകിച്ച് യാതൊരു പ്രവൃത്തിയുമില്ല.

മൺമറഞ്ഞ തിയ്യാട്ട് കലാകാരന്മാരിൽ പെരുമ്പിലാവ് കേശവൻ നമ്പ്യാർ, മുണ്ടായ നീലകണ്ഠൻ നമ്പ്യാർ, മലമക്കാവ് നാരായണൻ നമ്പ്യാർ, മുണ്ടായ ശങ്കരൻ നമ്പ്യാർ എന്നിവർ അതിപ്രശസ്തരാണ്. ഇവരിൽ കേശവൻ നമ്പ്യാർ വിടിയെ അക്ഷരം പഠിപ്പിച്ച തിയ്യാടി പെൺകുട്ടിയുടെ ഭർത്താവാണ്. മുണ്ടായ നീലകണ്ഠൻ നമ്പ്യാർ അവരുടെ മൂത്ത ജ്യേഷ്ഠനും, ശങ്കരൻ നമ്പ്യാർ ഇളയ അനുജനും ആണ്.

മുണ്ടായ എന്ന സ്ഥലത്തേ കേന്ദ്രീകരിച്ചാണ് വി.ടി യുടെ ശാന്തി പ്രവർത്തിയും, തിയ്യാടി പെൺകുട്ടിയിൽ നിന്നും അക്ഷരജ്ഞാനമാർജ്ജിക്കലും അരങ്ങേറിയിട്ടുള്ളത്. തീർച്ചയായും ആ ഗ്രാമത്തെ കുറിച്ച് എന്തെങ്കിലും പറയേണ്ടിയിരിക്കുന്നു. ഷൊർണൂർ റെയിൽവേ ജംഗ്ഷനിൽ നിന്ന് കഷ്ടിച്ച് രണ്ടര കിലോമീറ്റർ ദൂരെ വടക്കു പടിഞ്ഞാറൻ ദിശയിലാണ് മുണ്ടായ നിലകൊള്ളുന്നത്. തികച്ചും ഒരുൾ നാടൻ പ്രദേശം. അവിടത്തെ അയ്യപ്പക്ഷേത്രമാണ് എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളുടെയും പ്രഭവകേന്ദ്രം. വള്ളുവനാടൻ തനിമ വേണ്ടുവോളമുണ്ട് ആ പ്രദേശത്തിന് മിഴിവ് പകരാൻ. ഇവിടെയായിരുന്നു ഒരു നൂറ്റാണ്ടിന് മുമ്പ് കഥകളി സംഗീതത്തെ നവീനമുഖം നൽകി ചിട്ടപ്പെടുത്തിയ വെങ്കിടകൃഷ്ണഭാഗവതർ (കലാമണ്ഡലം നീലകണ്ഠൻ നമ്പീശന്റെ ഗുരു) ജന്മമെടുത്തത്. തായമ്പകവാദ്യരംഗത്ത് അതികായനായിരുന്ന സാക്ഷാൽ തിയ്യാടി നമ്പ്യാർ എന്ന നാരായണൻ നമ്പ്യാരും ജനിച്ചത് അവിടെ തന്നെ. ധാരാളം നമ്പൂതിരി മനകളും തമിഴ് ബ്രാഹ്മണ ഭവനങ്ങളും പഴയകാലത്ത് ഉണ്ടായിരുന്നു. അയ്യപ്പക്ഷേത്രത്തിന് വിളിപ്പാടകലെയായിട്ടാണ് നിളയുടെ തീരത്ത് പടിഞ്ഞാറെ തിയ്യാടി ഭവനം നിലകൊണ്ടിരുന്നത്. അവിടെയാണ് വി.ടി.യെ അക്ഷരം പഠിപ്പിച്ച നങ്ങേലി ജനിച്ചു വളർന്നത്. കാലാന്തരത്തിൽ പ്രസ്തുത ഭവനം പൊളിച്ച്



*നങ്ങേലിക്കുട്ടിയുടെ ഭർത്താവ് കേശവൻ നമ്പ്യാരുടെ ഇളയ അനുജൻ നീലകണ്ഠൻ എന്ന കുഞ്ഞപ്പൻ മാഷ്. മകളെ ജോലിക്ക് അയക്കാനും മറ്റും നങ്ങേലിക്കുട്ടിയെ ഏറ്റവുമധികം പിന്തുണച്ചത് ഇദ്ദേഹമായിരുന്നു.*

സ്കൂൾ പഠനവേളയിൽ തന്നേ ചെറുപ്രായത്തിൽ, നങ്ങേലിയുടെ മകൾ അമ്മിണി ഋതുമതി ആയത്രേ. ഇതിനെ തുടർന്ന് അവരുടെ സ്കൂൾ പഠനം അവസാനിപ്പിക്കാൻ മുതിർന്നവർ തീരുമാനിച്ചു. ഈ ഘട്ടത്തിൽ അവരുടെ പിതൃസഹോദരൻ (കുഞ്ഞപ്പൻ) അദ്ധ്യാപകൻ കൂടിയായ നീലകണ്ഠൻ നമ്പ്യാർ ഇടപെട്ടതുകൊണ്ടാണത്രെ അവരുടെ തുടർ പഠനം ഉറപ്പായത്.

മാറ്റപ്പെട്ടു. ഇന്ന് നിലനിൽക്കുന്ന വീടിന്റെ കെട്ടും മട്ടും ഒരു തറവാടിന്റെ പരിവേഷം നിറഞ്ഞു നിൽക്കുന്നതാണ്.

മുണ്ടായ തിയ്യാടി ശങ്കരൻ നമ്പ്യാരുടേയും കുഞ്ഞിക്കാവ് മരുവോളമ്മയുടെയും ഏഴു മക്കളിൽ മൂന്നാമതായിട്ടാണ് അവർ ജനിച്ചത്. ജ്യേഷ്ഠന്മാർ രണ്ടുപേരും അനുജന്മാർ നാലുപേരും അവർക്കു



*നങ്ങേലിക്കുട്ടിയുടെ ഭർത്താവ് പെരുമ്പിലാവ് തിയ്യാടി പരേതനായ വലിയ കേശവൻ നമ്പ്യാർ (1897/1975) മൂത്ത മകൾ പരേതയായ അമ്മിണി മരുവോള്ളമ, സരസ്വതി മരുവോളമ്മ (94) തൃശൂർ, പരേതയായ തങ്കമണി മരുവോളമ്മ, മൂത്തമകൻ പരേതനായ കേശവൻ നമ്പ്യാർ 1940-2019, (ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ) ഇളയമകൻ ഡോക്ടർ ടി.കെ ശങ്കരൻ കുട്ടി (77) വടക്കാഞ്ചേരി*



*നങ്ങേലിയുടെ വലിയ ഏട്ടൻ നീലകണ്ഠന്റെ മകൻ മുണ്ടായ തിയ്യാടി ശങ്കരൻകുട്ടി നമ്പ്യാരും ഭാര്യ സരസ്വതി മരുവോളമ്മയും. മികച്ച തിയ്യാട്ട് കലാകാരനായിരുന്നു*

നീലകണ്ഠൻ നമ്പ്യാർ(കുഞ്ഞുക്കുട്ടൻ), നാരായണൻ നമ്പ്യാർ(നാണുനമ്പ്യാർ), നങ്ങേലി, വാസുദേവൻ നമ്പ്യാർ, രാമൻ നമ്പ്യാർ, കൃഷ്ണൻ നമ്പ്യാർ, ശങ്കരൻ നമ്പ്യാർ, എന്ന ക്രമത്തിലാണ് മക്കൾ ജനിച്ചത്. ജ്യേഷ്ഠൻ നീലകണ്ഠൻ നമ്പ്യാർ, അനുജൻ ശങ്കരൻ നമ്പ്യാർ, എന്നിവർ തിയ്യാട്ട് കലാരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചവരാണ്. ഏഴു മക്കളുള്ള കുടുംബത്തിലെ ഏകപെൺതരിയായി ട്ടാണ് നങ്ങേലി വളർന്നത്.

## നങ്ങേലിക്കുട്ടിയുടെ (1905/1965) പരമ്പര

അച്ഛൻ: തിയ്യാടി ശങ്കരൻ നമ്പ്യാർ,
അമ്മ: മലമക്കാവ് ശ്രീദേവി മരുവോളമ്മ
ഭർത്താവ്: പെരുമ്പിലാവ് (മലമേൽക്കാവ്) തിയ്യാടി കേശവൻ നമ്പ്യാർ (1897-1975)
മക്കൾ:

1 അമ്മിണിക്കുട്ടി മരുവോളമ്മ (1925-1993) ഭർത്താവ് മലമക്കാവ് തിയ്യാടി വാസുദേവൻ നമ്പ്യാർ. ഇവർക്ക് മൂന്നു മക്കൾ നാരായണൻ കുട്ടി, രാജൻ, സാവിത്രി.

2സരസ്വതി മരുവോള്ളമ (1930ൽ ജനനം) ഭർത്താവ് ചെർപ്പുളശ്ശേരി തിയ്യാടി വാസുദേവൻ നമ്പ്യാർ . ഇവർക്ക് നാലു മക്കൾ. ശശികല, വാസുണ്ണി കലാമണ്ഡലം, ശാന്തകുമാരി, ശ്രീരാമൻ

3 തങ്കമണി മരുവോള്ളമ, ഭർത്താവ് മുളങ്കുന്നത്തുകാവ് തിയ്യാടി ശങ്കരനാരായണൻ നമ്പ്യാർ. ഇവർക്ക് മൂന്നു മക്കൾ. പാർവ്വതി, വാസുദേവൻ, ജയകുമാർ

4 കേശവൻ നമ്പ്യാർ (ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ) പത്നി ആര്യാദേവി മരുവോളമ്മ മുളങ്കുന്നതുകാവ് / ഇവർക്ക് മൂന്നു മക്കൾ 1 ശ്രീവത്സൻ ടി.കെ. 2 സന്ധ്യാറാണി, 3 ശ്രീദേവി

5 ഡോക്ടർ ശങ്കരൻകുട്ടി നമ്പ്യാർ, പത്നി തായങ്കാവ് തിയ്യാടി ശോഭന മരുവോളമ്മ. ഇവർക്ക് മൂന്നു പുത്രിമാർ 1 പ്രിയ, 2 പ്രീത, 3 പ്രഭ. ●

ണ്ടായിരുന്നു. എന്നാൽ കൃഷ്ണൻ എന്ന അനുജൻ നന്നെ ചെറുപ്പത്തിൽ തന്നെ അസുഖബാധിതനായി മരിച്ചു. നീലകണ്ഠൻ നമ്പ്യാർ(കുഞ്ഞുക്കുട്ടൻ), നാരായണൻ നമ്പ്യാർ(നാണുനമ്പ്യാർ), നങ്ങേലി, വാസുദേവൻ നമ്പ്യാർ, രാമൻ നമ്പ്യാർ, കൃഷ്ണൻ നമ്പ്യാർ, ശങ്കരൻ നമ്പ്യാർ, എന്ന ക്രമത്തിലാണ് മക്കൾ ജനിച്ചത്. ജ്യേഷ്ഠൻ നീലകണ്ഠൻ നമ്പ്യാർ, അനുജൻ ശങ്കരൻ നമ്പ്യാർ, എന്നിവർ തിയ്യാട്ട് കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. അയ്യപ്പൻ തിയ്യാട്ടിന്റെ ഏറ്റവും വികസിത രൂപമായി അത്യപൂർവ്വമായി അരങ്ങേറുന്ന ഉദയാസ്തമനക്കൂത്ത് ഇരുവരും അവതരിപ്പിച്ചിട്ടുണ്ട്. മറ്റൊരു സഹോദരനായ നാരായണൻ നമ്പ്യാർ പേരെടുത്ത ഒരു ചെണ്ടകലാകാരൻ ആയിരുന്നു.

## നമ്പൂതിരിക്ക് അന്തർജനം പോലെ തിയ്യാടിക്ക് മരുവോളമ്മ

ഒരു കാലത്ത് ബ്രാഹ്മണ ഭവനങ്ങളിൽ കഴിഞ്ഞിരുന്ന അമ്മമാരെ അകത്തുള്ള ആൾ, അന്തർജ്ജനം, ആത്തോലമ്മ, മരുവോളമ്മ, ബ്രാഹ്മണി അമ്മ ,ഇല്ലോടമ്മ, മനയമ്മ, എളോർമ്മ ,ആത്തമ്മ, എമ്പ്രാശ്യമ്മ, എന്നിങ്ങനെയാണ് വിളിച്ചിരുന്നത്. അഗ്ന്യാധാനം, സോമയാഗം, അതിരാത്രം എന്നീ വൈദികയജ്ന്യം യജമാനനോടൊപ്പം അനുഷ്ഠിച്ച അന്തർജ്ജനത്തെ 'പത്തിനാടി' എന്നാണ് വിളിച്ചുവരാറ് ●

ഏഴു മക്കളുള്ള കുടുംബത്തിലെ ഏകപെൺതരിയായിട്ടാണ് നങ്ങേലി വളർന്നത്. അൽപം മെലിഞ്ഞ ദേഹഘടനയും ചുരുണ്ട് നീണ്ട് സമൃദ്ധമായ തലമുടിയും മുഖശ്രീയുമുള്ള ഒരു പെൺകുട്ടിയായിരുന്നു അവരെന്ന് ഇന്നത്തെ തലമുറയിലെ ചില മുതിർന്നവർ ഓർത്തെടുക്കുന്നുണ്ട്. യഥാസമയം സ്കൂൾ പഠനത്തിനായി നാട്ടിൽ സ്ഥിതി ചെയ്യുന്ന ഏറ്റവും അടുത്ത വിദ്യാലയത്തിൽ ചേർന്നു. ഈയൊരു ഘട്ടത്തിലാണ് യാദൃശ്ചികമായി ക്ഷേത്രപരിസരത്തെ ആൽത്തറച്ചുവട്ടിൽ വെച്ച് വി.ടി. ഭട്ടതിരിപ്പാടിനെ കാണാനിടയായത്. തുടർന്നുണ്ടായ സംഭവങ്ങൾ വി ടിയുടെ കണ്ണീരും കിനാവിലും ഉണ്ട്.

പഠിക്കാൻ മോശമല്ലാതിരുന്നിട്ടും അന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ ആറാം ക്ലാസ്സോടെ ഔപചാരികത വിദ്യാലയപഠനം അവസാനിപ്പിക്കേണ്ടിവന്നു. ഉടൻ തന്നെ പെരുമ്പിലാവ് കേശവൻ നമ്പ്യാരെ വിവാഹം ചെയ്ത് ഭർതൃഗൃഹത്തിലെത്തുകയും ചെയ്തു. കുന്ദംകുളത്തിനടുത്തുള്ള പെരുമ്പിലാവ് തിയ്യാടിയിലായി ശിഷ്ടജീവിതം. ഒരു മാറ്റവേളി (എക്സ്ചേഞ്ച് മാരിയേജ്) എന്ന തരത്തിലായിരുന്നു നങ്ങേലി വിവാഹിതയായത്. തന്റെ ഭർത്താവായ കേശവൻ നമ്പ്യാരുടെ മൂത്ത സഹോദരി ഉമാദേവി മരുവോളമ്മ വേളി കഴിച്ചത് നങ്ങേലിയുടെ അപ്ഫനും തായമ്പക രംഗത്തെ അതികായനുമായ മുണ്ടായ തിയ്യാടി നാരായണൻ നമ്പ്യാരെയാണ്. ഏതാണ്ട് അമ്പത് വർഷത്തോളം നീണ്ട ദാമ്പത്യത്തിനാണ് 1965ൽ പരിസമാപ്തി കുറിക്കപ്പെട്ടത്.

കുന്ദംകുളം പട്ടാമ്പി റോഡിന് കിഴക്കായി, നീണ്ട നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ട തരത്തിലാണ് പെരുമ്പിലാവ് അയ്യപ്പക്ഷേത്രം നിലകൊള്ളുന്നത്. അതിന് തൊട്ടിടത്തു ഭാഗത്തായിട്ടാണ് ലക്ഷണത്തികവുള്ള തിയ്യാടി ഭവനത്തെ കാണാൻ കഴിയുക. ഈ ക്ഷേത്രത്തിലെ തിയ്യാട്ട് അടിയന്തരത്തിന്റെ പാരമ്പര്യാവകാശം ഭർത്താവ് കേശവൻ നമ്പ്യാരുടെ ഭവനക്കാർക്കാണ്. കൂടാതെ മലബാർ ഭാഗത്ത് കോഴിക്കോട്, വടകരസ ബാലുശ്ശേരി, പ്രദേശങ്ങളിൽ നിരവധി ക്ഷേത്രങ്ങളിലും നമ്പൂതിരി ഗൃഹങ്ങളിലും തിയ്യാട്ട് കഴിച്ചുവന്നിരുന്നത് അവരാണ്. സ്വന്തമായി നെൽകൃഷി ചെയ്യുന്ന ഭൂമിയും വേണ്ടുവോളമുണ്ടായിരുന്നു ഈ നിലയിൽ നോക്കുമ്പോൾ സാമാന്യം മോശമല്ലാത്ത സാമ്പത്തികഭദ്രത നങ്ങേലിയുടെ കുടുംബക്കാർക്കുണ്ടായിരുന്നു. അയ്യപ്പൻ തിയ്യാട്ട് രംഗത്ത് സമുന്നതമായ സ്ഥാനമാണ് കേശവൻ നമ്പ്യാർക്കുണ്ടായിരുന്നത്. അഞ്ചുതവണയാണത്രേ ഏറ്റവും വികസിത രൂപമായ ഉദയാസ്ത്മനക്കൂത്ത് അവതരിപ്പിച്ചിട്ടുള്ളത്. പ്രഭാതം മുതൽ പ്രദോഷം വരെ നീളുന്ന വിശ്രമരഹിതമായ ഇതിന്റെ അവതരണത്തിനുശേഷം ഒരിക്കൽ വടകര ചേരുമംഗലത്തുവെച്ച് അതേ രാത്രിയിൽ പന്തീരായിരം തേങ്ങയേറും നടത്തി ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് കടത്തനാട് തമ്പുരാൻ പട്ടും വളയും നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. അനുജൻ നാരായണൻ നമ്പ്യാരും വ്യക്തിമുദ്ര പതിപ്പിച്ച ഒരു തിയ്യാട്ട് കലാകാരനായിരുന്നു.

ഏറെ ചെറുപ്രായത്തിൽ വേളി കഴിഞ്ഞ് പെരുമ്പിലാവിൽ എത്തിയ നങ്ങേലി, ക്രമേണ നങ്ങേലി മരുവോളമ്മയായി മാറി. കുട്ടിമരുവോളമ്മ എന്നാണ് അവരെ പലരും വിളിച്ചിരുന്നത്. അതിന്നിടയിൽ അഞ്ചുമക്കളുടെ മാതാവുമായി മാറി. ആദ്യത്തെ മൂന്ന് പേർ പെൺകുട്ടികളും ബാക്കി രണ്ടുപേർ ആൺകുട്ടികളുമായിരുന്നു. മക്കളെല്ലാം മോശമില്ലാത്ത നിലയിലെത്തുകയും ചെയ്തു. മൂത്ത മകൾ അമ്മിണി മരുവോളമ്മയെ വേളി കഴിച്ചത് പിതൃസഹോദരിയുടെ പുത്രൻ കൂടിയായ മലമക്കാവ് വാസുദേവൻ നമ്പ്യാരാണ്. നാരായണൻ, രാജൻ, സാവിത്രി എന്നിവരാണ് അവരുടെ മക്കൾ. അമ്മിണി മരുവോളമ്മ മിഡ്വൈഫ് എന്ന രീതിയിൽ ജോലിയും നോക്കിയിരുന്നു. ജോലിക്കു പോകാനുള്ള സൗകര്യം മുൻ നിർത്തി അവർ വരവൂരിൽ സ്ഥിരതാമസമാക്കുകയാണുണ്ടായത്. തന്റെ ഓപ്പോളെക്കുറിച്ച് അനുജൻ ഡോ. ശങ്കരൻ കുട്ടി

ഏഴു മക്കളുള്ള കുടുംബത്തിലെ ഏക പെൺതരിയായിട്ടാണ് നങ്ങേലി വളർന്നത്. അൽപം മെലിഞ്ഞ ദേഹഘടനയും ചുരുണ്ട് നീണ്ട് സമൃദ്ധമായ തലമുടിയും മുഖശ്രീയുമുള്ള ഒരു പെൺകുട്ടിയായിരുന്നു അവർ



*വരവൂർ ദേശമംഗലം റോഡിൽ പഞ്ചായത്ത് ഓഫീസ് കഴിഞ്ഞ് 50 മീറ്റർ കഴിഞ്ഞാൽ ഇടതു വശത്ത് കാണുന്ന തിയ്യാടി ഭവനം. 1960കളിൽ അമ്മിണിക്കുട്ടി മരുവോള്ള 25 സെന്റ് സ്ഥലത്തോടുകൂടി1600 രൂപയ്ക്ക് വാങ്ങിയത്. 1965 ൽ മരിക്കുന്നതു വരെ അമ്മ നങ്ങേലി മരുവോളമ്മയും ഇവിടെ താമസിച്ചു.1993 ൽ അമ്മിണി മരിച്ച ശേഷം മൂത്ത മകൻ നാരായണൻകുട്ടിയും കുടുംബവും താമസിച്ചു .പത്തു വർഷം മുമ്പ് നാരായണൻ കുട്ടിയുടെ മകൻ സുനിൽ (ബെംഗളൂരു) പഴയ വീട് നവീകരിച്ചു (വലത്ത്.)*

നമ്പ്യാർ ഓർത്തെടുത്ത ഒരു സംഭവം ഈ ഘട്ടത്തിൽ ചേർക്കുന്നു. സ്കൂൾ പഠനവേളയിൽ നന്നേ ചെറുപ്രായത്തിൽ, അമ്മിണിമരുവോളമ്മ ഋതുമതി ആയത്രേ. ഇതിനെ തുടർന്ന് അവരുടെ സ്കൂൾ പഠനം അവസാനിപ്പിക്കാൻ മുതിർന്നവർ തീരുമാനിച്ചു. ഈ ഘട്ടത്തിൽ അവരുടെ പിതൃസഹോദരൻ (കുഞ്ഞപ്പൻ) അദ്ധ്യാപകൻ കൂടിയായ നീലകണ്ഠൻ നമ്പ്യാർ ഇടപെട്ടതുകൊണ്ടാണത്രെ അവരുടെ തുടർ പഠനം ഉറപ്പായത്.

രണ്ടാമത്തെ മകൾ സരസ്വതി മരുവോളമ്മയെ വിവാഹം ചെയ്തത് ചെർപ്പുളശ്ശേരി തിയ്യാടി വാസുദേവൻ നമ്പ്യാരാണ്. ശശികല, വാസുണ്ണി, ശാന്ത ശ്രീരാമൻ എന്നിവരാണവരുടെ മക്കൾ. മൂന്നാമത്തെ പുത്രി തങ്കമണി മരുവോളമ്മയെ മുളകുന്നത്തുകാവ് തെക്കെ തിയ്യടി ശങ്കരനാരായണൻ നമ്പ്യാർ വേളി കഴിച്ചു. പാർവ്വതി, വാസുദേവൻ, ജയകുമാപ് ് എന്നിവരാണവരുടെ മക്കൾ. ആൺമക്കളിൽ നാലാമത്തെ ആളുമായ കേശവൻകുട്ടി നമ്പ്യാർ മുളകുന്നത്തു കാവ് പടിഞ്ഞാറെ തിയ്യാടി ആര്യാദേവിയെയാണ് വിവാഹം കഴിച്ചത്. അമ്പലമുകൾ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ ഉദ്യോഗസ്ഥൻ കൂടിയായിരുന്നു ഇദ്ദേഹത്തിന്റെ മക്കൾ. ശ്രീവത്സൻ, സന്ധ്യാറാണി, ശ്രീദേവി, എന്നിവരാണ് ഏറ്റവും ഇളയമകനായ ഡോ.ശങ്കരൻ കുട്ടി നമ്പ്യാർ തായങ്കാവ് തിയ്യാടി ശോഭനയെ വിവാഹം കഴിച്ച് വടക്കാഞ്ചേരിയിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. മൂന്ന് പെൺമക്കളാണദ്ദേഹത്തിനുള്ളത്. പ്രിയ, പ്രീത,പ്രഭ, എന്നിവരാണവർ. ഡോയ ശങ്കരൻകുട്ടി, ഗവർമെന്റ് സർവ്വീസുകളിൽ നവതി പിന്നിട്ട രണ്ടാമത്തെ പുത്രി സരസ്വതി സരസ്വതി മരുവോളമ്മയും, ഒടുവിലത്തെ പുത്രൻ ഡോ.ശങ്കരൻകുട്ടിയും നങ്ങേലി മരുവോളമ്മയുടെ പിൻമുറക്കാരായി ഇന്നും ജീവിച്ചിരിപ്പുണ്ട്.

ജീവിതസായന്തനത്തിൽ മൂത്ത മകൾ അമ്മിണി മരുവോളമ്മയുടെ കൂടെ പേരക്കുട്ടികളെ നോക്കി വളർത്താനായി രണ്ടുമൂന്നു വർഷം വരവൂരിലാണ് നങ്ങേലി മരുവോളമ്മ താമസിച്ചത്. മകളുടെ കടവല്ലൂരിലേക്കുള്ള ജോലിമാറ്റം വരവൂരിലേക്ക് ചെല്ലാൻ അവരെ നിർബന്ധിക്കുകയാണുണ്ടായത്. നിരന്തരം ശല്യം ചെയ്തിരുന്ന ആസ്ത്മാരോഗത്തെ തുടർന്ന് അവർ ഷഷ്ടിപൂർത്തി പിന്നിട്ട് അധികം താമസിയാതെ മരിക്കുകയാണുണ്ടായത്.

തീർച്ചയായും ഒരു സാധാരണ വീട്ടമ്മ എന്നതിൽ നിന്നുയർന്ന് ഇന്ന് നങ്ങേലി മരുവോളമ്മ അറിയപ്പെടുന്നത് വി.ടി. ഭട്ടതിരിപ്പാടിനെ അക്ഷരലോകത്തേക്ക് കൂട്ടിക്കൊണ്ടു വന്ന വ്യക്തി എന്ന നിലയിലാണ്. നല്ലൊരു വിലാസവും അംഗീകാരവുമാണത്. വി.ടി.യെ ഓർക്കുന്നിടത്തോളം കാലം തിയ്യാടി പെൺകുട്ടി ആയ അവരും സ്മൃതിപഥത്തിൽ തെളിയും.

മഹദ് വ്യക്തിത്വത്തിനുടമയായ വി.ടി.ഭട്ടതിരിപ്പാടിനും, ഞങ്ങൾ വലിയമ്മായി എന്നു വിളിച്ചിരുന്ന ആ തിയ്യാടി പെൺകുട്ടിക്കും മുന്നിൽ തിലോദകമർപ്പിക്കുന്നു. ●

പ്രൊഫ: ടി എൻ കൃഷ്ണൻ നമ്പ്യാർ വടക്കെ തിയ്യാടി, പി.ഒ മുളങ്കുന്നത്തുകാവ്, പിൻ 680581
മൊബൈൽ തൃശൂർ 9995672850, 999582093

## വാക്കും വരയും



# ആർട്ടിസ്റ്റ് നമ്പൂതിരി

നമ്പൂരിയെന്നു പുകൾപെറ്റൊരു ചിത്രകാരൻ
അൻപോടു മാന്ത്രിക കരാംഗുലികൊണ്ടു പാരം
ഇമ്പം വളർത്തുമൊരുപാടു പടങ്ങൾ കൊണ്ടു
സമ്പന്നമാക്കിയുലകത്തെ, മഹാനുഭാവൻ! ●



ശ്ലോകം : പരമേശ്വരൻ കെ.വി
അക്ഷരം, പത്മ ഗാർഡൻ,
ഒല്ലൂക്കര, തൃശ്ശൂർ - പിൻ:680655
മൊബൈൽ : 7034649574



വര : കൃഷ്ണൻ പാതിരിശ്ശേരി
പാതിരിശ്ശേരി ഇല്ലം, ചാത്തമംഗലം
കോഴിക്കോട്, മൊബൈൽ: 9447884600

# ഗുരുവായൂർ കിഴിയേടം ദേവകി അന്തർജനം

(പരേതനായ കിഴിയേടം വാസുണ്ണി നമ്പൂതിരിയുടെ സഹധർമ്മിണി)

**@ 84 ശതാഭിഷേകം 2023 ജൂലൈ 27**

**മക്കൾ:** മാതാ കൃഷ്ണപ്രിയാനന്ദ സരസ്വതി, കേശവൻ നമ്പൂതിരി (Late),രാമൻ നമ്പൂതിരി, വാസുണ്ണി നമ്പൂതിരി, ശൈലജ, ബിന്ദു, കൃഷ്ണൻ നമ്പൂതിരി

**മരുമക്കൾ:** മങ്ങത്തായ കേശവൻ നമ്പൂതിരി, പെരുമണ്ണ (Late), ഗീത തലേത്തൊടി (വിളയിൽ), ലത പൊയിലിൽ (മുക്കം), സവിത പാലക്കീഴ് (പയ്യന്നൂർ), കൂനമ്പള്ളി നാരായണൻ നമ്പൂതിരി (ഗുരുവായൂർ), മരുതൂർ സതീശൻ നമ്പൂതിരി (മാള), ശ്രീദേവി പാലക്കീഴ് (പയ്യന്നൂർ)

മുത്തശ്ശിയുടെ അനുഗ്രഹാശിസ്സുകൾക്കായി പ്രാർത്ഥിച്ചു കൊണ്ട്, പേരക്കുട്ടികൾ





## സപ്തതി ആഘോഷിച്ച പട്ടലകത്ത് മന സാവിത്രി അന്തർജനത്തിന്

(പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെ സഹധർമ്മിണി, പെരുമ്പള്ളി മകൾ )

**മാനേജർ, പി.എം.എസ്.എ.എച്ച്.എസ്.എസ്**
**ഇളംകൂർ മഞ്ചേരി, 9846200262**

**ആശംസകളോടെ:**
**ശാലിനി, ദാമോദരൻ നമ്പൂതിരി (അജി )**
**പുതുക്കുളത്ത് മന**
**രോഷ്നി, രതീശൻ നമ്പൂതിരി പഴേടത്ത് മന**
**രഞ്ജിനി, നാരായണൻ ആറ്റുപുറത്ത് മന**
**അശ്വനി, കണ്ണൻ ഇഞ്ചപ്പിള്ളി മന**
**ശ്യാമിനി, ശരത് ഗോവിന്ദ് കറുകമണ്ണ മന**



# അക്ഷരബ്രഹ്മം അരുണാചലിൽ



**അക്ഷരം കൊണ്ട് പദ്മശ്രീ നേടിയ സത്യനാരായണൻ മുണ്ടയൂർ അരുണാചലിൽ എത്തിയിട്ട് നാല്പത്തി അഞ്ചുകൊല്ലമായി. കേരളത്തിൽ ഒരിഞ്ചു ഭൂമിയുമില്ല. ഫ്ളാറ്റും വീടുമില്ല. ഭാര്യയില്ല, മക്കളില്ല. എന്നിട്ടും മലയാളം മറന്നിട്ടില്ല. അതുകൊണ്ടാണ് സ്വസ്തിക്കുവേണ്ടി മലയാളത്തിൽ എഴുതി തന്നത്. അദ്ദേഹം പറയുന്നു: ഇവിടെ വന്നതിന്റെ ഉദ്ദേശ്യം തന്നെ മറ്റൊന്നാണ്. വിവാഹം കഴിച്ചാൽ ഇപ്പോൾ ചെയ്യുന്ന പ്രവർത്തനങ്ങളൊന്നും നടക്കില്ല. അങ്ങനെയായിരുന്നു ലക്ഷ്യമെങ്കിൽ മുംബയിൽ ആദായനികുതി വകുപ്പിൽ തുടർന്ന് വിവാഹം കഴിച്ച് കുടുംബത്തോട് ഉത്തരവാദിത്തങ്ങൾ നിർവഹിച്ച് കഴിയാമായിരുന്നു. ശമ്പളം, പദവി, ഭാര്യ, കുട്ടികൾ ഇതൊന്നുമായിരുന്നില്ല ലക്ഷ്യം. ഓരോരുത്തർക്കും ഓരോന്നാണ് മുൻഗണന. എന്റെ താല്പര്യം വായനയെ പ്രൊമോട്ട് ചെയ്യുന്നതിലാണ്.**

**കുറച്ചു ദിവസം മുമ്പ് സ്വസ്തി പത്രാധിപർ ചോദിച്ചു; 'അക്ഷരത്തിനും സാക്ഷരതയ്ക്കും പ്രസക്തിയില്ലാതിരുന്ന ഹിമാലയ താഴ്വാരങ്ങളിലെ ആദിവാസി സമുദായങ്ങൾ എങ്ങനെയാണ് അക്ഷരലോകത്തെ സ്വീകരിച്ചത്? ' ഒരു ഗഹനമായ ചോദ്യം. അതിന് ശരിയായ ഉത്തരവും അതുപോലെയാവണം. എന്നാൽ ഹിമാലയ താഴ്വാര പ്രദേശമായ അരുണാചൽ പ്രദേശത്തെ ഒരു 'വായനാ പ്രവർത്തകൻ' (Reader Activist) എന്ന നിലക്ക്, ഉത്തരം തരുന്നതിന് എളുപ്പം, ഒന്നൊ രണ്ടോ അനുഭവങ്ങളായിരിക്കും.**

**മുണ്ടയൂർ സത്യനാരായണൻ**

ഭാരതത്തിലെ ആദ്യത്തെ ഗവർമെന്റിന് തികച്ചും അജ്ഞാതവും അപരിചിതവുമായ പ്രദേശങ്ങളിലൊന്നായിരുന്നു, 1972 വരെ, നീഫ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ അരുണാചൽ പ്രദേശ്. ഹിമാലയ പ്രദേശമായതിനാൽ പരസ്പരം സമ്പർക്കമില്ലാതെയും അന്യോന്യം അറിയാതെയും കഴിഞ്ഞിരുന്ന 26 ഗോത്രസമുദായങ്ങൾ–ഉപഗോത്രങ്ങൾ നൂറിലേറെയും! ഈ സാമൂഹ്യനിഷ്ഠയിൽ അക്ഷരത്തിനും സാക്ഷരതയ്ക്കും എന്തു പ്രസക്തി?

ഈ നിലയിൽ നിന്നാണ് ഗവർമെന്റ് 60 ലും 70 ലും ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാഭ്യാസം അരുണാചലിൽ ക്രമേണ വളർത്തിക്കൊണ്ടുവന്നത്. അദ്ധ്യാപകർ തികച്ചും അരുണാചലിനു പുറം നാട്ടുകാരായിരുന്നു എന്നതിൻ അത്ഭുതമില്ലല്ലോ. ഹോസ്റ്റലിൽ താമസിച്ചു പഠിച്ചുയർന്ന ആ തലമുറയെ സ്മരിക്കുന്നു. കണ്ടാൽ അവരോട് ആദരവോടെ പെരുമാറുന്നു.

1990 കളിൽ വരെ, പുതിയൊരു റസിഡൻഷ്യൽ സ്കൂൾ ഒരുൾഗ്രാമത്തിൽ തുറന്നാൽ, ആദ്യത്തെ കുറച്ചാഴ്ചകൾ അദ്ധ്യാപകർക്കും

കുട്ടികൾക്കും ഒരു പോലെ ജീവിതസ്മരണകളായിരിക്കും. 1987 ൽ വടക്കൻ സുബാൻസിരി പ്രദേശത്തെ'കുപ്പോരിജോ' ഗ്രാമത്തിൽ ഒരു പ്രൈമറി സ്കൂൾ തുറന്നു. 3 ടീച്ചർമാരും 5-6 വയസ്സുകാരായ 50 ഓളം ആൺകുട്ടികളും കൂടിയൊരു കൂട്ടുകുടുംബം! കുട്ടികളേറെയും സ്കൂൾ വിദ്യാഭ്യാസം ആദ്യമായി നേടുന്ന കുടുംബങ്ങളിൽ നിന്ന്. അവരിൽ മിക്കവർക്കും ഹിന്ദി കഷ്ടിയാണ്, അദ്ധ്യാപകർക്കോ കുട്ടികളുടെ ഭാഷ ഒട്ടും തന്നെ അറിയില്ല, എന്നാൽ കളിക്കും രസിക്കും ഒരു കുറവുമില്ല.

രാത്രി ഊണു കഴിഞ്ഞാൽ അദ്ധ്യാപകർ ഹിന്ദിയിലും ഇംഗ്ലീഷിലും കഥകൾ പറയും; കൊച്ചു ഗീതങ്ങളും കവിതാ ശകലങ്ങളും രസകരമായി എല്ലാവരും ഒരുമിച്ചിരുന്ന് പാടും. കൂടെ സ്കൂൾ ലൈബ്രറിയിലെ കഥാപുസ്തകങ്ങളും ഹോസ്റ്റലിലെത്തും. അക്കാലത്ത് ആകർഷകമായ, വില കുറഞ്ഞ പുസ്തകങ്ങൾ ഏറെയും നാഷണൽ ബുക് ട്രസ്റ്റിന്റെയും ചിൽഡ്രൻസ് ബുക് ട്രസ്റ്റിന്റെയും ആണ്. ഇന്ത്യയിലെ എവിടത്തെ കുട്ടികൾക്കും രസിക്കാവുന്ന രചനകൾ. ആദ്യമായി സചിത്രകഥാ പുസ്തകങ്ങൾ കാണുന്ന കുട്ടികളുടെ അത്ഭുതവും സന്തോഷവും ഇപ്പോൾ വിവരിക്കുന്നത് തികച്ചും അപൂർണ്ണമായിരിക്കും. ആ പുസ്തകങ്ങളിൽ കുപ്പോരിജോ കുട്ടികളെ ഏറെ ആകർഷിച്ച ഒന്നായിരുന്നു ചിൽഡ്രൻസ് ബുക് ട്രസ്റ്റിന്റെ അശോക്സ് കൈറ്റ് (അശോകിന്റെ പട്ടം) എത്ര വായിച്ചു കേട്ടാലും തീരാത്ത കൗതുകം. ദിവസവും രാത്രിയിൽ കൂടെയിരിക്കുമ്പോൾ അവരുടെ അശോക്സ് കൈറ്റ് ,'അശോക്സ് കൈറ്റ്!' എന്ന ഉത്സാഹത്തോടെയുള്ള ആ നിർബന്ധം ഇന്നും മനസ്സിൽ അലയടിക്കുന്നു....

'ഇനിയും മാനത്ത് മേപ്പോട്ട്....' എന്ന് അശോകിന്റെ പട്ടത്തിന്റെ ഉയർച്ചയാണോ, ഇന്ന് ആ വിദ്യാലയത്തെ ഒരു പ്രശസ്ത സെക്കന്ററി സ്കൂളായി ഉയർത്തിയത്.

അക്ഷര ബ്രഹ്മത്തിന്റെ മറ്റൊരു മാന്ത്രികശക്തി പറയാം. ടെലിവിഷനും വീഡിയോപ്ലയറും അരുണാചലിൽ എത്തും മുമ്പ് പഠിച്ചിരുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിൽ ഉയർന്ന പ്രാഗത്ഭ്യം ഉണ്ടായിരുന്നില്ല എന്നാൽ ഇന്ത്യയുടെ മറ്റേത് അഭ്യ



*മുണ്ടയൂർ സത്യനാരായണൻ അരുണാചലിലെ കുട്ടികൾക്കൊപ്പം*

വിദ്യാഭ്യാസത്തെ കഥ കേൾക്കുന്ന പോലെ രസകരമായ ഒരു അനുഭൂതിയാക്കി മാറ്റിയതാണ് ഞാൻ നടപ്പാക്കിയ പരിഷ്കാരം. അവരെ പഠിപ്പിക്കുകയായിരുന്നില്ല. അവരോടൊപ്പം കളിച്ചു. പാട്ടുപാടി, കഥകൾ പറഞ്ഞു. പറയുന്ന കഥകളെല്ലാം അവിടത്തെ ലൈബ്രറിയിലെ പുസ്തകത്തിലുള്ളതാണെന്നും പറഞ്ഞു. അപ്പോൾ പുസ്തകങ്ങൾ വായിക്കാൻ താല്പര്യമായി. വായന പഠിച്ചവർ മറ്റുള്ളവർക്ക് മാതൃകയായി. അവർ മറ്റുള്ളവരെ പഠിപ്പിച്ചു.

സ്തവിദ്യരായ സമുദായത്തിലെ കുട്ടികളെയും വെല്ലുന്ന ഒരു കഴിവുണ്ടായിരുന്നു. ഏകാഗ്രത. പാട്ടുകളും സംസ്കൃതശ്ലോകങ്ങളും അനായാസമായി ഉൾക്കൊണ്ട് താളാത്മകമായി ചൊല്ലാനുള്ള അവരുടെ കഴിവ് അതിഥികളെയും ടീച്ചർമാരെത്തന്നെയും ആശ്ചര്യചകിതരാക്കിയിരുന്നു.

സിയാങ് പ്രദേശത്ത് ഒരു പ്രശസ്ത ബാലികാവിദ്യാലയമുണ്ട്. ജിർഡിൻ എന്ന ഗ്രാമത്തിൽ. ഒരു പ്രൈമറി സ്കൂൾ ആയിരുന്ന കാലത്തുതന്നെ, അവിടുത്തെ പെൺകുട്ടികൾ, ഏകാഗ്രതയോടെ, അനായാസമായി 'മഹിഷാസുരമർദ്ദിനി ' സ്തോത്രം ചൊല്ലുന്നത് കേൾക്കൽ അതിഥികൾക്ക് ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു.

പ്രാർത്ഥനാ ഹാളിന്റെ നിശ്ശബ്ദതയിൽ ഉയർന്ന മഹിഷാസുരമർദ്ദിനി ശ്ലോകത്തിന്റെ ശബ്ദവീചികൾ ഇന്നും മനസ്സിൽ മുഴങ്ങി കേൾക്കുന്നു,

ഉച്ചയൂണ് കഴിഞ്ഞ് വിശ്രമിക്കാതെ ടോം സോയറുടെയും റോബിൻ ഹുഡിന്റെയും പരാക്രമങ്ങൾ വായിക്കുന്നത് കേൾക്കാൻ വ്യഗ്രതയോടെ മരത്തിൻ ചോട്ടിലേക്ക് ഓടുന്ന റോയിങ്ങ് സ്കൂളിലെ വലിയ കുട്ടികൾ, കാസിരംഗ ട്രെയിലിലെ കണ്ടാമൃഗം, തസ്കരരെ പിടികൂടാൻ, മിടുക്കരായ ജോൺതിയും സുഹൃത്തുക്കളും ചെയ്യുന്ന രഹസ്യ പ്രവർത്തനങ്ങൾ ഉത്സുകതയോടെ കേൾക്കാൻ കമ്പിറാന്തലിന്റെ മങ്ങിയ വെളിച്ചത്തിൽ ഒത്തു കൂടുന്ന സെയ്ജൂസ സ്കൂളിലെ കുട്ടികൾ;

'പ്ലീസ്., ഒരു ദിവസം കൂടി, ഇവിടെ നിന്ന് , കഥ മുഴുമനാക്കി, പോവൂട്ടോ....' എന്ന് നിറകണ്ണുകളോടെ അപേക്ഷിക്കുന്ന നിവേദിതവിഹാറിലെ കൊച്ചു പെൺകുട്ടികൾ ലൈബ്രറി പുസ്തകങ്ങൾ ആദ്യമായി കണ്ട് അത്യാവേശത്തോടെ അവ തിരിച്ചും മറിച്ചും നോക്കുന്ന ചൈന അതിർത്തിക്കടുത്ത ഗ്രാമങ്ങളിലെ കുട്ടികൾ....... ഇവരെല്ലാം അക്ഷരബ്രഹ്മത്തിന്റെ അനുഗ്രഹശക്തി, കുറച്ചെങ്കിലും ഉൾക്കൊണ്ടവരാണ്......അവരുടെ കഥകൾ ഇനിയൊരിക്കൽ.......

എസ്. മുണ്ടയൂർ ●

(ലേഖകനായ മുണ്ടയൂർ സത്യനാരായണൻ അരുണാചൽ പ്രദേശിലെ വായനാ പ്രവർത്തകനാണ്. ലോഹിത് യൂത്ത് ലൈബ്രറി നെറ്റ്‌വർക്ക് കൂട്ടായ്മയുടെ കോ ഓർഡിനേറ്ററും, Lohit, Libraries 2023@gmail.com, Mobile: 9436228613)




മാതൃഭൂമി സാഹിത്യോത്സവം നടക്കുമ്പോൾ സ്റ്റേജിൽ വലുതാക്കി എഴുതി വയ്ക്കുന്നത് മാതൃഭൂമി എന്നല്ല. ഓം എന്നോ മാ എന്നോ അല്ല. വലിയൊരു ക ആണ്. വേറെ എന്തൊക്കെ അക്ഷരങ്ങളുണ്ട് എഴുതാൻ എന്നോർത്തു പോവും അതു കാണുമ്പോൾ.

**വിദ്യാരംഭം സ്പെഷ്യൽ ❑ ആശാൻ പള്ളിക്കൂടത്തിലെ അടി**

# അക്ഷരയുദ്ധത്തിലെ തോൽവി

**മള്ളിയൂർ ഓമി**



അക്ഷരം എഴുതി പഠിക്കാൻ തുടങ്ങിയ കാലം. സ്കൂളിലല്ല, ആശാൻ പള്ളിക്കൂടത്തിൽ വച്ച്. കോട്ടയം തിരുവമ്പാടി താഴത്തു വാര്യത്തെ ശങ്കരവാര്യർ ആയിരുന്നു ആശാൻ. ഇല്ലത്ത് അടുത്തു തന്നെയായിരുന്നു ആശാന്റെ വാര്യം. അക്കാലത്ത് 'ക' എന്ന അക്ഷരം ആണ് എന്റെ ശത്രു. ആശാൻപള്ളിക്കൂടത്തിൽ വച്ച് പിടികൂടിയതാണ് ആ ശത്രു. ഒന്നാം ക്ലാസിലെ പുസ്തകം നിവർത്തി 'ക' എന്ന് എഴുതാൻ ആശാൻ പറയുന്നു. ഞാൻ 'ക' എന്നെഴുതുന്നു. ആശാൻ ഒന്നും പറയുന്നില്ല, ഒരടി! എന്തിനെന്നറിയില്ല. വീണ്ടും 'ക' എഴുതുന്നു, വീണ്ടും അടി. ഞാൻ നോക്കുമ്പോൾ എഴുതിയത് കറക്റ്റ്.

ക്ലാസു കഴിയുന്നതുവരെ അതു തുടർന്നു. എന്തായിരുന്നു എന്റെ 'ക' യ്ക്കു കുഴപ്പം? മനസ്സിലായില്ല. കുഴപ്പമെന്തെന്ന് ആശാൻ പറയുന്നുമില്ല. ഇന്നത്തെ പോലെയല്ലല്ലോ. ആശാൻ തല്ലിയെന്നൊന്നും പറഞ്ഞിട്ടു കാര്യമില്ല. തെറ്റു നമ്മുടേതു തന്നെ. പിറ്റേ ദിവസവും 'ക' എഴുതിക്കാണിച്ചു. അപ്പോൾ ഓക്കെയായി. തലേ ദിവസത്തെ 'ക' യും പിറ്റെ ദിവസത്തെ 'ക' യും തമ്മിൽ ഞാൻ നോക്കിയിട്ട് ഒരു വ്യത്യാസവും കണ്ടില്ല. ആകെ കൺഫ്യൂഷനിലായി. ഒന്ന് ഉറപ്പായി ക എന്ന അക്ഷരത്തെ പേടിക്കേണ്ടതുണ്ട്.

'ക' യോട് പേടി ഉണ്ടാക്കിയ ആളായിട്ടും ആശാനോട് ശത്രുതയൊന്നുമില്ലായിരുന്നു. ആശാനെ ബഹുമാനിക്കുന്ന കാര്യത്തിൽ അച്ഛനു വലിയ നിർബന്ധമായിരുന്നു.എല്ലാ ഓണത്തിനും ആശാന് മുണ്ട് നൽകി നമസ്ക്കരിക്കാറുണ്ട്. ആശാൻ നാടു മാറി പോകുന്നതു വരെ അതു തുടർന്നു. ഓണത്തിനു പറ്റിയില്ലെങ്കിൽ പിന്നെ ആദ്യം കാണുന്ന ദിവസം, അതായിരുന്നു പതിവ്.

പിന്നീട് അദ്ദേഹം വേറൊരു നാട്ടിലേക്കു പോയി. കണ്ടുമുട്ടൽ നാസ്തിയായി. ഇപ്പോൾ അദ്ദേഹം ഈശ്വരന്റെ അടുത്ത് എത്തി. എല്ലാത്തരത്തിലും പാവമായിരുന്ന ഗുരുനാഥൻ അതുപോലെ തന്നെ പാവമായിരുന്ന എന്നെ അന്നെന്തിനാണടിച്ചതെന്ന് ചിന്തിക്കാറുണ്ട്. ഗും ഗുരുഭ്യോ നമഃ

ഇന്നും 'ക' കാണുമ്പോൾ ആശാന്റെ മുഖം ഓർക്കാറുണ്ട്. കാരണം എന്തെന്നറിയാത്ത ആ അടിയുടെ ചൂട് ഇന്നും പോയിട്ടുമില്ല. മാത്രമല്ല, ഇന്നും ക എന്നെ കുഴപ്പിക്കുന്ന അക്ഷരമാണ്. അതിന് വേറൊരു കാരണം കൂടിയുണ്ട്. നാക്കിന്റെ കുഴപ്പമാണ്. ഒരു രണ്ടു വയസ്സിൽ തന്നെ ഡോക്ടർ അതു കണ്ടു പിടിച്ചിരുന്നു. നാക്കിന്റെ കെട്ടു സ്വല്പം കട്ട് ചെയ്യണമെന്ന് പറഞ്ഞു. അല്ലെങ്കിൽ വിക്കു വരുവാനുള്ള സാദ്ധ്യത ഉണ്ടെന്നും പറഞ്ഞിരുന്നു.

അടുത്തുതന്നെ മറ്റപ്പള്ളി എന്നൊരു ഇല്ലമുണ്ട്. അവിടെ ഒരു മുത്തശ്ശനുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു പാടില്ല, അതു ഭാഗ്യത്തിന്റെ ലക്ഷണമാണ്. അങ്ങനെ അതു നടന്നില്ല. ചെറുപ്പത്തിലൊന്നും ഒരു കുഴപ്പവും ഇല്ലായിരുന്നു. വലുതായപ്പോൾ ക വന്ന് കഴുത്തിനു പിടിച്ചു.

ക ആദ്യക്ഷരമായി വരുന്ന വാക്കുകൾ പറയുമ്പോൾ വിക്കും. ക ക ക കംസൻ എന്ന് കുഞ്ചൻ നമ്പ്യാർ പറഞ്ഞ മട്ട് തന്നെ. ഏറ്റവും കുഴപ്പിക്കാറ് ബസ്സിൽ

കയറുമ്പോഴാണ്. എന്റെ സ്റ്റോപ്പ് കടുത്തുരുത്തിയാണ്. അത് പറയുമ്പോൾ വിക്കും എന്ന് ഉറപ്പാണ്. അതിനാൽ ഒരു കടുത്തുരുത്തി അല്ലെങ്കിൽ രണ്ട് കടുത്തുരുത്തി എന്നിങ്ങനെ സന്ദർഭോചിതം പറയാറാണ് പതിവ്. ചിലപ്പോൾ കണ്ടക്ടർ ഏ എന്ന് ചോദിച്ചാൽ പെട്ടു. വീണ്ടും 'ഒരു' പറയാൻ ബുദ്ധിമുട്ടാകും, പിന്നെ വിക്കൽ. എന്റെ മറ്റപ്പള്ളി മുത്തശ്ശാ!

ഇപ്പോഴിതാ ക തന്നെ സമ്പൂർണ്ണ വാക്കായി മുന്നിൽ വന്നു നിൽക്കുന്ന കാലം.

മാതൃഭൂമി സാഹിത്യോത്സവം നടക്കുമ്പോൾ സ്റ്റേജിൽ വലുതാക്കി എഴുതി വയ്ക്കുന്നത് മാതൃഭൂമി എന്നല്ല. ഓം എന്നോ മാ എന്നോ അല്ല. വലിയൊരു ക ആണ്. വേറെ എന്തൊക്കെ അക്ഷരങ്ങളുണ്ട് എഴുതാൻ എന്നോർത്തു പോവും അതു കാണുമ്പോൾ.

ദീർഘകാലം അതിർത്തി രക്ഷാസേനയിലായിരുന്നു ജോലി. ഉത്തരേന്ത്യൻ ക്യാമ്പുകളിൽ. വലുതും ചെറുതുമായ യുദ്ധങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്തു. എന്നാൽ കകാരവുമായുള്ള യുദ്ധത്തിൽ എന്നും തോറ്റിട്ടേയുള്ളൂ. ജയിച്ചിട്ടില്ല.

ക്യാമ്പിലായിരിക്കെ കയിൽ തുടങ്ങുന്ന പല വാക്കുകളും കാണും. വിക്കൽ ഒഴിവാക്കാൻ വേറെ എന്തെങ്കിലും വാക്ക് ഉപയോഗിക്കുകയാണ് പതിവ്. ക്ലർക്ക് എന്നു പറയേണ്ടി വന്നാൽ അല്പം ലോക്കൽ ഹിന്ദിയിൽ ബാബു എന്ന് കാച്ചും. എന്നാൽ കമാൻഡറെ ബാബു എന്നു വിളിച്ചാൽ വിവരമറിയും.

ക്രമേണ മറ്റു ചില അക്ഷരങ്ങളും 'ക' യുടെ കൂടെക്കൂടി. 'ച, ട, ത പ' തുടങ്ങിയ ഖരാക്ഷരങ്ങളിൽ ആരംഭിക്കുന്ന മിക്ക വാക്കുകളും വിക്കലോടു കൂടിയേ പറയാൻ കഴിയൂ. അക്ഷരയുദ്ധത്തിൽ ശത്രുക്കളുടെ എണ്ണം കൂടി.

ഇപ്പോഴത്തെ സങ്കടം എന്റെ പേരക്കുട്ടിയുടെ പേരാണ്. തരുൺ. വിളിക്കാൻ വേറെ പേരുണ്ടെങ്കിലും ആരെങ്കിലും പേരു ചോദിച്ചാൽ പെട്ടു. രണ്ടു വിക്കു ചേർത്തല്ലാതെ തരുൺ എന്ന് പറയാനാവില്ല.

എങ്കിലും ഒരു കാര്യത്തിൽ സമാധാനമുണ്ട്. ജീവിതത്തിലുടനീളം എന്നെ ബുദ്ധിമുട്ടിച്ച കകാരത്തെ എന്റെ മൂത്ത മകൻ പരേഷ് കൃഷ്ണ നിഷ്പ്രയാസം തോല്പിച്ചു. അവൻ ആദ്യം പഠിച്ച അക്ഷരം 'ക' യാണ്. അത് എവിടെ കണ്ടാലും അവൻ വിളിച്ചു പറയും. അവന്റെ 'കകാര' പ്രേമവും എന്റെ 'കകാര' ദുരിതവും ഇന്നും തുടരുന്നു. ക്ഷമസ്വ 'ക'കാരമേ! ●


ഓമനക്കുട്ടൻ,മള്ളിയൂർ മന
പോസ്റ്റ്: തിരുവമ്പാടി
കോട്ടയം, പിൻ: 686612
മൊബൈൽ: 93888 27163



യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

*An Exclusive Publication on Namboodiri Life &Life style*

വാർഷിക വരിസംഖ്യ

**300**

രൂപ

അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

## വരിക്കാരുടെ ശ്രദ്ധക്ക്

2023 വർഷത്തെ വരിസംഖ്യ ഒക്ടോബർ ലക്കത്തോടെ കഴിയുകയാണ്. 2023 ഒക്ടോബർ ലക്കത്തോടെ വരിസംഖ്യ കഴിയുന്നവർ 2024 വർഷത്തേക്കുള്ള വരിസംഖ്യ 300 രൂപ അടച്ച് പുതുക്കുവാൻ അപേക്ഷിക്കുന്നു. QR Code വഴിയും വരിസംഖ്യ അടക്കാം. വരിസംഖ്യ കാലാവധിയുടെ വിവരങ്ങൾ അറിയാൻ 9447332611-ൽ ബന്ധപ്പെടുക.

25-ാം തിയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെങ്കിൽ വിളിക്കുക
**ഫോൺ നമ്പർ**
**-9447332611**

വരിസംഖ്യ അടക്കേണ്ട ബാങ്ക് ഡീറ്റെയിൽസ്:

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

***മാനേജിംഗ് എഡിറ്റർ,***
***9895621493***



*വിഷ്ണുനാരായണൻ നമ്പൂതിരിയോടൊപ്പം മകൾ അദിതി ഫയൽ ഫോട്ടൊ*

**വിദ്യാരംഭം സ്പെഷ്യൽ ❑ അറിവിന്റെ അക്ഷരപാഠങ്ങൾ**

## ടീച്ചറായ എന്നോട് അച്ഛൻ പറഞ്ഞത് ഇന്നും മനസ്സിലുണ്ട്:

# 'പഠനമാധ്യമം സ്നേഹമായിരിക്കട്ടെ!'

**ഡോ എൻ അദിതി**



സർക്കാർ ഉദ്യോഗസ്ഥനായിരുന്ന അച്ഛന്റെ തുടരെത്തുടരെയുള്ള സ്ഥലംമാറ്റങ്ങൾ കാരണം എട്ടോളം സ്കൂളുകളിൽ മാറിമാറി പഠിച്ചാണ് പത്താം ക്ലാസ്സ് പാസ്സായത്. അതിനു മുൻപ് പട്ടാമ്പിയിൽ താമസിക്കുന്ന കാലത്ത് മൂന്നാം വയസ്സിലായിരുന്നു എഴുത്തിനിരുത്തിയത്. തുടർന്നുള്ള ഒരു മദ്ധ്യവേനലവധിയിൽ തറവാട്ടിലെത്തിയപ്പോൾ, അച്ഛന്റെ അമ്മാത്തുള്ള നിലത്തെഴുത്ത് കളരിയിൽ അക്ഷരം പഠിച്ചു. അങ്ങനെ കൈലാത്തെ ഗോവിന്ദപ്പിള്ളയാശാൻ എന്റെ അച്ഛമ്മയെയും അച്ഛനെയും എന്നെയും ഉൾപ്പെടെ മൂന്നു തലമുറയെ നിലത്തെഴുത്ത് പഠിപ്പിച്ചു.

ഒന്നാം ക്ലാസ്സിൽ
പത്താം സ്ഥാനത്ത്
നില്ക്കുന്നതുകൊണ്ട്
കുഴപ്പമൊന്നുമില്ല.
പത്താം ക്ലാസ്സിൽ
ഒന്നാമത് എത്തിയാൽ
എന്തെങ്കിലും പ്രയോ
ജനം ഉണ്ടായേക്കും
എന്ന് ഒരാത്മഗതം പോ
ലെ അച്ഛൻ പറയും.
അത് ശരിയാണെന്ന്
കാലവും പഠിപ്പിച്ചു.

തുടർന്ന് തിരുവല്ലയിലും തൃപ്പൂണിത്തുറയിലും ചിറ്റൂരിലുമൊക്കെയായി പ്രാഥമിക വിദ്യാഭ്യാസം. തൂവൽ പോലെ പറന്നുനടന്ന അക്ഷരക്കാലം. സ്കൂളിലേക്ക് കൂടെയുണ്ടായിരുന്ന കൂട്ടുകാരെയോ പഠിപ്പിച്ച അദ്ധ്യാപകരെയോ നന്നായി പരിചയപ്പെടും മുൻപ് മറ്റൊരു സ്കൂളിലേക്ക് മാറേണ്ടിവരുന്ന അവസ്ഥ. അതുകൊണ്ടുതന്നെ അന്നത്തെ അദ്ധ്യാപകരോ കുട്ടികളോ എന്നെയും ഓർക്കുന്നുണ്ടാവില്ല.

അന്നൊക്കെ എല്ലാവരും പഠന വിശേഷങ്ങൾ അന്വേഷിക്കുമ്പോൾ, സ്ഥിരമായി ചോദിക്കും: 'മാർക്കൊക്കെ കിട്ടുമോ? ക്ലാസ്സ് ഫസ്റ്റ് ആണോ?' ഇത് കുറച്ചൊന്നുമല്ല കുഴപ്പിച്ചിട്ടുള്ളത്. ക്ലാസ്സിൽ ഒന്നാമതെത്തുക എന്നത് എന്തോ വലിയ കാര്യമായി എല്ലാവരും പറയുന്നു. പലപ്പോഴും ഒന്നിനെക്കാൾ വലിയ ഒൻപതും പത്തൊൻപതും ഒക്കെ ആയിരുന്നു ഞാൻ. അതുകൊണ്ട് ഈ ഒന്ന് ഇത്ര കേമമാകുന്നതെന്ന് എങ്ങനെയാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. ഒൻപതാം സ്ഥാനവും പത്തൊൻപതാം സ്ഥാനവുമൊക്കെ പറയുമ്പോൾ, 'അയ്യോ, അതെന്തു പറ്റി?' എന്ന സഹതാപം ഒന്നിനെക്കാൾ വലിയ ആ സംഖ്യകളുടെ മാറ്റ് കുറയ്ക്കുന്നത് എനിക്ക് തീരെ ഉൾക്കൊള്ളാൻ കഴിഞ്ഞിരു

ന്നില്ല. മഞ്ചാടിക്കുരുക്കളും മുത്തുകളുമൊക്കെ വച്ച്, കൂട്ടുമ്പോൾ എന്താണ് കൂടുന്നതെന്നും കുറയ്ക്കുമ്പോൾ എന്താണ് കുറയുന്നത് എന്നും മനസ്സിലാക്കിത്തരുന്നുണ്ട് അച്ഛൻ.

അപ്രതീക്ഷിതമായി ഒന്ന് എന്ന സംഖ്യ മറ്റെല്ലാറ്റിനെയും കടത്തിവെട്ടി സർവ്വപ്രധാനമാകുന്നതിൽ ഇടപെടാതെ അച്ഛൻ പൊട്ടിച്ചിരിക്കും. ഒന്നാം ക്ലാസ്സിൽ പത്താം സ്ഥാനത്ത് നില്ക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല. പത്താം ക്ലാസ്സിൽ ഒന്നാമത് എത്തിയാൽ എന്തെങ്കിലും പ്രയോജനം ഉണ്ടായേക്കും എന്ന് ഒരാത്മഗതം പോലെ അച്ഛൻ പറയുകയും ചെയ്യും. അത് ശരിയാണെന്ന് കാലവും പഠിപ്പിച്ചു. എഴു വയസ്സിനു മുൻപ് കണക്കും സയൻസും പഠിപ്പിക്കുന്നത് കാര്യമായ പ്രയോജനമൊന്നും ചെയ്യില്ല. അതുവരെ അക്കങ്ങളുമായും അടിസ്ഥാനങ്ങളുമായും ഉള്ള പരിചയപ്പെടലുകൾ മാത്രമേ നടക്കുന്നുള്ളൂ. ഗുണിക്കുന്നതും ഹരിക്കുന്നതും മനസ്സിലാക്കാനൊക്കെ ബുദ്ധിയുടെ യുക്തിചിന്ത പിന്നെയും വളരേണ്ടതുണ്ട്.

ഭാഷാപഠനത്തിന്റെ കാര്യം പക്ഷേ വ്യത്യസ്തമാണ്. മുത്തശ്ശി ചൊല്ലുന്ന സന്ധ്യാനാമങ്ങളും അമ്മ ചൊല്ലി നടക്കാറുള്ള മഹാകവി കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയും, കേട്ടു പഠിച്ചു സ്ഫുടതയോടെ ചൊല്ലാൻ അന്നത്തെ ഒന്നാം ക്ലാസ്സുകാരിക്ക് കഴിഞ്ഞിരുന്നു. അച്ഛൻ തോളത്തു കിടത്തി അനുജത്തിക്കു വേണ്ടി 'അശ്രുവാൽ കടൽ തീർത്തോരാദിമ കവിയെപ്പറ്റിയും 'കൊച്ചുകിടാവായ് വന്ന വിശ്വപിതാവിനെ'പ്പറ്റിയും പാടുമ്പോൾ, വരികൾ ഹൃദിസ്ഥമാക്കാൻ എനിക്ക് ആവേശമായിരുന്നു. അർഥവും ആസ്വാദനവും ഒക്കെ പിന്നീട്. ഭാഷകൾ പഠിക്കാനുള്ള ബുദ്ധിയുടെ മുളകൾ പൊട്ടുന്നതും മാൺപുകൾ വിടരുന്നതും ഏഴു വയസ്സിനു മുൻപുള്ള പ്രായത്തിലാണ്. 'കൂ കൂ കുകും തീവണ്ടി'യും 'കുഞ്ഞിരാമന്റെ പൊടിക്കൈ'യും ഒന്നും പ്രിയ വായനക്കാരും മറന്നിട്ടുണ്ടാവില്ല.

പിന്നീട്, പഠിച്ചു വളർന്നു അദ്ധ്യാപികയായി, ഭാര്യയായി, രണ്ടു മക്കളുടെ അമ്മയായി. മക്കൾ പ്രൈമറി ക്ലാസ്സുകളിൽ ആയിരിക്കുമ്പോൾ മാത്രമേ ഞാൻ അവർക്കൊപ്പം പഠിക്കാനും പഠിപ്പിക്കാനും ഇരുന്നിട്ടുള്ളൂ. പിന്നീടൊക്കെ സംശയം ചോദിച്ചാൽ പറഞ്ഞുകൊടുക്കുന്ന പഠനസഹായി മാത്രമാകും ഞാൻ. വായിക്കുകയും ചിന്തിക്കുകയും സ്വയം പഠിക്കുകയും സംശയങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന ഘട്ടത്തിൽ കുട്ടികൾ എത്തിക്കഴിഞ്ഞാൽ പിന്നെ അച്ഛനമ്മമാർ അദ്ധ്യാപകരാകരുത്. പഠനകാര്യങ്ങളിൽ അവരെ സ്വതന്ത്രരാകാൻ




അങ്ങനെ വൺടി നയൻ വരെ അവൻ എന്നെ പഠിപ്പിച്ചു. നിങ്ങൾ മുതിർന്നവരെക്കൊണ്ട് എന്തിന് കൊള്ളാം എന്ന ഭാവത്തിൽ 'പുജ്ഞകുമാർ' ആയി ഒരൊറ്റ പോക്ക്! നമിച്ചു. ഞാൻ വെറും ശശി! ശിശു!! ശിശുപാലിക!!!



*മകൾ അദിതി വിഷ്ണുനാരായണൻ നമ്പൂതിരിയോടൊപ്പം*

അനുവദിച്ച്, വേണ്ട സഹായസഹകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി സംരക്ഷിച്ചുകൊണ്ടു തന്നെ വിട്ടുനിൽക്കണം.

അക്ഷരം പഠിച്ചു കൂട്ടിവായിക്കാൻ തുടങ്ങിയ പ്രായത്തിൽ, ആദ്യം ഉറക്കെ വായിക്കണം പിന്നീട് എഴുതിപ്പഠിക്കണം എന്നുള്ളതായിരുന്നു മക്കളുടെ പഠനത്തിൽ ഞാൻ നിഷ്കർഷ വച്ചിരുന്നത്. അതുകൊണ്ട്, മറ്റു തിരക്കുകൾക്കിടയിലും അവരുടെ ഉച്ചാരണശുദ്ധി അറിയാനും തെറ്റുകൾ തിരുത്താനും എനിക്കു സാധിച്ചു. അതിലുപരി കുഞ്ഞുങ്ങൾക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനും സംശയങ്ങൾ ചോദിക്കാനും ആത്മവിശ്വാസമുണ്ടാകാനും ഉറക്കെയുള്ള വായന സഹായിക്കും. ഒരിക്കൽ രസകരമായ ഒരു സംഭവമുണ്ടായി. അമ്മുവിന്റെ ഉറക്കെയുള്ള വായന ശ്രദ്ധിച്ചിരിക്കുന്ന ഞാൻ ഒന്നു ഞെട്ടി.

'സെവൻ ഡേയ്സ് ജിലേബി... സെവൻ ഡേയ്സ് ജിലേബി'

എന്താണിവൾ ഉദ്ദേശിക്കുന്നത് എന്ന് ഞാൻ പരിഭ്രമിച്ചു. ആഴ്ച്ചയിൽ ഏഴുദിവസവും ജിലേബി വേണമെന്നോ? ഇവൾക്ക് മധുരപലഹാരങ്ങളോട് ഇത്രയ്ക്ക് ഇഷ്ടമായിരുന്നോ? ഓടിച്ചെന്ന് നോട്ട്ബുക്ക് വാങ്ങി നോക്കി. എഴുതിയെടുത്തിരിക്കുന്നത് വ്യക്തമല്ല. എന്തായാലും ജിലേബിയല്ല. മുൻപും പിൻപും എഴുതിയവയെല്ലാം ചേർത്തുവച്ചു ചിന്തിച്ചപ്പോൾ ഉത്തരം കിട്ടി. 'സെവൻ ഡേയ്സ് ഇൻ എ വീക്ക്' എന്നതാണു കാര്യം. 'ഇൻ എ വീക്ക്' എന്നത് ടീച്ചർ പറഞ്ഞുകൊടുത്തപ്പോഴും, സഹപാഠികൾ 'കോറസ്' ആയി ഏറ്റുപറഞ്ഞപ്പോഴും, അവൾ കേട്ടത് മനസ്സിലാക്കിയത് 'ജിലേബി' എന്ന്! കുഞ്ഞുങ്ങൾ 'പറഞ്ഞാൽ, കേൾക്കുന്നവർ' തന്നെയാണ്. അതുകൊണ്ട് കേൾക്കേണ്ടത്, ഉച്ചത്തിൽ വ്യക്തതയോടെ, ശരിയായിത്തന്നെ പറഞ്ഞു കൊടുക്കണം! ഇത് അമ്മമാരും അദ്ധ്യാപകരും ഓർത്തിരിക്കേണ്ട പാഠം. കേട്ടതേ പഠിക്കൂ; പഠിച്ചതേ പാടൂ

അപ്പുവും മോശക്കാരനായിരുന്നില്ല. കുസൃതി കുറവായിരുന്നു. പകരം, ആരെന്ത് പറഞ്ഞാലും കരഞ്ഞു കണ്ണീരൊലിപ്പിച്ചു പിണങ്ങും. ക്ലാസ്സ് ടീച്ചറുമായി എന്നും ശണ്ഠ തന്നെ. വൈകുന്നേരം വന്നാൽ,



*അനിയത്തി അപർണ്ണ അച്ഛൻ വിഷ്ണുനാരായണൻ നമ്പൂതിരി, അമ്മ സാവിത്രി അന്തർജനം എന്നിവർക്കൊപ്പം ലേഖിക അദിതി. പഴയ ഫോട്ടൊ*

സമാധാനിപ്പിച്ചു നോർമലാക്കിയെടുക്കുന്ന ജോലി കഠിനംതന്നെ ആയിരുന്നു. ഒരു ദിവസം പ്രശ്നം രൂക്ഷമായി. ടീച്ചർക്കും പരാതി. കാര്യമെന്തെന്നോ? ഇംഗ്ലീഷിൽ വൺ റ്റു ഹൻഡ്രഡ് എണ്ണാൻ പറയുമ്പോൾ, ടെൻ കഴിഞ്ഞ് ഇലവൻ, തെർട്ടിൻ തുടങ്ങിയവയൊന്നും അവന് സ്വീകാര്യമല്ല. ഞാൻ മദ്ധ്യസ്ഥം പിടിച്ചേ പറ്റൂ. അവനോട് തഞ്ചത്തിൽ അടുത്തുകൂടി ഞാൻ കാര്യങ്ങറിയാൻ ശ്രമിച്ചു. ഒടുവിൽ വിദ്വാൻ തന്റെ ആശയക്കുഴപ്പം എന്റെ മുന്നിൽ അവതരിപ്പിച്ചു.

'അമ്മേ, 91 എങ്ങനെയാ'

'നയന്റി വൺ'.

ഞാൻ പറഞ്ഞു

'81 എങ്ങനെ വായിക്കും?'

'എയ്റ്റി വൺ'

അങ്ങനെ 71, 61... മുതൽ താഴേയ്ക്ക് 21 വരെ അവൻ എന്നെക്കൊണ്ട് പറയിച്ചു. എന്നിട്ട്, ഒരു ജേതാവിനെപ്പോലെ, കൈകെട്ടി നിന്ന് എന്നോടൊരു ചോദ്യം

'അപ്പോ അമ്മേ, 11 എങ്ങനെ ഇലവനാകും? അത് വൺടി വൺ. 12 വൺടി ടു. 13 വൺടി ത്രീ.'

അങ്ങനെ വൺടി നയൻ വരെ അവൻ എന്നെ പഠിപ്പിച്ചു. അനന്തരം, നിങ്ങൾ മുതിർന്നവരെക്കൊണ്ട് എന്തിന് കൊള്ളാം എന്ന ഭാവത്തിൽ 'പുജ്ഞകുമാർ' ആയി ഒരൊറ്റ പോക്ക്! നമിച്ചു. ഞാൻ വെറും ശശി! ശിശു!! ശിശുപാലിക!!!

യുക്തിയുടെ നേർവഴികൾ സത്യമായും തെളിമയോടെയും കുഞ്ഞുങ്ങളുടെ ശുഭ്രവും വിശുദ്ധവുമായ മനസ്സിന്റെ താളുകളിൽ താനേ തെളിയുന്നത് ഞാൻ നേരിട്ട് അറിഞ്ഞ, അനുഭവിച്ച അവസരമായിരുന്നു അത്. അതിലേക്ക് അനുസരണയുടെ കല്ലുകൾ വലിച്ചെറിഞ്ഞ് അവനെ അസ്വസ്ഥനാക്കാൻ ഞാൻ മുതിർന്നില്ല. ഉയർന്ന തലത്തിലുള്ള അറിവും യാഥാർത്ഥ്യബോധവും കൈവരുമ്പോൾ, അവൻ ക്രമേണ കൂടുതൽ മനസ്സിലാക്കിക്കൊള്ളും എന്ന ഉറപ്പ് ക്ലാസ്സ് ടീച്ചറിന് നൽകിക്കൊണ്ട്, ഞാൻ അവനെ അവന്റെ പാട്ടിന് വിട്ടു.

1983 നവംബർ അഞ്ചിനാണ് ഞാൻ ജോലിക്കു കയറുന്നത്. അക്കാലത്ത്, പത്രപംക്തികളിൽ ചൂടേറിയ ഒരു വാഗ്വാദം നടക്കുന്നു. വിഷയം, കോളേജ് വിദ്യാഭ്യാസരംഗത്തെ അദ്ധ്യയന മാധ്യമം അഥവാ മീഡിയം ഓഫ് ഇൻസ്റ്റ്രക്ഷൻ. അദ്ധ്യാപകരും വിദ്യാഭ്യാസവിചക്ഷണരുമൊക്കെ വീറോടും വാശിയോടും കൂടി ദിനം പ്രതി താന്താങ്ങളുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും യുക്തിയുക്തം പത്രങ്ങളിൽ അവതരിപ്പിച്ചുകൊണ്ടിരുന്നു. സയൻസ് വിഷയങ്ങൾ മലയാളത്തിൽ പഠിപ്പിക്കാനാവില്ലെന്നും, ചരിത്രത്തിന് ഇംഗ്ലീഷ് ബുദ്ധിമുട്ടാണെന്നും, കണക്കിന്റെ ഭാഷ വേറെയെന്നുമൊക്കെ വാദഗതികൾ. രാവിലെ കുളിച്ചൊരുങ്ങി, ഗണപതിയമ്പലത്തിൽ പോയി വന്നു. വേഷം മാറി വന്ന് അച്ഛനെ നമസ്കരിച്ചു. അനുഗ്രഹിച്ചുകൊണ്ട് , അന്ന് അച്ഛൻ പറഞ്ഞ വാചകം, ഇന്നും, എന്റെ മനസ്സിലുണ്ട്. 'നിന്റെ പഠനമാധ്യമം മീഡിയം ഓഫ് ഇൻസ്റ്റ്രക്ഷൻ സ്നേഹമായിരിക്കട്ടെ!' ●

(തിരുവനന്തപുരത്ത് എം.ജി കോളേജിൽ സൈക്കോളജി വിഭാഗത്തിൽ അസോസ്യേറ്റ് പ്രൊഫസറായിരുന്നു ഡോ എൻ അദിതി )

തേവലശ്ശേരിൽ പടിഞ്ഞാറ്റിടത്ത് ഇല്ലം, ഇല്ലത്തുമേൽപ്പുരം,
പി ഒ വെൺമണി,
ആലപ്പുഴ പിൻ: 689509
മൊബൈൽ 9633225970

# കുടജാദ്രിയിലെ അക്ഷരങ്ങൾ

കാടമ്പറ്റ ഉണ്ണികൃഷ്ണൻ



ആയിരത്തി തൊള്ളായിരത്തി എൺപതുകൾ. ബിരുദാനന്തര ബിരുദവും കഴിഞ്ഞു അല്പജ്ഞനായ ഞാൻ വിജിഗീഷുവായി എന്ന് അഹങ്കരിച്ചു നടന്നിരുന്ന ഒരു വിദ്യാരംഭകാലം.

കസിൻ വേണുവുമൊത്തു ആ വർഷത്തെ പൂജാനാളുകൾ മൂകാംബികയുടെ നടയിൽ ദർശനപുണ്യവുമായി കഴിയാം എന്ന കല്പനയിൽ യാത്രക്കൊരുങ്ങി. കന്നി മാസത്തിലെ തിരുവോണം എന്റെ ആട്ട പിറന്നാളാണ്. മിക്കവാറും ആ നാളിൽതന്നെ 'വിജയദശമിയും'വരും. മനസ്സില്ലാമനസ്സോടെ യാത്രക്ക് അമ്മ സമ്മതം മൂളി. അമ്മക്ക് അട നിവേദിക്കണം. പിന്നെ ഞാൻ കണ്ണെഴുതണം, കറുകമാല ചൂടണം, 'ഇതൊന്നും നീ ചെയ്യില്ല'എന്ന അമ്മയുടെ പരാതി.

തിരക്കിൽ തന്നെ ദർശനം. ദേവിയുടെ നടയിൽ അക്ഷരപുണ്യവും. മണലിൽ ഹരിശ്രീ കുറിച്ച്, കാൽനടയായി കുടജാദ്രിക്ക്. അതാണതിലെ ത്രിൽ. മഴപെയ്തു മാനം തെളിഞ്ഞ ആ പുലരിയിൽ ഒരു ഊന്നു വടിയും, കാലിൽ കടിക്കുന്ന അട്ടകളുമായി ഞങ്ങൾ കാട്ടിലൂടെ സർവജ്ഞപീഠത്തിലേക്ക്! അക്കാലത്ത് കാൽനടയാണ് ശരണം. നാലഞ്ചു മണിക്കൂർ കാട്ടിലൂടെ മല കയറിയാൽ എത്തുന്ന സ്ഥലം.

മൂന്നോ നാലോ കിലോ മീറ്റർ പിന്നീട്ടു കാണും. ഒരു കൊച്ചു കുടിൽ. ചാണകം മെഴുകിയ തറയിൽ ഭദ്രദീപവും കൊളുത്തി റൗക്കയുമിട്ടൊരു മുത്തശ്ശി. മുന്നിൽ ഒരു കൊച്ചു ബാലൻ. വിജയദശമി ദിനമായതിനാൽ അവനെ എഴുത്തിനിരുത്തുകയാണ് ആ മുത്തശ്ശി.

ഓർമ്മക്കുറവും പ്രായാധിക്യവും മൂലം 'ഓം ഹരി ശ്രീ ഗണപതയേ...' എന്നേ വരുന്നുള്ളു. ബാക്കി ഭാഗം അവർക്ക് കിട്ടുന്നില്ല. ഞാനും, വേണുവും കാടു താണ്ടിയുള്ള ആ യാത്രയിൽ ക്ഷീണം മാറാൻ ഒരുവേള ആ കുടിലിന്റെ അതിരു കാക്കുന്ന മുളവേലിയിൽ ചാരി നിൽക്കയാണ്. അപ്പോഴാണ് അവരെ കണ്ടത്.

അവർ രണ്ടാമതും, മൂന്നാമതും ആ പ്രാർത്ഥനാമന്ത്രം ചൊല്ലുമ്പോഴും മുറിയുന്നു. ബാക്കി കിട്ടാതെ വിഷമിക്കുന്നു.

സാഹചര്യങ്ങളുടെ രാജാവായ വേണു എന്റെ തോളിൽ തട്ടി.

'ബാക്കി ചൊല്ലി കൊടുക്കടോ'

ഞാൻ ആലോചിച്ചില്ല.

'ഓം ഹരിഃ ശ്രീ ഗണപതയെ നമഃ; അവിഘ്നമസ്തു; ശ്രീ ഗുരുഭ്യോ നമഃ'

അല്പം ഉറക്കെത്തന്നെയായി എന്റെ ശബ്ദം.

ആ മുത്തശ്ശി അപ്പോഴാണ് ഞങ്ങളെ ശ്രദ്ധിച്ചത്. അവർ കൂപ്പുകയ്യോടെ ഇറങ്ങി വന്നു.

കുളിച്ചു, ചന്ദനപൊട്ടും തൊട്ടു ശുഭ്രവസ്ത്രവുമായി ഒരു മുത്തശ്ശി.

അവർ അകത്തേക്ക് ക്ഷണിച്ചു. യാത്ര ചെയ്തു മുഷിഞ്ഞ വസ്ത്രവും, ആപാദചൂഡം ചളിയുമായി ആ ശുഭ മുഹൂർത്തത്തെ പങ്കിലമാക്കണോ എന്ന തോന്നലിൽ ഒന്ന് സംശയിച്ചു, അവരോടു പറയുകയും ചെയ്തു. അവർ സമ്മതിച്ചില്ല. മുറ്റത്തെ കുടത്തിൽ വെച്ചിരുന്ന വെള്ളം കൊണ്ട് ശുദ്ധി വരുത്തി, അസാമാന്യമായ പവിത്രത വിളിച്ചോതുന്ന ആ ഇറയത്തേക്കു കയറി.

ആ കൊച്ചു ബാലൻ ഈ നേരമത്രയും ഭദ്രദീപത്തിനു മുന്നിൽ ഇരിക്കയാണ്. ഉറക്കെയുള്ള സംസാരം കേട്ടു അവന്റെ അച്ഛനും അമ്മയും കൂടി അവിടെയെത്തി.

മുറ്റത്തുനിന്ന് കുറച്ചു മൺതരികളെടുത്തു. മൂകാംബികാ ദേവിയെ മനസ്സാ വന്ദിച്ചു.

'ഹരിശ്രീ ഗണപതയേ...' അങ്ങനെ ഞാൻ ഗുരുനാഥനായി.

ആ കൊച്ചു മിടുക്കൻ സ്ഫുടമായി വന്ദനവും, അക്ഷരമാലയും എഴുതി ചൊല്ലി.

'എന്റെ ആട്ടപ്പിറന്നാളാണ് ഇന്ന്. അമ്മയുടെ അടുത്തേ പതിവുള്ളു.'

അതു പറഞ്ഞപ്പോൾ ആ മുത്തശ്ശി മൂർദ്ധാവിൽ കൈ വെച്ചു അനുഗ്രഹിച്ചു. അപ്പോൾ അമ്മ കെട്ടി തലയിൽ ചൂടിക്കുന്ന കറുകമാലയാണോ, ദേവി കൊടുത്തയച്ച ഈ അനുഗ്രഹമെന്ന കറുകമാലയാണോ കൂടുതൽ ധന്യം എന്ന് പറയാൻ കഴിഞ്ഞില്ല. കണ്ണീർ പൊടിഞ്ഞത് എന്റെ മാത്രം കണ്ണുകളിലായിരുന്നില്ല. ആ മുത്തശ്ശിയുടെ കണ്ണുകളും നനഞ്ഞിരുന്നു. അപ്പോൾ ധന്യതയുടെ സർവജ്ഞപീഠം കയറിയ പ്രതീതി. ഇനി ലക്ഷ്യം കുടജാദ്രി. യഥാർത്ഥ സർവജ്ഞപീഠം ●

കാടമ്പറ്റ ഉണ്ണികൃഷ്ണൻ, കാടമ്പറ്റ മന, ചളവറ, പിൻ: 679505, ഒറ്റപ്പാലം, മൊബൈൽ: 9072700239.



വേണമെന്ന് വച്ച് ചെയ്യുന്നതാവില്ല, ചിലതെല്ലാം വന്നു ചേരും. അങ്ങനെയൊന്നാണ് ഒരു വാർത്തയിൽ വന്നു ചേർന്നൊരു വാക്ക്. അതോടെ അതൊരു സൂപ്പർഹിറ്റ് വാർത്തയായി. അമ്പതിലേറെ ഇടങ്ങളിൽ നിന്ന് ഇമ്പാക്റ്റുണ്ടായി. കണ്ണൂർ സെൻട്രൽ ജയിലിൽ വധശിക്ഷ കാത്തു കഴിയുന്ന ആൾ പോലും ആ വാർത്ത കണ്ട് കരളലിഞ്ഞ് കാശും കത്തുമയച്ചു.

വിദ്യാരംഭം സ്പെഷ്യൽ ❑ എഡിറ്റിംഗ് അനുഭവം

# തലവര മാറ്റിയ വാക്ക്

പാനാട് പദ്മനാഭൻ നമ്പൂതിരി



2006 സെപ്തംബർ 14 ന് വൈകീട്ട് ഏഴരയോടെയാണ് ആ വാർത്ത കയ്യിൽ കിട്ടിയത്. അക്കാലത്ത് കേരള കൗമുദിയുടെ ഹെഡ് ഓഫീസിൽ തിരുവനന്തപുരത്തായിരുന്നു ജോലി. പത്രത്തിന്റെ പ്ലാനിംഗ് ആൻഡ് കോ ഓർഡിനേഷൻ ന്യൂസ് എഡിറ്റർ. കോഴിക്കോട് നിന്ന് ഒരു വാർത്ത വന്നു. അന്നത്തെ ഒന്നാം പേജിലേക്ക് ഷെഡ്യൂൾ ചെയ്തത്. കോഴിക്കോട്ടെ തലക്കുളത്തൂരിൽ അഞ്ചു കുട്ടികൾ ആരോരുമില്ലാതെ കഴിയുന്നു. ഒരു പതിവു അവഗണനക്കഥ. ചോർന്നൊലിക്കുന്ന കൂരയിലെ ഇല്ലായ്മകൾ.

ഓണക്കാലത്ത് കുടുംബപ്രേക്ഷകരെ മുന്നിൽ കണ്ട് സിനിമ ചെയ്യാറില്ലേ, അങ്ങനെ വേണം നല്ല വാർത്തകൾ ചെയ്യാൻ. ആക്രിക്കടയിൽ ഡമ്പ് ചെയ്യുന്ന വേസ്റ്റല്ല, സൂപ്പർമാർക്കറ്റിൽ ഡിസ്പ്ളേ ചെയ്യുന്ന ബ്രാൻഡഡ് ഉല്പന്നം. അതാവണം സ്പെഷ്യൽ സ്റ്റോറികൾ. വാർത്തകളെ അങ്ങനെയാക്കേണ്ട ചുമതലയാണ് മാനേജിംഗ് എഡിറ്റർ ഏല്പിച്ചത്.


ചേട്ടച്ഛന്റെ തണലിൽ
ഈ 'കുഞ്ഞു' കുടുംബം

അഞ്ചാം ക്ളാസുകാരിയാണ് രമ്യ. വെറും പതിനൊന്നു വയസ്സ്. പക്ഷേ, ഒരു ദിവസം അവളെന്തൊക്കെ ചെയ്യണമെന്നോ. ഒന്നാം ക്ളാസിൽ പഠിക്കുന്ന അനിയൻ രാകേഷിനെ ഒരുക്കണം. രണ്ടാം ക്ളാസുകാരി രമയെ പഠിപ്പിക്കണം. ആറാം ക്ളാസുകാരനായ ഏട്ടൻ മനോജിനു വെച്ചു വിളമ്പണം. വെള്ളം കോരണം. അടുപ്പു കത്തിക്കണം. പാത്രം കഴുകണം. തുണിയലക്കണം. പകൽ വെളിച്ചം മായും മുമ്പ് പാചകവും പഠനവും തീർക്കണം. സൂര്യൻ മറഞ്ഞാൽ പിന്നെ ഇരുട്ടു മാത്രം.

*2006 സെപ്തംബർ 15 ന് കേരള കൗമുദിയുടെ ഒന്നാം പുറത്ത് നൽകിയ വാർത്തയുടെ ഫോട്ടോയും അതിന്റെ തലക്കെട്ടും*

എട്ടരയാവുമ്പോഴേക്ക് എഡിറ്റ് ചെയത് കൊടുക്കണം. എന്നാലേ ഒന്നിൽ ഉപയോഗിക്കാൻ പറ്റൂ. വാർത്തയോടൊപ്പം ചിത്രവുമുണ്ട്. നല്ല അപ്പീലിംഗ് ആയ ചിത്രം. അഞ്ചുപേരടങ്ങുന്ന കുഞ്ഞു കുടുംബം. നിലത്തിരിക്കുന്ന മൂന്നു കുട്ടികൾ. ഒരു പെൺകുട്ടി കുടത്തിലെ വെള്ളം എടുത്തു മാറ്റി വക്കുകയാണ്. ആ വീട്ടിലെ കുടുംബനാഥയുടെ റോൾ. അപ്പുറത്ത് കുടുംബ നാഥന്റെ വേഷത്തിൽ ഒരു പതിനേഴുകാരൻ പയ്യൻ. അച്ഛനെയും അമ്മയെയും പോലെ ഏട്ടനും ഏട്ടത്തിയും. അങ്ങനെ കാസ്റ്റ് ചെയ്താലോ.

അഞ്ചു കുട്ടികളിൽ നിന്ന് രണ്ടു പേരെ വേർപെടുത്തി. ആ രണ്ടു കുട്ടികൾക്ക് ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. ഒരാൾ ഏറ്റവും മുതിർന്ന ആൺകുട്ടി. പതിനേഴുകാരൻ. മറ്റേയാൾ ഏറ്റവും മുതിർന്ന പെൺകുട്ടി.പതിനൊന്നുകാരി. മറ്റുമൂന്നു കുട്ടികളേക്കാൾ ഉത്തരവാദിത്തമുണ്ട് അവർക്ക്. ആ രണ്ടു പേരേയും കഥാപാത്രങ്ങളാക്കി. ബാക്കി മൂന്നു പേർ കുട്ടികളും. അങ്ങനെയാക്കാം.

അങ്ങനെയാക്കാൻ വാർത്തയിൽ നിന്ന് സാഹിത്യത്തെ മുഴുവൻ വെട്ടിമാറ്റണം. സാഹിത്യം വായിക്കുകയോ പഠിക്കുകയോ ചെയ്താൽ അതിന്റെ ഹാങ്ങ് ഓവറിലാവും എഴുത്ത്. ആഖ്യയും ആഖ്യാതവും സാഹിത്യവുമൊന്നും പഠിക്കാത്തതു


A. To
C.No: 9812
Kannur Central Jail
Pallikunnu-670004. Kannur.

**ജയിലിൽ നിന്നുള്ള അക്ഷര പുണ്യം:** *കണ്ണൂർ സെൻട്രൽ ജയിലിൽ വധശിക്ഷ കാത്തു കഴിഞ്ഞിരുന്ന ഒരു കുറ്റവാളി ആ വാർത്ത കണ്ട് മനസ്സുരുകി എഴുതിയ കത്ത്. ഒരിക്കലും മറക്കാനാവാത്ത ഫീഡ്ബാക്ക്*

ഞങ്ങൾ വധശിക്ഷക്കാരായതു കൊണ്ട് ജയിലിൽ പണിക്ക് പോവാൻ കഴിയില്ല. അതുകൊണ്ട് തന്നെ ഇവിടെ പൈസയില്ല. എങ്കിലും ചില തടവുകാരോട് നിങ്ങളുടെ അക്കൗണ്ടിൽ പൈസ അയക്കാൻ പറഞ്ഞിട്ടുണ്ട്. ഇന്നലെ എന്റെ ഭാര്യ വന്നപ്പോൾ അവൾ തന്ന നൂറു രൂപയാണ് ഈ എഴുത്തിന്റെ കൂടെ വയ്ക്കുന്നത്.

കൊണ്ടാണ് വൈക്കം മുഹമ്മദ് ബഷീറിന് നന്നായി എഴുതാൻ പറ്റിയത്.

ജേണലിസ്റ്റ് ട്രെയിനി ആയിരിക്കെ ഒരിക്കൽ നിലമ്പൂർ കാട്ടിൽ പോയി. ആദിവാസികളെ കാണാനും റിപ്പോർട്ടുണ്ടാക്കാനും. ആദ്യ വാചകം എഴുതിയത് ഇങ്ങനെയായിരുന്നു: നിരാലംബ ദുഃഖങ്ങളുടെ വനഭൂമിയിൽ നിശബ്ദമായി അലിഞ്ഞു തീരുന്ന ജന്മങ്ങൾ! റേഷൻ കാർഡില്ലാത്തതിനാൽ അരി കഴിക്കാത്ത ആദിവാസിയെപ്പറ്റിയായിരുന്നു ഈ സാഹിത്യം!! എം. എ മലയാളം പഠിച്ചതിന്റെ കുഴപ്പം. അതുപോലെ തോന്നി ഈ വാർത്തയുടെ തുടക്കം.

ഇങ്ങനെയായിരുന്നു അത്: ചിങ്ങം കഴിയാറായിട്ടും അവസാനമില്ലാതെ പെയ്യുന്ന മഴയിൽ ചോരാത്ത ഇത്തിരിവട്ടത്തിലിരുന്ന് രണ്ടാം ക്ലാസുകാരി രമ ഇരട്ടവര കോപ്പിയിൽ വൃത്തിയായി എഴുതി. കുളിർമഴ പനിനീർ മഴ. തൊട്ടടുത്ത് അത്താഴമൊരുക്കുന്ന തിരക്കിലാണ് അഞ്ചാം ക്ലാസുകാരി രമ്യ. പാഠപുസ്തകങ്ങളും ഉടുപ്പുകളും നനയാതെ ഒതുക്കിവയ്ക്കാൻ ഇവർക്കും മറ്റു രണ്ടു സഹോദരന്മാർക്കും ആകെയുള്ളത് ചൂടിക്കട്ടിലിനു കീഴെയുള്ള ഒരല്പം സ്ഥലം മാത്രം.

വായിച്ചപ്പോൾ ഒരു പന്തികേട്. ദീർഘമായ വാചകങ്ങൾ. ചിങ്ങം കഴിയാറായതും, അവസാനമില്ലാതെ പെയ്യുന്ന മഴയും, ചോരാത്ത ഇത്തിരിവട്ടവും, ഇരട്ടവര കോപ്പിയും കുളിർമഴ പനിനീർ മഴയും. ഇതൊന്നും വേണ്ട. ഇതല്ല, ആദ്യ പാരഗ്രാഫിൽ വായനക്കാരനോട് പറയേണ്ടത്.

പറയേണ്ടതു പറഞ്ഞാലേ വായനക്കാരെ ഒപ്പം കൂട്ടാനാവൂ. എന്നാലേ ഇമ്പാക്ട് ഉണ്ടാവൂ. വായനക്കാർ കാണേണ്ടതു റിപ്പോർട്ടറെയല്ല. വാർത്തയിലെ കഥാപാത്രത്തെ വേണം. കുടിലിൽ കഴിയുന്ന അഞ്ചു കുട്ടികളെന്നു പറഞ്ഞാൽ കഥാപാത്രമാവില്ല. അതിലെ പെൺകുട്ടിയെ വായനക്കാർക്കു കാണിച്ചു കൊടുക്കുക. കുടത്തിൽ വെള്ളം ചുമക്കുന്നവളെ.

സാഹിത്യമെല്ലാം തൂത്തുമാറ്റി ഇങ്ങനെയാക്കി ഇൻട്രോ:

അഞ്ചാം ക്ലാസുകാരിയാണ് രമ്യ. വെറും പതിനൊന്നു വയസ്സ്. പക്ഷേ, ഒരു ദിവസം അവളെന്തൊക്കെ ചെയ്യണമെന്നോ. ഒന്നാം ക്ലാസിൽ പഠിക്കുന്ന അനിയൻ രാകേഷിനെ ഒരുക്കണം. രണ്ടാം ക്ലാസുകാരി രമയെ പഠിപ്പിക്കണം. ആറാം ക്ലാസുകാരനായ ഏട്ടൻ മനോജിനു വെച്ചു വിളമ്പണം. വെള്ളം കോരണം. അടുപ്പു കത്തിക്കണം. പാത്രം കഴുകണം. തുണിയലക്കണം. പകൽവെളിച്ചം മായും മുമ്പ് പാചകവും പഠനവും തീർക്കണം. സൂര്യൻ മറഞ്ഞാൽ പിന്നെ ഇരുട്ടു മാത്രം.

നല്ല തൃപ്തി തോന്നി. ആവശ്യമില്ലാത്ത വാക്കുകളില്ല. ആ കുട്ടി ചെയ്യുന്ന ജോലി മുഴുവൻ കാണാൻ പറ്റും. കുട്ടിയോട് അനുതാപം തോന്നും. അങ്ങനെയുള്ള കുട്ടി അമ്പതിൽ 48 മാർക്ക് വാങ്ങുക കൂടി ചെയ്യുമ്പോഴോ? വല്ലാത്ത മതിപ്പു തോന്നും. സഹായിക്കാൻ തോന്നും വായനക്കാർക്ക്. മദ്യപാനിയായ അച്ഛൻ നാടുവിട്ടു പോയി. അമ്മ ആറുമാസം മുമ്പ് ജീവനൊടുക്കി. അങ്ങനെയാണ് ആ പതിനൊന്നുകാരിക്ക് അമ്മ വേഷം കെട്ടേണ്ടി വന്നതെന്നറിയുമ്പോൾ വായനക്കാർ ഒപ്പം ചേർന്നു പോവും.

അപ്പോൾ, ആ മൂത്ത മകനോ? ആ മകന്റെ കാര്യത്തിലുള്ളത് പലതും സ്വയം അനുഭവിച്ചതാണല്ലൊ. ആറാം ക്ലാസിനും പത്താം ക്ലാസിനുമിടയിലുള്ള രണ്ട് അനിയന്മാരും അനിയത്തിയും. വിധവയായ അമ്മ. അവരെയെല്ലാം നോക്കേണ്ട ഉത്തരവാദിത്തം പെട്ടെന്നൊരു ദിവസമാണ് തലയിൽ

വന്നു ചേർന്നത്. എന്തൊക്കെ സ്വയം അനുഭവിച്ചുവെന്ന് നന്നായറിയാം.

അന്ന് ഇരുപത്തിരണ്ടേ ആയിരുന്നുള്ളൂ. ഈ വാർത്തയിലെ മൂത്ത ഏട്ടനേക്കാൾ അഞ്ചു വയസ് കൂടുതൽ. കറൻസിയായി ഒന്നുമില്ല. ദിവസവരുമാനമോ മാസവരുമാനമോ സ്ഥിരവരുമാനമോ ഇല്ല. അങ്ങനെയൊരു ഇല്ലത്ത് അഞ്ചുപേരുടെ വയറു നിറക്കുന്നതിന്റെ പങ്കപ്പാട് വേണ്ടത്ര അനുഭവിച്ചിട്ടുണ്ട് ഒരു കാലത്ത്. ഭാവന വേണ്ട, അനുഭവം മതി അതെഴുതാൻ.

വലിയേട്ടനായി ജനിക്കുന്നവർക്ക് പലപ്പോഴും അച്ഛന്റെ വേഷംകൂടി കെട്ടേണ്ടിവരും. ഇരുപത്തിരണ്ടിൽ ആ വേഷംകെട്ടാൻ തുടങ്ങിയതിന്റെ എല്ലാ നൊമ്പരവും ഉള്ളിലുണ്ടായി ഈ വാർത്തയിലെ ഏട്ടനെ സൃഷ്ടിച്ചപ്പോൾ. അവൻ ഹാർബറിലെ കൊച്ചു കൊച്ചു ജോലികൾ ചെയ്യുന്നു. താഴെയുള്ള കുട്ടികളെ സ്കൂളിലയക്കുന്നു. ഉടുപ്പും പുസ്തകങ്ങളും വാങ്ങിക്കൊടുക്കുന്നു. പാതിമുടങ്ങിപ്പോയ വീടുണ്ടാക്കാൻ ആളുകളുടെ സഹായം തേടുന്നു. സംരക്ഷിക്കാനെത്തിയ സന്നദ്ധ സംഘടനകൾക്ക് വിട്ടുകൊടുക്കാതെ അച്ഛനെപ്പോലെ കുട്ടികളെ നോക്കുന്നു.

അതേ, അച്ഛനെപ്പോലെ നോക്കുന്ന ഏട്ടൻ. ആയിടക്ക് കണ്ട പവിത്രം എന്ന സിനിമയിലെ ഒരു കഥാപാത്രമായിരുന്നു ചേട്ടച്ഛൻ. മൂത്ത ഏട്ടനെ കുറിച്ച് എഴുതിയപ്പോൾ അറിയാതെ ആ വാക്കു കൂടി പേനത്തുമ്പിൽ വന്നു വീണു, ചേട്ടച്ഛൻ. വല്ലാത്തൊരു തൃപ്തി തോന്നി അപ്പോൾ. എഡിറ്റഡ് ഫയൽ എട്ടരയോടെ കൈമാറി. അത് ഒന്നാം പേജിൽ നന്നായി വന്നു. ദുരിതപ്പെരുമഴയിൽ ഈ കുഞ്ഞു കുടുംബം. അതായിരുന്നു വാർത്ത ലഭിച്ചപ്പോഴുള്ള തലക്കെട്ട്. ആ ദുരിതപ്പെരുമഴയിൽ നിന്ന് അവരെ ചേട്ടച്ഛന്റെ തണലിലേക്ക് മാറ്റിനിർത്തിയപ്പോൾ തലക്കെട്ടും പോസിറ്റീവ് ആയി. ദുരിതം നെഗറ്റീവ് വാക്കാണ്. തണലാകട്ടെ പോസിറ്റീവും

പിറ്റേന്ന് കേരളകൗമുദിയുടെ പയ്യന്നൂർ ലേഖകനെ അതിരാവിലെ വിളിച്ചുണർത്തിയത് അവിടത്തെ ഒരു വ്യാപാരിയാണ്.

'ചേട്ടച്ഛന്റെ വാർത്ത കണ്ട് നിങ്ങളുടെ നമ്പർ തേടിപ്പിടിച്ച് വിളിക്കുകയാണ് ഞാൻ. ആ കുട്ടികൾക്ക് എന്നെക്കൊണ്ട് കഴിയുന്ന സഹായം

> അച്ഛനില്ലാത്ത വീട്ടിൽ വലിയേട്ടനാവുന്നവർക്ക് പലപ്പോഴും അച്ഛന്റെ വേഷംകൂടി കെട്ടേണ്ടി വരും. ഇരുപത്തിരണ്ടാം വയസ്സിൽ ആ വേഷം കെട്ടാൻ തുടങ്ങിയതിന്റെ എല്ലാ നൊമ്പരവും ഉള്ളിലുണ്ടായി ഈ വാർത്തയിലെ ഏട്ടനെ സൃഷ്ടിച്ചപ്പോൾ.

ചെയ്യണം. ഞാനും നിങ്ങളുമല്ലാതെ മൂന്നാമതൊരു ആൾ ഇതറിയേണ്ട. എന്റെ അച്ഛൻ പോലും. ...'

പിന്നെ നിലക്കാത്ത അന്വേഷണങ്ങൾ. ആ കുട്ടികളുടെ മേൽ വിലാസമൊന്നു തരാമോ?ബന്ധപ്പെടാവുന്ന ഫോൺ നമ്പർ തരാമോ? ബാങ്ക് അക്കൗണ്ട് നമ്പർ തരാമോ? സഹായസമിതിക്കാർ ആരെങ്കിലുമുണ്ടോ?

മനുഷ്യാവകാശ കമ്മീഷൻ, മന്ത്രി മന്ദിരങ്ങൾ, ഭവന നിർമ്മാണ വകുപ്പ്, നിർമ്മിതി കേന്ദ്ര, സ്കൂളുകൾ, ജയിലുകൾ തുടങ്ങി സ്ഥാപനങ്ങളിൽ നിന്ന്..... പയ്യന്നൂർ, കണ്ണൂർ, തൃശൂർ, ആലപ്പുഴ, പാലക്കാട്, കിളിമാനൂർ തുടങ്ങി ഒരുപാട് പ്രദേശങ്ങളിൽ നിന്ന്...

സിനിമാപ്രവർത്തകർ, ബാങ്കുദ്യോഗസ്ഥർ, സർക്കാർ ജീവനക്കാർ, സന്നദ്ധപ്രവർത്തകർ, വ്യാപാരി വ്യവസായികൾ, സ്കൂൾ വിദ്യാർത്ഥികൾ തുടങ്ങി ഒരുപാട് വിഭാഗങ്ങളിൽ നിന്ന്...

ബാംഗളൂർ മലയാളികളിൽ നിന്ന്, ദുബായിലെ പ്രവാസികളിൽ നിന്ന്, ന്യൂജേഴ്സിയിലെ സോമർ സെറ്റിൽ നിന്ന്, ന്യൂയോർക്കിലെ ഗോൾഡൺ ഓക്സിൽ നിന്ന്, കുവൈറ്റിലെ ശ്രീനാരായണീയ കൂട്ടായ്മയിൽ നിന്ന്. സൗദിയിലെ സഫ്‌വയിൽ നിന്ന്... ഇ മെയിലുകൾ, ഫോൺ കാളുകൾ, അന്വേഷണങ്ങൾ....

ഓരോദിവസവും അതെല്ലാം ഇമ്പാക്റ്റുകളായി പത്രത്തിൽ വന്നുകൊണ്ടിരുന്നു. അത്രയുമായപ്പോൾ സിനിമയിലെ ചേട്ടച്ഛനെ സൃഷ്ടിച്ച സംവിധായകൻ ടി.കെ രാജീവ് കുമാർ വിളിച്ചു. 'ജീവിതത്തിൽ നിന്ന് ഒരു സിനിമാക്കഥ ഉണ്ടാക്കുകയാണ് സാധാരണ രീതി. ഇത് സിനിമയിലെ കഥയേക്കാൾ ഹൃദയസ്പർശിയായ ജീവിതം. മനസ്സിനെ വല്ലാതെ ഉലയ്ക്കുന്നു. എന്തുപറയണമെന്നറിയില്ല. ആ സിനിമക്കു വേണ്ടി ഉപയോഗിച്ച ചേട്ടച്ഛൻ എന്ന പദം, അത് പൂർണ്ണമായ അർത്ഥവ്യാപ്തി നേടുന്നത് കാണുമ്പോൾ, പറഞ്ഞറിയിക്കാനാവാത്ത എന്തൊക്കെയോ തോന്നുന്നു...'

അതിന്റെ തിരക്കഥാകൃത്ത് പി ബാലചന്ദ്രൻ പറഞ്ഞു.

'ഇപ്പോൾ കണ്ണു നനയിക്കുന്ന ഒരാത്മസംതൃപ്തി തോന്നുന്നു. നമ്മൾ സിനിമക്കു വേണ്ടി ഉണ്ടാക്കിയ ഒരു കഥ പിൽക്കാലത്ത് ജീവിതത്തിൽ സംഭവിക്കുക എന്നൊക്കെ പറഞ്ഞാൽ അതൊരു വല്ലാത്ത അനുഭവം തന്നെ. പവിത്രത്തിൽ ഒരസാധാരണത്വം ഉണ്ടായിരുന്നു. ആ അസാധാരണത്വം ജീവിതത്തിൽ കാണുമ്പോൾ കണ്ണു നിറയുന്നു '

പിറകെ ഭവനനിർമ്മാണവകുപ്പുമന്ത്രി ബിനോയ് വിശ്വത്തിന്റെ കത്ത്. അവർക്ക് വീടുണ്ടാക്കി കൊടുക്കാൻ നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തിയതിന്റെ ഉത്തരവായിരുന്നു അത്.

'പ്രിയപ്പെട്ട ചേട്ടച്ഛന് സ്നേഹപൂർവം ബിനോയ് വിശ്വം' അതായിരുന്നു ആ വാർത്തയ്ക്കു നൽകിയ തലക്കെട്ട്.

ഹ്യൂമൻ ഇന്ററസ്റ്റിംഗ് സ്റ്റോറിയെന്ന കള്ളിയിൽനിന്ന് പുറത്തു കടന്ന് എത്രയോ ഹ്യൂമനുകളുടെ ഹൃദയഹാരിയായി അതെന്നറിഞ്ഞപ്പോൾ വല്ലാത്ത സന്തോഷം.

വർഷങ്ങൾക്കു ശേഷം കേരള കൗമുദിയുടെ കോഴിക്കോട് ഓഫീസിലേക്ക് ഒരു കല്യാണക്കത്ത്. അത് ചേട്ടച്ഛന്റേതായിരുന്നു. മറന്നു പോയ ആ വാർത്ത ഒരിക്കൽക്കൂടി ഓർത്തെടുത്തു അന്ന്. സംവിധായകൻ ടി.കെ. രാജീവ് കുമാർ പറഞ്ഞില്ലേ. പറഞ്ഞറിയിക്കാൻ പറ്റാത്ത അനുഭവമെന്ന്. അങ്ങനെയൊന്നായിരുന്നു അത്. എഡിറ്റിംഗ് കാലത്ത് അനുഭവിച്ച അക്ഷരപുണ്യങ്ങളിലൊന്ന്. ●

(കേരളകൗമുദിയുടെ പ്ലാനിംഗ് ആൻഡ് കോ ഓഡിനേഷൻ എഡിറ്ററായിരുന്നു ലേഖകൻ. പദ്മനാഭൻ നമ്പൂതിരി, ശ്രീലകം, പെരുമൺപുറ ക്ഷേത്രത്തിനു സമീപം, പി. ഒ പെരുമണ്ണ, കോഴിക്കോട് ജില്ല, പിൻ 673019 മൊബൈൽ 9400992823)

വിദ്യാരംഭം സ്പെഷ്യൽ ❑ വാക്കുകളുടെ കൺഫ്യൂഷൻ

# ഭർഗ്ഗോ ദേവസ്യയും ദേവസ്യസാറും



**പൊത്തോപ്പുറം കേശവൻ ജയന്തൻ**



എട്ടാം വയസ്സിലായിരുന്നു ഉപനയനവും സമാവർത്തനവും നടത്തിയത്, അമ്മാത്തു വച്ച്. ഏട്ടൻ ഒരു വർഷം ഉപനിച്ചുണ്ണിയായിട്ടിരുന്നു. ഈയുള്ളവൻ ഒരു മണിക്കൂർ. ശാന്തി കഴിക്കാനുള്ള ലൈസൻസ് കിട്ടിയതുമൂലം അന്ന് അമ്മാവന്റെ മകൾ ഉഷ ഒരു പുതിയ പേരിട്ടു, 'ശാന്തിച്ചേട്ടൻ'. (ഉഷ, ഷഷ്ഠി പൂർത്തി കഴിഞ്ഞ് രണ്ടു മാസത്തിനുള്ളിൽ, കഴിഞ്ഞ ജൂലൈ ആറിന്, വിഷ്ണുപദം പ്രാപിച്ചു. അനുജത്തിക്കു ശാന്തിച്ചേട്ടൻറെ പ്രണാമം!)

അച്ഛൻ തന്നെയാണ് സന്ധ്യാവന്ദനം ചെയ്യാനും അന്തി പിടിക്കാനും നിവേദ്യവും പൂജയും കഴിക്കാനും മറ്റും പഠിപ്പിച്ചത്. ഓരോ മന്ത്രവും കാണാതെ പഠിക്കണം. അച്ഛൻ എഴുതിത്തന്നത് ആവർത്തിച്ചുരുവിട്ടു പഠിച്ചു.

ഒരു മന്ത്രത്തിന്റെയും അർത്ഥം അറിയില്ല. പറഞ്ഞു തന്നില്ല. ചോദിക്കണമെന്നു തോന്നിയതുമില്ല. ദിവസവും പത്തു ഗായത്രിയെങ്കിലും ജപിക്കണം. ചില ദിവസങ്ങളിൽ 108 ഉരു ജപിക്കും. 108 ഗായത്രി ജപിച്ചാൽ അമ്മ കെട്ടിപ്പിടിച്ച് ഒരുമ്മ തരും. അതാണ് 108ൻറെ രഹസ്യം. രണ്ടറ്റങ്ങൾ എങ്ങനെ കൂട്ടിമുട്ടിക്കണമെന്നു ചിന്തിച്ചു വിഷമിക്കുമ്പോൾ ഉമ്മ തരാനൊക്കെ എവിടെ സമയം?

രണ്ടു വർഷത്തോളം പ്രശ്നങ്ങളൊന്നുമുണ്ടായില്ല. ഗായത്രി ജപിക്കലും സന്ധ്യാവന്ദനവും ഒക്കെ ചിട്ടയിൽ നടന്നു. നാലാം ക്ലാസ്സു വരെ പഠിച്ചത് വെളിയന്നൂർ സർക്കാർ എൽ.പി. സ്കൂളിലാണ്. അഞ്ചാം ക്ലാസ്സിൽ പുതുവേലി സർക്കാർ യു.പി. സ്കൂളിലേക്കു മാറി. അമ്മാത്തുമുത്തഫൻറെ മകൻ രാജനമ്മാവനായിരുന്നു ഹെഡ്മാസ്റ്റർ.

അഞ്ചാം ക്ലാസ്സിൽ മലയാളം പഠിപ്പിച്ചിരുന്നത് ദേവസ്യസാറായിരുന്നു. ആദ്യം ആ പേരു കേട്ടപ്പോൾ ശരിക്കും അന്ധാളിച്ചു. ഈശ്വരാ, ഗായത്രി മന്ത്രത്തിലെ ദേവസ്യ ഇദ്ദേഹമാണോ? വലിയ ചിന്താക്കുഴപ്പത്തിലായി. ഒരു ക്രിസ്ത്യാനിയുടെ പേര് മന്ത്രത്തിൽ! അതാണ് അമ്പലത്തിൽ, ശ്രീകോവിലകത്തു പോലും, ഇരുന്ന് ആവർത്തിച്ചു ജപിക്കുന്നത്! ദേവസ്യക്കു പകരം വല്ല നാരായണനോ ദാമോദരനോ ആകാമായിരുന്നില്ലേ?

ആ പേരു കേട്ടതിനു ശേഷം കുറച്ചു ദിവസത്തേക്ക് ശരിക്ക് ഉറക്കം പോലും വന്നില്ല. ആരോടെങ്കിലും ഇക്കാര്യം ചോദിക്കാതെ വയ്യ. എന്നാൽ ആരോട്? അച്ഛനോടു ചോദിക്കുക എന്നത് ചിന്തിക്കാനേ വയ്യ. അച്ഛനെ പേടിയായിരുന്നു. കുട്ടികളെ സ്നേഹിക്കണം, പക്ഷെ അതു പ്രകടിപ്പിക്കരുത് എന്നായിരുന്നു അച്ഛൻറെ സിദ്ധാന്തം.

ആ സംശയം മനസ്സിൽ തന്നെ കിടന്നു. ഒടുവിൽ സമാധാനിച്ചു, ദേവസ്യ എന്നു പേരുള്ള ഏതെങ്കിലും നമ്പൂതിരിയെപ്പറ്റിയായിരിക്കും മന്ത്രത്തിൽ പറഞ്ഞിരിക്കുന്നത്. ഒരുപക്ഷെ അങ്ങനെയും നമ്പൂതിരിമാർക്ക് പേരുണ്ടായിരിക്കും.

പത്തൊമ്പതാം വയസ്സിൽ ദില്ലിക്കു കുടിയേറിയതോടെ സന്ധ്യാവന്ദനവും അന്തി പിടിക്കലും, എന്തിന്, ഗായത്രി ജപിക്കുന്നതുപോലും, നിന്നുപോയി. മനസ്സിൽ നിന്നു ദേവസ്യയും ദേവസ്യസാറും പിൻവലിഞ്ഞു. പിന്നെയും കുറേക്കാലം കഴിഞ്ഞാണ് കുട്ടിക്കാലത്തുണ്ടായ സംശയത്തിന് അറുതി വന്നത്. ●

പൊത്തോപ്പുറം കേശവൻ ജയന്തൻ
സരസിജം (പൊത്തോപ്പുറം)
കനാൽ റോഡ്, വെളിയന്നൂർ P O
വഴി ഉഴവൂർ (കോട്ടയം ജില്ല)
മൊബൈൽ: 9810453289




## സാഹിത്യം മൂത്ത് ജോലി പോയ

# ശാന്തിക്കാരൻ

**ജയൻ പുതുമന**

**രാവിലെ അമ്പലത്തിലെ ജോലി കഴിഞ്ഞ് 8.30 മുതൽ വൈകുന്നേരം 4 വരെ. ഹോട്ടലിലെ സപ്ലയർ. ദിവസം രണ്ടു രൂപ കൂലി. അവിടെ നിന്ന് ഉച്ചഭക്ഷണം കഴിച്ചാൽ 50 പൈസ കുറയ്ക്കും. ഈ കടയുടെ എതിർവശത്താണ് നാഷണൽ ബുക്സ്റ്റാളിന്റെ പുസ്തകശാല. അതാണ് കുഴപ്പമായത്.**

അക്ഷരവഴിയുടെ തുടക്കം കോഴിക്കോട് ഫറോക്കിലെ നല്ലൂർ ശിവക്ഷേത്രപരിസരത്താണ്. അച്ഛൻ ശാന്തിക്കാരനായിരുന്നു. ഇടക്ക് വലിയമ്മാവൻ ഇടമന കേശവൻ നമ്പൂതിരിയും വരും. അമ്മാമൻ രസികനാണ്. സാഹിത്യ തൽപ്പരനും. അമ്പലത്തിൽ മാതൃഭൂമി വരുത്തിയിരുന്നു. അതിലെ നാണിയമ്മയും ലോകവും എന്ന പോക്കറ്റ് കാർട്ടൂൺ നോക്കി അമ്മാമൻ ആസ്വദിച്ച് ചിരിക്കും. ചെണ്ടക്കാരൻ മാരാരും മാല കെട്ടുന്ന നമ്പീശനുമായും അതേപ്പറ്റി പറയും. അവരും ചിരിയിൽ പങ്കുചേരും. അർത്ഥം മുഴുവനായും മനസിലായില്ലെങ്കിലും അതിന്റെ രസം ഞാനും അനുഭവിച്ചു. അതായിരുന്നു ആദ്യത്തെ സാഹിത്യാനുഭവം. അന്ന് മുതൽ ഒപ്പം കൂടിയതാണ് പത്രവായന.

പിന്നെ തൊഴിലിനു വേണ്ടിയുള്ള അലച്ചിലിൽ പാലക്കാട്ടെത്തി. 1978 ലാണ് കുന്നത്തൂർമേട് അമ്പലത്തിൽ ശാന്തി ഏറ്റെടുത്തത്. പിള്ളമാരുടെ കുടുംബക്ഷേത്രം. പുറമെ നിന്ന് ആരും തൊഴാൻ വരില്ല. നേരത്തെ അടയ്ക്കാം. ശമ്പളം19 രൂപ മാത്രം. വയറിന്റെ വിശപ്പുമാറ്റാൻ നേദ്യം. ആത്മാവിന്റെ ദാഹം തീർക്കാൻ വായനയും. അപ്പോഴേക്കും നല്ല പുസ്തകങ്ങൾ വായിക്കാൻ തുടങ്ങിയിരുന്നു. ഗുണമായാലും ദോഷമായാലും വായനകൊണ്ട് അശാന്തനായി എന്നു പറഞ്ഞാൽ മതിയല്ലൊ.

എന്തെങ്കിലും ചെയ്തേ പറ്റൂ. ഒരു വായനശാല തുടങ്ങിയാലോ. ഉദ്ഘാടനത്തിന് ഒരു സാഹിത്യകാരൻ വേണം. ആരെ കിട്ടും. മുട്ടുശാന്തിക്കു പോയപ്പോൾ കുത്തനൂർ പടിഞ്ഞാറെഷാരത്ത് വെച്ച് മുണ്ടൂർ കൃഷ്ണൻകുട്ടി മാഷെ പരിചയപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കഥകൾ വായിച്ച അനുഭവം പങ്കിട്ടപ്പോൾ അദ്ദേഹത്തിന് സന്തോഷമായി. ഒരു ദിവസം മുണ്ടൂർക്ക് വരൂ എന്നും പറഞ്ഞിരുന്നു. അതേ, മുണ്ടൂർക്ക് പോവാം. കുറച്ച് ചെറുപ്പക്കാരുമായി മാഷെ കാണാൻ പോയി.

മാഷുടെ മുറിയിലാകെ മാസികകൾ, ആഴ്ചപ്പതിപ്പുകൾ, പുതിയ എഴുത്തുകാരുടെ പുസ്തകങ്ങൾ. എല്ലാം അലങ്കോലമായിക്കിടക്കുന്നു. നോക്കി നിന്നപ്പോൾ മാഷ് ചിരിച്ചു. വന്ന കാര്യം പറഞ്ഞു.

'ഉദ്ഘാടനം.'

പക്ഷേ, മാഷ്ക്ക് വരാൻ പറ്റില്ല. തിരുവനന്തപുരത്ത് പോവാനുണ്ട്. എന്റെ പുസ്തകപ്രേമം കണ്ട് കുറെ പുസ്തകങ്ങളും മാസികകളും തന്നു. അത് ഒരു ചാക്ക് സഞ്ചയിലാക്കി ഞങ്ങൾ പുറത്തിറങ്ങുമ്പോൾ മാഷ് വിളിച്ചു.

'നിൽക്കൂ പോകാൻ വരട്ടെ. ഞാൻ സേതുവിനോട് പറയാം.'

അങ്ങനെ മുണ്ടൂർ സേതുമാധവൻ ഉദ്ഘാടകനായി. ഒരു വിധത്തിൽ ഉദ്ഘാടനം കഴിഞ്ഞു. പക്ഷേ, കുന്നത്തൂർ മേട്ടിൽ തന്നെ ഓഫീസ് വേണം. എന്തുചെയ്യും. അമ്പലത്തിന്റെ ഉടമസ്ഥതയിൽ പൂട്ടിക്കിടക്കുന്ന ഒരു റൊട്ടിക്കടയുണ്ട്. അത് തരപ്പെടുത്തി. തൊഴാൻ വരുന്ന കുട്ടികൾക്ക് പ്രസാദത്തിനു പുറമെ വായിക്കാൻ ചില പുസ്തകങ്ങളും നൽകിത്തുടങ്ങി. അവർ അതു വായിച്ചുവോ എന്നറിയാൻ മടക്കി വാങ്ങുമ്പോൾ ചോദ്യങ്ങളും പതിവായി. അങ്ങനെ ഈശ്വരപൂജയും അക്ഷരപൂജയുമായി തുടരുന്ന കാലത്ത് ഒരു മോഹം. ഒരു പുസ്തകം പുറത്തിക്കണം.

അതിനു പക്ഷേ, കാശു വേണം. ശമ്പളം കൊണ്ടൊന്നും തികയില്ല. എന്താണ് വഴി. പാലക്കാട്ടെ ന്യൂ തിയേറ്ററിനടുത്ത് ഒരു ഹോട്ടലുണ്ടായിരുന്നു. ഒരു മുസ്ലിമാണ് ഉടമസ്ഥൻ. ഉള്ളിലെല്ലാം അയ്യർമാർ. അതിൽ ഒരയ്യരെ മുട്ടുശാന്തിക്കിടയിൽ പരിചയമുണ്ട്.

ഒരു ദിവസം ഹോട്ടലിൽ കയറിച്ചെന്നു. ക്യാഷ് കൗണ്ടറിൽ ഇരിക്കുന്ന ആളോട് ചോദിച്ചു.

'ഏതാവത് വേലെ കെടയ്ക്കുമാ...'

അപ്പോൾ അയാൾ മലയാളത്തിൽ ചോദിച്ചു

'എവിടെ നിന്നു വരുന്നു'?

കുന്നത്തൂർ മേട് കോവിലിൽ നിന്ന്.

അയാൾ അകത്തേക്ക് നോക്കി പെരിയ സ്വാമിയെ വിളിച്ചു. ചന്ദനക്കുറി, കുങ്കുമം, കറുത്ത പൊട്ട്, അത്യാവശം തടിച്ച ശരീരം.

'ഇയാളെ അറിയുമോ?'

'തെരിയും. ഇവൻ നമ്പൂരി പയ്യൻ. കോവിൽ പൂജാരി.'

'സപ്ലയെർ ജോലി ചെയ്യാൻ പഠിപ്പിക്ക്. പാർട് ടൈം ജോലി. രാവിലെ അമ്പലത്തിലെ ജോലി കഴിഞ്ഞ് 8.30 മുതൽ വൈകുന്നേരം 4 വരെ.'


കിളിരൂർ രാധാകൃഷ്ണൻ

41

## അക്ഷരപൂജയും ഈശ്വരപൂജയും

പരമസാത്വികനും മലയാളത്തിന്റെ പ്രിയകവിയും അനേകായിരങ്ങൾക്ക് ഗുരുനാഥനുമായിരുന്ന പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി തന്റെ ഔദ്യോഗികവൃത്തിയിൽ നിന്ന് വിരമിച്ച ഉടനെ തിരുവല്ല ക്ഷേത്രത്തിൽ മേൽശാന്തിയായി സേവനമനുഷ്ഠിക്കുകയുണ്ടായി. അത് തികച്ചും ആത്മനിഷ്ഠമായ ഒരനുഷ്ഠാനം മാത്രമായിരുന്നു. ആർക്കും ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കാതെ നടത്തിയ ഒരു നിസ്വാർത്ഥസേവനം. തികച്ചും സ്വകാര്യമായ ഒരു വ്യക്തിചര്യ മാത്രമായിരുന്നു അതെങ്കിലും മാധ്യമങ്ങൾ ആ വാർത്തയ്ക്ക് വലിയ പ്രചാരം കൊടുത്തു.

ബുദ്ധിജീവികളെ വിമർശിക്കുന്ന മഹാബുദ്ധിജീവിയായ എഴുത്തുകാരൻ സക്കറിയ അത് ഏറ്റുപിടിച്ചു. വിഷ്ണുനാരായണൻ നമ്പൂതിരി തനി ഹിന്ദുത്വവാദിയാണെന്നും വിദ്യാഭ്യാസ-സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളിൽ ഏറെ പ്രശസ്തനായ നമ്പൂതിരി ക്ഷേത്രത്തിലെ ശാന്തിപ്പണി ചെയ്യുക വഴി സമൂഹത്തിന് എന്തോ തെറ്റായ സന്ദേശം നൽകിയെന്നും മറ്റുമായിരുന്നു വിമർശനം. സക്കറിയയെ അറിയാവുന്ന ആരും അതേറ്റുപിടിക്കാൻ നിന്നില്ല. പരമസാത്വികനായ 'വിഷ്ണു'വാകട്ടെ സക്കറിയയുടെ ചിന്താപദ്ധതികൾക്കും എത്രയോ ഉയരെ സാത്വികതയുടെ ഹിമവൽശൃംഗത്തിൽ ശാന്തിയുടെയും സമാധാനത്തിന്റെയും ഇളംകാറ്റേറ്റ് നിശ്ശബ്ദനായി വർത്തിക്കുകയും ചെയ്തു. ഒ.വി. വിജയനെയും മാധവിക്കുട്ടിയെയും മറ്റും ഹിന്ദുതീവ്രവാദികളാക്കി ചിത്രീകരിക്കാൻ ശ്രമിച്ചിട്ടുള്ള സക്കറിയയുടെ ഒരു 'തഴ' മാത്രമായി ഈ ലേഖനവും ജനം മറന്നു.

ഇതൊക്കെ ഇപ്പോൾ സ്മരിക്കാൻ ഇടയാക്കിയത് എന്റെ ചിരകാല സുഹൃത്ത് ബ്രഹ്മശ്രീ ജയൻ പുതുമനയാണ്. ജയൻ കവിയും കഥാകാരനും ചിത്രകാരനും ശില്പിയുമൊക്കെയാണ്. ഇതൊക്കെ ആയിരുന്നു കൊണ്ടുതന്നെ അദ്ദേഹം പാലക്കാട് കുന്നത്തൂർമേട് ശ്രീകൃഷ്ണക്ഷേത്രത്തിൽ ദശാബ്ദങ്ങളോളം മേൽശാന്തിയായും സേവനമനുഷ്ഠിച്ചു. ആ ശാന്തിവൃത്തിയെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നത് ഇങ്ങനെയാണ്:

"പാലക്കാട്, കോഴിക്കോട്, കോയമ്പത്തൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്തു. ബാംഗ്ലൂരിൽ നിന്ന് പ്ലാസ്റ്റിക് മോൾഡിംഗ് പഠനം കഴിഞ്ഞശേഷം പാലക്കാട് എടത്തറ ചന്ദ്രശേഖരപുരം ഗ്രാമത്തിൽ ഒരു പ്ലാസ്റ്റിക് മോൾഡിംഗ് യൂണിറ്റ് തുട

*കിളിരൂർ രാധാകൃഷ്ണന്റെ അക്ഷരസ്മരണകൾ എന്ന പുസ്തകത്തിൽ ജയൻ പുതുമനയെക്കുറിച്ചുള്ള അദ്ധ്യായം.*

**പുസ്തകം പുറത്തിക്കണമെങ്കിൽ കാശു വേണം. ശമ്പളം കൊണ്ടൊന്നും തികയില്ല. എന്താണ് വഴി. പാലക്കാട്ടെ ന്യൂ തിയേറ്ററിനടുത്ത് ഒരു ഹോട്ടലുണ്ടായിരുന്നു. ഒരു മുസ്ലിമാണ് ഉടമസ്ഥൻ. ഉള്ളിലെല്ലാം അയ്യർമാർ. അതിൽ ഒരയ്യരെ മുട്ടുശാന്തിക്കിടയിൽ പരിചയമുണ്ട്.**

ദിവസം രണ്ടു രൂപ. അവിടെ നിന്ന് ഉച്ചഭക്ഷണം കഴിച്ചാൽ 50 പൈസ കുറയ്ക്കും.

ഈ കടയുടെ എതിർവശത്താണ് നാഷണൽ ബുക്സ്റ്റാളിന്റെ പുസ്തകശാല. അവിടെ വലിയ സാഹിത്യകാരന്മാർ വരാറുണ്ട്. അങ്ങനെ ഒരാഴ്ച കഴിഞ്ഞപ്പോഴുണ്ട് ഒരു ഉച്ചയ്ക്ക് സാക്ഷാൽ ഉണ്ണികൃഷ്ണൻ പുതൂർ അവിടേക്ക് കയറി പോകുന്നു. ഇരിക്കപ്പൊറുതിയില്ലാതായി. പുത്തൂരിനെ അപ്പോൾ തന്നെ കാണണം. എന്നാൽ പുസ്തക പ്രസാധനത്തിനു വഴിയിണ്ടാവും.

എന്താണ് വഴി. ഉച്ചയ്ക്കുള്ള വിശ്രമസമയം ആയിട്ടില്ല. കടയിൽ അത്യാവശ്യം തിരക്കുമുണ്ട്.

ഉച്ചയ്ക്കാണ് സ്വാമിയോടൊപ്പം പരിപ്പുവട കഴിക്കുന്നത്. നല്ല ജീരക വെള്ളം കുടിച്ച് നാലോ അഞ്ചോ പരിപ്പുവട ചൂടോടെ കഴിച്ചാൽ തൽക്കാലം വിശപ്പു മാറും. അതാണ് മെനു.

പലതും ആലോചിച്ചു നിൽക്കുമ്പോൾ നാഷണൽ ബുക്സ്റ്റാളിലെ പയ്യൻ വരുന്നു.

'15പരിപ്പുവട, 14ചായ, ഒരു കട്ടൻ.'

ബുക്സ്റ്റാളിലെക്കുള്ള ഓർഡറാണ്. അവനോട് കാര്യം ചോദിച്ചു.

'ഇന്ന് എന്തോ പുസ്തക പ്രകാശനം, സാഹിത്യം എന്തൊക്കെയോ ഒലക്കേടെ മൂട്.'

അവന് സാഹിത്യം എന്നല്ല വായനയിൽപ്പോലും താല്പര്യമില്ലെന്ന് മനസ്സിലായി. ഉച്ചയായപ്പോൾ ഒരുവിധം ധൈര്യത്തിൽ ബുക്സ്റ്റാളിലേക്ക് കയറിച്ചെന്നു. ഉച്ചവട കട്ടുതിന്നുന്ന പരിപാടി നിർത്തിയാണ് പോക്ക്. വിശപ്പ് വരാൻ തുടങ്ങിയിരിക്കുന്നു. സാഹിത്യ മീറ്റിംഗ് കഴിയാറായിരിക്കുന്നു. പുത്തൂർ എന്തൊക്കെയോ സംസാരിക്കുന്നു. കുറച്ചുപേർ കേട്ടിരിക്കുന്നു. പുത്തൂരിനെ നേരിൽ കണ്ടപ്പോൾ ഒന്നും പറയാൻ പറ്റാത്ത ഒരു അവസ്ഥ.

നിമിഷം കൊണ്ട് എല്ലാം കഴിഞ്ഞു. പുത്തൂർ ധൃതിയിൽ എഴുന്നേറ്റുപോയി. ഒരക്ഷരം പോലും സംസാരിക്കാനായില്ല. തിരിച്ചു ഹോട്ടലിൽ ചെന്നപ്പോൾ മുതലാളിയുണ്ട് കൗണ്ടറിൽ. പള്ളിക്ക് പോയി, വീട്ടിലും പോയി, ഇന്ന് നേരത്തെ വന്നിരിക്കുന്നു അയാൾ.

'പുസ്തക കടയിൽ വായിൽ നോക്കാൻ അല്ല കൂലി തരുന്നത്. നാളെ മുതൽ വരണ്ട.'

അന്നത്തെ കൂലി രണ്ടു രൂപ കൈപ്പറ്റി. സാഹിത്യക്കമ്പം കാരണം അങ്ങനെ ആ പണിയും പോയി.

പിന്നെ വർഷങ്ങൾ കഴിഞ്ഞാണ് കളിയാട്ടം എന്ന പേരിൽ ഒരു ചെറുകഥാസമാഹാരം പ്രസിദ്ധീകരിച്ചത്. മഹാകവി ഒളപ്പമണ്ണയായിരുന്നു പ്രകാശനം. അക്ഷരലോകത്ത് പിടിച്ചുയരുന്ന ശാന്തിക്കാരനെ പല പത്രങ്ങൾക്കും ഇഷ്ടമായി. മാതൃഭൂ

മിയിലും കേരള കൗമുദിയിലും എക്സ്പ്രസിലുമൊക്കെ ശാന്തിക്കാരന്റെ അശാന്തി വാർത്തയായി.

അങ്ങനെയിരിക്കുമ്പോഴാണ് സ്വദേശിയുടെ ഓണപ്പതിപ്പിലേക്ക് കഥ അയച്ചു കൊടുക്കാൻ മുണ്ടൂർ കൃഷ്ണൻകുട്ടി മാഷ് പറയുന്നത്. നഷ്ടപ്പെട്ട ദിനങ്ങൾ എന്ന പേരിൽ ഒരു കഥയല്ല ആത്മകഥ തന്നെ എഴുതി അയച്ചു. പക്ഷേ അത് വന്നില്ല. ആശയില്ലാത്തതിനാൽ നിരാശ തോന്നിയില്ല. എന്നാൽ പിന്നീട് പല പ്രസിദ്ധീകരണങ്ങുടെയും ഓണപ്പതിപ്പിൽ ജയൻ പുതുമന എന്ന പേരിൽ കഥകൾ വന്നു. കഥയില്ലാത്ത ജീവിതം ഒരുപാട് അനുഭവിച്ചതിൽ നിന്ന് ഉയിർ കൊണ്ട കഥകൾ. ഈ വർഷത്തെ കേരള കൗമുദിയിലുമുണ്ട് കഥ.

മംഗളം, സഖി, പൗരദ്ധ്വനി, ജനനി, നന്ദകുമാറിന്റെ യാത്ര, എക്സ്പ്രസ്. അങ്ങനെ ജീവിതം നൽകിയ ഒരു പാട് പ്രസിദ്ധീകരണങ്ങളുണ്ട്. ഏജൻസിയും പ്രാദേശിക ലേഖകനും ഫീച്ചറെഴുത്തുകാരനുമായി.

'ഈശ്വരപൂജയും, അക്ഷരപൂജയും ഒന്നിച്ച് കൊണ്ട് പോകാൻ അപൂർവം ചിലർക്കേ കഴിയൂ. അത് ജയൻ പുതുമനക്ക് കഴിയുന്നു' പാലക്കാട് ജില്ലാ കലക്ടറായിരുന്ന കെ വി മോഹൻകുമാർ ഒരിക്കൽ ഇങ്ങനെ പറഞ്ഞു.



*ജയൻ പുതുമനയുടെ ആദ്യകഥാസമാഹാരം അഡ്വ: ആർ എസ് രാമകൃഷ്ണന് നൽകി മഹാകവി ഒളപ്പമണ്ണ പ്രകാശനം ചെയ്യുന്നു. നടുവിൽ ജയൻ പുതുമന. വൈശാഖനാണ് സമീപം.*

അദ്ദേഹത്തെപ്പോലെ വേറെ ചില പ്രശസ്തരും ശാന്തിക്കാരന്റെ അക്ഷരപൂജ കണ്ടറിഞ്ഞു. സി രാധാകൃഷ്ണൻ, മുണ്ടൂർ സേതുമാധവൻ, വൈശാഖൻ, കിളിരൂർ രാധാകൃഷ്ണൻ, മഞ്ജു വെള്ളായണി, അശോകൻ ചെരുവിൽ, കെ.ബി ശ്രീദേവി അങ്ങനെ പലരും. ഏറ്റവുമൊടുവിൽ പ്രശസ്തനായ എഴുത്തുകാരൻ കിളിരൂർ രാധാകൃഷ്ണൻ തന്റെ നൂറാമത്തെ പുസ്തകത്തിൽ ഒരു അദ്ധ്യായം തന്നെ ജയൻ പുതുമന എന്ന ശാന്തിക്കാരന് വേണ്ടി നീക്കി വച്ചു. അക്ഷരപൂജയും ഈശ്വരപൂജയും എന്ന തലക്കെട്ടിൽ.

കോഴിക്കോട്ടെ നല്ലൂരിൽ നിന്ന് പാലക്കാട്ടെ കുന്നത്തൂർമേട് വഴി ഇപ്പോൾ കോട്ടയത്തെ വൈക്കത്ത്. ഇവിടെയുമുണ്ട് കൂട്ടിന് ശാന്തി. ആത്മദാഹത്തിന് വായനയും. ●

ജയൻ പുതുമന
പി.ഒ ഉദയനാപുരം, വൈക്കം
മൊബൈൽ :8330086062
വാട്ട്സ് അപ്പ് 7736980275

# സപ്താഹ പൂജകന് പുരസ്കാരം നൽകി

ഗുരുവായൂർ പുതുമന ഈശ്വരൻ നമ്പൂതിരിയെ സപ്താഹ പൂജകനുള്ള പുരസ്കാരം നൽകി ആദരിച്ചു. വൈക്കം വൈക്കം ഉദയനാപുരത്തെ ഓണക്കൂട്ടായ്മയുടെ മൂന്നാം വർഷത്തിൽ വച്ചായിരുന്നു പുരസ്കാരം സമർപ്പിച്ചത്. കേരളത്തിനകത്തും പുറത്തുമായി ആഞ്ഞം മാധവൻ നമ്പൂതിരി ഉൾപ്പെടെ നിരവധി പ്രമുഖരായ ആചാര്യരുടെ വേദികളിൽ സപ്താഹ പൂജകനായ ആളാണ് പുതുമന ഈശ്വരൻ നമ്പൂതിരി. വൈക്കം യോഗക്ഷേമ ഉപസഭ വൈസ് പ്രസിഡന്റ് അജിതൻ നമ്പൂതിരി പുരസ്കാരം കൊടുത്തു.

സപ്താഹ ആചാര്യന്മാരെപ്പോലെ തന്നെ പ്രധാനമായ ഒന്നാണ് അതിൽ നിഷ്ഠയോടെ പൂജ ചെയ്യുന്നത്.



*ഗുരുവായൂർ പുതുമന ഈശ്വരൻ നമ്പൂതിരിയെ സപ്താഹ പൂജകനുള്ള പുരസ്കാരം നൽകി വൈക്കം യോഗക്ഷേമ ഉപസഭ വൈസ് പ്രസിഡന്റ് അജിതൻ നമ്പൂതിരി ആദരിക്കുന്നു*

അഡ്വ ഇടമന നാരായണൻ നമ്പൂതിരി നാരായണ നാമാങ്കിതമായ ഷാൾ അണിയിച്ചു. ആഗസ്റ്റ് 31 ാം തീയതി വൈക്കം ഉദയനാപുരത്തെ ജെ.പി. ആർട്ട് ഗ്യാലറിയിൽ നടന്ന ചടങ്ങിൽ സ്വസ്തി വൈക്കം പ്രതിനിധി ജയൻ പുതുമനയും പങ്കെടുത്തു.

പുസ്തക പരിചയം ❑ മയൂരനൃത്തം ❑ സുഷമ ഇരവിമംഗലം

# ബാങ്കിലെ തിരക്കിലും ഉതിർന്നു വന്ന കവിത







ഫെഡറൽ ബാങ്കിന്റെ ഹെഡ് ഓഫീസിൽ തിരക്കു പിടിച്ച ഔദ്യോഗിക ജീവിതം. ഇതിനിടയിലും കവിത ഊർന്നു വന്നു. പലപ്പോഴായി അതെല്ലാം എഴുതി വച്ചു. അച്ഛൻ ദാമോദരൻ നമ്പൂതിരി മലയാളം അദ്ധ്യാപകനായിരുന്നു. പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമത്തിൽ ജനനം. അമ്മ ഭാരതി അന്തർജനം. റാന്നി സെന്റ് തോമസ് കോളേജിലെ പഠനശേഷം കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് മലയാള ഭാഷയിൽ ബിരുദം.

അങ്ങനെ ഭാഷാദ്ധ്യാപകന്റെ മകളായി മലയാള ഭാഷയിൽ ബിരുദമെടുത്തതിന്റെ അതിന്റെ ശേഷിപ്പാണ് ബാങ്കിലെ തിരക്കിലും കവിത ചുരത്താൻ ഹേതുവായത്. പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡ്. അതു കഴിഞ്ഞ് പത്തനംതിട്ട, മലപ്പുറം, കൊല്ലം എന്നീ ജില്ലകളിലെ ഗവൺമെന്റ് സ്കൂളുകളിൽ അധ്യാപികയായി സേവനം. കവിത പഠിക്കുകയും പഠിപ്പിക്കുകയും വേണ്ടി വരുമ്പോൾ ചിലതെല്ലാം എഴുതിപ്പോവും.അങ്ങനെ എഴുതിയതെല്ലാം ചേർന്നപ്പോൾ അത് മയൂരനൃത്തമായി. മനോഹരമായൊരു പുസ്തകം.

പ്രശസ്ത എഴുത്തുകാരൻ പി. എൻ വിജയൻ മയൂരനൃത്തത്തെപ്പറ്റി ഇങ്ങനെ എഴുതി: കടലുകണ്ടു മടങ്ങിയാൽ കുറേ നേരത്തേയ്ക്കു മനസ്സിൽ തിരയടിക്കും. തീവണ്ടിയാത്ര കഴിഞ്ഞു വീട്ടിലെത്തിയാൽ വണ്ടിയുടെ ചലനവും താളവും മനസ്സിൽ തുടരും. അതുപോലെ ഒരനുഭവമാണ് നല്ല ഒരു പുസ്തകം തരുന്ന അനുഭവവും. നവമാദ്ധ്യമങ്ങളിലൂടെ പരിചയപ്പെട്ട ഒരു എഴുത്തുകാരിയുടെ ആദ്യകൃതി വായിച്ചുമടക്കിവെച്ചപ്പോൾ മനസ്സിൽ ബാക്കിയായ വരികളേയും ഈണങ്ങളേയും വീണ്ടും വാരിയെടുത്ത് ഓമനിക്കാനുള്ള ആവേശത്തിലാണു ഞാൻ. വായനക്കാർക്കും കിട്ടും ഈ ആവേശം.

1994 മുതൽ ഫെഡറൽ ബാങ്കിന്റെ വിവിധ ശാഖകളിലായി ഔദ്യോഗിക ജീവിതം. ഭർത്താവ് : മലയാലപ്പുഴ ഇരവിമംഗലത്ത് ഇല്ലത്ത് മുരളീധരൻ നമ്പൂതിരി. മക്കൾ : കൈലാസ്നാഥ്, ശബരീനാഥ് ●


വിലാസം: ഇരവിമംഗലത്ത് ശാരദാമഠം
പി.ഒ.കിടങ്ങൂർ, അങ്കമാലി, എറണാകുളം, പിൻ: 683572
മൊബൈൽ: 9447119484 ഇമെയിൽ: sushama.muralee@gmail.com


# മഴയുടെ നിനവിൽ




**ജീവൻ കോട്ടവട്ടം**
സി – 18,
ജവഹർനഗർ,
തിരുവനന്തപുരം –
പിൻ:695003
മൊബൈൽ:
9746239111




**വർഷർത്തുവിൽ നീ പകർന്നുവോ, എൻ കാതിൽ**
**കൽപ്പിച്ചനംഗൻ മൊഴിഞ്ഞ മന്ത്രം?**
**ഹിമബിന്ദു തോറുമേ ബിംബിത നിന്നാസ്യം,**
**സുരലോകമെത്തി പോൽ മമമാനസം!**

**മുറിയാതെ വീഴുന്ന മഴയിലെൻ വേഴാമ്പൽ**
**ഒരു യുഗ വിളംബപ്പിപാസ നീക്കി,**
**കദനം മറന്നെന്റെ കനവിൽ നീർച്ചാലുകൾ**
**കഴലിൻ ചുവട്ടിലൂടാർത്തൊഴുകി!**

**ഋതുദേവതേ! നീ കനിയുമോ ഇനിയുമെൻ**
**ഗ്രീഷ്മങ്ങൾ തോറും തിമർത്തു പെയ്യാൻ?**
**പുതുമോഹനാമ്പുകളീറനാക്കാൻ, ഈ**
**യുഗള മരാളങ്ങൾക്കാശ്വസിക്കാൻ?** ●









**അക്ഷരം എഴുതാനുള്ളതല്ല വരയ്ക്കാനും കൂടിയുള്ളതാണ് എന്നറിയുന്നത് ഭട്ടതിരിയുടെ അക്ഷരങ്ങൾ കാണുമ്പോഴാണ്. അതേ, കാണുമ്പോൾ. വായിക്കാൻ മാത്രമല്ല ചിത്രം പോലെ നോക്കിനിന്ന് കണ്ട് ആസ്വദിക്കാൻ കൂടിയുള്ളതാണ് ഭട്ടതിരിയുടെ അക്ഷരങ്ങൾ. ആനയെന്ന് എഴുതിയാൽ മലയാളം അറിയാത്തവരും ആനയെന്ന് വായിക്കും. മാതൃത്വം ചുരത്തുന്നതാവും ഭട്ടതിരി എഴുതുന്ന/ വരയ്ക്കുന്ന അമ്മയെന്ന അക്ഷരം. അക്ഷരങ്ങൾ കൊണ്ട് ചിത്രങ്ങളെഴുതി ജിഗ്ജി അന്താരാഷ്ട്ര പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ. മൂന്നു തവണ ഈ പുരസ്കരം നേടിയ ഏക ഇന്ത്യൻ. സ്വസ്തിയുടെ ഈ അക്ഷരപ്പതിപ്പിന്റെ കവർ ചെയ്തതും ഭട്ടതിരി തന്നെ.**

**വിദ്യാരംഭം സ്പെഷ്യൽ ❑ കലിഗ്രാഫി**

# അക്ഷരവും ഞാനും

**നാരായണ ഭട്ടതിരി**

കഴിഞ്ഞവർഷം അനൂപ് നാരായണൻ എന്ന എന്റെ സുഹൃത്ത് എന്നെപ്പറ്റി ഒരു ഡോക്യുമെന്ററി ഫിലിം ചെയ്തു. ഈ ആവശ്യവുമായി രണ്ടു വർഷങ്ങൾക്കുമുമ്പ് എന്നെ സമീപിച്ചപ്പോൾത്തന്നെ ഞാൻ അനുമതി നൽകിയിരുന്നു. എന്നാൽ അന്നുമുതൽ ഞാൻ വെറുതേ ആലോചിക്കുമായിരുന്നു എന്തായിരിക്കും അനൂപ് ഈ ചിത്രത്തിനു പേരു നൽകുക.? എന്നെപ്പറ്റിയുള്ള ചിത്രമാണെങ്കിലും അതിനൊരു പേരു കണ്ടെത്താൻ എനിക്കായില്ല. ദിവസങ്ങൾക്കു ശേഷം ചിത്രം പൂർത്തിയാക്കിയ ശേഷം അതിനു വേണ്ട ശീർഷകങ്ങൾ എഴുതിക്കൊടുക്കാനായി അനൂപ് എന്നെ ബന്ധപ്പെട്ടു. അപ്പോൾ അനൂപ് സിനിമയ്ക്കിട്ട പേരുകണ്ട് അക്ഷരാർത്ഥത്തിൽ ഞാൻ ഞെട്ടി. 'അക്ഷരങ്ങൾ എന്നും എനിക്കിഷ്ടമായിരുന്നു '. – അനൂപിന് എന്റെ മനസ്സുവായിക്കാൻ കഴിഞ്ഞു എന്നതിൽ എനിക്കേറെ സന്തോഷം .

അതെ, അക്ഷരങ്ങൾ എനിക്ക് എന്നും ഇഷ്ടമായിരുന്നു. എങ്ങനെയാണ് അക്ഷരങ്ങളെ ഇഷ്ടപ്പെടാൻ തുടങ്ങിയത് എന്ന് ഓർത്തെടുക്കാൻ കഴിയുന്നില്ല. സ്കൂൾ പഠനകാലത്ത് എന്റെ കയ്യക്ഷരം അത്ര മെച്ചപ്പെട്ടതായിരുന്നില്ല. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ എങ്ങനെയെന്നറിയില്ല ഒരു ദിവസം തോന്നുന്നു കയ്യക്ഷരം ഇങ്ങനെ തുടർന്നാൽ പോരാ കുറേ കൂടി നന്നാക്കണം എന്ന്. അന്നെടുത്ത തീരുമാനം അന്നുമുതൽത്തന്നെ പ്രാവർത്തികമാക്കുകയായിരുന്നു.

എത്ര വൈകിയാലും വൃത്തിയായി എഴുതുക എന്നതിൽ നിന്ന് ഒട്ടും വ്യതിചലിച്ചില്ല. അക്ഷരത്തോട് അന്നു തോന്നിയ സ്നേഹം ഇന്നും തുടരുന്നു. സ്കൂളിൽ വെച്ച് അക്ഷരങ്ങൾ ഭംഗിയായി എഴുതുന്നതിനോടൊപ്പം അക്ഷരങ്ങളുടെ ഘടനയെ മനസ്സിലാക്കാനും അവ ഭംഗിയായി രൂപകല്പന ചെയ്യാനും ശ്രമിച്ചുകൊണ്ടിരുന്നു. അച്ഛൻ നടത്തിയ പ്രസിൽ നിന്നു കിട്ടിയ ടൈപ് ഫൗണ്ടറിയുടെ കാറ്റലോഗുകളിൽ കാണുന്ന അക്ഷരങ്ങൾ പകർത്താനും മനോധർമ്മത്തിനനുസരിച്ച് അവയിൽ ചില പരിഷ്കാരങ്ങൾ വരുത്തി മനോഹരമാക്കാനും വെറുതേ ശ്രമിച്ചു കൊണ്ടിരുന്നു. അക്ഷരത്തോടുള്ള ഇഷ്ടം വിടാതെ എന്നും അക്ഷരം എഴുതിക്കൊണ്ടിരുന്നു.

കൂട്ടുകാർ വാങ്ങിയ പുതിയ പുസ്തകങ്ങളിൽ പേരെഴുതാൻ പലരും വന്നു. ഓരോന്നിലും വ്യത്യസ്തമായ രീതിയിൽ പേരെഴുതാൻ ശ്രദ്ധിച്ചു. അവരിൽ നിന്നു കിട്ടിയ പ്രോത്സാഹനങ്ങൾ കുട്ടിയായ എനിക്ക് ഏറെ സന്തോഷമായി. കോളേജിൽ എത്തിയപ്പോൾ എന്റെ അക്ഷരങ്ങൾ നോട്ടുബുക്കുകളിൽ നിന്നും കോളേജിന്റെ ചുവരുകളിലും പോസ്റ്റുകളിലേക്കും മാറി സഞ്ചരിക്കാൻ തുടങ്ങി. അക്ഷരങ്ങളെ അപ്പോഴും സ്നേഹിച്ചുകൊണ്ടിരുന്നു.

തിരുവനന്തപുരം കോളജ് ഒഫ് ഫൈനാർട്സിൽ ചേർന്ന ശേഷമാണ് ഈ അക്ഷരങ്ങൾ എനിക്ക് ജീവിതോപാധിയായി മാറുന്നത്. കലാകൗമുദിയിൽ കലിഗ്രാഫറായി ജോലിയിൽ പ്രവേശിച്ചതോടെ അക്ഷരമെഴുതാനുള്ള അവസരങ്ങൾ ഏറിവന്നു. കലാകൗമുദിയിലും അനുബന്ധ പ്രസിദ്ധീകരണങ്ങളിലും കഥ, കവിത, ലേഖനങ്ങൾ തുടങ്ങിയവയുടെ എല്ലാം തലക്കെട്ടുകൾ എഴുതാൻ തുടങ്ങിയതോടെ അക്ഷരമെഴുത്ത് ഒരു ഹരമായി മാറി. അൻപതിനായിരത്തിലേറെ തലക്കെട്ടുകൾ എഴുതി.

അക്ഷരത്തോടുള്ള ഇഷ്ടം ഏറിയേറി വരുന്ന കാലമായിരുന്നു അത്. അക്ഷരം



ചൈനയിലെ ലോകപ്രശസ്തമായ ഹർബിൻ കലിഗ്രാഫി സ്റ്റോൺ പാർക്കിൽ ടാഗോറിന്റെ ബംഗാളി കൈപ്പടയ്ക്കു ശേഷം മറ്റൊരു ഇന്ത്യൻ ലിപിയായി മലയാളത്തെ കൊത്തി വെച്ച കലാകാരൻ. കലിഗ്രാഫിയുടെ കലാംശത്തേയും സാധ്യതകളേയും മലയാളിക്ക് പരിചയപ്പെടുത്തിയ ആർട്ടിസ്റ്റാണ് നാരായണ ഭട്ടതിരി. പന്തളത്തിനടുത്ത് ചെറുമുകയിലെ ചേന്ദമംഗലത്തില്ലത്ത് പരമേശ്വര ഭട്ടതിരിയുടേയും ശ്രീദേവി അന്തർജനത്തിന്റേയും മകനാണ്. പത്നി തൃശൂർ ചെമ്പൂക്കാവ് മനയിലെ മിനി ഭട്ടതിരി. മൂത്തമകൻ അപ്പു ഭട്ടതിരി സിനിമാ മേഖലയിൽ അറിയപ്പെടുന്ന എഡിറ്ററും സംവിധായകനുമാണ്. മികച്ച എഡിറ്റർക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയിട്ടുണ്ട്. ഇളയ മകൻ രാമു ഭട്ടതിരി യു.കെ.യിൽ ജോലി ചെയ്യുന്നു.



ജീവിതത്തിന്റെ ഭാഗമായതു പോലെ. ഒരക്ഷരത്തെ എനിക്ക് എത്ര നേരം വേണമെങ്കിലും നോക്കിയിരിക്കാം. അക്ഷരങ്ങളുടെ ഭാവവ്യത്യാസങ്ങൾ നിമിഷം പ്രതി അവയിൽ മാറിമറിയുന്നതായി കാണാനാകും. തുടർച്ചയായി എത്രനേരം വേണമെങ്കിലും അക്ഷരങ്ങൾ എഴുതാനും കഴിയും. മറ്റു ജോലി സമ്മർദ്ദങ്ങൾക്കിടയിൽ ഒരക്ഷരം എഴുതുമ്പോൾ കിട്ടുന്ന ആശ്വാസം പറഞ്ഞറിയിക്കാനാവുന്നതിലേറെയാണ്. ലിപിപരിഷ്കരണം പോലുള്ള അർത്ഥശൂന്യമായ കാര്യങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കുന്നതും തെറ്റായ രീതിയിൽ അക്ഷരങ്ങളെഴുതുന്നതു കണ്ടാൽ പ്രതികരിക്കുന്നതും അക്ഷരങ്ങളോടുള്ള ഈ ഇഷ്ടം കൊണ്ടാണ്. ഒരക്ഷരമെങ്കിലും എഴുതാതെ ഒരു ദിവസവും കടന്നുപോകാറില്ല. അക്ഷരമെന്നാൽ ക്ഷരമില്ലാത്തത് എന്നല്ലേ. അക്ഷരം നശിക്കില്ല. അക്ഷരത്തോടുള്ള എന്റെ സ്നേഹവും നശിക്കില്ല. ●

നാരായണ ഭട്ടതിരി
മലയാളം കലിഗ്രാഫർ,
സി 11, ഫോറസ്റ്റ് ഓഫീസ്
ലെയിൻ, വഴുതക്കാട്,
തിരുവനന്തപുരം, പിൻ: 695014
മൊബൈൽ: 9496232444

## ആദിത്യ നാരായണനും കൃഷ്ണ പ്രഭയും

തിരുവനന്തപുരം പേയാട് തലയാറ്റുമല നാരായണത്തിൽ അശോക നാരായണന്റെയും വന്ദന റാണിയുടെയും മകൻ ആദിത്യ നാരായണനും മലപ്പുറം തിരൂർ കാർമാർ മന കടപ്പറമ്പിൽ ഹൌസ് സുബ്രഹ്മണ്യൻ എമ്പ്രാന്തിരിയുടെയും പ്രഭാവതിയുടെയും മകൾ കൃഷ്ണ പ്രഭയും 2023 ഓഗസ്റ്റ് 27 ന് രാവിലെ 4.30 നും 5.30 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ തിരൂർ കരുണ ക്ലാസിക് ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.

മൊബൈൽ: 9446441441/ 9447060363



# ശതാഭിഷേക ആശംസകൾ



## കെ കേശവൻ  നമ്പൂതിരി



### കുറുങ്ങാട്ട് ചെപ്പന്നൂർ ഇല്ലം, നാറാത്ത് , കണ്ണൂർ

പത്നി: വി ടി ശോഭ  വെള്ളിത്തിരുത്തിതാഴത്തു മന, മേഴത്തൂർ
മക്കൾ: ഉഷ വാമനൻ, ഉണ്ണികൃഷ്ണൻ കുറുങ്ങാട്ട്,നിഷ രഘൂത്തമൻ
മരുമക്കൾ : വാമനൻ വരിക്കോട്ട മല്ലിശ്ശേരി, ധന്യ ഉണ്ണികൃഷ്ണൻ (തോട്ടക്കാട് മഹൾ), രഘൂത്തമൻ ആറ്റുപുറത്ത് (തിരുവാങ്കുളം)
പേരക്കുട്ടികൾ: ഹരിജയന്ത് വരിക്കോട്ട മല്ലിശ്ശേരി, നന്ദകേശവ് ഉണ്ണികൃഷ്ണൻ, ഉണ്ണീമ ഉണ്ണികൃഷ്ണൻ, സംവേദ്യ ആറ്റുപുറത്ത്

ശതാഭിഷേകം : 2023 ജൂലൈ 14 / 1198 മിഥുനം  29 / രോഹിണി നക്ഷത്രം

**സെലിബ്രിറ്റി ഗസ്റ്റ് /കിളിരൂർ രാധാകൃഷ്ണൻ**

# പ്രകാശം പരത്തുന്ന നമ്പൂരിത്തം



**എത്രയോ കാലമായി മനസ്സിൽ കടന്നു കൂടിയിരുന്ന ഒരു സംശയം സത്യമെന്ന് ബോധ്യപ്പെട്ടു. കേരളത്തിലെ നമ്പൂതിരി സമുദായത്തോട് ഇന്നത്തെ 'സോ കോൾഡ് നവോത്ഥാനക്കാർ' ഒരാവശ്യവുമില്ലാതെ ഒരു വൈരം മനസ്സിൽ സൂക്ഷിക്കുന്നുണ്ടോ എന്നതായിരുന്നു എന്റെ സംശയം. അത് യഥാർത്ഥ്യമാണെന്ന് സ്വസ്തി എന്നെ ബോധ്യപ്പെടുത്തി.**

**നോവലിസ്റ്റ്, കഥാകൃത്ത്, വിവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ് കിളിരൂർ രാധാകൃഷ്ണൻ എന്ന വി. ആർ. രാധാകൃഷ്ണൻ നായർ. 1944 ജനുവരി 14നു കോട്ടയം ജില്ലയിലെ കിളിരൂരിൽ ജനിച്ചു. ഡി.സി.ബുക്സിൽ ജനറൽ മാനേജർ ആയിരുന്നു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിങ് ബോർഡ് മെമ്പറുമായിരുന്നു. ഭീമ ബാലസാഹിത്യ പുരസ്കാരം, എസ്.ബി.ഐ. ബാലസാഹിത്യ അവാർഡ്, എൻ.സി.ഇ.ആർ.ടിയുടെ ദേശീയ പുരസ്കാരം, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, സാഹിത്യ അക്കാദമിയുടെ ശ്രീ പദ്മനാഭസ്വാമി അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നൂറിലേറെ ഗ്രന്ഥങ്ങളുടെ കർത്താവുമാണ്.**

സ്വസ്തി ത്രൈമാസികയുടെ ജൂലൈ ലക്കം ജയൻ പുതുമന എന്ന എന്റെ പ്രിയ സുഹൃത്ത് അയച്ചു തന്നു. അത് സശ്രദ്ധം വായിച്ചപ്പോൾ എത്രയോ കാലമായി എന്റെ മനസ്സിൽ കടന്നുകൂടിയിരുന്ന ഒരു സംശയം സത്യമെന്ന് ബോധ്യപ്പെട്ടു. ഒരുകാലത്ത് സമൂഹത്തിൽ ഏറ്റവും ഔന്നത്യമാർന്ന സ്ഥിതിയിലായിരുന്ന കേരളത്തിലെ നമ്പൂതിരി സമുദായത്തോട് ഇന്നത്തെ 'സോകോൾഡ് നവോത്ഥാനക്കാർ' ഒരാവശ്യവുമില്ലാതെ ഒരു വൈരം മനസ്സിൽ സൂക്ഷിക്കുന്നുണ്ടോ എന്നതായിരുന്നു എന്റെ സംശയം. അത് യഥാർത്ഥ്യമാണെന്ന് സ്വസ്തി എന്നെ ബോധ്യപ്പെടുത്തി.

കാര്യത്തിലേക്ക് കടക്കും മുൻപ് ഒന്ന് ചിരിച്ചു തള്ളേണ്ട ഒരു പൊട്ടത്തരത്തെ കുറിച്ച് പറയാം. സംഭവം നാലഞ്ച് പതിറ്റാണ്ടുകൾക്ക് മുൻപ് നടന്നതാണ്. എന്റെ സുഹൃത്തും അയൽ ഗ്രാമവാസിയുമായിരുന്ന ഒരു വില്ലേജ് ഓഫീസർ നാരായണൻ നമ്പൂതിരി എന്തോ ആവശ്യത്തിന് അന്നത്തെ പഞ്ചായത്ത് ഡയറക്ടറെ മുഖം കാണിക്കാൻ തലസ്ഥാനത്ത് എത്തി. എസ്.സി എസ്.ടി വിഭാഗത്തിൽപ്പെട്ട ഒരു മഹാനായിരുന്നു ഡയറക്ടർ. നമ്മുടെ നാരായണൻ നമ്പൂതിരി വിനയപൂർവ്വം സ്വയം പരിചയപ്പെടുത്തി.

'ഞാൻ............ വില്ലേജ് ഓഫീസർ നാരായണൻ നമ്പൂതിരി..'

'ഗെറ്റ് ഔട്ട്........!' എന്നൊരലർച്ചയാണ് ഡയറക്ടർ മഹാശയനിൽ നിന്നും ഉണ്ടായതത്രെ. കാര്യമറിയാതെ ശങ്കിച്ചു നിന്ന അദ്ദേഹത്തോട് വീണ്ടും 'കടക്കു പുറത്ത്' എന്നയാൾ ആജ്ഞാപിച്ചു. പാവം നമ്പൂതിരി പുറത്തേക്ക് തെറിച്ചുവീണു. പിന്നീട് താൻ ചെയ്ത കുറ്റം എന്താണെന്ന് അറിയാൻ അവിടെയുള്ള മറ്റാരോടോ അന്വേഷിച്ചപ്പോൾ അദ്ദേഹം നമ്പൂതിരിയാണെന്നത് തന്നെയാണ് ഗുരുതരമായ തെറ്റ് എന്ന് വ്യക്തമാക്കി കൊടുത്തുവത്രേ! ഇന്നും ആ സ്ഥിതിക്ക് മാറ്റമൊന്നും വന്നിട്ടില്ല. നവോത്ഥാനം അങ്ങനെയാണ്.



*പുരസ്കാരത്തിന്റെ നിറവിൽ കിളിരൂർ രാധാകൃഷ്ണൻ*

നിരവധി ശ്രേഷ്ഠരായ നമ്പൂതിരിമാരുമായി സൗഹൃദവും അതിലുപരി സഹോദരതുല്യമായ ബന്ധവും പുലർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അത് ഒരു എഴുത്തുകാരനായതുകൊണ്ടല്ല, മറിച്ച് പ്രസാധകൻ ആയതുകൊണ്ടാണ്. അക്കിത്തം, ഒളപ്പമണ്ണ, വിഷ്ണുനാരായണൻ നമ്പൂതിരി, അടുത്തകാലത്ത് അന്തരിച്ച ആർട്ടിസ്റ്റ് നമ്പൂതിരി നിഘണ്ടു പണ്ഡിതൻ നാരായണ ഭട്ടതിരി, തുടങ്ങി നിരവധിപേർ അക്കൂട്ടത്തിലുണ്ട്.

എനിക്ക് നിരവധി ശ്രേഷ്ഠരായ നമ്പൂതിരിമാരുമായി സൗഹൃദവും അതിലുപരി സഹോദരതുല്യമായ ബന്ധവും പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. അത് ഒരു എഴുത്തുകാരനായതുകൊണ്ടല്ല, മറിച്ച് പ്രസാധകൻ ആയതുകൊണ്ടാണ്. അക്കിത്തം, ഒളപ്പമണ്ണ, വിഷ്ണുനാരായണൻ നമ്പൂതിരി, അടുത്തകാലത്ത് അന്തരിച്ച ആർട്ടിസ്റ്റ് നമ്പൂതിരി നിഘണ്ടു പണ്ഡിതൻ നാരായണ ഭട്ടതിരി, തുടങ്ങി നിരവധിപേർ അക്കൂട്ടത്തിലുണ്ട്. സുമംഗല എന്ന ലീല നമ്പൂതിരിപ്പാടിന് എന്നോട് സഹോദരതുല്യമായ വാത്സല്യം തന്നെ ഉണ്ടായിരുന്നു. ഒളപ്പമണ്ണ മനയിൽ എത്തിയപ്പോൾ അവർ ഏകിയ ആതിഥ്യ മാധുര്യം ഇന്നും ഓർമ്മയിലുണ്ട്. ലളിതാംബിക അന്തർജ്ജനത്തെ അകലെ നിന്ന് ആരാധിക്കാനേ കഴിഞ്ഞിട്ടുള്ളൂ.

പറയാൻ തുടങ്ങിയത് ഇവരിൽ നിന്ന് എനിക്ക് അനുഭവപ്പെട്ട പ്രൗഢവും പക്വമായ സമീപന രീതി പൊതുവേ നമ്പൂതിരി സമുദായത്തിന്റെ ആദരണീയത വർദ്ധിപ്പിക്കുന്നതായേ തോന്നിയിട്ടുള്ളൂ എന്നാണ്. അതായത് മറ്റ് എത്രയോ വിഭാഗങ്ങളിൽപ്പെടുന്ന തികച്ചും ആദരണീയരായ വ്യക്തിത്വങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്ന എന്തോ ഒരു ആഢ്യത്വം അവർക്കുള്ളതായി തോന്നി എന്നർത്ഥം. സാത്വികതയായിരുന്നു അവരുടെയൊക്കെ മുഖമുദ്ര.

ഉദാഹരണത്തിന് മഹാകവി ഒളപ്പമണ്ണ എത്രയോ ഉന്നതശീർഷനായ വ്യക്തിയായിരുന്നു. എന്നെപ്പോലെ ഒരു നിസ്സാരനോട് അദ്ദേഹം പ്രകടിപ്പിച്ച സമശീർഷത അദ്ദേഹത്തിന്റെ മഹത്വം ഏറ്റുന്നതായാണ് എനിക്ക് തോന്നിയത്. അദ്ദേഹത്തിന്റെ 'നിഴലാന' എന്ന കവിത ഡി.സി ബുക്സിലൂടെ പ്രസിദ്ധീകരിക്കുന്നതിന് ഞാൻ ഏറെ താല്പര്യമെടുത്തു എന്നത് അദ്ദേഹത്തിന് അറിയാവുന്ന വസ്തുതയാണെങ്കിലും ആ കവിതാസമാഹാരത്തിന് കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചപ്പോൾ എന്നെ വിളിച്ച് അദ്ദേഹം വികാരഭരിതനായി സംസാരിച്ചത് ആ വലിയ മനുഷ്യന്റെ ഔന്നത്യം വർധിപ്പിക്കുകയാണ് ചെയ്തത്. ഞാൻ കുറച്ചുകൂടി ചെറുതാവുകയും ചെയ്തു.

മറ്റൊരനുഭവം ഞാൻ കണ്ടിട്ടുപോലുമില്ലാത്ത മഹാപണ്ഡിതൻ ഒ.എം.സി നമ്പൂതിരിപ്പാടിന്റെ ഋഗ്വേദ വിവർത്തനവുമായി

ബന്ധപ്പെട്ടതാണ്. പരമസാത്വിക നും മഹാജ്ഞാനിയുമായിരുന്ന ഒ.എം.സിക്ക് ഋഗ്വേദ വിവർത്തനം പേരിനോ പ്രശസ്തിക്കോ പണത്തിനോ ഒന്നും വേണ്ടിയുള്ളതായിരുന്നില്ല. വേദം പണ്ഡിതന്മാർ മാത്രം ധരിച്ചാൽ പോരാ പാമരന്മാർക്കും അത് പ്രാപ്യമാകണമെന്ന നിസ്വാർത്ഥവും അത്യുന്നതമായ കാഴ്ചപ്പാടായിരുന്നു ഒരു പുരുഷായുസ്സ് മുഴുവൻ അതിനായി ഉഴിഞ്ഞു വയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. എട്ടു വാല്യങ്ങളിലായി ഋഗ്വേദവിവർത്തനം പൂർത്തിയാക്കിക്കൊണ്ട് ആ സ്വപ്നം അദ്ദേഹം സാക്ഷാത്കരിച്ചു.

പക്ഷേ അതുണ്ടാക്കിയ സാമ്പത്തിക ബാധ്യത വളരെ വലുതായിരുന്നു. സർക്കാർ എന്തോ ധനസഹായം ചെയ്തുവെങ്കിലും അതൊന്നും അദ്ദേഹത്തിന് കാര്യമായ ആശ്വാസം പകർന്നില്ല. അച്ചടിച്ച് ബൈന്റ് ചെയ്ത ആ മഹദ്കൃതി ഇല്ലത്തെ മുറികളിൽ ആകെ കെട്ടിയിരിക്കുന്നത് കണ്ടു കണ്ണടയ്ക്കാൻ ആയിരുന്നു അദ്ദേഹത്തിന്റെ നിയോഗം. വ്യാപാര കാര്യങ്ങളിൽ അദ്ദേഹത്തിന് കാര്യമായ ധാരണയുമുണ്ടായില്ല.

വർഷങ്ങൾക്കുശേഷം അന്നത്തെ ദേവസ്വം ബോർഡ് പ്രസിഡണ്ടും എന്റെ ഉറ്റ സുഹൃത്തും സഖാവ് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ സ്യാലനുമൊക്കെയായ കുടമാളൂർ രാമൻ ഭട്ടതിരിപ്പാട് ഒരു ദിവസം എന്നെ വിളിച്ച് ഋഗ്വേദ ചരിത്രം സംക്ഷിപ്തമായി പറഞ്ഞു. ഇല്ലത്ത് അടുങ്ങിയിരിക്കുന്ന ഋഗ്വേദം കുറേ ശ്ശേയായെങ്കിലും എടുത്ത് കറന്റ് ബുക്സ് ശാഖകളിലൂടെ വില്പന നടത്തി സഹായിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

തുടർന്ന് ഒളപ്പമണ്ണ മനയിൽ നിന്ന് ഒ.എം.സിയുടെ മകൻ ദാമോദരൻ നമ്പൂതിരിയും മകൾ ലീലാ നമ്പൂതിരിയും (സുമംഗല) രാമൻ ഭട്ടതിരിക്കൊപ്പം നേരിട്ട് കോട്ടയത്ത് വരികയും ഡി.സി.യെ കണ്ട് ആവശ്യം ഉന്നയിക്കുകയും ചെയ്തു. എന്തോ ഭാഗ്യത്തിന് വിചാരിച്ചതിലും വളരെ വേഗം വലിയ പരസ്യമൊന്നും ചെയ്യാതെ തന്നെ സ്റ്റോക്കു മുഴുവൻ വിറ്റ് തീർത്തു കൊടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു.

അപ്പോഴാണ് ഒരു പുതിയ പതിപ്പ് എന്ന ആശയം പൊട്ടിവിടർന്നത്.



*കിളിരൂർ രാധാകൃഷ്ണന്റെ നൂറാമത്തെ പുസ്തകം അക്ഷരസ്മരണകൾ*

സാത്വികതയുടെയും സംസ്കാരസമ്പന്നതയുടെയും 'നിറകുടം തുളുമ്പില്ല ' എന്ന മട്ടിലുള്ള പക്വതയുടെയും പ്രകാശമാണ് എനിക്ക് ഇടപെടാൻ ഭാഗ്യമുണ്ടായ നമ്പൂതിരിമാരിൽ നിന്നെല്ലാം അനുഭവപ്പെട്ടത്.

ഒ.എം.സി എട്ട് വാല്യത്തിനും കൂടി 600 രൂപ മാത്രമാണ് വില നിശ്ചയിച്ചിരുന്നത്. എന്നാൽ പുതിയ കാലത്ത് പുതിയ പതിപ്പ് ഇറക്കിയാൽ 2000 രൂപയെങ്കിലും മുഖവില വയ്ക്കേണ്ടിവരും. ഋഗ്വേദം പോലെയൊരു 'കടിച്ചാൽ പൊട്ടാത്ത' സംഭവം പുതുതലമുറ എങ്ങനെ സ്വീകരിക്കുമെന്ന ഭയമുണ്ടായിരുന്നു.50 ലക്ഷം രൂപയെങ്കിലും നിർമ്മാണച്ചിലവ് അക്കാലത്ത് വേണ്ടി വരുമായിരുന്നു താനും!.


*മഹാകവി ഒളപ്പമണ്ണ*

എന്തായാലും ഡി.സി. എന്ന പ്രസാധകമാന്ത്രികൻ അതൊരു വെല്ലുവിളിയായി ഏറ്റെടുത്തു. വലിയൊരു പ്രീ പബ്ലിക്കേഷൻ ഉദ്ഘാടനം നടത്തി. പൗലൂസ് മാർ പൗലൂസ് തീരുമേനിയും ഗുരു നിത്യചൈതന്യയതിയുമൊക്കെ പങ്കെടുത്ത ആ ചടങ്ങിൽ ഋഗ്വേദമാഹത്മ്യം പെരുമഴ പോലെ പെയ്തിറങ്ങി,

'ദേവന്മാർ എന്നൊരു കൂട്ടരുണ്ടെങ്കിൽ ഇപ്പോൾ ഇവിടെ പുഷ്പവൃഷ്ടി നടക്കും' എന്ന് യതി പറഞ്ഞപ്പോൾ 'പണ്ഡിതരല്ല പാമരന്മാരാണ് ഇനിയുള്ള കാലത്ത് ഋഗ്വേദ പാരായണം നടത്തേണ്ടതെ 'ന്ന് പൗലൂസ്മാർ പൗലൂസ് തീരുമേനിയും പ്രഖ്യാപിച്ചു. ചുരുക്കി പറയാം. 5000 കോപ്പികളാണ് പ്രീ പബ്ലിക്കേഷനിൽ ബുക്ക് ചെയ്തത്. അതിലേറെയും പാമരന്മാർ തന്നെ ആയിരുന്നു താനും. അങ്ങനെ ഒ.എം.സി.യുടെ അഭിലാഷ പൂർത്തീകരണം സംഭവിച്ചു. അതിലൊരു തുള്ളിയാവാൻ എനിക്കും ഭാഗ്യമുണ്ടായി. ഇന്നും അഭിമാനത്തോടെ അത് ഓർക്കുന്നു.

അനുഭവങ്ങൾ ഇനിയുമുണ്ട് ഒട്ടേറെ. എല്ലാം ഇവിടെ വിവരിക്കാനിടമില്ല. ഞാൻ വെളിവാക്കാൻ ശ്രമിച്ച കാര്യം സാത്വികതയുടെയും സംസ്കാരസമ്പന്നതയുടെയും 'നിറകുടം തുളുമ്പില്ല' എന്ന മട്ടിലുള്ള പക്വതയുടെയും പ്രകാശമാണ് എനിക്ക് ഇടപെടാൻ ഭാഗ്യമുണ്ടായ നമ്പൂതിരിമാരിൽ നിന്നെല്ലാം അനുഭവപ്പെട്ടത് എന്ന സത്യമാണ്. ഇതിപ്പോൾ സ്വസ്തിക്ക് വേണ്ടി പറയുകയല്ല. എക്കാലവും മനസ്സിലുറച്ച വികാരമാണ്. സി.രാധാകൃഷ്ണനും, മധുസൂദനൻ നായരുമൊക്കെ എഴുതിയ വരികൾ കണ്ടപ്പോൾ എന്റെ ചില ചെറിയ അനുഭവങ്ങളും പകർത്താമെന്ന് തോന്നി. ഇതിലൂടെ ആരുടെയും പ്രീതി സമ്പാദിക്കാനും ആഗ്രഹിക്കുന്നില്ല. സ്വസ്തി! ●

മേൽവിലാസം:
കിളിരൂർ രാധാകൃഷ്ണൻ
'ഹരി', കാഞ്ഞിരം പോസ്റ്റ്,
കോട്ടയം, പിൻ: 686030.
മൊബൈൽ: 9995701931

വിദ്യാരംഭം സ്പെഷ്യൽ ❑ നഷ്ടമായ എഴുത്ത്

## പൊലീസ് റെയ്ഡിൽ നഷ്ടമായത്

# മഹാത്മാഗാന്ധിയുടെ മംഗളാശംസകൾ

ഇപ്പോൾ ഇതെല്ലാം ഓർക്കാൻ ഒരു കാരണമുണ്ടായി. സ്വസ്തിയുടെ വിദ്യാരംഭം പതിപ്പിന് അക്ഷരങ്ങളുടെ വിശേഷം വേണമെന്ന പത്രാധിപരുടെ ഓർമ്മപ്പെടുത്തൽ. അപ്പോൾ ആദ്യം ഓർമ്മ വന്നത് ഗാന്ധിജിയുടെ കത്തുകളാണ്. അതു നഷ്ടമായ വേദനയും.



*സരള മധുസൂദനൻ*

**സരള മധുസൂദനൻ**

നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹമായിരുന്നല്ലോ അമ്മയുടേത്. അന്നത് വലിയ വിപ്ളവവും നവോത്ഥാനവുമായിരുന്നു. വലിയ കോലാഹലും. നിരവധി പ്രമുഖർ പങ്കെടുത്തിരുന്നു. പങ്കെടുക്കാൻ കഴിയാതിരുന്ന മഹാത്മാഗാന്ധി നവവധൂവരന്മാർക്ക് ആശംസ നേർന്ന് ഒരു കത്തെഴുതിയിരുന്നു. അമ്മയുടെ പെട്ടിയിലായിരുന്നു ആ കത്ത് ദീർഘകാലം സൂക്ഷിച്ചിരുന്നത്.

എന്നാൽ, ഒരിക്കൽ ഞങ്ങളുടെ വീട് പൊലീസ് റെയ്ഡ് ചെയ്തു. ഒളിവിൽ കഴിയുന്ന കമ്മ്യൂണിസ്റ്റുകാരെ പിടികൂടാനും അവരുടെ സാഹിത്യവും ലഘുലേഖകളും കണ്ടെടുക്കാനും. പുസ്തകങ്ങളും ആൽബങ്ങളുമൊക്കെ പൊലീസ് കൊണ്ടു പോയി. അമ്മ നിധി പോലെ സൂക്ഷിച്ചിരുന്ന മഹാത്മജിയുടെ കത്തും അതിൽപ്പെട്ടു. മഹാകവി വള്ളത്തോൾ, നാലപ്പാട്ട് നാരായണമേനോൻ, കേളപ്പജി തുടങ്ങിയ മഹത് വ്യക്തികൾ അയച്ച മംഗളപത്രങ്ങളും, വിവിധ ആശംസാസന്ദേശങ്ങളും. അതേ ചൊല്ലി അമ്മ വല്ലാതെ സങ്കടപ്പെടുന്നത് കണ്ടിട്ടുണ്ട്. നമ്പൂതിരി സമുദായത്തിൽ കോളിളക്കം സൃഷ്ടിച്ച ആദ്യത്തെ വിധവാവിവാഹത്തിലെ നായികയ്ക്ക് കിട്ടിയ മംഗളാശംസകൾ! അമൂല്യമായചരിത്രരേഖകൾ!! പാർട്ടിസാഹിത്യമെന്ന് കരുതിയാവണം അതും പൊലീസ് തട്ടിയെടുത്തത്.

ഇപ്പോൾ ഇതെല്ലാം ഓർക്കാൻ ഒരു കാരണമുണ്ടായി. സ്വസ്തിയുടെ വിദ്യാരംഭം പതിപ്പിന് അക്ഷരങ്ങളുടെ വിശേഷം വേണമെന്ന പത്രാധിപരുടെ ഓർമ്മപ്പെടുത്തൽ. അപ്പോൾ ഓർമ്മ വന്നത് ഗാന്ധിജിയുടെ കത്തുകളാണ്. അതു നഷ്ടമായ വേദനയും. അതോടൊപ്പം അമ്മാമനെക്കുറിച്ചുള്ള വേദനകളും. ഐ.സി.പി എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട ഇട്ടിയാം പറമ്പില്ലത്ത് ചെറിയ പരമേശ്വരൻ നമ്പൂതിരിയെക്കുറിച്ചുള്ളത്. എനിക്ക് എൺപത്തെട്ട് വയസ്സ് കഴിഞ്ഞു. എന്നിട്ടും പല ഓർമ്മകളും മായാതെ നിൽക്കുന്നു.

പാലക്കാട് ജില്ലയിലെ ചളവറ പുലിയാനാംകുന്ന് ദേശത്താണ് ഇട്ടിയാംപറമ്പ് ഇല്ലം. അമ്മാമൻ 25 കൊല്ലത്തോളം ചളവറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകളെ മുൻനിർത്തി എല്ലാ കൊല്ലവും സ്മാരകദിനവും പുരസ്കാര സമർപ്പണവും നടത്തിവരുന്നു. ഈ വർഷം ചെറുകഥയുടെ കുലപതി ടി പദ്മനാഭനായിരുന്നു പുരസ്കാരം. മെയ് 27ന് ആയിരുന്നു ഐ.സി.പി.യുടെ 22-ാം ചരമവാർഷികം. സാമൂഹ്യ പ്രവർത്തകൻ, പത്രപ്രവർത്തകൻ, സ്വാതന്ത്ര്യസമരസേനാനി, കമ്മ്യൂണിസ്റ്റ് വിശ്വാസി, നവോത്ഥാന നായകൻ...അങ്ങനെ വിശേഷണങ്ങൾ ഏറെയാണ്. എന്നാൽ എനിക്ക് അമ്മയുടെ സഹോദരനാണ്. എന്റെ അമ്മാമൻ.

അമ്മാമനെ ആദ്യമായി കണ്ടത് മനസ്സിലിപ്പോഴുമുണ്ട്. വെളുത്തു മെലിഞ്ഞ് പൊക്കമുള്ള ശരീരം. അല്പം ഉന്തിയ പല്ലുകൾ. വെള്ള ഖദർമുണ്ടും ഷർട്ടും. ചുമലിലൊരു രണ്ടാം മുണ്ടും. 88 പിന്നിട്ട എന്റെ മനസ്സിൽ ഇപ്പോഴുമുണ്ട് അമ്മാമന്റെ രൂപം.



*മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാട് എന്ന എം.ആർബിയും പത്നി ഇട്ടിയാംപറമ്പത്ത് ഉമാ അന്തർജ്ജനവും. നമ്പൂതിരി സമുദായത്തിലെ ആദ്യവിധവാ വിവാഹത്തിലെ ദമ്പതിമാർ. 1934ൽ സെപ്തംബർ 13 ന് ആയിരുന്നു ഇവരുടെ വിവാഹം*

അന്നൊരു ദിവസം അമ്മ വലിയ സന്തോഷത്തോടെ 'കുട്ട്യോളെ അമ്മാമന്മാർ വന്നു'എന്നു പറഞ്ഞ് ഏടത്തിയേയും എന്നേയും പൂമുഖത്തേക്ക് കൂട്ടി. ഷൊർണ്ണൂർ ചുടുവാലത്തൂരിലെ വീട്ടിലായിരുന്നു അന്ന് ഞങ്ങളുടെ താമസം. വലിയമ്മാമൻ ഐ.സി.പി.നമ്പൂതിരിയേയും ചെറിയമ്മാമൻ ഐ.എസ്.നമ്പൂതിരിയേയും അന്നാണ് ആദ്യമായി കാണുന്നത്. അതിനു മുമ്പ് കണ്ടിട്ടുണ്ടാവാമെങ്കിലും അതൊന്നും ഓർമ്മയിലില്ല. അമ്മയുടെ പിന്നിൽ പതുങ്ങി നിന്ന് തെല്ലൊരു പേടിയോടെയാണ് ഞാൻ അമ്മാമന്മാരെ നോക്കിനിന്നത്.

അമ്മയോട് എന്തൊക്കെയോ കുറേ നേരം സംസാരിച്ചതല്ലാതെ കുട്ടികളായ ഞങ്ങളോട് വലിയമ്മാവൻ ഒന്നും സംസാരിച്ചില്ല. എന്നാൽ ചെറിയമ്മാവൻ പുറത്തുതട്ടി സ്നേഹം പ്രകടിപ്പിച്ചു. ഐ.സി.പി അമ്മാമന്റെ മുഖം ഗൗരവമേറിയതൊന്നുമല്ല. എന്നാൽ സംസാരവും പെരുമാറ്റവും ഗൗരവത്തിൽ. അതുകൊണ്ട് തന്നെയാകാം ഒരു തരം പേടി. ഒപ്പം ബഹുമാനവും.

വർഷങ്ങൾ പോകെ അമ്മാമന്റെ കർക്കശസ്വഭാവത്തിനൊരു മാറ്റം വന്നു. നാലു മക്കളുടെ അകാല വിയോഗത്തിന് ശേഷം. അത് ദുഃഖത്തോടെയല്ലാതെ ഓർക്കാൻ വയ്യ. അമ്മാമന്റെ മൂത്തമകൾ നളിനിയും ഞാനും സമപ്രായക്കാരാണ്. സ്കൂളിൽ പോവാനുള്ള സൗകര്യത്തിന് അവൾ ഷൊർണൂരിൽ ഞങ്ങളുടെ കൂടെയാണ് താമസിച്ചിരുന്നത്.

ഒരിക്കൽ നളിനിക്ക് സന്നിപാതജ്വരം കലശലായി. എങ്കിലും അതിൽ നിന്നെല്ലാം രക്ഷപ്പെട്ടു. അങ്ങനെ സ്കൂൾ അവധിക്കാലത്ത് ചളവറയിലെ സ്വന്തം ഇല്ലത്തേക്ക് പോയതാണ്. അവിടെനിന്ന് ഒരു ദിവസം തുളസിത്തറയിൽ അന്തിത്തിരി വെച്ച് തിരിഞ്ഞപ്പോൾ അബദ്ധത്തിൽ കയ്യിലുള്ള കോലു വിളക്കിൽ നിന്ന് ഉടുപ്പിന് തീപിടിച്ചു. മേലാസകലം പൊള്ളി. ഗുരുതരമായി പൊള്ളി വികൃതമായ മുഖവും കത്തിക്കരിഞ്ഞ ശരീരവും കണ്ടു ഞാൻ വാവിട്ടു നിലവിളിച്ച് അമ്മയെ കെട്ടിപ്പിടിച്ചു. അതോർക്കുമ്പോൾ ഇപ്പോഴും കരൾ പിളർക്കുന്ന വേദനയാണ്. ഒരാഴ്ചയോളം വാട്ടിയ ഇലയിൽ കിടന്ന് ജീവൻ പൊലിഞ്ഞു.

മഞ്ഞപ്പിത്തം ബാധിച്ച് 11 വയസ്സ് മാത്രം പ്രായമുള്ള മകൻ വാസുദേവനും അകാലത്തിൽ ലോകം വിട്ടുപോയി. മകൻ കൃഷ്ണൻ എട്ടാം വയസ്സിൽ വിഷം തീണ്ടിയും, കുഞ്ഞു സാവിത്രിക്കുട്ടി മൂന്നു വയസ്സിലും മരണമടഞ്ഞു. ഈ ദുരന്തങ്ങൾക്കെല്ലാം സാക്ഷിയായി ഞാനും. അന്ന് ചെറിയ കുട്ടി ആയിരുന്നെങ്കിലും ആ സന്ദർഭങ്ങളെല്ലാം ദുഃഖമുണർത്തിക്കൊണ്ട് മനസ്സിലുണ്ട്.

കുളത്തിൽ വീണ് ജീവൻ പോയ സാവിത്രിക്കുട്ടിയുടെ ചേതനയറ്റ ശരീരം ആരോ തെക്കിനിപ്പടിയിൽ കൊണ്ട് കിടത്തി. അമ്മാമൻ, അമ്മാമി, മറ്റു ബന്ധുക്കൾ എല്ലാവരും ദുഃഖത്തിൽ മുങ്ങി നിൽക്കുന്നു. അവരുടെ ഇടയിൽ ഞാനും. അമ്മാവൻ പെട്ടെന്ന് എഴുന്നേറ്റ് വന്ന് ജീവനില്ലാത്ത ശരീരം നോക്കി.

'കണ്ണെല്ലാം മത്സ്യം കൊത്തിപ്പറിച്ചിട്ടുണ്ടാകുമോ?'

ഇടറിയ സ്വരത്തിൽ ഇങ്ങനെ ചോദിച്ചപ്പോൾ കൂടി നിന്നവരുടെ വിതുമ്പലുകൾ കരച്ചിലായി മാറി. അതുവരെ കണ്ടിട്ടില്ലാത്ത അമ്മാമന്റെ അപ്പോഴത്തെ മുഖഭാവം എന്നെയും കരയിച്ചു. ഈ ദുരന്ത സംഭവങ്ങൾ അമ്മാമന്റെ കർക്കശസ്വഭാവത്തിന് കുറച്ചൊന്നുമല്ല മാറ്റം വരുത്തിയത്.

അമ്മയെ കാണാൻ അമ്മാമൻ വന്നും പോയുമിരുന്നു. മാർക്സിസ്റ്റ് ആചാര്യൻ സഖാവ് കൃഷ്ണപിള്ള, സഖാക്കളായ എ.കെ ഗോപാലൻ, ഇ.എം.എസ് നമ്പൂതിരിപ്പാട് എന്നിവരൊക്കെ അമ്മാമന്റെ കൂടെ ഷൊർണൂരിലെ വീട്ടിൽ വരാറുണ്ടായിരുന്നു. ഒളിവിലെ താമസത്തിനാണ് വന്നിരുന്നത് എന്ന് എത്രയോ കാലം കഴിഞ്ഞാണ് എനിക്ക് മനസ്സിലായത്.

ലഘുലേഖകൾ വിതരണം ചെയ്യേണ്ടതും സഖാക്കൾക്ക് ഒളിത്താവളങ്ങളിൽ സുരക്ഷിതരാക്കേണ്ടതും അമ്മാമന്റെ ചുമതലയായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന കാലം. പൊലീസുകാർ വീട് തോറും കയറിയിറങ്ങി സ്ത്രീപുരുഷ ഭേദമന്യേ എല്ലാവരെയും ഉപദ്രവിക്കുകയും വീടുകളിൽ പരിശോധന നടത്തി നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തിരുന്നു. അങ്ങനെ പോലീസുകാർ രാപ്പകൽ ഭേദമന്യേ ഞങ്ങളുടെ വീട്ടിലും പലപ്പോഴായി കയറിയിറങ്ങി. അതിനിടയിലാണ് അമ്മയുടെ പെട്ടിയിലുണ്ടായിരുന്ന ഗാന്ധിയുടെതടക്കമുള്ള കത്തുകൾ കൊണ്ടുപോയത്.

അമ്മാമന്റെ സ്വഭാവത്തിലുണ്ടായ മാറ്റത്തെപ്പറ്റിയാണല്ലോ പറഞ്ഞു വന്നത്. മറ്റൊരു സന്ദർഭം ഓർമ്മ വരുന്നു. ഒരിക്കൽ തൃശ്ശൂരിലെ വീട്ടിൽ അമ്മാമൻ വന്നപ്പോൾ സംസാരത്തിനിടെ എന്റെ മകൾ ശാലിനിയെ ചൂണ്ടിക്കൊണ്ട് അമ്മപറഞ്ഞു.

'ഈ കുട്ടിയ്ക്ക് മറ്റുള്ളവരുടെ ശബ്ദം അനുകരിക്കാൻ കഴിയും. സിനിമാ നടന്മാരായ ജയന്റേയും ജനാർദ്ദനന്റേയും ശബ്ദവും ഭാവവും അനുകരിക്കുക പതിവാണ്. ചിലപ്പോൾ ഏട്ടന്റെ സംസാരരീതിയും ചെയ്യാറുണ്ട്.

'അതേയോ, എന്നാൽ ഒന്നു കേൾക്കട്ടേ' എന്നായി അമ്മാമൻ.

ഇപ്പോൾ എവിടുന്നാ വരണത് എന്ന് ആരെങ്കിലും ചോദിച്ചാൽ ചളവറയിൽ നിന്ന് ഒറ്റപ്പാലത്തു പോയി അവിടുന്ന് പാലക്കാട്ടുവഴി എന്നൊക്കെ നീട്ടിവലിച്ച് ഒരു പ്രത്യേക ഈണത്തിലാണ് അമ്മാമൻ അവസാനിപ്പിക്കുക. അതാണ് അവൾ



*മക്കളായ ശ്യാമയും (ഇടത് ) ശാലിനിയുമൊത്ത് (വലത് ) എന്നിവരുമൊത്ത് സരള മധുസൂദനൻ*

അമ്മാമന്റെ മുന്നിൽ അനുകരിച്ചത്. പ്രതികരണം എന്താകുമെന്ന് അറിയാതെ ഭയപ്പെട്ടു നിൽക്കുകയായിരുന്നു ഞാൻ.

'ഇതൊരു കലയാണ്, ഇതിനെ വളർത്തിയെടുക്കണം' അമ്മാമൻ എന്നെ നോക്കി പറഞ്ഞു. ഇതൊക്കെ അമ്മാമന് ആസ്വദിക്കാൻ കഴിയുമെന്നുള്ള അറിവ് എന്നെ അത്ഭുതപ്പെടുത്തി.

ചെയ്യുന്ന ജോലിയിലുള്ള ആത്മാർത്ഥത അമ്മാമന്റെ സ്വഭാവവിശേഷമാണ്. വി.ടി ഭട്ടതിരിപ്പാടിനോടൊപ്പം പ്രവർത്തിച്ചിരുന്ന അമ്മാമൻ വിപ്ലവ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. വൃദ്ധവിവാഹങ്ങൾ അധിവേദനം ഇവയൊക്കെ തടയാനുള്ള ശ്രമങ്ങളിൽ. സ്വന്തം സഹോദരിയുടെ (എന്റെ അമ്മയുടെ) പുനർവിവാഹത്തിന് ഇല്ലത്തു നിന്ന് ആരും പങ്കെടുക്കരുതെന്ന് മുത്തച്ഛൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. വിവാഹത്തിന് പങ്കെടുക്കണമെന്ന മോഹം ഉണ്ടായിരുന്നെങ്കിലും ഇല്ലത്തെ അന്തരീക്ഷം കൂടുതൽ കലുഷിതമാകാതിരിക്കാനായി അമ്മാമൻ പങ്കെടുത്തില്ല. വിവാഹപ്പിറ്റേന്ന് തന്നെ രസികസദനത്തിൽ (അവിടെയായിരുന്നു ദമ്പതിമാർക്ക് താമസം ഏർപ്പാടാക്കിയിരുന്നത്.) പോയി നവദമ്പതികളെ ആശിർവദിക്കുകയും ചെയ്തു.

ഔപചാരിക വിദ്യാഭ്യാസം കിട്ടാത്ത ആളാണ്. അനുഭവപാഠങ്ങളാണ് തന്റെ സർവ്വകലാശാല എന്നാണ് പറയാറുള്ളത്. കടുത്ത ദുഃഖമുണർത്തുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ചിലർക്കെങ്കിലും അത് മറികടക്കാനുള്ള ധൈര്യവും കരുത്തും കിട്ടിയിട്ടുണ്ടാവും. ചിലരിൽ



*ഐ.സി.പി നമ്പൂതിരി*

**വർഷങ്ങൾ പോകെ അമ്മാമന്റെ കർക്കശസ്വഭാവത്തിനൊരു മാറ്റം വന്നു. നാലു മക്കളുടെ അകാല വിയോഗത്തിന് ശേഷം. അത് ദുഃഖത്തോടെയല്ലാതെ ഓർക്കാൻ വയ്യ. അമ്മാമന്റെ മൂത്തമകൾ നളിനിയും ഞാനും സമപ്രായക്കാരാണ്.**

അത് മാനസിക പരിവർത്തനത്തിനും ഹേതുവാകാറുണ്ട്. കടുത്ത ദുഃഖങ്ങൾ വന്നപ്പോഴാണ് അമ്മാമന്റെ സ്വഭാവത്തിലും മാറ്റങ്ങളുണ്ടായത്. അമ്മാമനോട് ഇടപഴകാൻ കുറച്ച് സ്വാതന്ത്ര്യം കിട്ടിയ പോലെ അനുഭവപ്പെട്ടു. വർഷങ്ങൾ കടന്നു പോയെങ്കിലും അമ്മാമനെ ഓർക്കുമ്പോൾ അന്നത്തെ ദുരിത സംഭവങ്ങളെല്ലാം ഓർമ്മയിൽ തെളിയും. അമ്മാമന്റെ അകാലത്തിൽ പൊലിഞ്ഞ കുരുന്നുകളുടെയും ഓർമ്മയ്ക്കു മുമ്പിൽ നമിക്കുന്നു.

ആ നമസ്കാരത്തിന്റെ ഭാഗമായാണ് അനുസ്മരണ മീറ്റിംഗ് നടക്കുന്ന ചളവറ പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ മുറ്റത്ത് മകൾ ശ്യാമയോടൊത്ത് ചെന്നിറങ്ങിയത്. ആളുകൾ അവിടെ കൂടി നിൽക്കുന്നു. അമ്മാമന്റെ മക്കൾ വിഷ്ണു, സതീശൻ, നാരായണൻ എന്നിവരും മറ്റു ബന്ധുക്കളും വന്നു കുശലം പറഞ്ഞു. ഇപ്പോഴത്തെ ചളവറ പഞ്ചായത്ത് പ്രസിഡണ്ട് ചന്ദ്രബാബുവിനെ നാരായണൻ പരിചയപ്പെടുത്തി. വൈകാതെ പുരസ്കാര ജേതാവ് കഥയുടെ കാലഭൈരവൻ ടി.പത്മനാഭൻ വന്നെത്തി.

പ്രേംജിയുടെ നീയോ സുമംഗലി എന്ന കവിതയോടെയായിരുന്നു തുടക്കം. ചേരമ്പറ്റ കീർത്തി അത് ഭംഗിയായി ആലാപിച്ചു. ടി.ആർ.അജയൻ പുരസ്കാര പ്രഖ്യാപനം നടത്തി. മന്ത്രി ഡോ: ആർ. ബിന്ദു പുരസ്കാര സമർപ്പണവും. എല്ലാം മുറപോലെ നടന്നു.

ഐ.സി.പി.യെ താൻ കണ്ടിട്ടില്ലെന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കേട്ടറിവുണ്ടെന്നും പുരസ്കാര ജേതാവ് ടി പദ്മനാഭൻ പറഞ്ഞു. പി.കെ അനിൽകുമാർ, രാധിക, പ്രൊഫ എ. ജി ഒലീന, ഡോക്ടർ ചിത്രഭാനു തുടങ്ങിയവരെല്ലാം ആശംസകൾ നേർന്നു. ഐ.സി.പി സ്മാരക പ്രഭാഷണം പ്രൊഫ: കെ.ഇ.എൻ കുഞ്ഞഹമ്മദ് ആണ് നിർവഹിച്ചത്. അതിലൂടെ സാധാരണക്കാർക്ക് അറിയാത്ത പലകാര്യങ്ങളും പലർക്കും ഗ്രഹിക്കാൻ കഴിഞ്ഞു.

ആളുകളൊഴിഞ്ഞു. സ്കൂൾ മുറ്റത്തെ ശബ്ദകോലാഹലങ്ങൾ നിലച്ചു. സന്തോഷത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും അലകളാൽ തിങ്ങിവിങ്ങിയ മനസ്സുമായി ഞാനും അവിടം വിട്ടു. അമ്മാമനെ ഒരിക്കൽക്കൂടി ശിരസാ നമിച്ചു കൊണ്ട്! മനസാ സ്മരിച്ചു കൊണ്ട്!! ●



*ഐ.സി.പി.നമ്പൂതിരിയും പത്നി വെണ്മണി മഹൾ പാർവ്വതി അന്തർജ്ജനവും*

(ലേഖിക സരള മധുസൂദനൻ പ്രമുഖ സാമൂഹ്യ പരിഷ്കർത്താവ് എം. ആർ ബിയുടെ മകളാണ്.
Tower: 1,15A,Tata Tritvam,Goshree pachalam link road,Marine Drive Extension, Ernakulam North-682018, Mob: 974611 6990 )



വിദ്യാരംഭം സ്പെഷ്യൽ ❑ കവിത



# നവദേവികളുടെ രാത്രി

**ദേവി പ്രകാശ്** കറുത്തേടത്തു മന

**ഒന്നാം ദിവസം: ശൈലപുത്രി**
ചിത്തത്തിലുള്ള ദുരഹംകൃതിയൊക്കെ നീക്കി
നിത്യം തുണച്ചിടുക നീ ഹിമശൈലപുത്രീ
സത്താർന്ന നാമമുരുവിട്ടു ദിനം കഴിക്കാൻ
സത്യസ്വരൂപിണി സദാ മരുവേണമുള്ളിൽ.

**രണ്ടാം ദിവസം: ബ്രഹ്മചാരിണി**
ബ്രഹ്മാണ്ഡമാകെ നിറയുന്നൊരു ശക്തിരൂപേ
ശ്രീബ്രഹ്മചാരിണി! പദം പ്രണമിച്ചിടുന്നേൻ
തിന്മയ്ക്കു ചെറ്റുമിടമേകരുതേ ശിവേ !നീ
നന്മയ്ക്കു ചേർന്ന വഴി കാട്ടുക നിത്യവും മേ!

**മൂന്നാം ദിവസം: ചന്ദ്രഘണ്ഡ**
പരിചൊടു തവ മൂന്നാം കണ്ണിനാൽ തീർത്തിടേണേ
നിറയെ വിലസുമോരോ ദൈത്യവർഗ്ഗത്തെയെല്ലാം
ചൊരിയുക സുഖമേറ്റം പാരിലെല്ലായിടത്തും
വിരവൊടു തുണയായും വന്നിടൂ ചന്ദ്രഘണ്ഡേ

**നാലാം ദിവസം: കുശ്മാണ്ഡേശ്വരി**
ഈശ്വരചിന്തയനാരതമെത്താൻ
കുശ്മാണ്ഡേശ്വരി!തുണയരുളീടു
കശ്മലരൊക്കെ ജഗത്തിലൊടുങ്ങാൻ
നിശ്ചയമായ് പൊരുതീടുക തായേ!

**അഞ്ചാം ദിവസം: സ്കന്ദ മാത**
സ്കന്ദനാം പ്രിയ പുത്രനേ മടിയിങ്കലേറ്റിയു,മേറ്റവും
ചന്തമാർന്ന കരത്തിലായി വിടർന്ന താമര സൂനവും
മന്ദഹാസ സമന്വിതം നിജ ഭക്തരിൽ കനിവേകിയും
സന്തതം കുടികൊണ്ടിടും ജനനീ നമിപ്പു ഭവത്പദം..

**ആറാം ദിവസം: കാത്യായനി**
കാത്തീടുകെന്നുമനിശം ശുഭദേ !വരണ്യേ!
കാത്യായനീ ഭഗവതീ!സതതം തൊഴുന്നേൻ
പ്രീത്യാ ഭജിച്ചു തവ പൂജ നടത്തുവോരിൽ
തീർത്തും കടാക്ഷമരുളു സകലാർത്തിഹാരി

**ഏഴാം ദിവസം: കാളരാത്രി**
ഘോരരൂപമോടെയീ ധരിത്രിതന്നിലെത്തിയും
പാരിലുള്ള ദുഷ്ടശക്തികൾക്കൊരന്ത്യമേകിയും
വേരുറച്ച ഭക്തിയാൽ വിളിയ്ക്കുവോർക്കു താങ്ങുമായ്
കാറുതോറ്റ വർണ്ണമാർന്ന കാളരാത്രിയെത്തൊഴാം

**എട്ടാം ദിവസം: മഹാഗൗരി**
മഹാഗൗരി തൻ രൂപമാർന്നീ ജഗത്തിൻ
മഹാമാരി തീർക്കാൻ പിറന്നോരു തായേ!
മഹാദേവനുള്ളിൽ പ്രിയം ചേർത്തു വാഴും
മഹാശക്തിരൂപേ! നമിയ്ക്കുന്നു പാദം

**ഒമ്പതാം ദിവസം: സിദ്ധിധാത്രി**
ബുദ്ധിയും സിദ്ധിയും തന്നു കാത്തീടണേ
സിദ്ധിധാത്രീ ശിവേ കുമ്പിടാം നിൻ പദം
ശ്രദ്ധയോടെന്നുമേ പൂജ ചെയ്തീടുവോർ
ക്കജ്ഞതാന്ധ്യത്തെയും തീർക്കണേ ശങ്കരീ ●

ദേവി പ്രകാശ്, മൈത്രി ഹോംസ്, A/403,പി.ഒ.മിയാപൂര്,
മദീനഗുഡ, ഹൈദരാബാദ്, പിൻ:500049, തെലങ്കാന
കറുത്തേടത്തു മന, പി.ഒ: മൂഴിക്കുളങ്ങര,വഴി:നീണ്ടൂർ,
കോട്ടയം ജില്ല, പിൻ: 686601 മൊബൈൽ: 9177610763



*വാസുദേവൻ നമ്പൂതിരി ടെറസ്സിന് മുകളിലെ കൃഷി തോട്ടത്തിൽ*

**ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 2022ലെ ഏറ്റവും മികച്ച 'മുതിർന്ന കർഷകനായി' കൃഷി വകുപ്പ് തിരഞ്ഞെടുത്തത് കൊടക്കാട്ട് വാസുദേവൻ നമ്പൂതിരിയെയാണ്. അറുപതാം വയസ്സിൽ യുട്യൂബ് നോക്കി കൃഷിചെയ്യുന്ന ഈ കീഴ്ശാന്തിയുടെ വിശേഷങ്ങൾ**

**അറിയേണ്ട നമ്പൂതിരി ❑ കൊടക്കാട് വാസുദേവൻ നമ്പൂതിരി**

# യു ട്യൂബിലെ കൃഷി

**ആനന്ദ് മൂത്തേടം**



യുട്യൂബ് നോക്കി ഭക്ഷണം പാകം ചെയ്യുന്ന പുതുതലമുറയിലെ കുട്ടികളെ നമുക്കറിയാം. എന്നാൽ കേട്ടോളൂ അറുപത് കഴിഞ്ഞ ഈ കീഴ്ശാന്തിക്കാരനും യുട്യൂബ് നോക്കുന്നു. പാചകം പഠിക്കാനല്ല. കൃഷി ചെയ്യാൻ.

ഡ്രാഗൺ ഫ്രൂട്ട്, തായ്ലൻഡ് ഗുവ, ഇസ്രായേൽ ഓറഞ്ച്, വിയറ്റ്നാം സൂപ്പർ ഏർലി, സീഡ്ലെസ് ജാക്ക്.......... ഇവയെല്ലാം ഏതെങ്കിലും യൂറോപ്യൻ രാജ്യങ്ങളിലെ സ്ഥലനാമങ്ങളോ, വിദേശരാജ്യങ്ങളിൽ വളരുന്ന ചെടികളോ ആണെന്ന് കരുതിയെങ്കിൽ നിങ്ങൾക്ക് തെറ്റി.

**യൂട്യൂബിൽ കൂടി തന്നെയും മറ്റു കൃഷിക്കാരുമായി സംസാരിച്ചു. അടിസ്ഥാന പാഠങ്ങൾ മനസ്സിലാക്കി. തായ്ലാൻഡ്, ഇസ്രായേൽ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെ പഴവർഗ്ഗങ്ങളാണ് അധികവും.**

ഈ പഴങ്ങളെല്ലാം മൂത്തു പഴുത്തു നിൽക്കുന്നത് ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തിയായ കൊടക്കാട് വാസുദേവൻ നമ്പൂതിരിയുടെ ഗുരുവായൂരിലുള്ള ഇല്ലപ്പറമ്പിലാണ്.

1970 കളിൽ പതിമൂന്നാം വയസ്സിൽ ഏഴാം ക്ലാസ് പഠനം കഴിഞ്ഞ് കോഴിക്കോട് ജില്ലയിലെ മുക്കം കാരശ്ശേരിയിലെ കൊടക്കാട്ട് തറവാട്ടിൽ നിന്നും ഗുരുവായൂരിലേക്ക് വണ്ടി കയറുമ്പോൾ വാസുണ്ണിക്ക് ഒരു പ്രതീക്ഷയേ ഉണ്ടായിരുന്നുള്ളൂ, പാരമ്പര്യ ജോലിയായ കീഴ്ശാന്തിപ്പണി കൊണ്ട് വിശപ്പു മാറ്റാം.

പാട്ടം നിലച്ചു, വരുമാനം ഇല്ലാതെയായി. കൂട്ടുകുടുംബം ആയതുകൊണ്ട് ഇല്ലത്താണെങ്കിൽപത്തിരുപത്തഞ്ചാളുകൾ. അമ്പലങ്ങളിലാകട്ടെ 'അവിശ്വാസം' ഒരു അലങ്കാരമായിരുന്നതു കൊണ്ട് കാര്യമായ വരുമാനമുണ്ടായിരുന്നില്ല. പട്ടിണിയും പരിവട്ടവും. ദുരഭിമാനം കൊണ്ട് മറ്റു ജോലികൾക്ക് പോകാനും വയ്യ.

ഗുരുവായൂർ അമ്പലം കുറച്ചുകൂടെ ഭേദമായിരുന്നു. സമാവർത്തനം കഴിഞ്ഞ കിഴ്ശാന്തി ഉണ്ണികൾക്ക് ചന്ദനം അരയ്ക്കാം, കുറേശ്ശെ തിടപ്പ

ള്ളിപ്പണികൾ എടുക്കാം, ആനപ്പുറം കയറാം.... സ്ഥിരംജോലി ഇല്ലെങ്കിലും എന്തെങ്കിലുമൊക്കെ വരുമാനം കിട്ടും. പരിമിതമായ അളവിൽ കിട്ടുന്ന‘പടച്ചോറീൽ പങ്കും പറ്റാം.

ശ്രീകൃഷ്ണ സ്കൂളിലെ പഠനവും അമ്പലം പ്രവർത്തികളുമായി നീങ്ങി. ഇല്ലത്തെ മുത്തശ്ശൻ ഗോവിന്ദൻ നമ്പൂതിരി നല്ല കൃഷിക്കാരനായിരുന്നു. രണ്ടാണും ഏഴു പെണ്ണുമായി 9 കൊച്ചു മക്കൾ ഉള്ളതിൽ കുഞ്ഞു വാസ്സുണ്ണിയായിരുന്നു മുത്തച്ഛന്റെ വലംകൈ. അങ്ങനെ കൃഷി ഹരമായി. വിവിധയിനം പച്ചക്കറികളാണ് മുത്തശ്ശന്റെ കൃഷിത്തോട്ടത്തിൽ ഉണ്ടായിരുന്നത്.

90കളുടെഅവസനാത്തോടെ സ്ഥിതിയിൽ മാറ്റം വന്നു തുടങ്ങി. ഗുരുവായൂരിലെ പ്രവർത്തികൾ കൊണ്ട് ‘സാമാന്യം’ ജീവിക്കാമെന്നായി. അമ്പലത്തിനടുത്ത് 5 സെന്റ് സ്ഥലം വാങ്ങി ഇല്ലം പണിതു. ഇതിനിടയിൽ വണ്ടൂർ പാലിശ്ശേരി ഇല്ലത്തെ സതീദേവിയെ വേളി കഴിച്ചു. ഒരുണ്ണിയുമായി.

അങ്ങനെയിരിക്കെയാണ് രണ്ട് അപ്രതീക്ഷിത ദുരന്തങ്ങൾ.ഒന്ന് കൊറോണ. രണ്ട് ആത്തേമാരുടെ അകാലവിയോഗം. ആകെ മനസ്സുമുഷിഞ്ഞ അവസ്ഥ. അമ്പലത്തിലും കാര്യമായ പ്രവർത്തിയില്ല. ഈ അവസ്ഥയിലാണ് തന്റെ കൃഷി രീതികളിൽ മാറ്റം വരുത്താൻ തീരുമാനിക്കുന്നത്. യൂട്യൂബിലൂടെയും മറ്റും കണ്ടറിഞ്ഞ വിദേശ പഴങ്ങളുടെ ഒരു തോട്ടം ഉണ്ടാക്കിയാലോ എന്ന ആലോചന. ഒരു കാര്യം തീരുമാനിച്ചാൽ പിന്നെ മുൻപിൻ നോക്കാതെ അതിലേക്കിറങ്ങും. സ്വതേയുള്ള കൃഷിഭ്രമം ഉപകാരപ്പെടുകയും ചെയ്തു.

യൂട്യൂബിൽ കൂടി തന്നെയും മറ്റു കൃഷിക്കാരുമായി സംസാരിച്ചു. അടിസ്ഥാന പാഠങ്ങൾ എല്ലാം മനസ്സിലാക്കി. വീടിന്റെ ടെറസിലാണ് ഇത്തരം കൃഷികൾക്ക് അനുയോജ്യമായ സ്ഥലം. വിവിധയിനം സപ്പോട്ടകൾ, തായ്‌ലൻഡ് ഗുവ, സീഡ് ലെസ് ജാക്ക്, മൂവാണ്ടൻ, ഓറഞ്ച്, വൈറ്റ് ഞാവൽ, ചാമ്പ, മുന്തിരി പേര, ഇസ്രായേൽ ഓറഞ്ച്, സ്റ്റാർ ഫ്രൂട്ട്, അത്തിപ്പഴം, ചെറി, മൾബറി, കൊളമ്പ് മാവ്, കാക്കി ജാം, കിലോ പേര, ബെയർ ആപ്പിൾ, വിയറ്റ്നാം സൂപ്പർ ഏർലി, സീഡ്‌ലെസ്



*വാസുദേവൻ നമ്പൂതിരി കൃഷിയിടത്തിൽ.*

**ഇപ്പോൾ ഉള്ളിക്ക് വല്ലാതെ വില വർധിച്ചപ്പോൾ ഉള്ളിയും ഉരുളക്കിഴങ്ങും തുടങ്ങി. വില്പനയ്ക്ക് വെച്ച് ലാഭമുണ്ടാക്കാനല്ല. സഹപ്രവർത്തകർക്കും അയൽക്കാർക്കും സൗജന്യമായി വിതരണം ചെയ്യാറാണ് പതിവ്.**

ലെമൺ, മണി തക്കാളി, തായ്‌ലൻഡ് പ്ലാവ്, ഡ്രാഗൺ ഫ്രൂട്ട്, റമ്പൂട്ടാൻ.... തുടങ്ങിയ വിദേശ പഴച്ചെടികളുടെ വൻശേഖരം തന്നെയുണ്ട്. കൂടാതെ ബജി മുളക്, കാന്താരി മുളക്, ബുള്ളറ്റ് മുളക്, ചീനി മുളക്, നീളൻ മുളക് തുടങ്ങിയ വിവിധ ഇനം മുളകുകളും. ഇഞ്ചി,മഞ്ഞൾ, തുടങ്ങിയ ചെറുവിളകളുമുണ്ട്. തായ്‌ലാൻഡ്, ഇസ്രായേൽ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെ പഴവർഗ്ഗങ്ങളാണ് അധികവും.

ഇൻഡസ്ട്രിയൽ വർക്കുകളും പ്ലാസ്റ്റിക് ഡ്രമുകളും മറ്റുമായി രണ്ടു ലക്ഷം രൂപ ചെലവായി. മണ്ണ്, ചകിരി ചോറ്, ചാണകപ്പൊടി, കടലപ്പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവയാണ് ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക് ഡ്രം, ഗ്രോ ബാഗ്, ചെടിച്ചട്ടി എന്നി



*ഗുരുവായൂർ നഗരസഭ ആദരിച്ചപ്പോൾ*

വകളിൽ വളർത്തുന്നു. മണ്ണുത്തി, പാവറട്ടി, തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ നേഴ്സറികളിൽ നിന്നുമാണ് ശേഖരിച്ചത്. ഒരു തൈക്ക് 2000 രൂപയോളം വരുന്ന‘മിയ സാക്കി’ പോലുള്ള മാവിൻ തൈകളും കൃഷിത്തോട്ടത്തിലുണ്ട്.

പ്രായം 60 കഴിഞ്ഞു. കൃഷി ഇന്നും ഹരമാണ്. വില്പനയ്ക്ക് വെച്ച് ലാഭമുണ്ടാക്കാനല്ല. സഹപ്രവർത്തകർക്കും അയൽക്കാർക്കും സുഹൃത്തുക്കൾക്കും മറ്റും സൗജന്യമായി വിതരണം ചെയ്യാറാണ് പതിവ്. ഇപ്പോൾ ഉള്ളിക്ക് വല്ലാതെ വില വർധിച്ചപ്പോൾ ഉള്ളിയും ഉരുളക്കിഴങ്ങും തുടങ്ങി.

പ്ലസ് ടു കഴിഞ്ഞിരിക്കുന്ന മകൻ ശ്രീരാഗും സഹായിക്കാനുണ്ട്.

വിദേശ പഴ കൃഷി രീതികളെ കുറിച്ച് കൂടുതൽ അറിയണമെന്ന് ആഗ്രഹമുള്ളവർക്കും ഉപദേശങ്ങൾ വേണ്ടവർക്കും കൊടക്കാട് വാസുദേവൻ നമ്പൂതിരിയെ സമീപിക്കാം.●

ആനന്ദ് മൂത്തേടം: 9846418181
വാസുദേവൻ നമ്പൂതിരി,
ശ്രീരാഗം, കൊടക്കാട് മന,
ചാമുണ്ഡേശ്വരി ലിങ്ക് റോഡ്,
പി.ഒ.പുത്തൻപള്ളി, ഗുരുവായൂർ,
മൊബൈൽ: 9744500433

## ഷഷ്ട്യബ്ദപൂർത്തി ആശംസകൾ

**ഷഷ്ട്യബ്ദപൂർത്തിയുടെ നിറവിൽ എം.വി. സുബ്രഹ്മണ്യൻ നമ്പൂതിരി**

**(യോഗക്ഷേമസഭ മുൻ ജനറൽ സെക്രട്ടറി)**

**ആശംസകളോടെ മക്കൾ, മരുമക്കൾ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ, ആത്മ മിത്രങ്ങൾ**











'മലയാള'ത്തെ മുന്നോട്ട് നയിക്കുന്ന വെളിച്ചമാണ് എന്റെ പിതാവ് ഡോ.എം.വി.വിഷ്ണു നമ്പൂതിരി. അച്ഛന്റെ സ്മരണകൾ നിലനിർത്തിക്കൊണ്ട് എന്റെ അറുപതാം പിറന്നാളിന് അറുപത് പുസ്തകങ്ങൾ കുന്നരു മലയാളം വായനശാലയ്ക്ക് നൽകാൻ സാധിച്ചു.







യോഗക്ഷേമസഭ സമുദായത്തിലെ പാവപ്പെട്ട അംഗങ്ങൾക്ക് ഏറെ സഹായങ്ങൾ നൽകുന്ന തരത്തിൽ വികസിപ്പിക്കുക എന്റെ വലിയ ഒരു സ്വപ്നമായിരുന്നു. എന്റെ നാടായ കണ്ണൂർ ജില്ലയിലും എന്റെ പ്രവർത്തന മണ്ഡലമായ തിരുവനന്തപുരം ജില്ലയിലും എന്റെ ഉപസഭയായ ആറ്റിങ്ങൽ ഉപസഭയിലും നിർവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. അവയിലേക്ക് എന്റെ ഷഷ്ട്യബ്ദപൂർത്തിയുടെ ഭാഗമായി ചെറിയ സഹായം നൽകാൻ സാധിച്ചു. കണ്ണൂർ ജില്ലയ്ക്കുവേണ്ടി ജില്ലാ സെക്രട്ടറി പി.എൻ. ദാമോദരൻ നമ്പൂതിരിയും തിരുവനന്തപുരം ജില്ലയ്ക്കും വേണ്ടി ജില്ലാ സെക്രട്ടറി എൻ. ജയകൃഷ്ണനനും, ആറ്റിങ്ങൽ ഉപസഭയ്ക്കു വേണ്ടി സെക്രട്ടറി രാജേഷ് കുമാറും സഹായ നിധി ഏറ്റുവാങ്ങി.

# സുകൃതനിധി കുമാരി

**നാൽപ്പത്തി ആറ് വർഷം മുമ്പ് പതിനഞ്ചാം വയസ്സിൽ പാമ്പുമ്മേക്കാട്ട് മനയിലെ ശ്രീധരൻ നമ്പൂതിരിയുടെ അകത്തുള്ളാളായി മാറി. അന്ന് കോളേജ് കുമാരിയായി നൂറ് ദിവസം പോലും തികച്ചിരുന്നില്ല സുകുമാരി.**

**പാലേലി മോഹൻ**



പ്രതാപവും പാരമ്പര്യവും പട്ടു ചുറ്റി നിൽക്കുന്ന പാമ്പുംമേക്കാട്ട് മന. ഐതിഹ്യമാലയിൽ വിവരിച്ചിരിക്കുന്ന പുണ്യപുരാതനമായ നമ്പൂതിരി ഗൃഹം. പുണ്യദേശത്തിന്റെ അതിരുകൾക്കകത്ത് നിറഞ്ഞു നിൽക്കുന്ന സർപ്പസങ്കേതം. കിഴക്കിനിയിൽ നാഗദേവതയും, നടുമുറ്റത്ത് ഭദ്രകാളി അമ്മയും. പുഷ്പാഭരണവും നിറദീപവുമായി അലങ്കരിക്കുന്ന ദേവസന്നിധി. അതെല്ലാം കാത്തു സൂക്ഷിക്കാൻ സുകുമാരി അന്തർജനം.

എളങ്ങല്ലൂർ രാമൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകളായി 1963 സെപ്തംബറിൽ ജനനം. ഇപ്പോൾ അറുപതാം പിറന്നാളിന്റെ ആഘോഷം. വിധിയാംവണ്ണം ദാനാദികളും സുകുമാരകലകളും പൂജാവിധിയും ചേർത്ത്.

നാഗങ്ങളെ പ്രസാദിപ്പിക്കുവാൻ നിത്യദർശനത്തിനു വരുന്നവർക്ക് അനുഗ്രഹങ്ങൾ നൽകണം. അവർക്ക് വേണ്ട നിർദ്ദേശങ്ങളും. നല്ല ഉപാസന ഉള്ളവർക്കേ അതെല്ലാം കഴിയൂ. ഇല്ലത്ത് പിടിപ്പതുപണിയുണ്ട്. അതിനിടയിൽ സമയംകണ്ടെത്തി വേണം ഇതെല്ലാം ചെയ്യുന്നത്. ഇല്ലത്തെ നമ്പൂതിമാർ പൂജകൾ നിർവഹിക്കുന്നതിന് യാത്രയിലാവും. അതിന്റെയെല്ലാം കുറവുകൾ നികത്തുവാൻ എവിടെയും കണ്ണെത്തണം. നേതൃത്വം വഹിക്കണം. കുടുംബനാഥ എന്ന ചുമതല വേറെ. അതിനിടയിൽ കിട്ടുന്ന സമയത്തുള്ള ശക്തിയാർന്ന ജപം. അത് വേറെ തലം. വൃശ്ചികത്തിൽ തെക്കേക്കാവിൽ നൂറും പാലും നൽകണം.

കളമെഴുത്ത് ദിവസം പൊങ്ങുതിടി നിർവഹിക്കണം. കുടുംബത്തിലെ പ്രായമേറിയവർക്കാണ് ചുമതല. മംഗല്യവതിയും കൂടിയാവണം അവർ. ആ ചുമതല കുറച്ചേറെയായി സുകുമാരി അന്തർജനമാണ് നിർവഹിക്കുന്നത്.

നാൽപ്പത്തി ആറ് വർഷം മുമ്പ് പതിനഞ്ചാം വയസ്സിൽ പാമ്പുമ്മേക്കാട്ട് മനയിലെ ശ്രീധരൻ നമ്പൂതിരിയുടെ അകത്തുള്ളാളായി മാറി. കോളേജ് കുമാരിയായി നൂറ് ദിവസം പോലും

**എളങ്ങല്ലൂർ രാമൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകളായി 1963 സെപ്തംബറിൽ ജനനം. ഒകടോബർ 10 ന് ചൊവ്വാഴ്ച കന്നി മാസത്തിലെ മകം നാളിൽ അറുപതാം പിറന്നാളിന്റെ ആഘോഷം.**





തികച്ചിരുന്നില്ല സുകുമാരി. അക്കാലത്തായിരുന്നു വിവാഹം. ചിട്ട പ്രധാനമായ പെൺകൊട. സംഗീതവാസനയും കലാഹൃദയവും പരിപോഷിപ്പിച്ചെടുക്കുവാൻ സാധിച്ചില്ല. എങ്കിലും സ്ക്കൂൾ ലെവലിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. എന്നാൽ കുട്ടികളെ നന്നായി നൃത്തം പഠിപ്പിച്ചു. ആ കുറവ് തീർത്തു. അവരെല്ലാം കഥകളിയും കൂടി അഭ്യസിച്ചു. യോഗക്ഷേമസഭയുടെ പരിപാടികളിൽ അടക്കം പങ്കെടുത്തിട്ടുണ്ട്. മരുമഹൻ താന്നി പാച്ചേട്ടൻ ആണ് ഇതിനെല്ലാം ഉത്സാഹിപ്പിച്ചത്. ആ കടപ്പാട് ആയുസ്സിൽ മറക്കില്ലെന്ന് സുകുമാരി ഏടത്തി.

മകൻ നാഗരാജൻ സിനിമാരംഗത്തും സജീവമാണ്. തന്നെയുമല്ല നന്നായി പാടും. ശ്രീദേവി, ശുഭ, ശിഖ എന്നിവരും അരങ്ങിൽ ഇപ്പോഴും മക്കളുമായി രംഗത്തുണ്ട്. ഇല്ലത്തെ തലമുതിർന്ന അംഗത്തിന്റെ ബഹുമാന്യത സ്തുത്യർഹമായി സുകുമാരി ഏടത്തി നിലനിർത്തുന്നുമുണ്ട്. ●


നാഗരാജൻ നമ്പൂതിരി
പാമ്പും മേക്കാട് മന
പി.ഒ. വടമ പിൻ 650732
തൃശൂർ ജില്ല
മൊബൈൽ 9446329357
9074899447

യേ അഗ്നിദഗ്ദ്ധാ മനുഷ്യാ/ യേ പ്രദഗ്ദ്ധാ കുലേ മമ
ഭൂമൗ ദത്താശ്ച തൃപ്യന്തി / തൃപ്തായാന്തി പരാംഗതിം



**അമ്മയുടെ 25ാം ശ്രാദ്ധവേളയിൽ മറ്റെല്ലാ പിതൃ–പിതാമഹ – മാതാമഹികൾക്കും കുല ബലി ശ്രദ്ധാഞ്ജലികൾ**

കാറൽമണ്ണ കുന്നം സാവിത്രി അന്തർജ്ജനം (മീറ്റ്ന തോട്ടപ്പായ മന മഹൾ) 2006 മിഥുനം പൂയം ശ്രാദ്ധം ❑കാറൽമണ്ണ കൊയ്ത്തടി നീലകണ്ഠൻ സോമയാജിപ്പാടിന്റെ സഹധർമ്മിണി പാർവ്വതി പത്തിനാടി(കൊഴിക്കോട്ടിരി ശ്രീധരൻ ചുമരത്തുമന മഹൾ ) ചരമം 1998 കന്നി പൂരം ❑പെരുമ്പിള്ളിശ്ശേരി ആലക്കാട് കൃഷ്ണൻ നമ്പൂതിരിയുടെ സഹധർമ്മിണി ആര്യ (നങ്ങയ്യ) അന്തർജ്ജനം. (കാറൽമണ്ണ കൊയ്ത്തടി മഹൾ, കരിയന്നൂർ മന ( പട്ടത്തു പുക്കുഴി) മരുമഹൾ. ചരമം 2011 ഒക്ടോബർ 8 – കന്നി ആയില്യം ❑ ചെർപ്പുളശ്ശേരി മോഴികുന്നത്തുമന നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണി ഉമാദേവി അന്തർജ്ജനം (ആലങ്ങോട് പുക്കുഴി മന മരുമഹൾ, കൊയ്ത്തടി മഹൾ) ചരമം 2000 ധനു അനിഴം

കുലബലി ശ്രദ്ധാഞ്ജലി ഊട്ടുന്നത്

**കൊയ്ത്തടി ചെറുമുക്കു പരമേശ്വരൻ, ആര്യശ്രീ , അരക്കിണർ , കോഴിക്കോട് – 28,**
**ഋദ്ധി, ദുർഗ്ഗാക്ഷേത്രം റോഡ്, കല്ലായി, കോഴിക്കോട് 3 മൊബൈൽ: 9072383651**



**സത്യം പരം ധീമഹി ...**
**സ്വസ്തി വായനക്കാർക്കെല്ലാം വൈഷ്ണവം ഹരികഥാമൃതം ഗ്രൂപ്പിന്റെ ഹൃദയം നിറഞ്ഞ നവരാത്രി ആശംസകൾ**

ശ്രീമദ് ഭാഗവതത്തിലെ ഓരോ അധ്യായം ഓരോ ദിവസമായി പാരായണം ചെയ്ത് അതിന്റെ സാരാംശം വിശദീകരിക്കുന്നു. ഗർഗ ഭാഗവതത്തിന്റെ ഓരോ അധ്യായം ഓരോ ദിവസമായുള്ള വ്യാഖ്യാനം.കൂടാതെ ശ്രീകൃഷ്ണ അഷ്ടോത്തര ശതനാമം, ശ്രീവിഷ്ണു സഹസ്രനാമം ഓരോ നാമത്തിന്റേയും വ്യാഖ്യാനം വാട്സപ് ഗ്രൂപ്പിൽ ചേരാൻ വിളിക്കൂ.

**7510278769**

അല്ലെങ്കിൽ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

## വൈഷ്ണവം ഹരികഥാമൃതം



ഭാഗവതാചാര്യൻ
ബ്രഹ്മശ്രീ ചെറുവക്കാട്
കേശവൻ നമ്പൂതിരി
(Rtd. പ്രിൻസിപ്പൽ, രാമകൃഷ്ണ മിഷൻ HSS കോഴിക്കോട്)
ചെറുവക്കാട് ഇല്ലം,
പി.ഒ പന്നിക്കോട്,
മുക്കം കോഴിക്കോട് ജില്ല.





# കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് 2022

## ശ്രുതി ശരണ്യം
## മികച്ച സംവിധായിക

### വെള്ളിത്തിരക്ക് പിന്നിലെ

# പെൺകരുത്ത്

**ടി. എസ് വിദ്യ**



മികച്ച സംവിധായികയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയ ശ്രുതി ശരണ്യം തന്റെ കലാ ജീവിതത്തിലെ വിശേഷങ്ങളുമായി സ്വസ്തിയോടൊപ്പം.

❑ഈ വർഷത്തെ മികച്ച തിരക്കഥയ്ക്കുള്ള പത്മരാജൻ പുരസ്കാരം, ഫിലിം ക്രിട്ടിക്സ് അവാർഡ്, ഇപ്പോഴിതാ സംസ്ഥാന ഫിലിം അവാർഡ്. ബി 32 മുതൽ 44 വരെ എന്ന ഈ ചിത്രത്തിലേക്കുള്ള വഴിത്തിരിവ് എങ്ങനെയായിരുന്നു?

● ഇങ്ങനെയൊരു കഥ ഒരുപാട് കാലമായി മനസ്സിലുണ്ടായിരുന്നു. പക്ഷേ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷന്റെ പ്രൊഡക്ഷനിൽ ചെയ്യാൻ സാധിച്ചത് ഭാഗ്യം. സ്ത്രീകളെ മുഖ്യധാരായിലേക്ക് എത്തിക്കുന്നതിനായി കേരള സർക്കാർ ഒരുക്കിയ പദ്ധതിയാണ് ഇത്. അതുകൊണ്ടുതന്നെ സ്ത്രീയുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഏറ്റവും നല്ലൊരു വേദിയായി ഞാൻ കാണുന്നു. 2021 ലാണ് ഞാൻ ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നത്. സർക്കാർ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനാൽ തന്നെ

ഒട്ടേറെ കടമ്പകൾ താണ്ടിയാണ് സിനിമ പൂർത്തിയാക്കിയത്. ജൂറി അംഗങ്ങളുടെ ഘട്ടം ഘട്ടമായ സെലക്ഷനുകൾക്കൊടുവിൽ75 അപേക്ഷകരിൽ നിന്ന് എന്നെ തെരഞ്ഞെടുക്കുകയാണ് ഉണ്ടായത്.

❑സിനിമയിലൂടെ സ്ത്രീ മാറിടത്തെ കുറിച്ച് തുറന്ന് പറയുകയാണ് ശ്രുതി. ഇങ്ങനെ ഒരു കഥ തെരഞ്ഞെടുക്കാനുണ്ടായ വികാരം എന്താണ്?

● മാതൃത്വത്തിന്റെ, കാമരസത്തിന്റെ, സ്ത്രീ സൗന്ദര്യത്തിന്റെ, എല്ലാം പ്രതീകമായാണ് നാം സ്ത്രീ മാറിടത്തെ വരച്ചുകാണിക്കുന്നത്. അത്രമാത്രം പരിശുദ്ധമായ ഒന്നിനെ എന്തോ മോശമായ രീതിയിലാണ് സമൂഹം കാണുന്നത്. 1800ൽ മുലക്കരത്തിനെതിരെ നടത്തിയിട്ടുള്ള നങ്ങേലിയുടെ കഥ ഒരു മിത്ത് ആയി നിലനിൽക്കുന്ന നാടാണ് നമ്മുടേത്. പിന്നീട് 1940 50 കാലഘട്ടങ്ങളിൽ സമുദായത്തിനകത്ത് തന്നെ നടന്ന മാറുമറയ്ക്കൽ സമരം. ഇത്രയെല്ലാം സമരങ്ങളും ചർച്ചകളും ഉണ്ടായിട്ടും ഇന്നത്തെ കാലഘട്ടത്തിലും ഈ അവയവത്തോടുള്ള മനുഷ്യന്റെ മനോഭാവത്തിന് മാറ്റമില്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഇങ്ങനെയൊരു കഥ ഉരുത്തിരിയുന്നത്.

**അമ്മയും അമ്മാത്തെ മുത്തശ്ശിയും തിയറ്റർ ആർട്ടിസ്റ്റുകൾ ആയിരുന്നു. ഇല്ലത്തെ മുത്തശ്ശി തൊണ്ണൂറാമത്തെ വയസ്സിൽ കവിതാ സമാഹാരം പുറത്തിറക്കിയ വ്യക്തിയാണ്.**




❑ഡോക്യുമെന്ററി ഫിലിം മേക്കർ, ഗാനരചയിതാവ്, സ്ക്രീപ്റ്റ് റൈറ്റർ, സിനിമ സംവിധായക ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട് ശ്രുതി. ഏത് മേഖലയാണ് കൂടുതൽ കംഫർട്ടബിൾ?

● സംവിധായികയായിട്ട് മാത്രമാണ് ഞാനെന്നെ കണ്ടിട്ടുള്ളത്. ഗാനരചന എന്റെ സംവിധാനത്തിലുള്ള ഹ്രസ്വ ചിത്രങ്ങൾക്കും മ്യൂസിക് വീഡിയോസിനും വേണ്ടി നടത്തുന്നതാണ്. പിന്നീട് സൗഹൃദത്തിനു പുറത്ത് ഒന്നോരണ്ടോ പേർക്ക് വരി എഴുതിക്കൊടുത്തു എന്നുമാത്രം.

❑ബാലെ, ചാരുലത, ചിരുത തുടങ്ങി ശ്രുതിയുടെ വർക്കുകൾ എല്ലാം തന്നെ സ്ത്രീപക്ഷ മനോഭാവം ഉള്ളതാണല്ലോ?



**'അന്തർജനം' എന്ന വാക്കിനോട് ഞാൻ വിയോജിക്കുന്നു. ഇന്ന് നമ്മുടെ സ്ത്രീകൾ ഉള്ളിൽ കഴിയേണ്ടവരല്ല. അവർ അരങ്ങത്തേക്ക് എത്തിയവരാണ്. അരങ്ങിൽ തുടരേണ്ടവരാണ്. 1950 ശേഷം ഒരു കുതിച്ചു ചാട്ടത്തിലൂടെ മുന്നിരയിൽ എത്തിയവരാണ് നമ്മുടെ സമുദായത്തിലെ സ്ത്രീകൾ. ഇനിയും നമ്മൾ പുറകിലേക്ക് പോകരുത് എന്നാണ് അവരോട് പറയാനുള്ളത്.**

● അനുഭവ പരിസരത്ത് നിന്ന് ആണല്ലോ കഥയുണ്ടാകുന്നത്. സ്ത്രീ എന്ന നിലയിൽ അനുഭവങ്ങളിൽ നിന്ന്, ആസ്വാദന തലങ്ങളിൽനിന്ന്, ഞാൻ നടന്ന വഴികളിലൂടെ പോകുമ്പോഴാണ് എന്റെ സൃഷ്ടികൾ ഉണ്ടാകുന്നത്. എന്റെയും എന്റെ പരിചിത ചുറ്റുപാടിന്റെയും അനുഭവങ്ങൾ ഞാൻ പറയുമ്പോൾ അത് സ്ത്രീപക്ഷമായി പോകുന്നത് സ്വാഭാവികം മാത്രം.

❑ സ്വന്തമായി ഇടം നേടാൻ സാധിച്ചത് എന്നുമുതലാണ്?

● 2016 മുതൽ ചെറിയ പരസ്യ ചിത്രങ്ങളും ഡോക്യുമെന്ററികളും ചെയ്തുവെങ്കിലും എന്നെ തിരിച്ചറിയാൻ തുടങ്ങിയത് 'ബാലെ' എന്ന നൃത്ത സംഗീതാവിഷ്കാരം ചെയ്തതിനുശേഷം ആണ്. പിന്നീട് ചാരുലത വളരെ ശ്രദ്ധ നേടി. 2018 ആയപ്പോഴേക്കും സ്വന്തമായി ഒരിടം നേടാൻ സാധിച്ചു.

❑വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ ഫൗണ്ടേഷന്റെ സംരംഭകരിൽ ഒരാളാണല്ലോ ശ്രുതി. എങ്ങനെയാണ് ഇത്തരമൊരു ആശയം മനസ്സിൽ വന്നത്?

● സിനിമ ഫീൽഡിൽ വരുന്നതിന് മുന്നേ തന്നെ ഇൻറർനാഷണൽ സ്റ്റാൻഡേർഡിൽ ഉള്ള മ്യൂസിക് ഫെസ്റ്റിവൽ നടത്തണം

**അതുപോലെ ദേശീയതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയ അശ്വത്ഥാമാവ് എന്ന സിനിമയിലെ മുഖ്യവേഷം ചെയ്ത് അഭിനയ രംഗത്ത് വന്നതാണ് എന്റെ അച്ഛൻപെങ്ങൾ.**





*നിൽക്കുന്നവർ: ഭർത്താവ്സുഭാഷ്, ശ്രുതി, പ്രത്യാശ (സഹോദര പത്നി), ശ്രീരാഗ് ( സഹോദരൻ)*
*ഇരിക്കുന്നവർ: മകൻ ഹാമിർ, അച്ഛൻ ശ്രീധരൻ, ലീല പെരാങ്ങാട്( അമ്മാത്തെ മുത്തശ്ശി) അമ്മ ഷീല, മകൻ ആഹിർ*

എന്ന ഒരു തോന്നലുണ്ടായി. ഈ ആശയം ഞാൻ സുദീപ് പാല നാട്, നവീൻ മുല്ലമംഗലം എന്നിവരുമായി പങ്കുവെച്ചു. അങ്ങനെ ഞങ്ങളുടെ ശ്രമഫലമായി തുടങ്ങിയ ഒരു സംഘടനയാണ് വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ ഫൗണ്ടേഷൻ. പക്ഷേ ചില സാങ്കേതിക കാരണങ്ങളാൽ മ്യൂസിക് ഫെസ്റ്റ് നടത്താൻ സാധിച്ചില്ല. എന്നാലും സംഘടനയ്ക്ക് വേണ്ടി എന്തെങ്കിലും ചെയ്യണം എന്ന ചിന്തയിൽ നിന്നാണ് ബാലെ, ചാരുലത തുടങ്ങിയിട്ടുള്ള മ്യൂസിക് ആൽബങ്ങൾ സൃഷ്ടിക്കപ്പെട്ടത്.

❑കുടുംബാംഗങ്ങളുടെ പങ്ക്?

● കലാസാഹിത്യ പാരമ്പര്യമുള്ള കുടുംബമായിട്ടു പോലും ജോലി ഉപേക്ഷിച്ച് ഫിലിം മേക്കിങ് ഫീൽഡിൽ ഇറങ്ങിയപ്പോൾ അച്ഛനമ്മമാർക്കും അല്പം ആശങ്ക ഉണ്ടാവാതിരുന്നില്ല. എന്നാലും എനിക്കു പൂർണ്ണ സ്വാതന്ത്ര്യവും പിന്തുണയും തന്നു. എന്റെ പ്രൊഡക്ഷൻ ഹൗസ് തന്നെ എന്റെ വീടായിരുന്നു.

❑പാരമ്പര്യം എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്?

● എന്റെ അമ്മയും അമ്മാത്തെ മുത്തശ്ശിയും എല്ലാം തിയറ്റർ ആർട്ടിസ്റ്റുകൾ ആയിരുന്നു. ഇല്ലത്തെ മുത്തശ്ശി തന്റെ തൊണ്ണൂറാമത്തെ വയസ്സിൽ കവിതാ സമാഹാരം പുറത്തിറക്കിയ വ്യക്തിയാണ്. അതുപോലെ ദേശീയതലത്തിൽ

**സ്ത്രീകളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി കേരള സർക്കാർ ഒരുക്കിയ പദ്ധതിയാണ് ഇത്. അതുകൊണ്ടുതന്നെ സ്ത്രീയുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഏറ്റവും നല്ലൊരു വേദിയായി ഞാൻ കാണുന്നു. 2021 ലാണ് ഞാൻ ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നത്. സർക്കാർ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനാൽ തന്നെ ഒട്ടേറെ കടമ്പകൾ താണ്ടിയാണ് സിനിമ പൂർത്തിയാക്കിയത്. ജൂറി അംഗങ്ങളുടെ ഘട്ടം ഘട്ടമായ സെലക്ഷനുകൾക്കൊടുവിൽ75 അപേക്ഷകരിൽ നിന്ന് എന്നെ തെരഞ്ഞെടുക്കുകയാണ് ഉണ്ടായത്.**

ശ്രദ്ധ പിടിച്ചുപറ്റിയ അശ്വത്ഥാമാവ് എന്ന സിനിമയിലെ മുഖ്യവേഷം ചെയ്ത് അഭിനയ രംഗത്ത് വന്നതാണ് എന്റെ അച്ഛൻപെങ്ങൾ. ഇങ്ങനെയെല്ലാമുള്ള ഒരു കുടുംബ പാരമ്പര്യത്തിൽ ജനിച്ചത് തീർച്ചയായും എന്നെ സ്വാധീനിച്ചിട്ടുണ്ട്.

❑ അന്തർജനം എന്ന നിലയിൽ ശ്രുതിക്ക് വരുംതലമുറയോട് പറയാനുള്ളത്?

● 'അന്തർജനം'എന്ന വാക്കിനോട് ഞാൻ വിയോജിക്കുന്നു. ഇന്ന് നമ്മുടെ സ്ത്രീകൾ ഉള്ളിൽ കഴിയേണ്ടവരല്ല. അവർ അരങ്ങത്തേക്ക് എത്തിയവരാണ്. അരങ്ങിൽ തുടരേണ്ടവരാണ്. 1950 ശേഷം ഒരു കുതിച്ചു ചാട്ടത്തിലൂടെ മുന്നിരയിൽ എത്തിയവരാണ് നമ്മുടെ സമുദായത്തിലെ സ്ത്രീകൾ. ഇനിയും നമ്മൾ പുറകിലേക്ക് പോകരുത് എന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. യുക്തിയുക്തമായി ചിന്തിക്കാനുള്ള തലമുറകളാണ് നമുക്ക് വേണ്ടത്. അനുഷ്ഠാനവും ആചാരവും ഒഴിവാക്കണം എന്നല്ല അവക്കൊപ്പം യുക്തിചിന്തക്കും പ്രാധാന്യം കൊടുക്കണം.

ആറ്റൂർ മുണ്ടയൂർ ശ്രീധരന്റെയും ഷീലയുടെയും മകളാണ് ശ്രുതി. മാസ് കമ്മ്യൂണിക്കേഷൻ ബിരുദത്തിനു ശേഷം ഇംഗ്ലണ്ടിലെ ബാത്ത് യൂണിവേഴ്സിറ്റിയിൽ നിന്നും എം.ബി.എയും നേടിയിട്ടുണ്ട്. ശ്രുതി വിവാഹം ചെയ്തിരിക്കുന്നത് അരക്കുപറമ്പ് മൂത്തേടം സുഭാഷിനെയാണ് യുകെയിൽ മെക്കാനിക്കൽ എൻജിനീയറായി ജോലി ചെയ്യുകയാണ് സുഭാഷ് . ഇവർക്ക് ഇരട്ട ആൺകുട്ടികൾ ആഹിർ, ഹാമീർ. ശ്രുതി ഇപ്പോൾ കുടുംബത്തോടൊപ്പം യുകെയിൽ ആണ്. ●


ശ്രുതി ശരണ്യം
(ശരണ്യം) മുണ്ടയൂർ മന
പി ഒ ആറ്റൂർ, തൃശൂർ
മൊബൈൽ: 81138 00254
ടി. എസ് വിദ്യ യു സി മന
പി ഒ പോരൂർ, മലപ്പുറം ജില്ല
മൊബൈൽ: 95626 10112



വിദ്യാരംഭം സ്പെഷ്യൽ ❑ ഓർമ്മയിലെ കയ്യക്ഷരങ്ങൾ

# അക്ഷരമേ, നിന്നെ പിടിച്ചു!

**അനിയൻ മാങ്ങോട്ട്രി**



നാരായണൻമാഷ് എഴുത്തിനിരുത്തിയപ്പോൾ മണലിലെഴുതിത്തന്ന ആദ്യാക്ഷരങ്ങൾ ‘ഹരി’ ഇന്നും മനസ്സിൽ നീണ്ട് നിവർന്ന് തെളിഞ്ഞുകിടക്കുന്നു. പിടിതരാതെ കുറേനാൾ വെല്ലുവിളിച്ചുനിന്ന ‘ക്ഷ’യുടെ വളവുകളും ഓർമ്മയിൽ കൊളുത്തുന്നു.

വളർന്നപ്പോൾ അക്ഷരങ്ങൾ വാക്കുകളും വാചകങ്ങളും ഗദ്യവും പദ്യവുമൊക്കെയായി കൂടെക്കൂടി. പഠിക്കുമ്പോൾ പല കൂട്ടുകാരുടേയും അദ്ധ്യാപകരുടേയുമൊക്കെ അക്ഷരവടിവുകൾ ശ്രദ്ധിച്ച്, അതുപോലെ എഴുതാൻ ശ്രമിച്ചു. പിന്നിട് മനസ്സിലുറപ്പിച്ചു, അങ്ങനെ അനുകരിക്കുകയൊന്നും വേണ്ട. എങ്കിലും ഇന്നും പലരുടേയും അക്ഷരവടിവുകൾ മനസ്സിലുണ്ട്. അച്ഛന്റെ ഹീറോ പേനയിൽ വിടരുന്ന അക്ഷരങ്ങൾ, അദ്ധ്യാപികയായ അമ്മയുടെ ഉരുണ്ട അക്ഷരങ്ങൾ, തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ ചേർന്നപ്പോൾ ആദ്യത്തെ ഡിവിഷൻ ഹെഡ് ആയിരുന്ന ഡോ.ബി.എൻ സുരേഷിന്റെ വടിവൊത്ത കയ്യക്ഷരങ്ങൾ! മുൻ ഐ.എസ്.ആർ.ഒ ചെയർമാനായിരുന്ന മാധവൻനായർ സാറിന്റെ അക്ഷരവടിവ്! ഡോ.രാജാ രാമണ്ണയുടെ ഒരു കയ്യൊപ്പ്! സെക്ക്ഷൻ ഹെഡ് ആയിരുന്ന ഒറീസക്കാരൻ ഡോക്ടർ ബിജൻ.ബി.ദാസിന്റെ വായിക്കാൻ ബുദ്ധിമുട്ടുള്ള കുറിപ്പുകൾ! സഹപ്രവർത്തകനും പിന്നീട് ഇമ്മിഡിയറ്റ് ബോസുമായി മാറിയ സുഹൃത്ത്, ഇപ്പോഴത്തെ ഐ.എസ്.ആർ.ഒ ചെയർമാൻ സോമനാഥിന്റെ വലത്തോട്ട് ചെരിഞ്ഞ അക്ഷരഭംഗി! അങ്ങനെയങ്ങനെ....

‘ഉത്തരം അറിയില്ലെങ്കിൽ അറിയില്ല എന്ന് പറയണം വെറുതെ കയ്യും കടിച്ച് പരുങ്ങി നില്ക്കല്ല വേണ്ടത്’ അക്ഷരങ്ങളിൽ നിന്ന് വാചകങ്ങളിലേയ്ക്കും ആശയങ്ങളിലേയ്ക്കും ഉയരാൻ പഠിക്കുന്ന സ്ക്കൂൾ കാലഘട്ടത്തിൽ അച്ഛൻ ഒരിക്കൽ ശാസനാരൂപത്തിൽ പറഞ്ഞു.

രംഗം ഇല്ലത്തെ പൂമുഖം തന്നെ. അച്ഛനും വാസ്വമ്മാമനും ഇരിക്കുന്നു. അച്ഛന്റെ അമ്മാമനാണെങ്കിലും അവർ തമ്മിൽ പ്രായവ്യത്യാസം അധികമില്ല. വലിയ കൂട്ടുകാരാണ്. വന്നാൽ എത്ര നേരമാണ് അവർ സംസാരിച്ചിരിക്കുക! അത്ഭുതം തോന്നും. അതുപോലെത്തന്നെയാണ് കുട്ട്യമ്മാമൻ (വാസ്വമ്മാമന്റെ അനിയൻ) വന്നാലും. വൈകുന്നേരം അടുത്ത ഇല്ലങ്ങളിലെ കുഞ്ഞുണ്ണ്യേട്ടൻ, കേശവേട്ടൻ എന്നിവരൊക്കെ വന്നാലും അങ്ങനെയാണ്. കുട്ടിയായ എനിക്ക് അത്ഭുതം

തോന്നിയിരുന്നു, ആ കാലത്ത്; എങ്ങനെയാണ് ഇവർക്ക് ഇത്രനേരം സംസാരിച്ചിരിക്കാൻ കഴിയുന്നത്!

വാസ്വമ്മാമൻ വന്നാൽ കഴിയുന്നതും മുന്നിൽച്ചെന്ന് പെടാതെ നോക്കും. കാരണം അദ്ദേഹം അധ്യാപകനാണ്. പഠനത്തെക്കുറിച്ച് എന്തെങ്കിലുമൊക്കെ ചോദിക്കും. അങ്ങനെ ഒരിക്കൽ അച്ഛന്റെ കൂടെയിരിക്കുമ്പോൾ ഹിന്ദിയിൽ ഒരു ചോദ്യം ചോദിച്ചു. മറുപടി പറയാതെ കൈവിരൽ കടിച്ച് പരുങ്ങി നിന്നപ്പോഴാണ് അച്ഛൻ മുകളിൽ പറഞ്ഞ പോലെ ശാസിച്ചത്.

മറ്റൊരിക്കൽ ഓടിക്കളിക്കിടയിൽ വീണ്ടും അവരുടെ മുന്നിലെത്തിപ്പെട്ടു. വാസ്വമ്മാമൻ പിടിച്ചു. കയ്യിൽ മാതൃഭൂമി ആഴ്ചപ്പതിപ്പും ഉണ്ടായിരുന്നു. അതിലെ ഒരു കവിത രസിച്ചുകൊണ്ട് ഉറക്കെ വായിച്ചു. അത് അവസാനിച്ചത് 'തെക്കേത്തൊടിത്താമസം' എന്ന സമസ്ത പദത്തിലാണ്. എന്നിട്ട് ചിരിച്ചുകൊണ്ട് എന്നോട് ചോദിച്ചു.

'എന്തായീ തെക്കേത്തൊടിത്താമസം... അറിയ്യ്യോ...?' ചിരിച്ചുകൊണ്ട് അച്ഛനെയും നോക്കി.

ഞാൻ ഒന്നും പറയാതെ പരുങ്ങി നിന്നു.

വാസ്വമ്മാമൻ അച്ഛനെയും എന്നെയും മാറിമാറി നോക്കി പറഞ്ഞു.

'കുട്ട്യാണ്... ഇതൊന്നും മനസ്സിലാക്കാനുള്ള പ്രായമായില്ല്യ... ശരി ശരി കളിച്ചോളൂ...'

ഞാൻ രക്ഷപ്പെട്ടു.

കാലമെത്ര കഴിഞ്ഞു! തിരുവനന്തപുരത്ത് ബഹിരാകാശ ഗവേഷണ സ്ഥാപനത്തിൽ ചേർന്ന് ഉദ്യോഗവും കുടുംബജീവിതവുമൊക്കെ കൂടിക്കുഴഞ്ഞ് നടന്ന നാളുകളിൽ ഷെൽഫിൽ നിന്നും മുന്നിലേക്ക് അടർന്നുവീണ പഴയ പുസ്തകങ്ങൾ! അച്ഛന്റെ കയ്യക്ഷരങ്ങൾ! കുട്ടിക്കാലത്ത് എഴുതിത്തന്ന് പഠിപ്പിച്ച നാരായണീയം, ശ്രീകൃഷ്ണചരിതം, ശ്രീകൃഷ്ണകർണ്ണാമൃതം.... ശ്ലോകങ്ങൾ! ഞാനെല്ലാം മറന്നിരിക്കുന്നു.

'ഇതൊന്നും അങ്ങനെ മറക്കരുതെടോ...'സഹപ്രവർത്തകനായിരുന്ന നാമംഗലം മാധവേട്ടൻ കുറ്റപ്പെടുത്തി. മാസത്തിലൊരിക്കൽ സമിതിയുടെ അക്ഷരശ്ലോക സദസ്സുകളിലേക്ക് അദ്ദേഹം കൂട്ടിക്കൊണ്ട് പോയി. തൃശ്ശൂരെ ദുർഗ്ഗാദത്ത

**അച്ഛന്റെ ഹീറോ പേനയിൽ വിടരുന്ന അക്ഷരങ്ങൾ, അദ്ധ്യാപികയായ അമ്മയുടെ ഉരുണ്ട അക്ഷരങ്ങൾ, തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ ചേർന്നപ്പോൾ ആദ്യത്തെ ഡിവിഷൻ ഹെഡ് ആയിരുന്ന ഡോ.ബി.എൻ സുരേഷിന്റെ വടിവൊത്ത കയ്യക്ഷരങ്ങൾ! മുൻ ഐ.എസ്. ആർ.ഒ ചെയർമാനായിരുന്ന മാധവൻനായർസാറിന്റെ അക്ഷരവടിവ്! ഡോ.രാജാ രാമണ്ണയുടെ ഒരു കയ്യൊപ്പ്!**

കാവ്യസമീക്ഷക്കാരുമായി പരിചയപ്പെടുത്തി. ശ്ലോകങ്ങളും ശ്ലോകാവതരണവുമായി ബന്ധപ്പെട്ട് നിരവധി പേരുമായി സൗഹൃദമായി.

ക്രമേണ സാങ്കേതിക വിദ്യകളുടെ തത്രപ്പാടുകൾക്കിടയിലും പണ്ട് പഠിച്ച ശ്ലോകങ്ങളും പുതുശ്ലോകങ്ങളും ജീവിതത്തിലേക്ക് കടന്നുവന്നു.

'താനെന്നാ ശ്ലോകെഴുതാൻ പോണ്?' ഒരിക്കൽ തിരുവനന്തപുരം തീർത്ഥപാദമണ്ഡപത്തിൽ വെച്ച് മാധവേട്ടൻ ചോദിച്ചു.

'ഞാൻ ശ്ലോകെഴുദേ...??'അത്ഭുതത്തോടെ ചോദിച്ചു.

'കഥ്യോക്കെ എഴുത്യേ ആളല്ലേ...ആയിരം ശ്ലോകം പഠിച്ചാൽ അരക്കവ്യ്യാവൊടോ...'

ആയിരം ശ്ലോകമൊന്നും പഠിച്ചില്ല. ചൊല്ലിച്ചൊല്ലി വന്നപ്പോൾ സ്രഗ്ദ്ധരയുടേയും ശാർദ്ദൂലവിക്രീഡിതത്തിന്റെയും വസന്തതിലകത്തിന്റെയും അച്ചുകളിൽ അക്ഷരങ്ങളൊതുങ്ങിവരാൻ തുടങ്ങി. ശ്ലോകങ്ങളും പദ്യങ്ങളും രൂപപ്പെടുത്താനായി (കവിതയായി എന്നൊന്നും പറയുന്നേയില്ല). സൗപർണ്ണികാ ഓൺ ലൈൻഗ്രൂപ്പുവഴി 'വാക്കിൻ വക്കിനു വാക്കുചേർക്കുന്ന മറ്റ് ഉളിപ്രയോഗ' വിദഗ്ദ്ധരുമായി പരിചയപ്പെട്ടു.

ഒരു വൈകുന്നേരത്തെ സദസ്സിൽ ആരോ ചൊല്ലിയ ശ്ലോകം അവസാനിച്ചത് 'തെക്കേത്തൊടിത്താമസം'എന്നാണ്.

'ആരുടെശ്ലോകാണ്?'ഞാൻ ജിജ്ഞാസുവായി.

'വി.കെ.ജീടെ...'

അന്ന് കൂടുതൽ ചോദിക്കാൻ സമയം കിട്ടിയില്ല. പിന്നീട് മഞ്ചേരിക്കാരൻ ശ്ലോകസുഹൃത്ത് വെട്ടിക്കാട് ദാമോദരനോട് ആ വി.കെ.ജി ശ്ലോകത്തെക്കുറിച്ച് ചോദിച്ചു.

'അല്പായാസമനല്പമാമൊരു കിതപ്പുണ്ടാക്കവേ, ഹൃദ്രുജാ–
സർപ്പച്ചീറ്റലനുസ്മരിക്കെ,യക താർ പഞ്ചാരി കൊട്ടീടവേ,
കെല്പറ്റോരുടലാടിയാടി, വടിയെക്കെട്ടിപ്പിടിച്ചങ്കണ–
ത്തോപ്പിൽ തപ്പുമെനിക്ക് തോഴ!മധുരം തെക്കേത്തൊടിത്താമസം'

വാട്സാപ്പിൽ വെട്ടിക്കാട് ദാമോദരൻ വി.കെ.ഗോവിന്ദൻനായരുടെ ആ ശ്ലോകം അഴകാർന്ന് ആലപിച്ചു!

അച്ഛനും അമ്മയും വാസ്വമ്മാമനും കുട്ട്യമ്മാമനും കുഞ്ഞുണ്ണ്യേട്ടനും കേശവേട്ടനും നാമംഗലം മാധവേട്ടനും ഒക്കെ ഈ ലോകത്തോട് വിട പറഞ്ഞ് 'തെക്കേത്തൊടിത്താമസ'ക്കാരായി. 'മർത്ത്യ'രായ നമ്മളൊക്കെയും ഒടുവിൽ അവിടെയെത്തിപ്പെടേണ്ടവർ തന്നെ. പക്ഷേ, ആദരിച്ചുകൊണ്ടാടിയ അക്ഷരനന്മകൾ 'തെക്കേത്തൊടിത്താമസ'ക്കാരാവാതെ ഇവിടെ നിലനില്ക്കും.

അക്ഷരങ്ങൾ 'ക്ഷരം□ അഥവാ 'നാശം'ഇല്ലാത്തവയാണല്ലോ!

ഇന്നിപ്പോൾ ആരും എഴുതി വിഷമിക്കണ്ട! എന്നാലും എന്റെ അക്ഷരങ്ങളേ... കുട്ടിക്കാലത്ത് 'ക്ഷ!' വിഷമിച്ച് വശത്താക്കിയ നിങ്ങളുടെ വടിവുകളെ, സാങ്കേതിക വിദ്യയെന്ന മറിമായം കമ്പ്യൂട്ടറിലേയ്ക്കും മൊബൈലിലേയ്ക്കും ഞങ്ങളിൽനിന്നും അടർത്തിമാറ്റിയല്ലോ! ●

(അനിയൻ മാങ്ങോട്ട്രി എന്ന എം നാരായണൻ നമ്പൂതിരിപ്പാട് ഐ എസ് ആർ ഒ മുൻ അസോസിയേറ്റ് സയറക്ടറാണ് . ഇപ്പോൾ വി എസ് എസ് സിയിലെ പ്രൊഫ. സതീഷ് ധവാൻ സയിന്റിസ്റ്റ്)

Aniyan Mangotri,
MRA139,Ashramam Road
Mannamoola,Perurkada
Thiruvananthapuram 695005 ,
Mob: 9496080045



**അ**ക്കിത്തം ഒരുഘട്ടത്തിൽ ചെല്ലം തുറന്നു മുറുക്കാൻ തുടങ്ങി. പുകയിലയെടുത്തു സാവകാശം മുറിച്ചു, ചിന്ത മുറിയാതെ , വായിലിട്ടപ്പോഴേക്കും പേനയെടുത്തു എന്തോ കുറിച്ചു. അപ്പോഴേക്കും സമസ്യ വായിച്ചിട്ടു ഏതാണ്ട് 25 മിനിറ്റേ ആയിട്ടുള്ളു. മുറുക്കിന്റ രസം ആസ്വദിക്കുകയാണ് മഹാകവി. വായിലെ പുകയില കലർന്ന വെറ്റിലച്ചാറിൽ നിന്നു അടയ്ക്കത്തരികൾ നാവു കൊണ്ടു തുഴഞ്ഞെടുത്തു നുകരുകയാണെന്നു തോന്നും.

**അക്കിത്തത്തിന്റെ കൂടെ സമസ്യ പൂരിപ്പിച്ച അനുഭവം പങ്കു വയ്ക്കുകയാണ് കെ. എം. എസ്. ഭട്ടതിരിപ്പാട്**

*മഹാകവി അക്കിത്തം*

# മഹാകവി അക്കിത്തവുമൊത്ത് സാഹിത്യക്കോലായയിൽ

**കെ എം. എസ്. ഭട്ടതിരിപ്പാട്.**

എന്നെ എഴുത്തിനു വെച്ചതെന്നാണെന്നോർമ്മയില്ല. നാലുവയസ്സിനു മേലെയാവാനാണിട. കാരണം അച്ഛന്റെ അമാന്തത്തിനു തടയിടാൻ മുത്തച്ഛനോ അപ്ഫന്മാരോ ഫലത്തിലില്ല. അമ്മയും ഓപ്പോളും (രണ്ടു പേരും സ്കൂൾ കണ്ടിട്ടില്ല) അവരുടെ അറിവിനറ്റം വരെ എന്നെ അക്ഷരങ്ങൾ പഠിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. അമ്മ നിത്യവും വായിക്കുന്ന ഗീതയും, ദശമവും, നാരായണീയവും, രാമായണവും കേട്ടും കണ്ടും കൂട്ടക്ഷരങ്ങളെ പേടിയില്ലാതായിരുന്നു, ചെറുപ്പത്തിൽ ത്തന്നെ.

വേറേയും ചില വീടുകളിലെത്താനുള്ളതു കൊണ്ടു മാതൃഭൂമി ഇല്ലത്തു കിട്ടുന്നത് പിറേറന്നാണ്. അച്ഛന്റെ പൂജയും ചായയും മറ്റും കഴിയുന്ന മുറയ്ക്ക് പത്തുമണിയോടെ. അച്ഛൻ വായിയ്ക്കുമ്പോൾ ഞാനെത്തിനോക്കും. പുതിയ അക്ഷരങ്ങളും കിട്ടാത്ത വാക്കുകളും തലവാചകങ്ങളിൽ തെരയലാണ് എന്റെ പണി.

ഗാന്ധിയെന്ന പേര് വായിക്കാനിടയായത് ആറുവയസ്സിലാണ്. കാരണം 'ന്ധ' യും 'ഗ്ദ്ധ'യും എനിക്കു കീഴടങ്ങിയത് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയ 1947ലാണ്. അക്കാലത്ത് പത്രത്തിൽ സ്ഥിരമായി വരുന്ന വാക്കാണ് ഗാന്ധി. അങ്ങനെ 'ന്ധ' മെരുങ്ങി. അ'ന്ധ'കാരം നീങ്ങി.

'അയാൾക്ക് ഒരു വട്ടം കേട്ടാ പടിയും'. ഓപ്പോൾ ഇടയ്ക്കൊക്കെ പറയും. അത് അറം പറ്റി. ഒരു മകരത്തിലാണ് ഉപനയ്യം ഉണ്ടായത്. മകരത്തിലെ തണുപ്പിൽ കുളത്തിലിറങ്ങി നിന്നു 'ആപോഹിഷ്ഠാ' ചൊല്ലുമ്പോൾ താടിയെല്ലു കൂട്ടിയിടിക്കുന്നതു കൊണ്ടു ശരിയായിട്ടില്ലെന്നു ഏട്ടൻ അച്ഛന് റിപ്പോർട്ടു ചെയ്തു. പുണ്യാഹം (തളിച്ചു കുളിയ്ക്കൽ) 'പടിയാൻ' മകരം കഴിയേണ്ടി വന്നു.

അന്ന് ഇല്ലത്ത് രണ്ടു കുടുംബങ്ങളിലായി നാലു കുട്ടികളുള്ളതിൽ ഞാനാണിളയത്. ഏതാണ്ട് ഒരൊറ്റപ്പെട്ട ബാല്യം. അക്ഷരങ്ങളാണ് കൂട്ടെന്നു പറയാം. ആ കൂട്ടുകെട്ടിന് ആരും എതിരല്ല താനും. എന്നാലും ഒരു ദിവസം ആ കൂട്ട് അബദ്ധമായി. എനിയ്ക്കു പന്ത്രണ്ടു വയസ്സുള്ളപ്പോഴാണ്. ഒരുദിവസം സന്ധ്യയ്ക്ക് നാലിറ




*ആർട്ടിസ്റ്റ് നമ്പൂതിരിയുമൊത്ത് ലേഖകൻ. കഴിഞ്ഞവർഷം പൊന്നാനിയിലെ വസതിയിൽ വീണ്ടും കണ്ടുമുട്ടിയപ്പോൾ*

യത്തെ തൂണും ചാരിയിരുന്നു മലയാളം നോവൽ വായിയ്ക്കുകയായിരുന്നു.അപ്പോൾ അതുവഴിവന്ന അച്ഛൻ കാലു കൊണ്ടത് തട്ടിത്തെറിപ്പിച്ചു. സന്ധ്യക്ക് ചിമ്മിനി വിളക്കും റാന്തലും തുടച്ചു കത്തിച്ചിട്ടില്ലെന്ന ഗൗരവമായ കുറ്റത്തിന്. അതും അന്തി മുടിയ്ക്കണ്ട സമയത്ത്. വായനക്ക് കിട്ടിയ ഒരേയൊരു ശിക്ഷ അതാണ്.

പക്ഷേ, മനം നൊന്തത് അന്നൊന്നുമല്ല. ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. അന്ന് ആഗസ്ത് 15 നു അസംബ്ലിയിൽ ചൊല്ലാനായി എഴുതിയുണ്ടാക്കിയ കവിത ക്ലാസ്സ് മാഷെ കാണിച്ചു. ഭയാശങ്കകളോടെയാണ്. മാഷ് എന്റെ മുന്നിൽ വെച്ചു ചുകന്ന മഷി കൊണ്ടു ആ കവിത കണ്ടാലറിയാത്ത മാതിരി വെട്ടി നിരത്തി.അപ്പോൾ കണ്ണുകൾ നിറഞ്ഞു പോയി. ചോര പൊടിഞ്ഞു കിടക്കുന്ന അക്ഷരങ്ങളും വാക്കുകളും എന്നെ നോക്കി കേഴുന്ന പോലെ.

ആഗന്തുകയായ നിന്നെ വരിക്കുവാൻ
ആഗസ്ത് മാസവും വന്നണഞ്ഞു

എന്ന എന്റെ വരികൾ മാഷടെ പ്രത്യേക ശിക്ഷക്കു വിധേയമായി പുറത്താക്കപ്പെട്ടു. ആഗന്തുകയെന്ന വാക്ക് ആയിടെയാണ് മഹാകവി ശങ്കരക്കുറുപ്പിന്റെ കവിതയിൽ നിന്ന് കിട്ടിയത്. അതങ്ങ് പ്രയോഗിച്ചു. അത്രയേ ഉള്ളൂ. അങ്ങനെ, ആദ്യമായി ഞാനില്ലാതെ ആഗസ്ത് പതിനഞ്ചിലെ അസംബ്ലി പിരിഞ്ഞു.

അക്ഷരം പോലെ പ്രാധാന്യം കോമയ്ക്കുമുണ്ടത്രെ. എട്ടിൽ പഠിക്കുമ്പോൾ ഹെഡ്മാഷ് കുഞ്ഞിരാമൻ നായർ ഒരൊഴിവു പീരീഡിൽ ക്ലാസ്സിലെത്തി. വന്ന ഉടനെ പറഞ്ഞു. കോമ കിൽഡ് എ മാൻ. കോമ ഒരാളെ കൊന്നുവത്രെ. ഞങ്ങൾക്കാർക്കും മനസ്സിലായില്ല. കോമു എന്നൊരാൾ നാട്ടിലുണ്ട്. പാവമാണ് ആരേയും, കൊല്ലില്ല. അപ്പോൾ മാഷ് ബോർഡിലെഴുതി.

Kill him not, let him go. അയാളെ കൊല്ലരുത്. വെറുതെ വിടുക. പിന്നെ കോമയുടെ സ്ഥാനം മാറ്റിയെഴുതി. Kill him, not let him go. അയാളെ കൊല്ലുക. വെറുതെ വിടരുത്. കോടതി വിധിയിലെ കോമയുടെ സ്ഥാനം മാറിയപ്പോൾ വിട്ടയക്കേണ്ട പ്രതിയെ കൊല്ലണമെന്നായി അർത്ഥം. കോമയുടെ പ്രാധാന്യം ശരിക്കും മനസ്സിലായി.

മററൊരിയ്ക്കൽ അദ്ദേഹം ഗൗരവത്തിൽ ചോദിച്ചു. 'ആർക്കാണു ഇംഗ്ലീഷ് ആൽഫബെറ്റിലെ അവസാനത്തെ പത്തക്ഷരം പറയാനാവുക'. കുട്ടികൾ വിരലിൽ എണ്ണം പിടിച്ചു എ.ബി.സി ഡി മനസ്സിൽ ചൊല്ലാൻ തുടങ്ങി. ഒരു മിനിറ്റിനുള്ളിൽ എല്ലാവരും ചാടിയുന്നേറ്റു QRSTUVWXYZഎന്നു ഉറക്കെ കൂവി. ഒരെരമ്പക്കമായിരുന്നു അത്. ചൊല്ലിക്കഴിയുന്നതിനു മുമ്പെ മാഷ് ഓകെ പറഞ്ഞു. കുട്ടികൾ വിജയിച്ച ഭാവത്തിൽ പരസ്പരം നോക്കി.

മാഷ് അടുത്ത ചോദ്യം ചോദിച്ചു. നിസ്സാരമട്ടിൽ.

'മലയാള അക്ഷരമാലയിലെ അവസാനത്തെ പത്തക്ഷരം കൂടെ ഒന്നു പറയണം'

ആരും എഴുന്നേറ്റില്ല. ആരും മാഷുടെ മുഖത്തേക്കു നോക്കിയില്ല. നിശ്ശബ്ദമായിരുന്നു ക്ലാസ്സ്. ഒരു ചെറുചിരിയൊടെ മാഷ് പറഞ്ഞു.

'മാതൃഭാഷയല്ലേ, നമ്മുടെ മലയാളത്തിന്റെ അടിത്തറ. ഇനി മറക്കരുത്'

ഉച്ചാരണത്തെറ്റു കൊണ്ട് ജീവിതകാലം മുഴുവൻ ഉറങ്ങിത്തീർക്കേണ്ട ഗതികേട് പിടിച്ച ഒരു കഥാപാത്രം രാമായണത്തിലുണ്ട്. കുംഭകർണ്ണൻ. അയാൾ ജ്യേഷ്ഠാനുജന്മാരോടു കൂടെ ബ്രഹ്മാവിനെ തപം ചെയ്തു.

'എന്തു വേണം '. ഇഷ്ടപ്പെട്ടവരം ചോദിയ്ക്കാൻ ആവശ്യപ്പെട്ടു.

ആദ്യമേ തീരുമാനിച്ചതാണ് ദേവന്മാരെ ഒന്നടങ്കം ഇല്ലാതാക്കണം. അതിനു ദേവന്മാരുടെ നാശമെന്ന അർത്ഥത്തിൽ 'നിർദ്ദേവത്വം' എന്നതിനു പകരം പറഞ്ഞു വന്നപ്പോൾ നിദ്രാവത്വമായി. അതോടെ അർത്ഥം മാറി. എപ്പോഴും ഉറങ്ങണമെന്ന ചിന്ത. ചില വാക്കുകൾ സമയത്തു തോന്നാത്തതു കൊണ്ടും, തെറ്റിപ്പറഞ്ഞതുകൊണ്ടും പലർക്കും ചെറിയ തോതിലെങ്കിലും ദുരനുഭവങ്ങളുണ്ടായിട്ടുണ്ടാവും.

സാഹിത്യത്തിലെ വാശിയേറിയ മത്സരമായിരുന്നു സമസ്യാപൂരണം. കഴിഞ്ഞ നൂറ്റാണ്ടിൽ കവനകൗമുദി മാസിക പേരെടുത്തത് അങ്ങനെയാണ്. ഇന്നു ടി.വിയിൽ സീരിയൽ കാത്തിരിക്കുന്ന പ്രേക്ഷകരെപ്പോലെ അന്നു ഉറ്റുനോക്കിയിരുന്നത് അടുത്ത സമസ്യാപൂര



അന്നു 'കോലായ' അരങ്ങേറി
യത് ഡോ.ടി കെ. രവീന്ദ്രന്റ വസ
തിയിലായിരുന്നു. അക്കിത്തം,
കക്കാട്, ആർടിസ്റ്റ് നമ്പൂതിരി,
പട്ടത്തുവിള കരുണാകരൻ, പി
ന്നെ ഞാനും. പിന്നേയും രണ്ടു
പേരുണ്ടായിരുന്നു. ഡോ. രവീന്ദ്ര
നാണ് സമസ്യ അവതരിപ്പിച്ചത്.



*എൻ എൻ കക്കാട്, പട്ടത്തുവിള കരുണാകരൻ*

ണമാണ്. ഒരു ശ്ലോകത്തിന്റെ അവസാന വരി തരും. അതിനു യോജിക്കുന്ന വിധം ആദ്യത്തെ മൂന്നു വരി എഴുതണം.

1961– 63 കാലത്തു ഞാൻ കോഴിക്കോട്ടു പഠിച്ചിരുന്ന കാലം. ആർട്ടിസ്റ്റ് നമ്പൂതിരിയുടെ വീട്ടിലാണ് താമസം. അക്കാലത്തെ മറക്കാനാവാത്ത അനുഭവം പലപ്പോഴായി പങ്കെടുത്തിട്ടുള്ള 'കോലായ' സദസ്സുകളാണ്. കവികളുടേയും സാഹിത്യകാരന്മാരുടേയും ഒരു കൂട്ടായ്മയാണ് 'കോലായ' . വൈകുന്നേരങ്ങളിൽ ഏതെങ്കിലും ഒരംഗത്തിന്റ വീട്ടിൽ മാസത്തിൽ ഒന്നോ രണ്ടോ തവണ സംഗമിക്കുക. കവിതയോ സാഹിത്യമോ ചർച്ച ചെയ്യുക. സമസ്യാപൂരണം മുതലായ രചനയിലേർപ്പെടുക ഇവയാണ് ലക്ഷ്യം. മഹാകവി അക്കിത്തവും എൻ.എൻ കക്കാടും പങ്കെടുത്ത ഒരു 'കോലായ' അവിസ്മരണീയമാണ്.

അന്നു 'കോലായ' അരങ്ങേറിയത് ഡോ.ടി കെ. രവീന്ദ്രന്റ വസതിയിലായിരുന്നു. അക്കിത്തം, കക്കാട്, ആർടിസ്റ്റ് നമ്പൂതിരി, പട്ടത്തുവിള കരുണാകരൻ, പിന്നെ ഞാനും. പിന്നേയും രണ്ടു പേരുണ്ടായിരുന്നു. ഡോ. രവീന്ദ്രനാണ് സമസ്യ അവതരിപ്പിച്ചത്. അദ്ദേഹം കവിയും നല്ല എഴുത്തുകാരനുമാണ്. പിന്നീട് കാലിക്കറ്റ് യൂനിവേഴ്സിറ്റി വൈസ് ചാൻസലറുമായി. എല്ലാവർക്കും സമസ്യ പൂരിപ്പിക്കാൻ കടലാസും പേനയും തന്നു.

ഡോ. രവീന്ദ്രൻ നാലാമത്തെ വരി വായിച്ചു. 'നാകത്തിലെയ്ക്കെന്നെ നയിച്ചിടൊല്ലെ'. സ്വർഗ്ഗത്തിലേക്ക് എന്നെ നയിക്കരുതെന്ന്. അപ്പോൾ അതിനു ഉചിതമായ മൂന്നു വരി കണ്ടെത്തണം. സാധാരണ നിലയിൽ സ്വർഗ്ഗത്തിലേക്ക് പോവാനാണല്ലൊ ഏവരുടെയും ആഗ്രഹം. അതിനു വിരുദ്ധമായ ആശയം കണ്ടെത്തണം. എല്ലാവരും ആലോചന തുടങ്ങി. പടിയിന്മേൽ ചുമരും ചാരി അക്കിത്തം, മറുവശത്ത് കക്കാട്, ബാക്കിയുള്ളവർ പലയിടത്തായി, ഏറ്റവും പ്രായം കുറഞ്ഞ ഞാൻ ഒരരികിൽ.

അക്കിത്തം ഒരുഘട്ടത്തിൽ ചെല്ലം തുറന്നു മുറുക്കാൻ തുടങ്ങി. പുകയിലയെടുത്തു സാവകാശം മുറിച്ചു, ചിന്ത മുറിയാതെ , വായിലിട്ടപ്പോഴേക്കും പേനയെടുത്തു എന്തോ കുറിച്ചു. അപ്പോഴേക്കും സമസ്യ വായിച്ചിട്ടു ഏതാണ്ട് 25 മിനിറ്റേ ആയിട്ടുള്ളു. മുറുക്കിന്റ രസം ആസ്വദിക്കുകയാണ് മഹാകവി. കണ്ണുകളിൽ ഏകാഗ്രത മുറ്റിയ നോട്ടമില്ല. വായിലെ പുകയില കലർന്ന വെറ്റിലച്ചാറിൽ നിന്നു അടയ്ക്കത്തരികൾ നാവു കൊണ്ടു തുഴഞ്ഞെടുത്തു നുകരുകയാണെന്നു തോന്നും. ഞങ്ങളെല്ലാം തല പുകയ്ക്കുകയും.

കുറച്ചു കഴിഞ്ഞപ്പോഴേക്കും കക്കാടും മറ്റുള്ളവരും തീർത്തു. ഒരു വിധം ഞാനുമൊപ്പിച്ചു. എല്ലാവരും നിവർന്നിരുന്നപ്പോൾ ആദ്യം അക്കിത്തത്തിന്റ ഊഴമാണ്. അന്നു കേന്ദ്രമന്ത്രിയായിരുന്ന മൊറാർജി ദേശായി സ്വർണ്ണത്തിന്റെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കാനും കള്ളക്കടത്തു നിരോധിക്കാനുമായി സ്വർണ്ണത്തിന്റെ മാറ്റ് 22 കാരറ്റാക്കി നിശ്ചയിച്ചിരുന്നു. അത് വലിയ വിവാദമായി.

പറഞ്ഞിടുന്നൂ പതിന്നാലുകാര–
റ്റായ് തീർന്നൊരക്കാഞ്ചനമിപ്രകാരം
മൊറാർജി, മേലാലവിടുന്നു തുത്ത –
നാകത്തിലേയ്കെന്നെ നയിച്ചിടൊല്ലെ.

നാകത്തെ (സ്വർഗ്ഗം) 'തുത്തനാക'മായി മാറ്റിയതാണ് സമസ്യയുടെ കാതൽ. തുത്തനാകമെന്നാൽ കാരീയം. സാധാരണയായി ഭൂമിയിലെ നല്ല വസ്തുക്കളെല്ലാം വിട്ടു ഞാൻ സ്വർഗ്ഗത്തിലേക്കില്ല എന്ന ആശയമാണു പൂരണത്തിനെടുക്കുക. ഇവിടെ വിഷയംതന്നെ മാറ്റി തുത്തനാകത്തിന്റ പരാതിയാക്കിയതിലാണ് വരികളിലെ അഴക്. അതോടെ കയ്യടിയായി. പിന്നീടു മറ്റുള്ളവരെല്ലാം അവരുടെ പൂരണങ്ങൾ വായിച്ചു. ഞാനൊന്നു തട്ടിക്കൂട്ടിയിരുന്നെങ്കിലും വായിച്ചില്ല. ഇപ്പോഴും ഓർമ്മയിലുണ്ട് ആ ശ്ലോകം.

ഞാനെന്തിനാശിപ്പതു സ്വർഗ്ഗവാതിൽ
ഈ നാട്ടിലാണെന്റ കുടുംബസൗഖ്യം
ഒററക്കു പോകാൻ കൊതിയില്ലെനിക്കു
നാകത്തിലേയ്ക്കെന്നെ നയിച്ചിടൊല്ലെ.

പക്ഷെ, മഹാകവിയുടെ തുത്തനാകത്തിനു ശേഷം മറ്റെല്ലാം നിഷ്പ്രഭമായി.

ഈയടുത്ത കാലത്ത് ആർട്ടിസ്റ്റ് നമ്പൂതിരിയുടെ നവതി ആഘോഷത്തിന് പോയപ്പോൾ ഒരു മണിക്കൂറിലേറെ നേരം മഹാകവി അക്കിത്തവുമായി അടുത്തിടപഴകാനായി. ( രണ്ടുപേരും ഇന്നില്ല. അവരുടെ ഓർമ്മകൾക്കു മുന്നിൽ പ്രണാമം) അദ്ദേഹത്തിന്റെ ചില കവിതകൾ രൂപംകൊണ്ടതും കുടുംബ കാര്യങ്ങളും പറയുന്ന കൂട്ടത്തിൽ ഞാനീ തുത്തനാകം പുറത്തിട്ടു. കോലായ വിശേഷങ്ങളും പങ്കുവെച്ചു. അപ്പോൾ മഹാകവി കനിഞ്ഞരുളി. 'താനിതൊക്കെ ഒന്നെഴുതി വെയ്ക്കു' ഇപ്പോൾ അതിനൊരു അവസരമായി. സ്വസ്തിയുടെ അക്ഷരപ്പതിപ്പിൽ. ●

കെ.എം.എസ്. ഭട്ടതിരിപ്പാട്.
കോട്ടപ്പടി, കോട്ടക്കൽ, മലപ്പുറം ജില്ല,
മൊബൈൽ: 9744999300

## പവിത്രയും ശ്രീഹരി നാരായണനും

ചാലിശ്ശേരി വേണാട് രാമൻ നമ്പൂതിരിയുടെയും ശൈലജയുടെയും മകൾ പവിത്രയും കോട്ടയം പെരുവ കാരിക്കോട് തുരുത്തുമ്മ്യാൽ ഇല്ലം കദംബൻ നമ്പൂതിരിയുടെയും ആര്യാദേവിയുടെയും മകൻ ശ്രീഹരി നാരായണനും 2023 ജൂലൈ ഒന്നിന് രാവിലെ 8 മുതൽ 9.25 വരെയുള്ള ശുഭമുഹൂർത്തത്തിൽ തൃക്കാക്കര തിരുവോണം ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.





യോഗക്ഷേമസഭ ട്രഷറർ മഞ്ചേരി പെരുമാങ്ങോട്ട് മന ദാമോദരൻ നമ്പൂതിരിയുടെ പൗത്രിയും അനീഷ് - സൂപർണ്ണ ദമ്പതിമാരുടെ പുത്രിയുമായ

**നന്ദ പെരുമാങ്ങോടിന്റെ ചോറൂൺ**

മഞ്ചേരി ഹിൽട്ടൺ കൺവെൻഷൻ സെന്ററിൽ 6. 8.23 ന്നു നടന്നു: 9446370099

ഇല്ലപ്പെരുമ / പട്ടലകത്ത് മന




# അപ്പുവേട്ടന്റെ സ്കൂ...

**സ്വസ്തിയുടെ ഈ വിദ്യാരംഭം പതിപ്പിലെ ഇല്ലപ്പെരുമ ബ്രഹ്മാലയത്തിന്റെ മാത്രം കഥയല്ല, വിദ്യാലയത്തിന്റേതു കൂടിയാണ്.**



**1962ലാണ്. ഇരുപത്തഞ്ചാം വയസ്സിൽ ഒരന്തർജനം... അവളാകട്ടെ ഗർഭിണിയും രണ്ടു വയസ്സുള്ള കുഞ്ഞ... നാലുകെട്ടിന്റെ ഇരുട്ടറകളിൽ ഒടുങ്ങുമായിരുന്നു. പി... ജീവച്ഛവമാണ്. എന്നാൽ എളങ്കൂറിലെ പട്ടലകത്ത് മ... നമ്പൂതിരിയുടെ വിധവ സുഭദ്രയ്ക്ക് അതായിരുന്നില്ല... ക്കു മുമ്പ് പത്താം ക്ളാസ് പാസായിരുന്നതിനാൽ ഉ... അയച്ചു. കോഴ്സ് പാസായ അവർക്ക് അധ്യാപികയ... ക്കാനായി ഒരു സ്കൂളും തുടങ്ങി. പി.എം.എസ്.എ.എ... മനക്കൽ ശങ്കരൻ എയ്ഡഡ് സ്കൂൾ. അങ്ങനെ ഭർ... ധേയത്തിലുള്ള പുതുവിദ്യാലയത്തിൽ അവർ...**

വിനോദ് മങ്ങത്തായ



ഗർഭിണിയായിരിക്കെ ഇരുപത്തഞ്ചാം വയസ്സിൽ സുഭദ്ര വിധവയായി. രണ്ടു വയസ്സായ ഒരു കുഞ്ഞിന്റെ അമ്മയും. 1962ലാണെന്നോർക്കണം. അക്കാലത്ത് ഒരു അന്തർജനം വിധവയായാൽ അതോടെ അവസാനിച്ചു ജീവിതം. പിന്നെ ജീവച്ഛവമാണ്. നാലുകെട്ടിന്റെ ഇരുട്ടറകളിലെവിടെയെങ്കിലുമാവും ലോകം.

എന്നാൽ എളങ്കൂരിലെ പട്ടലകത്ത് മനക്കൽ ശങ്കരൻ നമ്പൂതിരിയുടെ വിധവയ്ക്ക് അതായിരുന്നില്ല യോഗം. അവളുടെ ഭർത്തൃസഹോദരന്മാർ പുരോഗമവാദികളായിരുന്നു. വേളിക്കു മുമ്പ് പത്താം ക്ളാസ് പാസായിരുന്നതിനാൽ ഗർഭിണിയായ അവളെ ഉപരി പഠനത്തിന് അയക്കാൻ തീരുമാനിച്ചു. ടി.ടി.സി

ക്ക് അയച്ചാൽ കഴി...
വേണം. അത്രയും ക...
നിൽക്കുന്നത് ഒട്ടും ...
ദൂരെ ദേശങ്ങളിൽ ...
നും ഇത് തടസ്സമാണ...
പഠിക്കാം, എവിടെ...
എന്ന ആലോചനയ...

ഒടുവിൽ ഒരു വഴ...
പഠിപ്പിക്കാം. അതിന...
വേണ്ടതില്ല. മഞ്ചേരി...
രസഭയുണ്ട്. മഞ്ചേരി...
ഇല്ലം വക വാടകക...
ടെ താമസിച്ചു പഠിക...
നോക്കാനും ഗർഭിണ...
പരിപാലിക്കാനും ക...
ഇരിക്കണമ്മയെ അ...
അതായിരുന്നു പട്ടല...
രുടെ തീരുമാനം.

പി എം എ എച്ച് എസ് എസ് , ചാരങ്കാവ്









*അപ്പുവേട്ടന്റെ അച്ഛൻ പരേതനായ വാസുദേവൻ നമ്പൂതിരി, വലിയപ്ഫൻ പരേതനായ നീലകണ്ഠൻ നമ്പൂതിരി (സ്കൂൾ ഫൗണ്ടർ ),1962 ൽ നിര്യാതനായ ചെറിയപ്ഫൻ ശങ്കരൻ നമ്പൂതിരി ( സ്കൂൾ ഇദ്ദേഹത്തിന്റെ ഓർമ്മക്ക്)*

ൽ

**വിധവയായി.**
**ിന്റെ അമ്മയും.**
**ിന്നെ ജീവിതമില്ല**
**നക്കൽ ശങ്കരൻ**
**്ല യോഗം. വേളി**
**പരി പഠനത്തിന്**
**ായി പ്രവർത്തി**
**എസ്. പട്ടലകത്ത്**
**ത്താവിന്റെ നാമ**
**ടീച്ചറായി.**

യാൻ രണ്ട് കൊല്ലം
കാലം കുട്ടികളെ വിട്ട്
പ്രായോഗികമല്ല.
പായി പഠിക്കുന്നതി
്. അപ്പോൾ എന്തു
പ്പായി പഠിക്കാം
ായി.
ി കണ്ടെത്തി. ഹിന്ദി
് അധികം ദൂരെ പോ
യിൽ ഹിന്ദി പ്രചാ
ിയിലാണെങ്കിൽ
ട്ടിടവുമുണ്ട്. അവി
ക്കാം. കുഞ്ഞിനെ
നിയായ അമ്മയെ
ൂട്ടിനായി ഇല്ലത്തെ
യക്കുകയും ചെയ്യാം.
ലകത്തെ നമ്പൂതിരിമാ

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം എന്നത് തന്നെ സാർവ്വത്രികമാവാത്ത കാലത്താണ് ഇത്. ഒരു വർഷം മഞ്ചേരിയിൽ താമസിച്ച് സുഭദ്ര ഹിന്ദി പഠിച്ച് മടങ്ങിയെത്തി. എവിടെ ജോലി ലഭിക്കും. അടുത്തൊന്നും സ്കൂളില്ല. ഇല്ലത്തു നിന്ന് പോയി വരാൻ പാകത്തിൽ. ഒടുവിൽ പട്ടലകം മനക്കാർ ഒരു കാര്യം ചെയ്തു. അവൾക്ക് അധ്യാപികയായി പ്രവർത്തിക്കാനായി ഒരു സ്കൂൾ തന്നെ തുടങ്ങി. വരുമാനമോ പ്രശസ്തിയോ ഒന്നുമായിരുന്നില്ല ലക്ഷ്യം; മറിച്ച് ഒരു വിധവയുടെ അതിജീവനം മാത്രമായിരുന്നു.അങ്ങനെ തുടങ്ങിയതാണ് പി.എം.എസ്.എ.എസ്. പട്ടലകത്ത് മനക്കൽ ശങ്കരൻ നമ്പൂതിരി എയ്ഡഡ് സ്കൂൾ. സുഭദ്ര അന്തർജനം ഭർത്താവിന്റെ നാമധേയത്തിലുള്ള പുതുവിദ്യാലയത്തിൽ ഹിന്ദി ടീച്ചറായി.

അനിയന്റെ ഓർമ്മക്ക്, ആ വിയോഗത്തിൽ തീരാദു:ഖത്തിലായ സഹധർമ്മിണിയെ അധ്യാപികയാക്കാൻ, ജ്യേഷ്ഠന്മാർ ഒരുക്കിയ സ്മാരകം ഭാവിയിൽ നാടിന് മുഴുവൻ വിദ്യാദീപമായി മാറി. പിന്നെയത് ഹൈസ്കൂളായി, ഹയർസെക്കൻഡറിയായി. മൂവായിരത്തിലെറെ കുട്ടികൾ, നൂറിലേറെ അദ്ധ്യാപകർ, നാല്പതിലേറെ ക്ളാസ് മുറികൾ, സ്കൂൾ ബസ്സുകൾ. വിശാലമായ ഗ്രൗണ്ട്. അങ്ങനെയങ്ങനെ... ഒരു പഞ്ചായത്തിന്റെ തന്നെ വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടു വന്ന വലിയ സ്ഥാപനമായി.

*പട്ടലകം പരേതനായ ശങ്കരൻ നമ്പൂതിരിയുടെപത്നി റിട്ട. ഹിന്ദിടീച്ചർ വൈദികൻ പെരുമ്പടപ്പ് മകൾ സുഭദ്ര അന്തർജനം. വൈധവ്യത്തിൽ നിന്ന് ഇവരെ പുതുജീവിതത്തിലേക്ക് നയിക്കാൻ ആരംഭിച്ചതാണ് സ്കൂൾ. മകളായ തൃശൂർ വേണാട് വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ ഗിരിജയുടെ കൂടെ താമസം*



സേവന പ്രവർത്തനങ്ങളുമായി നാടാകെ നിറഞ്ഞു നിൽക്കുമ്പോഴാണ് 1962ൽ പി എം ശങ്കരൻ നമ്പൂതിരിയുടെ അകാല നിര്യാണം. ഹൃദയം പ്രവർത്തനം നിർത്തുമ്പോൾ ശങ്കരൻ നമ്പൂതിരിക്ക് പ്രായം കേവലം മുപ്പത്തഞ്ചു വയസ്സ് (1927 1962). അങ്ങനെയാണ് സഹധർമ്മിണി വൈദികൻ പെരുമ്പടപ്പ് മഹൾ സുഭദ്ര വിധവയായത്.

എല്ലാ സൗഭാഗ്യങ്ങളും നഷ്ടപ്പെട്ട് ജീവിതാവസാനം വരെ കഴിച്ചുകൂട്ടുകയായിരുന്നു അന്ന് സമുദായത്തിലെ സ്ത്രീകളുടെ, പ്രത്യേകിച്ച് വിധവകളുടെ വിധി. താലി പോകുന്നതോടൊപ്പം അവളുടെ ജീവിതത്തിന്റെ 'കളറും' നഷ്ടപ്പെട്ട് വെളുത്ത വസ്ത്രത്തിലഭയം പ്രാപിക്കണം. മംഗള കാര്യങ്ങളിൽ പങ്കുകൊള്ളാൻ പിന്നീടവൾക്ക് അധികാരമില്ല. ഇതൊക്കെയായിരുന്നു നാട്ടുനടപ്പ്. ആ നാട്ടുനടപ്പാണ്

വലിയയേട്ടനായ നീലകണ്ഠൻ നമ്പൂതിരിയും അനിയൻ ശങ്കരൻ നമ്പൂതിരിയും ചേർന്ന് തെറ്റിച്ചത്.

ഇനി പറയാം അൽപ്പം ചരിത്രം. മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ നിന്ന് ഏറെഅകലെയുള്ള ഒരു കുഗ്രാമമാണ് ചാരങ്കാവ്. തൃക്കലങ്ങോട് പഞ്ചായത്തിൽ. അവിടെയാണ് പട്ടലകം ഇല്ലം. 64 നമ്പൂതിരി ഗ്രാമങ്ങളിലെ കരിക്കാട് ഗ്രാമത്തിലാണ് ഈ പ്രദേശം. ദൂരയുള്ള തൃപ്പനച്ചിയിൽ നിന്നും പാലശ്ശേരി, വെളക്കാട്, പാതിരിശ്ശേരി തുടങ്ങിയ ഇല്ലക്കാരുടെ കൂടെ കരിക്കാട് ഗ്രാമത്തിലേക്ക് പട്ടലകവും വന്നു എന്നാണ് കഥ. കളപ്പുരയൊക്കെ അടുത്ത കാലം വരെ തൃപ്പനച്ചിയിൽ ഉണ്ടായിരുന്നു. ഇല്ലം വക അമ്പലം – ഒളമതിൽ വിഷ്ണു ക്ഷേത്രം -ഇന്നുമുണ്ട്. അതിനടുത്ത് തന്നെ വിളക്കാട് മനയ്ക്കും കൂടി ഊരാഴ്മയുള്ള ഒരു ദേവീക്ഷേത്രവുമുണ്ട്.



*പട്ടലകത്ത് നീലകണ്ഠൻ നമ്പൂതിരി (അപ്പുവേട്ടൻ), ഭാര്യ പെരുമ്പള്ളി മകൾ സാവിത്രി അന്തർജനം. സാവിത്രി അന്തർജനമാണ് അപ്പുവേട്ടന്റെ നിര്യാണത്തിന് ശേഷം സ്കൂൾ മാനേജർ.*

**പഞ്ചായത്തിലെ ആദ്യ സ്കൂൾ തുടങ്ങിയ മനക്കാർക്ക് തന്നെയാണ് ആദ്യം ഹൈസ്കൂൾ തുടങ്ങാനും അർഹതയെന്നായിരുന്നു മന്ത്രിയുടെ നിലപാട്. അങ്ങിനെ 1985ൽ തൃക്കലങ്ങോട് പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ വന്നു .**

തൃപ്പനച്ചി ഗ്രാമത്തിൽ ഇല്ലം വക നാലുകെട്ടും പത്തായപ്പുരയും നിലനിന്ന കാലത്തും തറവാട് എന്ന സങ്കൽപ്പം ചാരങ്കാവിലെ പട്ടലകം ഇല്ലത്തിനായിരുന്നു. ഇല്ലത്തെ കാരണവർ വാസുദേവൻ നമ്പൂതിരിക്കും കൊടശ്ശേരി മൂത്തേടം ദേവകി അന്തർജനത്തിനും ആറു മക്കൾ. അഞ്ചു പെണ്ണും ഒരാണും. ആ ഉണ്ണിയാണ് പട്ടലകത്തു മന നീലകണ്ഠൻ. എല്ലാരുടേയും അപ്പുവേട്ടൻ. വർഷം 1947. ഇല്ലത്തു വെച്ചുള്ള പഠനമൊക്കെയേ അന്ന് പതിവുള്ളൂ. മഞ്ചേരിയിൽ പോയി അത്യാവശ്യം സ്കൂൾ വിദ്യാഭ്യാസം നേടി. അപ്പോഴേക്കും നാട്ടിൽ ഒരു സർക്കാർ എൽ.പി സ്കൂൾ



*നിൽക്കുന്നവർ: ഇടത്തു നിന്നും ശാലിനി, രോഷ്നി, സാവിത്രി അന്തർജനം (അമ്മ), ശ്യാമിനി, രഞ്ജിനി, അശ്വനി.ഇരിക്കുന്നവർ ഇടത്തു നിന്നും അജി ( ശാലിനിയുടെ ഭർത്താവ്) രതീശൻ (രോഷ്നിയുടെ ഭർത്താവ്), നീലകണ്ഠൻ നമ്പൂതിരി (അപ്പുവേട്ടൻ ), നാരായണൻ (രഞ്ജിനിയുടെ ഭർത്താവ് ), കണ്ണൻ (അശ്വനിയുടെ ഭർത്താവ്), കണ്ണന്റെ മടിയിലിരിക്കുന്നത് മകൻ ആരവ്.ഇളയ മകൾ ശ്യാമിനിയുടെ വിവാഹത്തിന്റെ അയനിയൂണിന് എടുത്തത്.*



*നിൽക്കുന്നവർ: ഇടത്തു നിന്നും അശ്വനി, രോഷ്നി, ശ്യാമിനി, ശാലിനി, രഞ്ജിനി (മക്കൾ) ഇരിക്കുന്നത്: നീലകണ്ഠൻ നമ്പൂതിരി (അപ്പുവേട്ടൻ), സാവിത്രി അന്തർജ്ജനം*



*ഇരിക്കുന്നവർ ഇടതു ഭാഗത്തു നിന്ന്: ഊർമ്മിള, ദേവകി, അപ്പുവേട്ടൻ, ദേവകി അന്തർജ്ജനം, സാവിത്രി, ഭാഗീരഥി, നളിനി, നിൽക്കുന്നവർ ഇടതു ഭാഗത്തു നിന്ന്: ഗീത, സരസ്വതി, ശാലിനി, സാവിത്രി, ഗിരിജ, ഹൈമാവതി, ശ്രീദേവി (ചെറിയമ്മ)*



*അപ്പുവേട്ടന്റെ ചെറിയ ചെറിയമ്മ സുഭദ്ര അന്തർജ്ജനം (ഇടതു) അപ്പുവേട്ടന്റെ അമ്മ ദേവകി അന്തർജ്ജനം (നടുവിൽ) അപ്പുവേട്ടന്റെ വലിയ ചെറിയമ്മ ശ്രീദേവി അന്തർജ്ജനം (വലത്)*

വന്നിരുന്നു. അപ്പുവേട്ടന്റെ അപ്ഫനായ നീലകണ്ഠൻ നമ്പൂതിരിയുടെ പരിശ്രമത്തിൽ. സ്ഥലവും സാധന സാമഗികളും നൽകിയത് പട്ടിലകത്തു നിന്നു തന്നെ.

എൽ.പി ക്ക് തൊട്ടടുത്തുതന്നെ ഇല്ലം വക ഒരു യുപി സ്കൂൾ തുടങ്ങി. ഇതിന്റെ കഥയാണ് നേരത്തെ പറഞ്ഞത്. അപ്ഫൻ അന്നത് തുടങ്ങുമ്പോൾ യുവാവായ അപ്പുവേട്ടനും ഉത്സാഹത്തോടെ ഒപ്പം കൂടി. വർഷം1985 ആയപ്പോഴും തൃക്കലങ്ങോട് പഞ്ചായത്തിൽ ഹൈസ്കൂൾ സൗകര്യങ്ങളുണ്ടായില്ല. പ്രീ ഡിഗ്രിയും കോളേജുമൊന്നും സ്വപ്നങ്ങളിൽ പോലുമില്ല. തനിക്കേതായാലും വേണ്ട പോലെ പഠിക്കാൻ പറ്റിയില്ല. മുപ്പതു വർഷം കഴിഞ്ഞിട്ടും തന്റെ നാട്ടിലെ അവസ്ഥ പഴയതു തന്നെ. ഇങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ.

അപ്പുവേട്ടൻ ഇറങ്ങി. തീവ്രമായ പരിശ്രമങ്ങൾ വേണ്ടിവന്നു. അക്കാലം പഞ്ചായത്തിൽ പുതിയ ഹൈസ്കൂൾ തുടങ്ങാൻ പലരും ശ്രമിച്ചിരുന്നു. അന്നത്തെ വിദ്യാഭ്യാസ മന്ത്രി മലപ്പുറം ജില്ലക്കാരൻ. പല സ്വാധീനങ്ങളും സ്വാഭാവികമായും ഉണ്ടായിരിക്കാം. എന്നിട്ടും മന്ത്രി മനക്കാർക്കൊപ്പം നിന്നു. പഞ്ചായത്തിലെ ആദ്യ സ്കൂൾ തുടങ്ങിയ മനക്കാർക്ക് തന്നെയാണ് ആദ്യം ഹൈസ്കൂൾ തുടങ്ങാനും അർഹതയെന്നായിരുന്നു മന്ത്രിയുടെ നിലപാട്. അങ്ങിനെ 1985ൽ തൃക്കലങ്ങോട് പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ വന്നു . അത് പിന്നെ 2010ൽ ഹയർ സെക്കന്ററിയായും വളർന്നു

ചാരങ്കാവിലെ ഇല്ലം വക നാലേക്കർ പറമ്പായിരുന്നു ഇതിന് ഉപയോഗിച്ചത്. പി എം എസ് എച്ച് എസ് എസ് ഉയർന്നു. ലൈബ്രറിയും ലാബറട്ടറികളുമടക്കം മൂന്നു നിലകളിലായി നാൽപ്പത്തെട്ട് സ്ഥിരം ക്ലാസ് മുറികൾ. അൽപ്പം മുകളിലായി പ്ളേ ഗ്രൗണ്ട്. അഞ്ചാം തരം മുതൽ +2 വരെ ഓരോ ക്ലാസിലും നാലും അഞ്ചും ഡിവിഷനുകൾ. പഠിക്കുന്നത് രണ്ടായിരത്തഞ്ഞൂറോളം വിദ്യാർത്ഥികൾ. പഠിപ്പിക്കാൻ നൂറിനടുത്ത് അധ്യാപകർ. നമ്പൂരാരും അന്തർജനങ്ങളുമായി അറുപതു പേർ ഒന്നിച്ചു ജോലി ചെയ്യുന്ന കേരളത്തിലെ അപൂർവ്വം തൊഴിലിടം കൂടിയാണ് എളങ്കൂർ പി.എം.എസ്.എ.എച്ച്.എസ്.എസ്. ജാതി– മതസംഘങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ മത്സരങ്ങൾക്കിടയ്ക്കും തളരാതെ അപ്പുവേട്ടൻ പടുത്തുയർത്തിയ ഈ സരസ്വതീ ക്ഷേത്രം ഉയർന്നു തന്നെ നിലനിൽക്കുന്നു.

**മൂന്നു നിലകളിലായി നാൽപ്പത്തെട്ട് ക്ലാസ് മുറികൾ. രണ്ടായിരത്തഞ്ഞൂറോളം വിദ്യാർത്ഥികൾ. പഠിപ്പിക്കാൻ നൂറിനടുത്ത് അധ്യാപകർ. നമ്പൂരാരും അന്തർജനങ്ങളുമായി അറുപതു പേർ ഒന്നിച്ചു ജോലി ചെയ്യുന്ന കേരളത്തിലെ അപൂർവ്വം തൊഴിലിടം കൂടിയാണ് എളങ്കൂർ പി.എം.എസ്.എ.എച്ച്.എസ്.എസ്.**

അപ്പുവേട്ടൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിയായിരുന്നില്ല, അധ്യാപകനായിരുന്നില്ല, സ്ഥാപകനല്ല... പിന്നയോ?

ഒറ്റ വാചകത്തിൽ പറയാം 'അപ്പുവേട്ടന്റെ സ്കൂൾ' ഇതായിരുന്നു.

അപ്പുവേട്ടന്റെ അച്ഛൻ വാസുദേവൻ നമ്പൂതിരി ഇല്ലത്തെ കാരണവരായിരുന്നു. അദ്ദേഹത്തിന് രണ്ട് സഹോദരന്മാർ. അതായത് അപ്പുവേട്ടന് അപ്ഫന്മാർ രണ്ട്. വലിയപ്ഫൻ നീലകണ്ഠൻ നമ്പൂതിരി. ചെറിയപ്ഫൻ ശങ്കരൻ നമ്പൂതിരി. അച്ഛനും അഫന്മാർക്കും ഒറ്റ മനസ്സായിരുന്നു. കുഗ്രാമമായ എളങ്കൂറിൽ ഒട്ടും യാഥാസ്ഥിതികരാവാതെ അവർ ജീവിച്ചു.

അപ്പുവേട്ടന്റെ അച്ഛന്റെ കൂടെ വലിയപ്ഫനായ നീലകണ്ഠൻ നമ്പൂതിരിയായിരുന്നു നാട്ടിൽ ആദ്യത്തെ സർക്കാർ എൽ പി സ്കൂൾ തുടങ്ങാൻ മുന്നിൽ നിന്നത്. സ്ഥലവും സൗകര്യങ്ങളും പട്ടിലകത്തു നിന്ന് നൽകുകയായിരുന്നു. ചെറിയഫൻ ശങ്കരൻ നമ്പൂതിരി അവികസിതമായ നാടിനു വേണ്ടി ധാരാളം പുരോഗമന പ്രവർത്തനങ്ങൾ





*പഴയ ബ്ളോക്ക്, ഇളംകൂർ സ്കൂളിലെ  കുട്ടികൾ,*

ഏറ്റെടുത്തു നടത്തി. ഒരു വെട്ടുവഴി മാത്ര മുണ്ടായിരുന്ന തന്റെ കുഗ്രാമത്തിൽ, കുട്ടി പ്പാറ മുതൽ പെലേപ്പുറം വരെ പത്തു കീ ലോമീറ്റർ റോഡ് നിർമ്മാണമാണ് ശങ്കരൻ നമ്പൂതിരി ആളായി നടത്തിയത്. ഇല്ലത്തു നിന്ന് ചെല്ലും ചെലവും നൽകി പണിക്കാ രെ കൂട്ടി പൊതു റോഡ് നിർമ്മിക്കുകയാ യിരുന്നു. അങ്ങനെ കിലോമീറ്ററുകളോളം പബ്ലിക് റോഡ് ഇല്ലം വക.

കുടിവെള്ളത്തിനായി കിലോമീറ്ററുകൾ നടക്കേണ്ട ഗ്രാമീണർക്ക് കിണറുകൾ ഇല്ലത്തു നിന്ന് കുഴിച്ചു നൽകി. അന്ന് അതിന്റെ ഭാഷ ധർമ്മക്കിണർ എന്നാണ്! ഇപ്പോൾ പൊതു കിണർ എന്നു വിളി ക്കുന്ന കിണറുകൾ. നാട്ടിലെ പഠിക്കാൻ കഴിവുള്ള കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാ സത്തിന് സൗകര്യങ്ങളൊരുക്കി ശങ്കരൻ നമ്പൂതിരി. അവരെ മഞ്ചേരിയിൽ കൊ ണ്ടുപോയി. അവിടെ താൻ വാടക കൊടു ക്കുന്ന കെട്ടിടത്തിൽ വിദ്യാർത്ഥികൾക്ക് താമസിക്കാം. ഇതൊന്നും ഇല്ലത്തുള്ളോർ ക്കും ബന്ധുക്കൾക്കും മാത്രമായിരുന്നില്ല. ജാതിയോ മതമോ നോക്കാറില്ല, ആരുമാ വാം. പഠിക്കാൻ താൽപ്പര്യമുണ്ടാവണം പഠിക്കണം എന്നതു മാത്രമായിരുന്നു വ്യവസ്ഥ.

അകാലത്തിൽ മരിച്ചുപോയ ആ മഹാത്മാവിന്റെ സേവനങ്ങളിൽ ചിലതു മാത്രമാണ് ഇത്.പട്ടലകത്ത് യാഥാസ്ഥി തികതക്ക് ഒട്ടും സ്ഥാനമില്ലായിരുന്നു. അഫ്ഫൻ നമ്പൂതിരിമാർ മൂസാമ്പൂരിയോ ടൊപ്പം തന്നെ പരിഗണിക്കപ്പെട്ടു. സ്വസ മുദായത്തിൽ നിന്ന് തന്നെ ഇവർ വേളി കഴിച്ചു. വിദ്യാലയങ്ങൾ തുടങ്ങിയ വേ റെയും നമ്പൂതിരിമാരുണ്ടാവും. എന്നാൽ അതിനെ ഗുണനിലവാരം ഉയർത്തി അപ് ഗ്രേഡ് ചെയ്ത് പുതിയ സ്ഥാപനങ്ങളിലേ ക്ക് വളർത്തിയവർ വളരെ കുറവാണ്. പല ഇല്ലക്കാരുടെയും സ്കൂളുകൾ പിൽക്കാല



*പട്ടലകം സുഭദ്ര അന്തർജനത്തിന്റെ മകൾ പരേത യായ ഗീത ടീച്ചർ (മുകളിൽ)-കുന്നം കുളം വടക്കേടം കൃഷ്ണൻ നമ്പൂതി രിയുടെ ഭാര്യ. സുഭദ്ര അന്തർജ നത്തിന്റെ മറ്റൊരു മകൾ ഗിരിജ (താഴെ)- തൃശൂർ വേണാട് വാസു ദേവൻ നമ്പൂതി രിയുടെ ഭാര്യ. സുഭദ്ര അന്തർജനം ഇപ്പോൾ ഇവരു ടെ കൂടെയാണ് താമസം*



## പട്ടലകത്ത് വംശാവലി

**വാസുദേവൻ നമ്പൂതിരി – പത്നി കൊടശ്ശേരി മൂത്തേടത്ത് ദേവകി അന്തർജനം:**
ഇവർക്ക് 6 മക്കൾ:

1: സാവിത്രി .. ഭർത്താവ് പഴേടം ഗോവിന്ദൻ നമ്പൂതിരി
2. ഭാഗീരഥി – ഭർത്താവ് ചായേടം ഗോവിന്ദൻ നമ്പൂതിരി
3. ദേവകി – ഭർത്താവ് പട്ടലൂർ വാ സുദേവൻ നമ്പൂതിരി
4. നീലകണ്ഠൻ (അപ്പുവേട്ടൻ ) പത്നി- പെരുമ്പള്ളി സാവിത്രി
5. സരസ്വതി – ഭർത്താവ് നയം ശങ്കരനാരായണൻ നമ്പൂതിരി
6. ഹൈമാവതി – ഭർത്താവ് വെ ള്ളൂർ പരമേശ്വരൻ നമ്പൂതിരി

ത്ത് നടത്താനാവാതെ മറ്റുള്ളവർക്ക് കൈ മാറുകയോ സർക്കാർ ഏറ്റെടുക്കുകയോ ചെയ്തതാണ് അനുഭവം. ഇവിടെയാണ് പട്ടലകം വേറിട്ടു നിൽക്കുന്നത്. അതിനു കാരണക്കാരൻ അപ്പുവേട്ടനാണ്. അതു കൊണ്ടാണ് അപ്പുവേട്ടന്റെ സ്കൂൾ എന്ന് ഇതിനെ വിളിക്കുന്നത്.

അപ്പുവേട്ടന്റെ അച്ഛനും വലിയപ്ഫ നും ഏതാണ്ട് ഒരേ കാലത്ത് നിര്യാ തരായി(1980). കുറച്ചു കാലം വലിയ ചെറിയമ്മയായ കിടങ്ങഴി മകൾ ശ്രീദേ വി അന്തർജനം മാനേജരായി സ്കൂൾ പ്രവർത്തിച്ചു. അതു കഴിഞ്ഞ് മുപ്പതു വർഷങ്ങൾ അപ്പുവേട്ടനാണ് നടത്തിക്കൊ ണ്ടു പോന്നത്. നമ്പൂതിരിമാർ തുടങ്ങിയ / സ്ഥലം സൗജന്യമായി നൽകിയ പല വി ദ്യാലയങ്ങളും ഇന്ന് അന്യാധീനപ്പെട്ടപ്പോ





*പി എം എ എച്ച് എസ് എസ് , ചാരങ്കാവ്  ഇളംകൂർ പുതിയ കെട്ടിടം*

ഴും പി എം എസ് സ്കൂൾ തളർന്നില്ല.

ഒരധ്യാപകനേക്കാൾ കൃത്യനിഷ്ഠയോടെ  മാനേജരായ അപ്പുവേട്ടൻ എന്നും സ്കൂളിൽ എത്തുമായിരുന്നു. നിശ്ചയദാർഢ്യത്തിന്റെ നിറപുഞ്ചിരിയായിരിക്കും എന്നും ആ മുഖത്ത്. മറ്റൊരു സ്കൂൾ മാനേജറും എന്നുമിങ്ങനെ  സ്കൂളിൽ പോയിട്ടുണ്ടാവില്ല.

മുസ്ലീം ഭൂരിപക്ഷ പ്രദേശമാണ് എളങ്കൂർ. അവിടെ ഒരു നമ്പൂതിരി നടത്തുന്ന വിദ്യാലയം. വെല്ലുവിളികൾ ഉണ്ടായില്ലെന്നല്ല, അവയെല്ലാം അവസരങ്ങളാക്കി മാറ്റുകയായിരുന്നു. ഉറുദുവും അറബിയും പഠിക്കാൻ പി.എം.എസ്.സ്കൂൾ എല്ലാ സൗകര്യവുമൊരുക്കി. ശ്രദ്ധയോടെ നോക്കി നടന്നപ്പോൾ വിദ്യാലയം ക്രമേണ

**മുസ്ലീം ഭൂരിപക്ഷ പ്രദേശമാണ് എളങ്കൂർ. അവിടെ ഒരു നമ്പൂതിരി നടത്തുന്ന വിദ്യാലയം. വെല്ലുവിളികൾ ഉണ്ടായില്ലെന്നല്ല, അവയെല്ലാം അവസരങ്ങളാക്കി മാറ്റുകയായിരുന്നു.**

വളർന്നു. അമ്പത്തൊന്ന് കുട്ടികളുമായി തുടങ്ങിയ സ്കൂളിൽ കുട്ടികൾ ആയിരം കടന്നു. ഹൈസ്കൂൾ കൂടി ആയപ്പോൾ വിദ്യാലയം ഏറെ വലുതായി. ഓരോ വർഷവും ഡിവിഷനുകൾ കൂടി. അതിനനുസരിച്ച് സൗകര്യങ്ങളൊരുക്കുന്നതിൽ അപ്പുവേട്ടന് ഒരു പിശുക്കുമുണ്ടായിരുന്നില്ല.

ക്രമാനുഗതമായ വളർച്ചയുടെ ട്രാക്ക് ഒരുക്കിയത് അപ്പുവേട്ടനായിരുന്നു. ഓരോ വർഷവും കുട്ടികൾ കൂടി. വിദ്യാലയത്തോടൊപ്പം നാടും മാറി. ഓണംകേറാമൂലയായിരുന്ന ചാരങ്കാവ് മിനി അങ്ങാടിയായി വളർന്നു. കമ്പ്യൂട്ടർ സെന്ററുകളും ട്യൂഷൻ ഹാളുകളും ഒക്കെ ആയി. ഹോട്ടലുകളും മറ്റു വാണിജ്യസ്ഥാപനങ്ങളുമായി. മറ്റൊന്നു കൂടി. യോഗക്ഷേമസഭയുടെ മലപ്പുറം

## അപ്പുവേട്ടന്റെ അപ്ഫന്മാർ

**1 നീലകണ്ഠൻ നമ്പൂതിരി**
(സ്കൂൾ സ്ഥാപിച്ചു.1966 ൽ. ഭാര്യ കിടങ്ങഴി ശ്രീദേവി അന്തർജനം
മക്കൾ: 1 നളിനി – അക്കൂരം കൃഷ്ണൻ നമ്പൂതിരി, പട്ടാമ്പി
2 ഊർമ്മിള – വെള്ളാനി സുബ്രഘ്മണ്യൻ നമ്പൂതിരി (വാളൂർ)

**2 ശങ്കരൻ നമ്പൂതിരി**
(സ്കൂൾ ഇദ്ദേഹത്തിന്റെ സ്മരണയിൽ സ്ഥാപിച്ചതാണ്)ഭാര്യ വൈദികൻ പെരുമ്പടപ്പ് (തൃശൂർ) സുഭദ്ര അന്തർജനം
മക്കൾ: 1. ഗിരിജ – തൃശൂർ വേണാട് വാസുദേവൻ നമ്പൂതിരി
2. ഗീത – കുന്നംകുളം വടക്കേടം കൃഷ്ണൻ നമ്പൂതിരി

## നീലകണ്ഠൻ നമ്പൂതിരി (അപ്പുവേട്ടൻ )

**ഭാര്യ:** പെരുമ്പള്ളി സാവിത്രി അന്തർജനം (ആലങ്കോട്- എടപ്പാൾ,)
**മക്കൾ/മരുമക്കൾ:**
1. ശാലിനി ഭർത്താവ്: പുതുക്കുളം ദാമോദരൻ (അജി) തൊടുപുഴ. (ബ്രാഹ്മിൻസ് ഉടമ വിഷ്ണു നമ്പൂതിരിയുടെ ഇല്ലമാണ് പുതുക്കുളം) കൺസ്ട്രക്ഷൻ മേഖലയിൽ പ്രവർത്തിക്കുന്നു
(പേരക്കുട്ടികൾ: തീർത്ഥ, (ഫെഡറൽ ബാങ്ക് സെലക്ഷൻ ആയി) അർത്ഥ (വിദ്യാർത്ഥി )
2. രോഷ്നി (ഹിന്ദി അധ്യാപിക) ഭർത്താവ് തലശ്ശേരി പഴേടം രതീശൻ നമ്പൂതിരി ( പൂജാരി )
പേരക്കുട്ടികൾ: അനഘ, ( പുറനാട്ടുകരയിൽ സംസ്കൃതം വിദ്യാർത്ഥിനി ) നീലകണ്ഠൻ (വിദ്യാർത്ഥി )
3. രഞ്ജിനി ഭർത്താവ്: ആറ്റുപുറം നാരായണൻ നമ്പൂതിരി (അനിയൻ) – പാലൂർ, പുലാമന്തോൾ. പേരക്കുട്ടികൾ: കൃഷ്ണവേണി, കൃഷ്ണഗീതി
4. അശ്വിനി (ടീച്ചർ) ഭർത്താവ്: ഷൊർണൂർ ഇഞ്ചപ്പിള്ളി കണ്ണൻ (അൽ ഹിന്ദ് ട്രാവൽസ് ,കോഴിക്കോട്)പേരക്കുട്ടികൾ:
ആരവ് ,അഗ്നീവ് ( വിദ്യാർത്ഥികൾ)
5. ശ്യാമിനി (ടീച്ചർ) ഭർത്താവ്:കറുകമണ്ണ ഡോക്ടർ ശരത് ഗോവിന്ദ് (തുവ്വൂരിൽ സ്വന്തം ക്ലിനിക്ക്)പേരക്കുട്ടികൾ:
സാത്വിക് ശങ്കർ ,സാൻവിക പാർവ്വതി (വിദ്യാർത്ഥികൾ)




*സ്കൂൾ വാഹനങ്ങൾ, സ്കൂൾ മൈതാനം*

ജില്ലാ ഓഫീസ് സ്ഥിതി ചെയ്യുന്ന മഞ്ചേരി ശാന്തിഗ്രാമിലെ സ്ഥലം സഭക്ക് സംഭാവന ചെയ്തത് പട്ടലകം ഇല്ലക്കാരാണ്.

പ്ളസ് 2 അനുവദിച്ചു കിട്ടിയപ്പോൾ ആർട്ടിലും കൊമേഴ്സിലും ഒതുങ്ങിയില്ല. സയൻസ് വിഷയങ്ങൾക്കു വേണ്ട ലബോറട്ടറി സൗകര്യങ്ങളും ഒരുക്കിയാണ് പി എം എസ് സ്കൂൾ ഈ മാറ്റത്തെ വരവേറ്റത്. രണ്ട് ഗ്രൂപ്പുകളിൽ നിന്നും വളർന്ന് അഞ്ച് കോമ്പിനേഷൻ ഗ്രൂപ്പുകളിൽ പഠിക്കാൻ ഇന്ന് പി എം എ എച് എസ്സിൽ സൗകര്യമുണ്ട്. വിദ്യാലയത്തിന്റെ സിൽവർ, ഗോൾഡൻ ജൂബിലികൾ നാടിന്റെ മുഴുവൻ ആഘോഷമായി. ജൂബിലി സ്മരണികകൾ ഇറങ്ങി. ചടങ്ങുകളിൽ മന്ത്രിമാരടക്കമുള്ള രാഷ്ട്രീയ സാമൂഹ്യരംഗത്തെ പ്രമുഖർ പങ്കെടുത്തു. സാഹിത്യനായകന്മാരായ എം ടിയും മാടമ്പും ആലങ്കോടും വിദ്യാലയത്തിൽ എത്തി. സ്കൂളിലെ വലിയ കളിമൈതാനം, സ്പോർട്സ് കോംപ്ളക്സ് ആയി ഉദ്ഘാടനം നടത്തിയത് മുൻ മന്ത്രിയായിരുന്ന പന്തളം സുധാകരനായിരുന്നു

പി.എം.എസ്സിൽ നിന്നും പഠിച്ചിറങ്ങിയ ആയിരങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലുമായി വിവിധ തുറകളിൽ സേവനമനുഷ്ഠിക്കുന്നു. അഭിമാനപൂർവ്വം തന്നെ പി എം എസ്സിലെ പൂർവ്വ വിദ്യാർത്ഥിയാണെന്ന് അവർ വിളിച്ചു പറയുന്നു. ജാതിമത സംഘർഷങ്ങളില്ലാതെ പുരോഗതിയുടെ പാതയിൽ ഒരു വിദ്യാലയം കൊണ്ടു നടന്നതിന്റെ ക്രെഡിറ്റ് മുഴുവൻ അപ്പുവേട്ടനാണ്. സ്കൂളിലെ വലിയ പ്രശ്നങ്ങൾ പോലും സ്റ്റാഫ് റൂമിലെ തന്റെ സാന്നിധ്യം കൊണ്ട് മാത്രം ലളിതമായി പരിഹരിക്കുമായിരുന്നു അപ്പുവേട്ടൻ.

സ്കൂളിൽ വരുന്ന വേക്കൻസികൾ എല്ലാം പറ്റുമെങ്കിൽ അസ്മാദികൾക്ക് സംവരണം ചെയ്യാനായിരുന്നു അപ്പുവേട്ടന് താത്പര്യം. സംവരണനിയമങ്ങൾ പലപ്പോഴും

**സ്കൂളിൽ വരുന്ന വേക്കൻസികൾ എല്ലാം പറ്റുമെങ്കിൽ അസ്മാദികൾക്ക് സംവരണം ചെയ്യാനായിരുന്നു അപ്പുവേട്ടന് താത്പര്യം. സംവരണ നിയമങ്ങൾ പലപ്പോഴും സർക്കാർ സർവ്വീസിൽ നിന്ന് ബ്രാഹ്മണരെ അകറ്റുന്ന കാലമാണല്ലോ എന്നതായിരുന്നു അപ്പുവേട്ടന്റെ ന്യായം. കേരളത്തിലെ പല ജില്ലകളിൽ നിന്നും പി എം എസ്സിൽ ജോലിക്കായി വന്ന് ഇവിടെ താമസക്കാരായി മാറിയ നമ്പൂതിരിമാർ ധാരാളമുണ്ട്.**

സർക്കാർ സർവ്വീസിൽ നിന്ന് ബ്രാഹ്മണരെ അകറ്റുന്ന കാലമാണല്ലോ എന്നതായിരുന്നു അപ്പുവേട്ടന്റെ ന്യായം. കേരളത്തിലെ പല ജില്ലകളിൽ നിന്നും പി എം എസ്സിൽ ജോലിക്കായി വന്ന് ഇവിടെ താമസക്കാരായി മാറിയ നമ്പൂതിരിമാർ ധാരാളമുണ്ട്. മറ്റ് മാനേജ്മെൻറ് വിദ്യാലയങ്ങളിൽ നിന്നും വിഭിന്നമായി ഇവിടെ ജോലിയുടെ പ്രധാന മാനദണ്ഡങ്ങളായി സ്വീകരിച്ചത് യോഗ്യതയും അർപ്പണബോധവുമായിരുന്നു. പിഎംഎസ്സിലെ പഠന നിലവാരം ഉയർന്നു തന്നെ നില നിന്നതിന് കാരണവും മറ്റൊന്നല്ല. ഹയർ സെക്കന്ററി നിലവിലില്ലാത്ത പഞ്ചായത്തുകളിൽ നിലവിലുള്ള ഒരു ഹൈസ്കൂളിൽ പ്ലസ് 2 അനുവദിക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ അത് സ്വാഭാവികമായി തന്നെ പി എം എസ് സ്കൂളിന് ലഭിച്ചു. പഴയ യു പി സ്കൂൾ അപ്പുവേട്ടന്റെ നേതൃത്വത്തിൽ ഇന്ന് പി എം എസ് എ ഹയർ സെക്കന്ററി സ്കൂളായി വളർന്ന് പന്തലിച്ച് നിൽക്കുന്നു.

ഡിവിഷൻ ഫാളുകൾ ഈ സ്കൂളിൽ ഇല്ല. ഒരു ക്ലാസിൽ രണ്ടു വിദ്യാർത്ഥികൾ കൂടിയാൽ ആർത്തി പിടിച്ച് പുതു ഡിവിഷനും പോസ്റ്റിനും ഇവിടെ ശ്രമിക്കാറുമില്ല. അതായിരുന്നു അപ്പുവേട്ടന്റെ നയം. അധികാരികൾക്കും പൊതുജനങ്ങൾക്കും ഈ വിദ്യാലയത്തെപ്പറ്റി പരാതികൾ കുറവാണ്. നിയമവിധേയമായ എല്ലാ സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് നൽകാനും നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടാനും അതീവ നിഷ്ക്കർഷയായിരുന്നു.

ജില്ലാ സംസ്ഥാന തലത്തിൽ കലയിലും കായിക രംഗത്തും ഇവിടത്തെ കുട്ടികൾ മികവു തെളിയിച്ച് പലവട്ടം സമ്മാനിതരായി. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും പി എം എസ്സ് സ്കൂൾ മികവ് പുലർത്തുമ്പോൾ മാനേജർ എന്ന നിലയിൽ വല്ലാത്ത സന്തോഷം തോന്നുമെന്ന് അപ്പുവേട്ടൻ പറയാറുണ്ടായിരുന്നു. മറ്റൊരു പ്രത്യേകത




*ഇല്ലം വക സ്ഥലം നൽകി നിർമ്മിച്ച ഗവ. സ്കൂൾ , നീലകണ്ഠൻ നമ്പൂതിരി സ്മാരക ബ്ളോക്ക്*

യായി അടുപ്പക്കാർ പറയുന്നത് അപ്പുവേട്ടന്റെ അസാധ്യമായ ഓർമ്മശക്തിയാണ്. ഒരിക്കൽ കണ്ട ആളെ ഒരു കാലത്തും മറക്കാതെ മനസ്സിൽ കോഡ് ചെയ്തും പിന്നെ കാണുമ്പോൾ അതിവേഗം ഡീകോഡ് ചെയ്തും എടുക്കുന്ന വല്ലാത്തൊരു ശക്തി വിശേഷം.

പഴയ രീതിയിൽ കെട്ടിയുയർത്തിയ സ്കൂളിൽ, ബിൽഡിംഗുകളുടെ ഘടനയാകെ ഒന്നു മാറ്റി പുതിയ ഡിസൈനിൽ ആധുനീകരിക്കണമെന്ന് അപ്പുവേട്ടൻ ആഗ്രഹിച്ചിരുന്നു. പ്രവർത്തന മണ്ഡലത്തിൽ ആക്ടീവ് ആയി നിൽക്കുമ്പോൾ തന്നെയായിരുന്നു അപ്പുവേട്ടന്റെയും അകാലമരണം. 2020ൽ. ഒരു പാട് സ്വപ്നങ്ങൾ ബാക്കി വെച്ചു കൊണ്ട് ഇല്ലത്തിന്റെയും സ്കൂളിന്റെയും നാഥൻ ജീവിതത്തിൽ നിന്ന് വിരമിക്കുകയായിരുന്നു.

പട്ടലകം ഇല്ലം, കരിക്കാട് ഗ്രാമം, തൃക്കലങ്ങോട് പഞ്ചായത്ത്, മലപ്പുറം ജില്ല.കശ്യപ ഗോത്രം, യജുർവേദം.ഏറ്റവും കുറഞ്ഞത് 300 വർഷങ്ങൾ പഴക്കമുള്ള എട്ടുകെട്ടാണ് പട്ടലകത്ത്. നൂറ്റാണ്ടുകളുടെ കരളുറപ്പുള്ള പാരമ്പര്യം. ഒരു പക്ഷേ കേരളത്തിലെ പഴക്കമേറിയ എട്ടുകെട്ടുകളിലൊന്ന് ഇതാവാം. അപ്പുവേട്ടന് ഉണ്ണികളുണ്ടായില്ല. പെൺകുട്ടികൾ അഞ്ച്. എല്ലാവരുടെയും പെൺകൊട കഴിഞ്ഞപ്പോൾ ഇൻ ലോസ് ആയി അഞ്ച് പുത്രന്മാരെയാണ് ലഭിച്ചത്.

കർമ്മരംഗങ്ങളിൽ സജീവമായി നിൽക്കെ ആയിരുന്നു അപ്പുവേട്ടന്റെ അന്ത്യം ( 2020). ആ വലിയ മനുഷ്യന്റെ ഓർമ്മക്കായി സ്കൂൾ സ്കൗട്ട് വിഭാഗത്തിന്റെ നേതൃത്വത്തിൽ സാന്ത്വന ചികിത്സാ വിഭാഗം ആരംഭിച്ചിരിക്കുകയാണ് കുട്ടികൾ. നാട്ടിലെ കിടപ്പു രോഗികൾക്ക് വീൽ ചെയറും വാട്ടർ ബൈഡുമൊക്കെ നൽകാൻ. അറിവിന്റെയും അലിവിന്റെയും തമ്പുരാന് ജീവസ്സുറ്റ സ്മാരകമായി പി എം നീലകണ്ഠൻ നമ്പൂതിരി സ്റ്റുഡന്റ്സ് ഇനീഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ.

**അപ്പുവേട്ടന്റെ ഓർമ്മക്കായി സ്കൂൾ സ്കൗട്ട് വിഭാഗത്തിന്റെ നേതൃത്വത്തിൽ സാന്ത്വന ചികിത്സാ വിഭാഗം ആരംഭിച്ചിരിക്കുകയാണ് കുട്ടികൾ. നാട്ടിലെ കിടപ്പു രോഗികൾക്ക് വീൽ ചെയറും വാട്ടർ ബൈഡുമൊക്കെ നൽകാൻ. അറിവിന്റെയും അലിവിന്റെയും തമ്പുരാന് ജീവസ്സുറ്റ സ്മാരകമായി പി എം നീലകണ്ഠൻ നമ്പൂതിരി സ്റ്റുഡന്റ്സ് ഇനീഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ.**

വിദ്യാലയ നടത്തിപ്പ് ഇന്ന് മക്കളുടെ ട്രസ്റ്റാണ്. മാനേജരായി അപ്പുവേട്ടന്റെ സഹധർമ്മിണി പെരുമ്പിള്ളി മകൾ സാവിത്രി അന്തർജനം.

പട്ടലകത്ത് ഇല്ലത്തിന് അധികം ദൂരത്തല്ല പി എം എസ്സ് വിദ്യാലയം. അപ്പുവേട്ടന്റെ ആകസ്മിക നിര്യാണത്തിന് മുമ്പ് മറ്റൊരു ദുരന്തം സ്കൂളിനും ഇല്ലത്തിനുമുണ്ടായി. അകാലത്ത് നിര്യാതനായ ശങ്കരൻ നമ്പൂതിരിയുടെയും(പി എം എസ് ) സുഭദ്ര ടീച്ചറുടെയും മകൾ ഗീത ഈ സ്കൂളിൽ തന്നെ ഹിന്ദി ടീച്ചറായിരുന്നു. വിദ്യാർത്ഥികൾ ഏറ്റവും ഇഷ്ടപ്പെട്ട ടീച്ചർമാരായിരുന്നു രണ്ടുപേരും. മഞ്ചേരിയിലെ വസതിയിൽ നിന്നും സ്കൂളിലേക്ക് ടീച്ചർ തന്റെ സ്കൂട്ടർ ഓടിച്ചു വരുമ്പോഴായിരുന്നു ബസ്സുമായി കൂട്ടി ഇടിച്ചത്. ദാരുണമായ അപകടം സൃഷ്ടിച്ച ആഘാതത്തിൽ ഇല്ലക്കാർക്കൊപ്പം കുട്ടികളും നാട്ടാരും ഏറെ സങ്കടപ്പെട്ടു. ചെറുപ്പത്തിൽ തന്നെ ഭർത്താവിനെ നഷ്ടപ്പെട്ട സുഭദ്ര ടീച്ചർക്ക് മകളേയും നഷ്ടമായപ്പോൾ കണ്ടു നിന്നവർക്ക് പോലും കരച്ചിലടക്കാനായില്ല.

ബ്രഹ്മാലയവും വിദ്യാലയവും ഇവിടെ രണ്ടല്ല. പട്ടലകം അന്യം നിൽക്കുന്നില്ല. ജീവിതത്തിന്റെ കൊടിപ്പടവും താഴില്ല; മനയുടെ വിദ്യാലയം ഉള്ളിടത്തോളം കാലം. ഇനിയുമിനിയും ഉയരങ്ങളിൽ ജ്ഞാനത്തിന്റെ ധ്വജം ഉയർന്നു പറക്കണം. ഈ ഗ്രാമത്തിന് വിദ്യാരംഭം കുറിച്ചത് പട്ടലകത്ത് മനയാണ്. വിജയദശമികൾ തുടരുക തന്നെ ചെയ്യും.

പട്ടലകത്ത് സാവിത്രി അന്തർജനം:
ഫോൺ :9562690072
പഴേടം നാരായണൻ നമ്പൂതിരി
(അപ്പുവേട്ടന്റെ സഹോദരീ പുത്രൻ):
ഫോൺ: 9745859537

*S&P Service Products*



ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സയൻസിൽ നിന്നൊരു

# സയിന്റിസ്റ്റായ സംരംഭകൻ

**താമരക്കുളം ദിവാകരൻ നമ്പൂതിരി**



അര നൂറ്റാണ്ടു മുമ്പ് ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സയൻസിൽ ഒരു നമ്പൂതിരി എത്തിപ്പെടണമെങ്കിൽ കുറച്ചൊന്നും പോരാ മികവ്. ഇന്ത്യയിലെ ഒന്നാം നമ്പർ വിദ്യാഭ്യാസസ്ഥാപനമാണ് ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സയൻസ്. അവിടെ നിന്ന് പി. എച്ച് ഡി. അതും മൈക്രോ ബയോളജിയിൽ. പിന്നെ കാനഡയിൽ ഉപരി പഠനം. കനേഡിയൻ നാഷനൽ റിസർച്ച് കൗൺസിലിൽ പോസ്റ്റ് ഡോക്റ്ററൽ ഫെല്ലോഷിപ്പ്.

ഇന്നത്തെ തലമുറയിലുള്ളവർ പോലും കൊതിക്കുന്ന ഇത്തരം നേട്ടങ്ങൾ രണ്ടു തലമുറ മുമ്പ് കൈവരിച്ച ആളാണ് അവണൂർ ദാമോദരൻ നമ്പൂതിരി. അതുകൊണ്ടു തന്നെ ഇപ്പോൾ ദക്ഷിണേന്ത്യയിലെ ഇംഗ്ളീഷ് മരുന്നു കമ്പനികളിൽ സൂപ്പർ ബ്രാൻഡാണ് ഈ നമ്പൂതിരിയുടെ ചേതന. ഏതെങ്കിലും അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി ജീവിതം തീർക്കുകയാണ് ഇത്തരം പ്രൊഫൈലുകാർ സാധാരണ ചെയ്യാറ്. എന്നാൽ സംരംഭകനായി ഇന്ത്യയിലേക്ക് തിരിച്ചു വന്ന ആളാ



*അവണൂർ ദാമോദരൻ നമ്പൂതിരി.*

**ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സയൻസിൽ നിന്ന് മൈക്രോ ബയോളജിയിൽ പി. എച്ച് ഡി. കാനഡയിൽ ഉപരി പഠനം. കനേഡിയൻ നാഷനൽ റിസർച്ച് കൗൺസിലിൽ പോസ്റ്റ് ഡോക്റ്ററൽ ഫെല്ലോഷിപ്പ്. 3 ഫാക്ടറികൾ, ഫാക്ടറിയിലും മാർക്കറ്റിംഗിലുമായി 250 ഓളം ജീവനക്കാർ, 70 കോടി രൂപയുടെ വാർഷിക ടേൺഓവർ. കുറഞ്ഞ വിലയിൽ നല്ല ക്വാളിറ്റിയുള്ള മരുന്നുകൾ. ചിലതാകട്ടെ ആമേഖലയിലെ കുത്തകയെന്നു തന്നെ പറയാം. തികച്ചും അഭിമാനിക്കാം പഞ്ചേന്ദ്രിയങ്ങളുടെ ഈ കാവൽക്കാരന്. നമ്മളിൽ ഒരാളാണെന്നതിൽ നമുക്കും.**



*ചേതന ഫാർമസ്യൂട്ടിക്കൽസും ചേതന ഫോർമുലേഷൻസും*

ണ് അവണൂർ. സംരംഭകരാവാൻ കൊതിക്കുന്നവർക്ക് ഈ നമ്പൂതിരിയിൽ നിന്ന് അറിയാൻ ഏറെയുണ്ട്

അധികമാരും കൈവെക്കാത്ത അലോപ്പതി മരുന്നുകളാണ് ഉല്പന്നം. അതും ഏറെ ശ്രദ്ധ വേണ്ടവ. കണ്ണിനും മൂക്കിനും ചെവിക്കും ഉള്ള തുള്ളി മരുന്നുകൾ. അങ്ങനെ ഏഷ്യയിലെ മികച്ച കമ്പനിയായി ചേതന. സ്റ്ററൈൽ ഓഫ്താൽമിക്, നോൺസ്റ്ററൈൽ നേസൽ, ഓട്ടിക് ഫോർമുലേഷൻസ് ശ്രേണിയിലുള്ള മരുന്നുകൾ നിർമ്മിക്കുന്ന ചേതന പൂർണമായും നമ്പൂതിരി കുടുംബത്തിന്റെ ഉടമസ്ഥതയിലാണ്. ചെറുപ്പത്തിൽ നല്ല വിദ്യാഭ്യാസം നേടി. കാലത്തിനു മുൻപേ തന്നെ സംരംഭകത്വത്തിന്റെ വഴി സ്വീകരിച്ചു. അവണൂർ സഹോദരന്മാരിൽ ഇളയവനാണ് ദാമോദരൻ നമ്പൂതിരി.

ആരും മോഹിക്കുന്ന പ്രസ്റ്റീജിയസ്സായ ബെംഗളൂരിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിൽ (ഐഐഎസ് സി ) സെലക്ഷൻ നേടി. 1966–72 കാലത്ത് മൈക്രോബയോളജിയിൽ ദാമോദരൻ നമ്പൂതിരി ഡോക്റ്ററേറ്റ് നേടി. അന്നത്തെ സാഹചര്യത്തിൽ വിപ്ളവകരമായ നേട്ടം. പിന്നീട് 1972–74 ൽ കനേഡിയൻ ഗവൺമെന്റിന്റെ കീഴിലുള്ള കനേഡിയൻ നാഷനൽ റിസർച്ച് കൗൺസിലിൽ നിന്നും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പും ചെയ്തു. 1975 മുതൽ യൂനിവേഴ്സിറ്റി ഓഫ് സിൻസിനാറ്റിയിൽ കൊളസ്റ്ററോൾ ബയോസിന്തസിസിൽ റിസർച്ച് ചെയ്തു. സ്റ്ററൈൽ ലിക്വിഡ് ഫാർമസ്യൂട്ടിക്കൽ ഫോർമുലേഷൻ ആയിരുന്നു വർക്ക് ഏരിയ. 1983 ൽ സ്വന്തമായി ഒരു സ്ഥാപനം തുടങ്ങുകയെന്ന മോഹവുമായി നാട്ടിലേക്ക് മടങ്ങി.

1983 ൽ സ്വന്തമായി ഒരു സ്ഥാപനം തുടങ്ങുകയെന്ന മോഹവുമായി നാട്ടിലേക്ക് മടങ്ങി.മൂത്ത സഹോദരൻ അഡ്വ നാരായണൻ നമ്പൂതിരി അന്ന് ലോഹശിൽപി എന്ന വ്യവസായ യൂനിറ്റ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ജ്യേഷ്ഠനായിരുന്നു ഇൻസ്പിരേഷൻ.

മൂത്ത സഹോദരൻ അഡ്വ നാരായണൻ നമ്പൂതിരി അന്ന് ലോഹശിൽപി എന്ന വ്യവസായ യൂനിറ്റ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ജ്യേഷ്ഠനായിരുന്നു ഇൻസ്പിരേഷൻ. അലോപ്പതി ഔഷധ നിർമ്മാണം തന്നെയായിരുന്നു മനസ്സിൽ. സിറപ്പുകൾക്ക് നല്ല കോംപറ്റീഷൻ വരും. സ്വന്തം ഫീൽഡായ സ്റ്ററൈൽ ലിക്വിഡ് ഫോർമുലേഷൻ തന്നെ തിരഞ്ഞെടുത്തു. ഈ ഫീൽഡിൽ 1980 കളിൽ സൌത്ത് ഇന്ത്യയിൽ ഒന്നോ രണ്ടോ കമ്പനികൾ മാത്രം. നല്ല ക്വാളിറ്റിയെങ്കിൽ വിജയം ഉറപ്പ്. തുടങ്ങിയ അന്നുമുതൽ ക്വാളിറ്റിയിൽ ഒരു കോംപ്രമൈസിനും തയ്യാറായിരുന്നില്ല ചേതന.

1985 ലാണ് ചേതനാ ഫാർമസ്യൂട്ടിക്കൽസ് ഡോ. എ.എം. ദാമോദരൻ നമ്പൂതിരി, സഹോദര പുത്രൻ ദാമോദർ അവണൂർ, സഹോദരിയുടെ മകൻ പുതുമന പുരുഷോത്തമൻ എന്നിവരുടെ പാർട്ണർഷിപ്പിൽ ആരംഭിക്കുന്നത്. കണ്ണിനും മൂക്കിനും ചെവിക്കും ഉപയോഗിക്കുന്ന വിവിധ തരം തുള്ളി മരുന്നുകൾ. ഒരു ഷിഫ്റ്റിൽ മാസത്തിൽ 5 ലക്ഷം യൂനിറ്റുകൾ ആയിരുന്നു അന്നത്തെ കപ്പാസിറ്റി. പുതുമന പുരുഷോത്തമൻ പ്രൊഡക്ഷനിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ദാമോദർ അവണൂർ ഫിനാൻസിലും. ഇപ്പോൾ മകൻ ശരത് നമ്പൂതിരി (എം.ബി.എ – ഇന്റർ നാഷനൽ ബിസിനസ്) മാർക്കറ്റിംഗിൽ ശ്രദ്ധിക്കുന്നു.

തികച്ചും ബാക്റ്റീരിയ രഹിത അന്തരീക്ഷം വേണം. ഫാക്റ്ററിയിൽ സന്ദർശകർക്ക് പ്രവേശനം ഇല്ലേ ഇല്ല. ജോലിക്കാർ കോട്ടും മാസ്കും ഷീൽഡുമൊക്കെ ധരിച്ചു മാത്രമേ ഫാക്റ്ററിക്കുള്ളിൽ പ്രവർത്തിക്കാവൂ. അവിടെയാണ് ക്വാളിറ്റി

യുടെ പ്രസക്തി.

1995 ൽ ചേതനാ മെഡിക്കമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ആയുർവേദ മരുന്നു കമ്പനി രൂപീകരിച്ച് അരിപ്ര ഫാക്റ്ററിയിൽ ആയുർവേദ പാറ്റന്റ് മരുന്നുകൾ നിർമിക്കുവാൻ തുടങ്ങി. ഇപ്പോൾ കഷായങ്ങൾ, തൈലങ്ങൾ തുടങ്ങിയ ക്ലാസിക് മരുന്നുകളും നിർമ്മിക്കുന്നുണ്ട്. കുട്ടികൾക്കായി കഷായങ്ങൾ സിറപ്പ് രൂപത്തിൽ നിർമ്മിക്കാനുള്ള പേറ്റന്റുമുണ്ട്. ആധുനിക രീതിയിലുള്ള ആയുർവേദ തുള്ളി മരുന്നുകളും നിർമ്മിക്കാനുള്ള പ്ലാൻ ഉണ്ട്. ഡോ. വെളുത്താട്ട് ത്രിവിക്രമൻ നമ്പൂതിരിയാണ് ഡയറക്ടർ കം ആയുർവേദ ടെക്നിക്കൽ അഡ്വൈസർ.

1996 ൽ ആരംഭിച്ച ചേതന മർക്കന്റൈസ് പ്രൈ.ലി. കമ്പനിക്കാണ് മാർക്കറ്റിംഗ് ചുമതല. കപ്ളിങ്ങാട്ട് ബാബു എന്ന ചാർട്ടേഡ് എക്കൌണ്ടന്റാണ് എക്സിക്യൂട്ടീവ് ഡയറക്റ്റർ. ദാമോദർ അവണൂർ, ശരത് നമ്പൂതിരി അവണൂർ എന്നിവരും മാർക്കറ്റിംഗിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഏതൊരു വ്യവസായത്തിന്റേയും നട്ടെല്ലാണ് മാർക്കറ്റിംഗ്. മാർക്കറ്റിംഗ് വിഭാഗത്തിൽ മാത്രം 75 ഓളം പേർ പ്രവർത്തിക്കുന്നു. മരുന്നു കയറ്റുമതിക്കുള്ള ജി എം. പി. സർട്ടിഫിക്കേഷൻ ചേതനക്കുണ്ട്. ഗുഡ് മാനു ഫാക്ചറിംഗ് പ്രാക്ടീസ് - ഉൽപ്പന്നങ്ങ ളുടെ ക്വാളിറ്റിയും കൺസിസ്റ്റൻസി യും ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള സർട്ടിഫിക്കേഷനാണ്. എന്നാൽ കൂടു തൽ സ്ട്രിക്റ്റ് ആയ പി.ഐ.സി.എസ് (ഫാർമസ്യൂട്ടിക്കൽ ഇൻസ്പെക്ഷൻ കോ - ഓപ്പറേഷൻ സ്കീം.) എന്ന പുതിയ മാനദണ്ഡത്തിനനുസരിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

2006 ലാണ് നോൺ സ്റ്ററൈൽ ഉൽപ്പന്നങ്ങൾ ആനമങ്ങാട്ടുള്ള ഫാക്റ്ററിയിലേക്ക് മാറ്റുന്നത്. കപ്പാസിറ്റി 6 ലക്ഷം യൂനിറ്റ് ഒരു ഷിഫ്റ്റിൽ . ഇതിനായി ചേതനാ ഫോർമുലേഷൻസ് പ്രൈ ലി കമ്പനി രൂപീകരിച്ചു. ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്നത് നോൺസ്റ്റെറൈൽ മരുന്നുകളാണ്.

സ്റ്ററൈൽ ഐ ഫോർമുലേഷൻസായി 20 ഓളം മരുന്നുകളുണ്ട്. കണ്ണിനും ചെവിക്കും കൂടി ഉപയോഗിക്കാവുന്ന മരുന്നുകളുണ്ട്. നേസൽ കൺജഷന് ഉപയോഗിക്കുന്ന സലൈന, ഓക്സിഡ്രോപ്പ്സ് തുടങ്ങിയവക്കും വളരെ വലിയ ഡിമാന്റാണ്. കണ്ണ്, മൂക്ക്, ചെവി ചികിത്സയിൽ ഉപയോഗിക്കുന്ന എല്ലാതരം തുള്ളി മരുന്നുകളും ചേതന ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ പീഡിയാട്രിക്, ഓർത്തോ, ഗൈനക്, ഡെന്റൽ വിഭാഗങ്ങളിലുള്ള ടാബ്ലറ്റുകളും സിറപ്പുകളും മാർക്കറ്റ് ചെയ്യുന്നുണ്ട്.കേരളം, തമിഴ്നാട്, കർണാടക സ്റ്റേറ്റുകളിലാണ് മാർക്കറ്റിംഗ് ശൃംഘലയുള്ളത്. വിയറ്റ്നാം, മ്യാൻമർ, മൌറീഷ്യസ് തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതിയുമുണ്ട്.

ചെറുകിട മരുന്നു നിർമ്മാണ കമ്പ നികളുടെ ദേശീയ അസോസിയേഷ നുകളായ സി.ഐ.പി.ഐ (കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമ സ്യൂട്ടിക്കൽ ഇൻഡസ്ട്രീസ്), എൻ.എ. പി.എ (നാഷനൽ അലയൻസ് ഓഫ് ഫാർമസ്യൂട്ടിക്കൽ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻസ്) എന്നിവയുടെ ഫൗണ്ടർ കോ-ചെയർമാനും കേരള ഘടകമായ കെ.പി.എം.എ യുടെ മുൻ പ്രസിഡണ്ടുമായ ഡോ ദാമോദരൻ നമ്പൂതിരി എല്ലാത്തിനും നേതൃത്വം കൊടുത്തു കൊണ്ടിരിക്കുന്നു. വിട്ടുവീഴ്ച യില്ലാത്ത ക്വാളിറ്റി തന്നെയാണ് ചേതനയെ തെക്കേ ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ഒരു സ്ഥാപനമാക്കിയത്.

3 ഫാക്റ്ററികൾ, ഫാക്റ്ററിയിലും മാർക്കറ്റിംഗിലുമായി 250 ഓളം ജീവനക്കാർ, 70 കോടി വാർഷിക ടേൺ ഓവർ , കുറഞ്ഞ വിലയിൽ നല്ല ക്വാളിറ്റിയുള്ള മരുന്നുകൾ. ചിലവ മൊണോപ്പോളി എന്നു തന്നെ പറയാം. തികച്ചും അഭിമാനിക്കാം പഞ്ചേന്ദ്രിയങ്ങളുടെ ഈ കാവൽക്കാരന്. നമ്മളിൽ ഒരാളാണെന്നതിൽ നമുക്കും. ●

ഡോ. എ.എം.ദാമോദരൻ നമ്പൂതിരി
അവണൂർ, ആനമങ്ങാട് പി.ഒ.
മലപ്പുറം, പിൻ:679357,
മൊബൈൽ:9847030360
പുരുഷോത്തമൻ പുതുമന
മൊബൈൽ: 9847028770
ശരത് നമ്പൂതിരി
മൊബൈൽ: 9961482154



*പുതുമന പുരുഷോത്തമൻ, ദാമോദർ അവണൂർ, ശരത് നമ്പൂതിരി*

## അവണൂർ സഹോദരങ്ങൾ

1 അഡ്വ: നാരായണൻ നമ്പൂതിരി ബി.എ.ബി.എൽ (ലയോള കോളേജ് മദിരാശി) ഗോബർ ഗ്യാസ് പ്ലാന്റ്, ഗേറ്റ്, ഗ്രിൽ, റോളിംഗ് ഷട്ടറുകൾ എന്നിവ നിർമ്മിച്ചിരുന്ന ലോഹശിൽപിയുടെ ഫൗണ്ടർ. ഇപ്പോൾ റബ്ബർ റോളറുകളാണ് നിർമ്മിക്കുന്നത്. ദാമോദർ അവണൂർ മകനാണ്.

2 നീലകണ്ഠൻ നമ്പൂതിരി - പ്ലാന്റർ, മെഡിക്കൽ സ്റ്റോർ , വളം - കാലിത്തീറ്റ കച്ചവടം, മോട്ടോർ , വാട്ടർ പമ്പുകൾ കട എന്നിവ നടത്തിയിരുന്നു. മകൻ നാരായണൻ അവണൂർ ആയുർവേദ സ്ഥാപനത്തിന്റെ ഡയറക്റ്റർ.

3 അമ്മിണി അന്തർജനം പുതുമന - മകൻ പുരുഷോത്തമൻ ചേതനയുടെ പാർട്ട്ണർ.

4 ഡോ: ദാമോദരൻ നമ്പൂതിരി - ചേതനയുടെ ഫൗണ്ടർ, എം.ഡി. 83 ാം വയസ്സിലും സജീവം. മക്കൾ സഞ്ജയ് നമ്പൂതിരി(ഫാർമസിസ്റ്റ്), ശരത് നമ്പൂതിരി (എം.ബി.എ ) ചേതനയുടെ മാർക്കറ്റിംഗിൽ


14.7.2023
നവതിയുടെ
നിറവിൽ
ചെറുവക്കാട്ടില്ലത്ത്
ശ്രീദേവി അന്തർജനം
പി.ഒ പന്നിക്കോട്, മുക്കം
കോഴിക്കോട് ജില്ല, 9846883191
ആശംസകളോടെ: മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


തൃശ്ശൂർ പേരാമംഗലം,
കരിങ്ങംപിള്ളി സ്വരൂപം
കെ. എസ് ദാമോദരൻ
നമ്പൂതിരിപ്പാടിന്റെയും
ഉഷാദേവിയുടെയും
മകൾ
അനഘയും
മുണ്ടൂർ കൊടയ്ക്കാട്ട്മന
മധു കേശവന്റെയും
കെ. ആർ ബീനയുടെയും
മകൻ
സച്ചിൻ കേശവും
ആഗസ്റ്റ് 19 ശനിയാഴ്ച
തൃശൂർ ശ്രീശങ്കര
ഹാളിൽ വച്ച്
വിവാഹിതരായി.
മൊബൈൽ:
9645583676,
9400569609

# എഴുത്തിനിരുത്തലിന്റെ നവതിയിൽ

1920 മുതൽ ഉണ്ണിനമ്പൂതിരി എന്ന നമ്പൂതിരിയോഗക്ഷേമസഭയുടെ മുഖപത്രത്തിൽ വി.കെ. ഭട്ടതിരി എന്ന പേരിൽ അച്ഛൻ വരവൂർ കപ്ളിങ്ങാട്ടു മനയ്ക്കലെ നാരായണൻ ഭട്ടതിരി നിരവധി ലേഖനങ്ങൾ എഴുതിയിരുന്നു. അവയെല്ലാം തേടിപ്പിടിച്ച് എഡിറ്റു ചെയ്തു അഞ്ചു വോള്യങ്ങളിലായി പുസ്തക രൂപത്തിൽ ഇന്നു ലഭ്യമാക്കാനായി. റിട്ടയർമെന്റിനു ശേഷം ചന്ദ്രശേഖരൻ നടത്തിയ തിലോദകമായിരുന്നു ഈ സമാഹരണം.



*വരവൂർ കപ്ളിങ്ങാട്ടു മനയിലെ നാരായണൻ ഭട്ടതിരിയും ഭാര്യ പി. ലക്ഷ്മിക്കുട്ടി അമ്മയും (1900 /1977) മകൻ ചന്ദ്രശേഖരനും*

കോഴിക്കോട്ടെ സമുന്നത സാഹിത്യ പ്രവർത്തകനായ പി. ചന്ദ്രശേഖരന് ഈ വിജയദശമി എഴുത്തിനിരുത്തലിന്റെ നവതിയാണ്. 1952 മുതൽ മാതൃഭൂമിയിൽ അഞ്ചു കൊല്ലത്തോളം സഹപത്രാധിപർ. പിന്നെ 1958 മുതൽ 1985 വരെ ആകാശവാണിയിൽ. അക്കാലത്ത് തിരുവനന്തപുരത്തും ന്യൂഡൽഹിയിലും ആയിരുന്നു. റിട്ടയർമെന്റിനു ശേഷം പിതൃഋണം വീട്ടാൻ ജീവിതം ഉഴിഞ്ഞു വെച്ചു.

1920 മുതൽ ഉണ്ണിനമ്പൂതിരി എന്ന നമ്പൂതിരിയോഗക്ഷേമസഭയുടെ മുഖപത്രത്തിൽ അച്ഛൻ വരവൂർ കപ്ളിങ്ങാട്ടു മനയ്ക്കലെ നാരായണൻ ഭട്ടതിരി വി.കെ. ഭട്ടതിരി എന്ന പേരിൽ നിരവധി ലേഖനങ്ങൾ എഴുതിയിരുന്നു. 1954 ൽ മരിക്കുന്നതുവരെ വേദാർത്ഥങ്ങൾ വ്യാഖ്യാനിച്ചു കൊണ്ടും വേദത്തിലെ പുരോഗമനാശയങ്ങൾ വിശദീകരിച്ചും ധാരാളം എഴുതി. അവയെല്ലാം തേടിപ്പിടിച്ച് എഡിറ്റു ചെയ്തു അഞ്ചു വോള്യങ്ങളിലായി പുസ്തക രൂപത്തിൽ ഇന്നു ലഭ്യമാക്കാനായി. റിട്ടയർമെന്റിനു ശേഷം ചന്ദ്രശേഖരൻ നടത്തിയ തിലോദകമായിരുന്നു ഈ സമാഹരണം. ഇതിനു മാത്രമായിട്ടാണ് വി.കെ.നാരായണ ഭട്ടതിരി സ്മാരക ട്രസ്റ്റ് രൂപീകരിച്ചത്. അച്ഛന്റെ ഇല്ലക്കാരുടെ പങ്കാളിത്തവും അതിനുണ്ടായി.

യശശ്ശരീരനായ വരവൂർ കപ്ളിങ്ങാട്ടു മനയിലെ നാരായണൻ ഭട്ടതിരിയുടെ നാലാമത്തെ മകനാണ് 93 കാരനായ ചന്ദ്രശേഖരൻ. വി. ടി ഭട്ടതിരിപ്പാടിനെ അക്ഷരം പഠിപ്പിച്ച തിയ്യാടിപ്പെൺകുട്ടി നങ്ങേലി മരോളമ്മക്കും അവരുടെ മക്കൾക്കും വരവൂരിൽ താമസ സൗകര്യം നൽകിയത് ചന്ദ്രശേഖരന്റെ അച്ഛന്റെ മനക്കാരായിരുന്നു.

‘സരസ്വതീ പൂജക്കു ശേഷമാണ് അച്ഛൻ മോതിരം കൊണ്ട് എന്റെ നാവിൽ ഹരിഃശ്രീ എഴുതിയത്. പിന്നെ അരിയിലും എഴുതിച്ചു. അക്ഷരമാല ചൊല്ലിത്തരുകയും ചെയ്തു. ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ വടക്കാഞ്ചേരി സ്കൂളിലായിരുന്നു. നല്ലവണ്ണം ശിക്ഷിച്ചു കൊണ്ടുള്ള പഠിപ്പിക്കലായിരുന്നു അച്ഛന്റേത്. മക്കളിൽ ക്ഷമയോടെ പഠിച്ചത് ഞാനാണ്. അതിനാൽ സംസ്കൃതത്തിലെ ഉയർന്ന മാർക്ക് പത്താം ക്ലാസ് ഫസ്റ്റ് ക്ലാസിൽ പാസാവാൻ കാരണമായി. തുടർന്ന് എറണാംകുളം മഹാരാജാസ് കോളേജിൽ എം.എ. (ധനതത്വശാസ്ത്രം) പാസാവാനും സംസ്കൃതത്തിലെ അടിത്തറ ഏറെ സഹായിച്ചു.

കാളവണ്ടിയിൽ വരവൂരിലെ അച്ഛന്റെ ഇല്ലത്തേക്കു പോകലും അവിടെ കളിച്ചുല്ലസിച്ചുള്ള മഠത്തിൽ താമസവും മറക്കാനാവില്ല. വല്യച്ഛന്റെ മുമ്പിൽ അച്ഛൻ ഇരിക്കുന്നത് കണ്ടിട്ടില്ല. തന്റെ ഏട്ടനോട് അത്ര ബഹുമാനമായിരുന്നു അച്ഛന്. വടക്കാഞ്ചേരിയിലെ ‘ആനന്ദാശ്രമം’ എന്ന ഞങ്ങളുടെ വീട്ടിലെ എല്ലാ ചെലവുകളും വരവൂരിലെ തറവാട്ടിൽ നിന്നാണ് നിറവേറ്റിയിരുന്നത്.’

പന്നിയങ്കര (കോഴിക്കോട് കല്ലായി ) ദുർഗ്ഗാഭഗവതി ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലെ ‘പ്രശാന്തി’ യിൽ താമസമാക്കിയിട്ട് നാലു പതിറ്റാണ്ടാവാറായി. മലബാർ ജേർണലിസ്റ്റ് അസോസിയേഷന്റെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1958 ൽ കല്ലായിലെ കല്പള്ളി പുലാപ്ര കുടുംബാംഗമായ കല്ല്യാണിക്കുട്ടിയെ വിവാഹം ചെയ്തതു മുതലാണ് ചന്ദ്രശേഖരൻ എന്ന വടക്കാഞ്ചേരിക്കാരൻ കോഴിക്കോടിനെ കർമ്മഭൂമിയാക്കിയത്. ●

1952 മുതൽ മാതൃഭൂമിയിൽ അഞ്ചു കൊല്ലത്തോളം സഹപത്രാധിപർ. പിന്നെ 1958 മുതൽ 1985 വരെ ആകാശവാണിയിൽ. അക്കാലത്ത് തിരുവനന്തപുരത്തും ന്യൂഡൽഹിയിലും ആയിരുന്നു. റിട്ടയർമെന്റിനു ശേഷം പിതൃഋണം വീട്ടാൻ ജീവിതം ഉഴിഞ്ഞു വെച്ചു.

പി. ചന്ദ്രശേഖരൻ,
’പ്രശാന്തി’, ബാബുരാജ് റോഡ്,
കല്ലായി, കോഴിക്കോട്,
പിൻ:673003/ഫോൺ: 9745140982



# ഷഷ്ഠിപൂർത്തി ആശംസകൾ

## സുധ മാധവൻ പള്ളത്തേരി

( ഭട്ടിയിൽ തെക്കേടത്തു
വാസുദേവൻ നമ്പൂതിരിയുടെയും
പാർവ്വതി അന്തർജ്ജനത്തിന്റേയും മകൾ )

ആശംസകളോടെ :
ഭർത്താവ്: മാധവൻ നമ്പൂതിരി,
പള്ളത്തേരി മന,
മകൻ: അരുൺ ചിത്രഭാനു ,
മരുമകൾ: അപർണ്ണ.
അനുഗ്രഹാശിസ്സുകളോടെ:
സഹോദരീ സഹോദരന്മാരും
മറ്റു ബന്ധുമിത്രാദികളും



# ശതാഭിഷിക്തനായി

## കെ.സി. കുട്ടി അനുജൻ രാജ

(റിട്ട. അദ്ധ്യാപകൻ,
സാമൂതിരി ഹൈസ്കൂൾ,
തളി, കോഴിക്കോട്)

കോഴിക്കോട് നടക്കാവിലുള്ള
ഐ.എം.എ. ഹാളിൽ 26.8.2023 ന്
പിറന്നാളാഘോഷിച്ചു.

*പത്നി:*
**ശോഭന**

*മക്കൾ:*
**ശ്രീകാന്ത് കോട്ടക്കൽ, ദുർഗ്ഗാദാസ്,
ധന്യശ്രീ, രാജശ്രീ.**



അരിയല്ലൂർ ആട്ടയൂർ ഇല്ലത്ത്
(മലപ്പുറം ജില്ല) എ.വി.വിജയന്റേയും
ആര്യാദേവി വിജയന്റേയും മകൻ

**അരവിന്ദും**

കോങ്ങാട് ചവർക്കാട്
ഇല്ലത്ത് മുരളിയുടേയും
ശോഭയുടേയും മകൾ

**സൗമ്യയും**

തമ്മിൽ 2023 സെപ്തംബർ
10-ാം തിയ്യതി (1199 ചിങ്ങം 25 )
ഞായറാഴ്ച രാവിലെ 11 നും 12 നും
മദ്ധ്യേയുള്ള മുഹൂർത്തത്തിൽ
പാലക്കാട് മുണ്ടൂർ സുധീഷ്
ഓഡിറ്റോറിയത്തിൽ
വെച്ച് വിവാഹിതരായി.

വിജയൻ : 9847435342
ആര്യാദേവി: 8547010217



## ജന്മദിനാശംസകൾ

**സുബ്രഹ്മണ്യൻ നമ്പൂതിരി**
മണ്ണാനിക്കാട് മന
പി.ഒ: എടയറ്റൂർ
വഴി: മേലാറ്റൂർ
മലപ്പുറം ജില്ല
പിൻ: 679326
മൊബൈൽ:9947165147

**86 ാം പിറന്നാൾ**
**ആഘോഷിക്കുന്ന**
**ഞങ്ങളുടെ പിതാവിന്**

സ്നേഹാദരങ്ങളോടെ
മക്കൾ : ശ്രീജ, പ്രവീൺ, സൗമ്യ



അമേരിക്ക, യുകെ, ആസ്ട്രേലിയ തുടങ്ങി വിദേശ രാജ്യങ്ങളിലേക്ക് മ്യൂറൽ ചിത്രങ്ങൾ അയക്കാറുള്ള പ്രശാന്തിന് അടുത്തിടെ മെൽബണിലേക്ക് പത്തോളം ചിത്രങ്ങളുടെ ഓർഡർ ലഭിച്ചു. നവ മാധ്യമങ്ങൾ വഴിയാണ് ഓർഡറുകൾ കിട്ടാറുള്ളത്.

# ജോലി ശാന്തി, ഹോബി വര; ഓർഡർ ഓൺലൈനിൽ

**ഉദയൻ നമ്പൂതിരിപ്പാട്.**



ഈയിടെ ഒരു വിവാഹ ചടങ്ങിനു പോയപ്പോൾ ഷർട്ടിൽ കാന്താരയിലെ മുഖങ്ങൾ വരച്ച ചില കുട്ടികളെ കണ്ടു. അടുത്ത കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട നല്ലൊരു സിനിമയാണ് കാന്താര. ആ സിനിമയിലെ ചില കഥാപാത്രങ്ങളുടെ മുഖത്തെഴുത്ത് വിചിത്രമായിരുന്നു. കൗതുകം തോന്നി ഇതെല്ലാം ആരു വരച്ചു തന്നതാണ് എന്ന എന്റെ അന്വേഷണമാണ് എന്നെ പ്രശാന്ത് നമ്പൂതിരി എന്ന ചെറുപ്പക്കാരന്റെ മുന്നിലെത്തിച്ചത്. ഏതോ സിനിമയിൽ പറഞ്ഞ പോലെ ഒരു സിംഹത്തിന്റെ മടയിൽ എത്തിയ ഒരു അനുഭവമാണ് എനിക്കുണ്ടായത്. ഒരു മഹാപ്രതിഭയുടെ

രാമായണ കഥകൾ വരക്കാനായി ഗോകർണ്ണത്തുള്ള രാമചന്ദ്രമഠക്കാർ അവരുടെ നാടു മുഴുവൻ തിരഞ്ഞു നടന്നത്രെ. പറ്റിയ ആളെ കണ്ടുപിടിക്കാനായില്ല. പിന്നെ കേരളത്തിലായി അന്വേഷണം. ആരോ പ്രശാന്തിനെപ്പറ്റി അവരോടു പറഞ്ഞു. പ്രശാന്ത് വരച്ച ചുമർ ചിത്രങ്ങൾ കണ്ടപ്പോൾ അവർക്കു രണ്ടാമതൊന്നു ആലോചിക്കാനുണ്ടായിരുന്നില്ല.

മുന്നിലെത്തിയ പോലെ .

ഗുരുവായുരാണ് പ്രശാന്തിന്റെ വീട്. വീട്ടിൽ നിറയെ വരച്ചു കഴിഞ്ഞതും വരക്കാൻ തുടങ്ങിയതുമായ ദേവീ ദേവന്മാരുടെ മ്യൂറൽ പെയിന്റിങ്ങുകൾ. വരച്ചു വെച്ച ചിത്രങ്ങൾക്ക് എന്തൊരു ഭംഗി. കണ്ണു മുഴുവൻ തുറന്നു നോക്കിയിട്ടും കണ്ണെടുക്കാനാവാത്ത മിഴിവ്.

ചെന്ന സമയത്ത് അദ്ദേഹം ഇല്ലത്തുണ്ടായിരുന്നില്ല. രാമായണ കഥകൾ വരക്കാനായി ഗോകർണ്ണത്തുള്ള രാമചന്ദ്രമഠത്തിൽ പോയതായിരുന്നു. അതു കഴിഞ്ഞാൽ ശ്രീ ശങ്കരാചാര്യ പരമ്പരയിലെ വിവിധ ആചാര്യന്മാരെ ചിത്രീകരിക്കണം. ഏതാണ്ടു മൂന്നു മാസമെടുക്കും അവിടത്തെ പണി തീരാൻ. ഇത്രയും വലിയൊരു ചിത്രീകരണം ചെയ്തു തീർക്കാൻ കഴിവുള്ളൊരാളെ ഗോകർണ്ണത്തെ സന്യാസി മഠക്കാർ അവരുടെ നാടു മുഴുവൻ തിരഞ്ഞു നടന്നത്രെ. പറ്റിയ ആളെ കണ്ടുപിടിക്കാനായില്ല. പിന്നെ കേരളത്തിലായി അന്വേഷണം. ആരോ പ്രശാന്തിനെപ്പറ്റി അവരോടു പറഞ്ഞു. പ്രശാന്ത് വരച്ച ചുമർ ചിത്രങ്ങൾ കണ്ടപ്പോൾ അവർക്കു രണ്ടാമതൊന്നു ആലോചിക്കാനുണ്ടായിരുന്നില്ല. പക്ഷേ ചെ

റിയൊരു പ്രശ്നം. പ്രശാന്ത് ഗുരുവായൂർ ദേവസ്വത്തിന്റെ കീഴേടമായ താമരയൂർ ക്ഷേത്രത്തിലെ ശാന്തിക്കാരനാണ്.

ഒരു മാസത്തിലധികം ലീവു കൊടുക്കില്ല. മുട്ടുശാന്തിക്ക് ആളെ കിട്ടാനും വിഷമം. ഒരോ മാസം ലീവെടുത്തു ചെന്ന് പണി പൂർത്തിയാക്കാം എന്നു പ്രശാന്ത്. അത് അവർക്കും സമ്മതമായി.

ആരാണീ ചെറുപ്പക്കാരൻ . ഐടി ജോലിക്കാരനോ, വിദേശ യുണിവേഴസിറ്റികളിൽ റിസർച്ചു ചെയ്യുന്ന വലിയ ഡിഗ്രികൾ പേരിനോടൊപ്പം കൊണ്ടു നടക്കുന്ന ആളോ അല്ല. പ്രി ഡിഗ്രി വരെ മാത്രം പഠിച്ച ശാന്തിക്കാരൻ. ശാന്തി കഴിഞ്ഞ് ഇല്ലത്തെത്തിയാൽ കൂർക്കം വലിച്ചുറങ്ങുന്ന സാധാരണ ശാന്തിക്കാരെ പോലെയല്ല. തന്റെ പണിപ്പുരയിലേക്ക്. ബ്രഷ് കൈയ്യിലെടുത്ത് സെറ്റു ചെയ്ത കാൻവാസ് ഷീറ്റുകളിലേക്ക്. കൃഷ്ണന്റേയും ശിവന്റേയും ഭഗവതിയുടേയും ഗണപതിയുടേയും ചിത്രങ്ങൾ. വൈകുന്നേരം പൂജക്കു പോകുന്നതു വരെ ഇതു തുടരും.

പയ്യന്നൂരിനടുത്തുള്ള കാങ്കോൽ എന്ന സ്ഥലത്തെ വടശ്ശേരി പയ്യളിക്കയാണ് ഇല്ലം. അച്ഛൻ നരസിംഹൻ നമ്പൂതിരി അവിടെ ശാന്തിക്കാരനായിരുന്നു. അൻപതു കൊല്ലം മുമ്പാണ്. അന്നു ഗൾഫ് ബൂമൊന്നും വന്നിട്ടില്ല. ക്ഷേത്രത്തിൽ മാസ ശമ്പളം കിട്ടാൻ തന്നെ വിഷമം. നടവരവ് ആലോചിക്കയേ വേണ്ട. അന്നത്തെ കാലത്ത് കേരളത്തിനു വടക്കുള്ള ഇല്ലങ്ങളിൽ പിറക്കുന്ന ഉണ്ണികളെ സമാവർത്തനം കഴിഞ്ഞാൽ 'തെക്കു പോയി ശാന്തി ചെയ്ത് പണം കൊണ്ടു വാ ' എന്നു പറഞ്ഞ് അനുഗ്രഹിച്ച് തെക്കോട്ടു വിടുകയായിരുന്നു പതിവ്. നരസിംഹൻ നമ്പൂതിരിയും ഇല്ലത്തെ ദാരിദ്ര്യ ശമനത്തിനായി തെക്കോട്ടു വെച്ചു പിടിച്ചു. എത്തിപ്പെട്ടത് ഗുരുവായൂരിൽ. ഭാഗ്യത്തിനു ദേവസ്വം കീഴേടമായ കുന്നംകുളം തലക്കോട്ടുകര ക്ഷേത്രത്തിൽ ശാന്തിപ്പണി കിട്ടി. ദേവസ്വം കീഴേടമായതിനാൽ ശമ്പളത്തിനു മുട്ടുണ്ടാവില്ല . മക്കളെ ഉന്നത വിദ്യാഭ്യാസത്തിനയക്കാനൊന്നും നമ്പൂതിരിക്കായില്ല. മൂന്നാൺമക്കളും ശാന്തിക്കാരായി. മൂത്തമകൻ മുംബൈ നെറൂൾ അയ്യപ്പ ക്ഷേത്രത്തിൽ. രണ്ടാമനാണ് പ്രശാ



*ഒരു ക്ഷേത്രത്തിലെ ചുമർ ചിത്രരചനയിൽ*

വരച്ചു പൂർത്തിയാക്കിയ പ്രധാന ക്ഷേത്രങ്ങൾ
ചേലക്കര പരിഹാരം ശിവ ക്ഷേത്രം/വിരുട്ടാണം ഭഗവതി ക്ഷേത്രം/വടക്കാഞ്ചേരി ചിററണ്ട ക്ഷേത്രം.

മ്യുറൽ ആർട്ടിന്റെ പ്രദർശനങ്ങൾ
ലളിതകലാ അക്കാദമി തൃശൂർ/ചിത്രകലാ പരിഷത് ബാംഗളൂർ ജഹാംഗീർ ആർട്ടസ് കോളേജ് മുംബൈ .

ന്ത്. ഗുരുവായൂർ ദേവസ്വം കീഴേടമായ താമരയൂർ ക്ഷേത്രത്തിൽ മേൽശാന്തി. മൂന്നാമൻ പാഞ്ഞാളിൽ.

രേഖകൾക്കു പ്രാധാന്യമുള്ള ചിത്രീകരണ രീതിയാണു ചുമർ ചിത്രങ്ങൾക്കു അവലംബിക്കുന്നത്. തികച്ചും പ്രകൃതിദത്ത നിറങ്ങളാണ് വരക്കാൻ ഉപയോഗിക്കുക. വെട്ടുകല്ലിൽ നിന്നു മഞ്ഞ ചുവപ്പ് എന്നീ നിറങ്ങളും, നീല അമരി, എരവിക്കറ, കട്ട നീലം എന്നിവയിൽ നിന്നു മറ്റു നിറങ്ങളും ഉണ്ടാക്കുന്നു. കറുപ്പിന് എണ്ണക്കരി. കളം പാട്ടിന് വർണ്ണ പൊടികൾ കൊണ്ട് വിവിധ കളം വരക്കുന്ന രീതിയുമായി ചുമർ ചിത്രങ്ങൾക്ക് സാമ്യമുണ്ട്.

പ്രശാന്ത് ഇങ്ങനെപറയുന്നു:

'പ്രതിഷ്ഠിക്കാനുള്ള വിഗ്രഹങ്ങൾ നിർമ്മിക്കുമ്പോഴുള്ള അതേ നിഷ്ഠയും ഏകാഗ്രതയും ദേവീ ദേവന്മാരുടെ ചിത്രങ്ങൾ വരക്കുമ്പോഴും വേണം ഒരു പൂജാരി പൂജ ചെയ്യുമ്പോൾ തന്നിലെ ഈശ്വര ചൈതന്യം വിഗ്രഹത്തിലേക്ക് പകരുകയാണല്ലോ. അതുപോലെ ചിത്രകാരൻ വരയ്ക്കുമ്പോൾ തന്നിലെ ആത്മ ചൈതന്യത്തെ ചിത്രത്തിലേക്കു പകരുന്നു. നടയടച്ച് പൂജിക്കുമ്പോൾ അനുഭവിക്കാറുള്ള അതേ ദിവ്യാനുഭൂതി ചിത്രം വരക്കുമ്പോഴും തോന്നാറുണ്ട്.'

വടക്കേ മലബാറുകാരനായതിനാൽ ചിത്രങ്ങൾക്ക് തെയ്യക്കോലങ്ങളുടെ സ്വാധീനം തോന്നാം. പല ക്ഷേത്രങ്ങളിലും കല്ലിൽ കൊത്തിയ വിഗ്രഹങ്ങളുടെ സ്ഥാനത്ത് ചുമരിൽ വരച്ച ചിത്രങ്ങൾ പൂജിക്കാറുണ്ട്. ഉദാഹരണത്തിനു ചിറ്റണ്ട ക്ഷേത്രത്തിൽ പ്രശാന്ത് ഈയിടെ വരച്ചചിത്രത്തിനു മുമ്പിലിരുന്നാണു പൂജ. ചന്ദനക്കാവ് ക്ഷേത്രത്തിൽ മൂന്നു ഉപദേവന്മാർക്കു വിഗ്രഹ പ്രതിഷ്ഠയില്ല. പകരം ചുവരിൽ വരച്ച ചിത്രങ്ങളുടെ മുമ്പിലാണ് പൂജ. ഈ ചിത്രങ്ങൾ മേൽപ്പത്തൂർ ഭട്ടതിരി വരച്ചതാണെന്നും പറയപ്പെടുന്നു.

പതിനഞ്ചു വർഷമായി കലാരംഗത്തു പ്രവൃത്തിക്കുന്നു. ചുമർ ചിത്രങ്ങൾക്കു പുറമെ കാൻവാസിലും വസ്ത്രങ്ങളിലും വരക്കുന്നു. ഇന്ത്യക്കു പുറത്ത് അമേരിക്ക, യുകെ, ആസ്ത്രേലിയ എന്നീ രാജ്യങ്ങളിലേക്കും ചിത്രങ്ങൾ അയക്കാറുണ്ട്. വിദേശത്തു രാധയുടേയും കൃ

ഷ്ണന്റേയും ചിത്രങ്ങൾക്കാണത്രെ ആവശ്യക്കാരധികം. അടുത്തിടെ പത്തോളം ചിത്രങ്ങൾ മെൽബണി ലേക്ക് ഒന്നിച്ചു അയക്കുകയുണ്ടായി. നവ മാധ്യമങ്ങൾ വഴിയാണ് ഓർഡ റുകൾ കിട്ടാറുള്ളത്.

ഷർട്ട്, ചുരിദാർ, സാരി എന്നി വയിൽ ഫാബ്രിക്ക് പെയിന്റിൽ വരക്കുന്നതിന് ധാരാളം ആവശ്യ ക്കാരുണ്ട്. കല്യാണങ്ങൾക്കെല്ലാം ഒന്നിച്ചു ചെയ്തു കൊടുക്കാനായി ഓഡർ കിട്ടുന്നു. കൂടാതെ പുതുതാ യി പണിയിപ്പിക്കുന്ന വീടുകളുടെ ചുമരുകളിൽ വരക്കാനും അവസ രങ്ങൾ കിട്ടാറുണ്ട്. അവിടെ ദേവീ ദേവന്മാരേക്കാൾ മ്യൂറൽ ആർട്ടിൽ വരക്കുന്ന പ്രകൃതി ദൃശ്യങ്ങളടക്ക മുള്ള ചിത്രങ്ങൾക്കാണ് ആവശ്യ ക്കാരുള്ളത്.

ചെറുപ്പത്തിലേ വരക്കാൻ ഇഷ്ടമാ യിരുന്നു. ബന്ധുവായിരുന്ന ചിത്രക ലാ അദ്ധ്യാപകൻ മരങ്ങാട്ടില്ലം ഉണ്ണി കൃഷ്ണൻ നമ്പൂതിരിയാണ് പ്രതിഭ കണ്ടെത്തിയതും വളർത്തിയെടുത്ത തും. പ്രാഥമിക പാഠങ്ങൾ അദ്ദേഹ ത്തിൽ നിന്നു പഠിച്ചു. അദ്ദേഹത്തോ ടൊപ്പം പലപ്പോഴും ഗുരുവായൂർ ദേവസ്വത്തിന്റെ ചുമർ ചിത്രകലാ വിദ്യാലയത്തിൽ പോകാൻ സാധിച്ച ത് വഴിത്തിരിവായി. പ്രീഡിഗ്രിക്കുശേ ഷം ഗുരുവായൂരിലെ ടെംപിൾ ഓഫ് ആർട്ട്സിൽ ചുമർ ചിത്ര പഠനത്തിന് ചേർന്നു. അജിതൻ പുതുമന ,കൃ ഷ്ണൻ മല്ലിശ്ശേരി എന്നിവരായിരന്നു ഗുരുക്കന്മാർ.

രണ്ടുവർഷത്തെ പഠനത്തിനു ശേ ഷം പ്രശസ്ത ചുമർ ചിത്രകാരൻ കെ.കെ. വാരിയരുടെ ചിത്രഗേഹം എന്ന സ്ഥാപനത്തിൽ സഹായിയാ യി ചേർന്നു. അമ്പതിലധികം സ്ഥല ങ്ങളിൽ വാരിയർ സാറിനോടൊപ്പം സഹായിയായി വരച്ചു. പ്രശാന്തിലെ ചിത്രകാരനെ തേച്ചു മിനുക്കിയെടു ത്തതു വാരിയർ സാറായിരുന്നു. പി ന്നെ ഒറ്റക്കായി വര.

പ്രശാന്ത് പറയുന്നു:

'ഇല്ലത്തിരുന്നു ധാരാളം വരക്കാ റുണ്ടെങ്കിലും ക്ഷേത്രങ്ങളിൽ പോ യി വരക്കാനാണ് കൂടുതൽ ഇഷ്ടം. കാൻവാസിലാവുമ്പോൾ കൃത്യമായ ഒരു ചട്ടക്കൂട്ടിലാവും വര. ചുമരി ലാവുമ്പോൾ ഭാവനക്കനുസരിച്ചു വരക്കാനുള്ള സ്ഥലമുണ്ടാവുന്നു. അതാതു ക്ഷേത്രങ്ങളുടെ ഐതിഹ്യ ങ്ങൾക്കും ചരിത്രങ്ങൾക്കും അനു സരിച്ചു പല പല സാദ്ധ്യതകളും തുറന്നു കിട്ടുന്നു. ക്ഷേത്രത്തിലെ ദിവസങ്ങൾ നീളുന്ന ചിത്രീകര ണങ്ങൾക്കു ശേഷം ചിത്രങ്ങളുടെ കണ്ണുമിഴിപ്പിക്കുന്ന ചടങ്ങു കഴിയു മ്പോൾ വല്ലാത്തൊരു ആത്മ സം തൃപ്തി കിട്ടും.'

'ധാരാളം ഓഡറുകൾ കിട്ടി തിര ക്കായാൽ ശാന്തി ഉപേക്ഷിക്കുമോ'

'കുലത്തൊഴിൽ ഉപേക്ഷിക്കുന്ന പരിപാടിയേ ഇല്ല.'

ഭാര്യ വാണി എസ്, മക്കൾ പ്രണവ്, പ്രത്യുഷ് ●


വിലാസം: പ്രശാന്ത് വി.പി,
അമ്പാടിഹൗസ്, ചാമുണ്ഡേശ്വരി
റോഡ്, പുത്തൻപള്ളി, ഗുരുവാ
യൂർ, മൊബൈൽ : 9995796687
ഉദയൻ നമ്പൂതിരിപ്പാട്, കി
ഴക്കേടത്തു മന, വയപ്പാറപ്പടി,
മഞ്ചേരി. മൊബൈൽ .8281926325.


## Congratulations! മികവിന്റെ തിളക്കത്തിന് സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**പ്രത്യൂഷ്. പി.**

കാലടി സർവക ലാശാലയിൽനിന്ന് ഹിന്ദി സാഹിത്യ ത്തിൽ ഡോക്ടറേറ്റ് നേടിയ പ്രത്യൂഷ്. പി. കായംകുളം , കൃഷ്ണപുരം കാ ക്കോട്ടില്ലത്ത് എം. പ്രവീണിന്റേയും പി. പ്രീതയുടേയും മക നാണ്.



**ഒ.പി.രേഷ്മ**

കണ്ണൂർ സർവ്വകലാ ശാലയിൽ നിന്ന് എൽ.എൽ.എമ്മിന് മൂ ന്നാംസ്ഥാനം നേടിയ ഒ.പി.രേഷ്മ. ഒഴലൂർ പാതിരിശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതി രിയുടെയും ഇന്ദിര യുടെയും മകളാണ്. ജിതേഷ് പാലങ്ങാട് ആണ് ഭർത്താവ്.



**ടി.എം.മുരളീധരൻ**

കരിക്കകം ശ്രീ ചാമുണ്ഡി ക്ഷേത്ര ത്തിലെ പുതിയ മേൽശാന്തിയാ യി തിരഞ്ഞെടു ക്കപ്പെട്ട പാലക്കാ ട്, ഷൊർണൂർ, തീയ്യന്നൂർ മന യിൽ ടി.എം.മുര ളീധരൻ.



**കെ.കെ.യദുകൃഷ്ണൻ**

കലിക്കറ്റ് സർ വ്വകലാശാലയിൽ നിന്ന് എം.എ. സോ ഷ്യോളജിയിൽ ഒന്നാം റാങ്ക് നേടിയ ഊർങ്ങാട്ടിരി മൈത്ര കരിപ്പത്ത് ഇല്ലത്ത് കെ.കെ.യദുകൃ ഷ്ണൻ. അരീക്കോട് സാളഗ്രാമ ക്ഷേത്രം മേൽശാന്തി കരിപ്പ ത്ത് വാസുദേവൻ നമ്പൂതിരിയുടെയും പ്രീതയുടെയും മക നാണ്. രണ്ടാം വർഷ ബിരുദ വിദ്യാർത്ഥി കെ.കെ.കൃഷ്ണദേ വ് സഹോദരനാണ്.



**വിഷ്ണു വാസുദേവൻ നമ്പൂതിരി**

ആറ്റുകാൽ ദേ വീക്ഷേത്രത്തിലെ നിയുക്ത മേൽ ശാന്തി ബ്രഹ്മശ്രീ ഗോശാല വിഷ് ണു വാസുദേവൻ നമ്പൂതിരി. മുൻ ശബരിമല മേൽ ശാന്തിയും ശ്രീ പത്മനാഭ ക്ഷേ ത്രത്തിലെ കീഴ് ശാന്തിയും ആറ്റു കാലിൽ തന്നെ മുൻ മേൽശാന്തി യുമായിരുന്നു



**കെ എൻ അമ്പിളി**

കോഴിക്കോട് എൻ ഐ ടിയിൽ നിന്ന് കമ്പ്യൂ ട്ടർ സയൻസിൽ (സൈബർ സെ ക്യൂരിറ്റി) പി എച്ച് ഡി നേടിയ കെ എൻ അമ്പിളി. പാലക്കാട് കക്കാ ട് മനയിൽ നാരാ യണൻ നമ്പൂതിരി പത്മജ ദമ്പതിമാ രുടെ മകളും കു റുമാത്തൂർ മന യിൽ മനോജിന്റെ പത്നിയുമാണ്.



**ശംഭു നമ്പൂതിരി**

പ്ലസ് ടു എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ശംഭു നമ്പൂതിരി എസ്. കൊല്ലം ജില്ല യിലെ ഭൂതക്കുളം മരങ്ങാട്ടില്ലത്തെ സന്തോഷ് നമ്പൂതിരിയുടെയും സാവിത്രിദേവിയുടെയും മകനാണ്. മൊബൈൽ: 9447363805

**വിദ്യാരംഭം സ്പെഷ്യൽ ❑ ഗ്രന്ഥശാലയിലെ പോരാട്ടം**

# ജനിച്ചത് പെൺകൊടക്ക് വേണ്ടിയല്ല

ജനനം 1934ൽ. അക്കാലത്ത് പന്ത്രണ്ട് പതിനാല് വയസ്സാവുമ്പോഴേക്ക് പെൺകൊട കഴിയും. എന്നാൽ വയസ്സ് 20 ആയിട്ടും പാർവതിയുടെ പെൺകൊട കഴിഞ്ഞില്ല. മാത്രമല്ല പാർവതിക്ക് സർക്കാർ സർവീസിൽ ജോലിയും ഉണ്ട്.



**ഡോ.വി.ജെ. ജാതവേദൻ**



പെങ്കുട്ട്യോളെ ഇത്രധികം പഠിപ്പിച്ചാ പെങ്കൊട കഴിക്കാൻ ഞെരുക്കാവും ട്ടോ,' ബന്ധുക്കളുടെ വാക്കുകൾക്ക് മുന്നിൽ ചെറുപ്പൊയിലം കൃഷ്ണൻ നമ്പൂതിരി കുറച്ചൊന്ന് ആശങ്കപ്പെടാതിരുന്നില്ല. മൂത്ത കുട്ടി പാർവ്വതിയുടെ വേളിക്കാര്യമാണ് വിഷയം.

ആ പാർവതി ജനിച്ചത് 1934ൽ. അക്കാലത്ത് പന്ത്രണ്ട് പതിനാല് വയസ്സാവുമ്പോഴേക്ക് പെൺകൊട കഴിയും. എന്നാൽ വയസ്സ് 20 ആയിട്ടും പെൺകൊട കഴിഞ്ഞില്ല. മാത്രമല്ല പാർവതിക്ക് സർക്കാർ സർവീസിൽ ജോലിയും ഉണ്ട്. അങ്ങനെയുള്ള ഒരു യുവതിക്ക് യോജിക്കുന്ന ആലോചനകൾ വരാൻ പ്രയാസം.

അച്ഛൻ നമ്പൂതിരി വിദ്യാലയത്തിൽ സംസ്കൃതം മാഷായിരുന്നു. അമ്മ പാഞ്ഞാൾ പെരുമാങ്ങോട്ടു മന സാവിത്രി അന്തർജനം. 1934 സെപ്തംബർ ഏഴിന് ജനനം. ഒറ്റപ്പാലം താലൂക്കിലെ ലക്കിടിയിലാണ് ചെറുപ്പൊയിലം. നമ്പൂതിരി വിദ്യാലയത്തിലും തൃശ്ശൂർ വിവേകോദയത്തിലുമായി പത്താംതരം (1949). തൃശ്ശൂർ സെന്റ് മേരീസ് കോളജിൽ നിന്ന് ഗണിതത്തിൽ ബി എ (1954). തുടർന്ന് 1958 ൽ തൃശ്ശൂർ ടെയ്നിംഗ് കോളജിൽ നിന്ന് ബി ടി.ബിരുദം. പ്രൈവറ്റായി പഠിച്ച് നാഗ്പൂർ സർവ്വകലാശാലയിൽ നിന്ന് സംസ്കൃതം എം.എ യും.രണ്ടു വർഷം നമ്പൂതിരി വിദ്യാലയത്തിൽ അദ്ധ്യാപിക. പിന്നെ1959ൽ ഗണിത ശാസ്ത്രാദ്ധ്യാപികയായി പെരിന്തൽമണ്ണ സ്കൂളിൽ സർക്കാർ നിയമനം. 1989 ൽ വിരമിക്കുമ്പോൾ ഹെഡ്മിസ്ട്രസ്സ്.

വേളിക്കാര്യം ആദ്യം പറയാം.

ആൺകുട്ടികളെപ്പോലെത്തന്നെ പെൺകുട്ടികളും പഠിക്കണമെന്ന ചിന്താഗതിക്കാരനാണ് തോട്ടര വടക്കേടം ജാതവേദൻ നമ്പൂതിരി. സ്വന്തം പെൺമക്കളെ സ്കൂളിലയച്ച ഉൽപ

**പെൺകൊടക്ക് വേണ്ടി ജനിച്ച പെൺകിടാവായിരുന്നില്ല ഇവർ. ടീച്ചറും സാമൂഹ്യപ്രവർത്തകയുമായി. അവർ കാരണം നാട്ടിൽ റോഡും പാലവും പോസ്റ്റ് ഓഫീസുമുണ്ടായി. വായനശാലയും തൊഴിൽകേന്ദ്രവുമുണ്ടായി. അന്തർജനങ്ങൾ ആർ.ഡി ഏജന്റുമാരായി. ദളിത് വനിതകൾ ജനപ്രതിനിധികളായി. സാഹിത്യ അക്കാദമി പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിലും അവരെ ആദരിക്കുകയുണ്ടായി. ഇന്ത്യമുഴുവൻ സഞ്ചരിച്ചു. അക്കൂട്ടത്തിൽ വിവാഹം കഴിക്കുകയുമുണ്ടായി. രണ്ടാൺകുട്ടികളെയും പ്രസവിച്ചു.**

## അപ്ഫന്റെ മകളെ ശരിപ്പെടുത്തിയത് ഇങ്ങനെ

'സാവിത്രി നാളെ പാലക്കാട് കളക്ട്രേറ്റിൽ പോണം. തുന്നൽ ക്ലാസിന്റെ അനുമതി ശരിയാക്കാൻ വേണ്ടി'

കുളക്കാട്ടുകുറുശ്ശിയിൽ ആരംഭിച്ച സ്ത്രീകളുടെ തുന്നൽ ക്ലാസിൽ ഭർത്താവിന്റെ അപ്ഫന്റെ മകളായ സാവിത്രിയെയാണ് ടീച്ചറാക്കിയത്. പാർവ്വതി ടീച്ചറുടെ ഈ നിർദ്ദേശം കേട്ടപ്പോൾ സാവിത്രി ഒട്ടൊന്നു പരിഭ്രമിച്ചു.

'പാർവ്വതി ഏട്ത്തി, നിക്ക് അതൊന്നും ശീലമില്ലലോ ; ഞാൻ എന്താ ചെയ്യാ ആപ്പീസിൽ പോയിട്ട് '

എന്നു പറഞ്ഞപ്പോൾ

'പോയി നോക്കു; സാവിത്രിക്കും ഗുണമുള്ള കാര്യമല്ലേ? ഒക്കെ ശരിയാവും'.

ഈ വാക്കുകളാണ് എനിക്ക് ആത്മവിശ്വാസം പകർന്നതും സർക്കാർ ഓഫീസുകളിൽ പോയി കാര്യങ്ങൾ ശരിയാക്കാൻ പ്രാപ്തയാക്കിയതും. സാവിത്രി ഇപ്പോഴും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.



തിഷ്ണു. ഇദ്ദേഹത്തിന്റെ മകനാണ് കടമ്പഴിപ്പുറം ഹൈസ്ക്കൂളിൽ ഗണിത ശാസ്ത്രാദ്ധ്യാപകനായ നാരായണൻ നമ്പൂതിരി. പാർവ്വതിയാകട്ടെ ഗണിത ശാസ്ത്രാദ്ധ്യാപിക. കണക്കുമാഷും കണക്കു ടീച്ചറും. ബഹുയോജിപ്പായി. അങ്ങിനെ 1955-ൽ വിവാഹം. രണ്ട് ആൺകുട്ടികൾ ജാതവേദനും കൃഷ്ണനും.

വിവാഹശേഷമാണ് കുളക്കാട്ടുകുറുശ്ശിയിൽ താമസം തുടങ്ങിയത്. ജനങ്ങൾ നിരക്ഷരരും അതിദരിദ്രരും. സ്ത്രീകൾക്ക് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന തോന്നൽ. ഖാദിബോർഡുമായി സഹകരിച്ച് ഖാദി നൂൽനൂൽപ്പു കേന്ദ്രം. 1970ലാണ് ഇത്. കുടുംബശ്രീയും മറ്റും പിറക്കുന്നതിന് എത്രയോ വർഷം മുമ്പാണ് ഇതെന്നറിയുമ്പോഴാണ് ടീച്ചറുടെ മഹത്വം വെളിവാവുക.

വേറൊന്ന് പറയാം. 1942 ലെ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് സഹോദരരെ കൂട്ടി കൊടിയും കയ്യിലെടുത്ത് ഇല്ലത്തെ മുററത്ത് ജാഥ നടത്തിയിട്ടുണ്ട് പാർവതിയെന്ന എട്ടുവയസുകാരി. സദാ ശുഭ്രവസ്ത്രധാരി. പൗഡറോ അലങ്കാരങ്ങളോ ഇല്ല. മഹാത്മാഗാന്ധിയാൽ പ്രചോദിതയായ ലളിതജീവിതം. കുറെനാൾ സോപ്പു പോലും ഉപയോഗിച്ചിരുന്നില്ല.

1960 കളിലാണ് കുളക്കാട്ടുകുറിശ്ശിയിൽ അന്തർജ്ജന സമാജം രൂപീകരിക്കുന്നത്. വി.ടി. സ്ഥാപിച്ച സമാജമായിരുന്നു മാതൃക. സമാജം അംഗങ്ങളുടെ കയ്യെഴുത്തു മാസിക നടത്തിയാണ് ഗ്രന്ഥശാലാ പ്രവർത്തനം ആരംഭിക്കുന്നത്. മാസം തോറും ഏതെങ്കിലും ഇല്ലത്തുവച്ച് യോഗം. ഇതിനായി സ്കൂൾ കഴിഞ്ഞ് ഇല്ലങ്ങളിൽ പോണം.

'വായിച്ചു കഴിഞ്ഞ പുസ്തകങ്ങൾ ഉണ്ടെങ്കിൽ തന്നാൽ ഉപകാരമായി ; ഞാൻ തുടങ്ങിയ വായനശാലക്ക് വേണ്ടിയാണ്. അതിൽ അംഗമാവുകയും വേണം ട്ടോ' ഇങ്ങനെ ഓരോ വീട്ടിലും കയറിയിറങ്ങിയായിരുന്നു പ്രവർത്തനം. സഹപ്രവർത്തകയായിരുന്ന സത്യവതി ടീച്ചർ ഓർക്കുന്നു.

കേവലം 13 പുസ്തകങ്ങളുമായി തുടങ്ങി. ഇന്ന്15500-ലധികം പുസ്തകങ്ങൾ. 3000 ലേറെ റഫറൻസ് ഗ്രന്ഥങ്ങൾ. 378 സജീവാംഗങ്ങൾ അങ്ങനെ എപ്ളസ് വായനശാലയായി. ബാലവേദി, യുവജനവേദി, വയോജന വേദി, കരാട്ടെ ക്ലാസ്, തുന്നൽ പരിശീലനം, ട്യൂഷൻ തുടങ്ങിയ പ്രവർത്തനങ്ങളും. 2016ൽ ടീച്ചറുടെ മരണത്തോടെ അത് പാർവ്വതി ടീച്ചർ സ്മാരകവുമായി.

1969 ഒക്ടോബർ ഒന്നു മുതൽ തുടങ്ങിയ ഗ്രന്ഥശാലയ്ക്ക് അന്തർജ്ജനസമാജം വനിതാ വായനശാല എന്നാണ് പേരിട്ടിരുന്നത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനായ പി.എൻ.പണിക്കരെ കൊണ്ടുവന്നാണ് വായനശാലകെട്ടിടം ഉദ്ഘാടനം ചെയ്യിച്ചത്. അന്നു തൊട്ട് ഇന്നുവരെയും വനിതകൾ മാത്രമാണ് വായനശാലയിൽ ലൈബ്രേറിയനായും ഭരണകർത്താക്കളായും പ്രവർത്തിച്ചത്. സ്ത്രീശാക്തീകരണത്തെ ഇതിലും ഭംഗിയായി എങ്ങനെ നിർവ്വചിക്കാൻ സാധിക്കും?

ഒഴിവുദിനങ്ങളിൽ അടുത്ത വീടുകളിലെ കുട്ടികളെയും മറ്റും വീട്ടിൽ വിളിച്ചിരുത്തി അക്ഷരാഭ്യസനം നടത്തിയിരുന്നു. കേരളത്തിൽ സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം വന്നത് 1987 ലാണെന്നോർക്കണം. അതിനും എത്രയോ മുമ്പ് ദീർഘദർശിയായി ടീച്ചർ. തൊട്ടടുത്ത രണ്ട് കോളനിനിവാസികളെ സമ്പൂർണ്ണ സാക്ഷരരാക്കാൻ സാധിച്ചു. ഗ്രാമത്തിലെ വീടുകളിൽ പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തിരുന്നു. മൊബൈൽ വായനശാല.അങ്ങനെയൊരാശയം പോലും നടപ്പാക്കി.

'പുസ്തകങ്ങളെ പൂവിനെപ്പോലെ കാണണം, പുസ്തകങ്ങൾ മടക്കാൻ പാടില്ല, പുസ്തകം കൊണ്ടു വീശരുത് തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഞങ്ങളുടെയെല്ലാം മനസ്സിലേക്ക് എത്തിച്ച മഹദ് വ്യക്തിയാണ് പാർവ്വതി ടീച്ചർ. എന്റെ ജീവിതസാഹചര്യങ്ങളെ അതിജീവിച്ചു കൊണ്ട് സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ പാർവ്വതി ടീച്ചറുടെ നിർദ്ദേശങ്ങളും സ്നേഹപൂർണ്ണമായ ശാസനകളും മുതൽക്കൂട്ടായിട്ടുണ്ട്'. ഇപ്പോഴത്തെ ലൈബ്രേറിയനും ദളിത് കുടുംബാംഗവുമായ ടി.സി. രാധയുടെ വാക്കുകളാണ് ഇവ. ഒരു ഗ്രാമീണപെൺകുട്ടിയെ ജനപ്രതിനിധിപോലുമാക്കാൻ (ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുക



*പാർവ്വതി ടീച്ചറും ഭർത്താവ് വടക്കേടം നാരായണൻ നമ്പൂതിരിയും. മറ്റുകുടുംബാംഗങ്ങളുമൊത്ത്*

ളിൽ തിരഞ്ഞെടുക്കപ്പെട്ട അംഗം) വേണ്ട വിദ്യാഭ്യാസവും ധൈര്യവും പ്രചോദനവും കൊടുത്ത ടീച്ചറോടുള്ള കടപ്പാട് ഈ വാക്കുകളിലുണ്ട്.

അക്കാലത്ത് ബസ് കേറണമെങ്കിൽ ചുരുങ്ങിയത് മൂന്ന് നാഴിക നടക്കണം. മണ്ണമ്പറ്റ പോസ്റ്റ് ഓഫീസിൽ വരുന്ന ഒരു കത്തോ മണിയോർഡറോ അവിടെ എത്താൻ നാല് ദിവസം കഴിയണം. അതിനൊക്കെ മാറ്റം വരാൻ റോഡ് വേണം. ഭർത്താവിന്റെ സഹകരണത്തോടെ കുളക്കാട്ടുകുറുശ്ശി ഡവലപ്മെന്റ് കമ്മറ്റി രൂപീകരിച്ച്, നാട്ടുകാരുടെ ശ്രമദാനം വഴി കടമ്പഴിപ്പുറത്തുനിന്ന് കുളക്കാട്ടുകുറുശ്ശി വരെ 5 കിലോമീറ്റർ റോഡ് വെട്ടിയുണ്ടാക്കി അവർ. 1970-കളിൽ റോഡ് പൂർത്തിയായി. തുടർന്ന് തൊട്ടടുത്ത ഗ്രാമവുമായി ബന്ധപ്പെടാൻ തുമ്പക്കണ്ണി പുഴക്ക് കുറുകെ പാലവും. രണ്ടായിരാമാണ്ടോടെ കുളക്കാട്ടുകുറുശ്ശിയിൽ സബ് പോസ്റ്റ് ഓഫീസും കൊണ്ടുവന്നു. അവിടെയും നിർത്തിയില്ല.

'ശ്രീദേവി പുറത്തിറങ്ങി നടക്കണം. പോസ്റ്റ് ഓഫീസിൽ നിന്നും ആർ.ഡി. ഏജൻറ് ആവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ ഏർപ്പാടാക്കി തരാം. നമ്മുടെ ചുറ്റുമുള്ള ഇല്ലങ്ങളിൽ നിന്നും വീടുകളിൽ നിന്നും ആളുകളെ ആർ.ഡി.യിൽ ചേർപ്പിച്ചാൽ ശ്രീദേവിക്ക് വരുമാന മാർഗമാവും'.

നീലിമംഗലത്തെ ഒരു ഇല്ലത്ത്, ചെറുപ്പത്തിൽ വിധവയായ ശ്രീദേവിയെ, പോസ്റ്റ് ഓഫീസ് ലഘു സമ്പാദ്യ പദ്ധതിയുടെ ഏജൻറ് ആക്കാൻ ടീച്ചറാണ് പ്രേരിപ്പിച്ചത്. ശ്രീദേവിയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും , സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും സാധിച്ചു ; മാത്രമല്ല ആൾക്കാരിൽ സമ്പാദ്യശീലം വളർത്താനും ഇത് ഉപകരിച്ചു.

നാട്ടിൽ കടുത്ത ദാരിദ്ര്യമായിരുന്ന 1970-കളിൽ അമേരിക്കയിൽ നിന്ന് സൗജന്യമായി ഗോതമ്പു പൊടി ഇറക്കുമതി ചെയ്തിരുന്നു. അത് വായനശാലയുടെ പേരിൽ ലഭ്യമാക്കാൻ ഓഫിസുകളുമായി ബന്ധപ്പെട്ടു. അങ്ങനെ ഗോതമ്പു കൊണ്ട് ഉപ്പുമാവ്, കഞ്ഞി മുതലായവ ഉണ്ടാക്കി വായനശാലയിൽ വച്ച് വിതരണം നടത്തിവന്നു. 'വിശപ്പിനു പരിഹാരമായി ഉപ്പുമാവും, സാക്ഷരതയ്ക്കൊപ്പം സംസ്കാരവും ടീച്ചർ വിളമ്പിത്തന്നു' എന്നാണ് ദീർഘകാലം സഹചാരിണിയായിരുന്ന ശ്രീദേവി സോമസുന്ദരൻ പറയുന്നത്.

മലർനിവേദ്യത്തിനു പോലും വഴിയില്ലാത്ത അവസ്ഥയിലായിരുന്നു അക്കാലത്ത് ഉപ്പിലാപ്പള്ളി ക്ഷേത്രം. ക്രൗഡ് ഫണ്ടിംഗ് രീതിയിൽ പിടിയരി പിരിച്ചു നിത്യപൂജക്ക് ഏർപ്പാടുണ്ടാക്കി. എല്ലാ ശിവരാത്രിക്കും വിശേഷാൽ പൂജയും പന്തിഭോജനവും നടത്തി. മൃഡാനന്ദസ്വാമികൾ, പ്രൊഫ. വൈദ്യനാഥ ശർമ്മ തുടങ്ങിയവരെ വരുത്തി സത്സംഗങ്ങളും നടത്തി. ക്ഷേത്രത്തിന്റെ മാത്രമല്ല, കുളക്കാട്ടുകുറുശ്ശി ഗ്രാമത്തിന്റെ കൂടി ആത്മീയ പുനരുദ്ധാരണത്തിന്റെ തുടക്കമായി ഈ സംരംഭം.

എല്ലാവർഷവും പത്താം ക്ലാസ്

**'ഏഴാംക്ലാസിൽ പഠിക്കുമ്പോൾ തന്നെ ക്ലാസ് ലീഡർ ആയിരുന്നു പാർവ്വതി. അത്യാവശ്യം വികൃതിയും ആറോ ഏഴോ നമ്പൂതിരി പെൺകിടാങ്ങൾ ആ ക്ലാസിൽ പഠിച്ചിരുന്നു.'**

തൃശ്ശൂർ നമ്പൂതിരി വിദ്യാലയത്തിൽ സഹപാഠിയായിരുന്ന
സൈദ്ധാന്തികാചാര്യൻ
എം. പി.പരമേശ്വരൻ

**'കോളേജിൽ വളരെ പ്രസരിപ്പുള്ളൊരു വിദ്യാർത്ഥിനിയായിരുന്നു. ബി ടി കോഴ്സിന്റെ വർഷാവസാനത്തിൽ നടന്ന പൗരത്വ പരിശീലന ക്യാമ്പിൽ ഒരു ഗ്രൂപ്പിന്റെ ലീഡറുമായിരുന്നു.'**

സെന്റ് മേരീസിൽ
സഹപാഠിനിയും ഉററ
സുഹൃത്തുമായിരുന്ന
കെ.കെ. പ്രിയദത്ത





*2012 ൽ സാഹിത്യ അക്കാദമി കേരളത്തിലെ മികച്ച അഞ്ച് ഗ്രന്ഥശാല പ്രവർത്തകരെ അനുമോദിക്കുകയുണ്ടായി. അവരിൽ ഏക അന്തർജനം സി. കെ.പാർവതി ടീച്ചർ. ആദരാർപ്പണ ഫലകത്തിൽ ഇങ്ങനെ:*

'ഗ്രന്ഥശാലാ പ്രവർത്തനങ്ങളിൽ നിരന്തരവും നേതൃത്വപരവുമായ സാന്നിദ്ധ്യത്താൽ ഈടുറ്റ സംഭാവനകൾ നൽകുന്നവർ വരുംതലമുറകളെ വാർത്തെടുക്കുന്ന മഹാനുഭാവന്മാരാണ്. പാലക്കാട് ജില്ലയിലെ ഗ്രന്ഥശാലാ പ്രവർത്തനങ്ങളിൽ സി കെ പാർവതി ടീച്ചർ വഹിച്ച പങ്ക് എടുത്തു പറയേണ്ടതാണ്. പ്രഗൽഭയായ അദ്ധ്യാപിക എന്ന നിലയിലും മികച്ച ഗ്രന്ഥശാലാസംഘാടക എന്ന നിലയിലും ടീച്ചറുടെ സേവനങ്ങൾ തലമുറകൾക്ക് മാതൃകയാണ്. വയോജന വിദ്യാഭ്യാസം, യുവതികൾക്ക് തൊഴിൽ പരിശീലനം , മദ്യവർജ്ജനം തുടങ്ങിയ ദേശീയ പ്രസ്ഥാനത്തിന്റെ ഉത്തമ മൂല്യങ്ങൾ സാക്ഷാത്കരിക്കാൻ ടീച്ചർ വഹിച്ച പങ്കും സംഭാവനകളും ദേശചരിത്രത്തിൽ അടയാളപ്പെട്ടു കിടക്കുന്നു. വായനയെ ജീവിതശൈലി ആക്കിക്കുന്നതിനും പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതിനും പാർവതി ടീച്ചർ അക്ഷീണം പ്രവർത്തിക്കുകയുണ്ടായി. ഗ്രന്ഥശാല പ്രവർത്തനത്തെ ആത്മാവിലേക്ക് ആവാഹിച്ച പാർവതി ടീച്ചറുടെ സേവനങ്ങളെ അങ്ങേയറ്റം വിലമതിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു.'

പരീക്ഷയിൽ ഉയർന്ന മാർക്കു നേടുന്ന നമ്പൂതിരി വിദ്യാർത്ഥി(നി)ക്ക് കുറൂർ ഉണ്ണിനമ്പൂതിരിപ്പാട് സ്മാരക സ്ക്കോളർഷിപ്പും, സംസ്കൃതത്തിൽ ഏറ്റവും ഉയർന്ന മാർക്കു നേടുന്ന വിദ്യാർത്ഥി(നി)ക്ക് സി കെ.നമ്പൂതിരി & സാവിത്രി അന്തർജ്ജനം സ്മാരക സ്ക്കോളർഷിപ്പും നൽകിയിരുന്നു. 2013 മുതൽ സ്ക്കോളർഷിപ്പ് വിതരണം നടത്താൻ തൃശൂർ നമ്പൂതിരി വിദ്യാഭ്യാസ ട്രസ്റ്റിനെ ഏർപ്പാടാക്കി.

സംസ്കൃത്തിൽ തന്റെ ഗുരുവായിരുന്ന തൃശൂരിലെ സുബ്ബരാമ ഭട്ടരെ അനുസ്മരിക്കാൻ കാലടി സംസ്കൃത സർവ്വകലാശാലയിലെ മികച്ച സംസ്കൃതം വിദ്യാർത്ഥി(നി)ക്ക് സ്കോളർഷിപ്പു നൽകാൻ 1,20,000 രൂപയുടെ എൻഡോവ്മെന്റും ഏർപ്പെടുത്തി. ഇതു പോലൊരു ഗുരുദക്ഷിണ വേറെ ആരെങ്കിലും നൽകിയിട്ടുണ്ടാവുമോ?

കുലപതി കെ.എം.മുൻഷിയുടെ കൃഷ്ണാവതാരം പരമ്പരയ്ക്ക് എം. എൻ സത്യാർത്ഥിക്കു മുമ്പു തന്നെ കുളക്കാട്ടുകുറുശ്ശിയിൽ നിന്ന് ഒരു പരിഭാഷ ഉണ്ടായി. കൃഷ്ണാവതാരം ആദ്യത്തെ നാലു വാല്യങ്ങളാണ് ടീച്ചർ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. കൂടാതെ സി.കെ. മാസ്റ്ററുടെ പുസ്തകങ്ങളായ ചാത്തിരാങ്കം, അമ്പലം വിഴുങ്ങി, എന്തുചെയ്തു യോഗക്ഷേമസഭ -മുൻപും പിൻപും, സി.കെ. നമ്പൂതിരിയുടെ ലേഖനങ്ങൾ എന്നിവ സമാഹരിച്ച് കേരള സാഹിത്യ അക്കാഡമി മുഖാന്തിരം പ്രസിദ്ധീകരിക്കുവാനും മുൻകയ്യെടുത്തു. ഭാസ്കരാചാര്യരുടെ ലീലാവതിയും ജനപ്രിയ ഇംഗ്ലീഷ് നോവലുകളും ടീച്ചർ പരിഭാഷപ്പെടുത്തി.

നീലിമംഗലത്തെ ഒരു ഇല്ലത്ത്, ചെറുപ്പത്തിൽ വിധവയായ ശ്രീദേവിയെ പോസ്റ്റ് ഓഫീസ് ലഘു സമ്പാദ്യ പദ്ധതിയുടെ ഏജൻറ് ആക്കാൻ ടീച്ചറാണ് പ്രേരിപ്പിച്ചത്. ശ്രീദേവിയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും ഇത് ഉപകരിച്ചു.

യാത്രാസൗകര്യങ്ങൾ തികച്ചും പരിമിതമായിരുന്ന 1968--69 കാലഘട്ടത്തിൽ, കൊച്ചുകുഞ്ഞായിരുന്ന മൂത്ത മകനെയും കയ്യിലെടുത്ത് ഒരു യുവതി ഭർത്താവിനോടൊപ്പം തീവണ്ടിയിലും ബസ്സിലുമായി ഭാരതയാത്ര നടത്തുന്നത് ഒന്ന് സങ്കല്പിച്ചു നോക്കു. അന്നത്തെ കാലത്ത് അതൊരു സാഹസമായി പലരും കരുതി. മഹാത്മാഗാന്ധിയുടെ ആദ്യ ഭാരതയാത്രാനുഭവം (1915 -16 ), സ്വയം അനുഭവിച്ചറിയുവാനുള്ള പരിശ്രമമായിരുന്നു ഈ ത്യാഗം.

2016 ഏപ്രിൽ 19നായിരുന്നു വിയോഗം. സ്മരണ നിലനിർത്താനായി പാലക്കാട് ജില്ലയിലെ മികച്ച ബിഗ്രേഡ് വായനശാലയ്ക്ക് പതിനായിരം രൂപയും ഫലകവും അടങ്ങുന്ന പ്രോത്സാഹനം ടീച്ചറുടെ കുടുംബാംഗങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. പട്ടാമ്പി അമേറ്റിക്കര സർഗ്ഗശക്തി വായനശാലക്കാണ് പ്രസ്തുത പുരസ്ക്കാരം ഈ വർഷം നൽകിയിട്ടുള്ളത്.(ലേഖകന്റെ ചെറിയമ്മയാണ് ടീച്ചർ.) ●

ഡോ. വി.ജെ. ജാതവേദൻ
നമ്പൂതിരി, വടക്കേടത്തു മന,
22,കെൽട്രോൺ നഗർ, കോലഴി,
തൃശൂർ. പിൻ: 680010
മൊബൈൽ: 9447442375



under the Garbage-Free Kerala campaign in Palakkad on Wednesday

ONE WITH NATURE

## This Palakkad farmer has built a sanctuary for the king of fruits

A SATISH @Palakkad

M Shankaran Namboodiri of Valambilimangalam in Sreekrishnapuram cannot be separated from nature. It is a strict 'No' to chemical fertilisers and pesticides for this organic and rustic farmer.

"I will never allow it to enter my three-and-a-half acre compound, he says with determination as he shows the 300-odd varieties of mango saplings he has conserved, many of which were on the verge of extinction," said Shankaran.

The mangoes include imported varieties available in the US, Pakistan, Australia, China, Japan, Thailand and Malaysia. There were also mango varieties from North Indian states and many native Kerala varieties. He has tagged the names of each variety on the saplings kept in specially-made, environment-friendly bags.

"I have been developing the garden at my home, 'Moorthiyedath mana', since 1976. When agriculture scientist Subash Palekar arrived in Palakkad, I attended a few classes. I always equate myself with the zero-budget, natural farming practised by Subash Palekar, though there may be little variations based on the region and climate," says Shankaran Namboodiri.

There were around 16 native mango varieties which have received the GI tag in India, and another six varieties have registered, and we are waiting for the certification. I have at least 10 of them in my garden. There were more than 30 varieties from Kerala, including Kottoorkonam, Kuttiyattoor (the only GI-certified one from Kerala), Kattaparamban, Olor of Aroor, Kozhikode and Kairali. There were also exotic 'pasand' mango varieties like Rani pasand, the renowned and expensive 'Kohitoor', and UP chousa, says Shankaran Namboodiri proudly.

(L) M Shankaran Namboodiri with exotic varieties of mango saplings at his house at Valambilimangalam in Sreekrishnapuram; Shankaran Namboodiri at his traditional tiled house Maruthery mana | PICTURE COURTESY: RAJEEV SREEKTHMA

"I have personally found that cardamom is one crop where pesticides are used the most. But people purchase it from the shops to add flavour to their dishes. I have cultivated some cardamom plants in this compound and use them for domestic consumption," he said.

The 66-year-old farmer said when former chief secretary P K Mohanty visited his house in 2007 (while he was the land use board commissioner) and saw the farm, he queried as to whether Shankaran had secured a degree in agriculture science. "I replied that I had studied only up to the tenth standard. It was the experience gained through practice and toiling on the ground over the past few decades which made me adopt scientific farming methods. Mohanty advised me to create awareness among the public on the need to conserve our rich traditional varieties of plants," he said.

Shankaran also has a cow shed where native breeds like Ananganmala kullan and Vilwadhiri, both found in Palakkad district, Krishna Valley from Karnataka, and Kapila, found on the Kerala-Karnataka border, are reared. The dung was used for generating biogas, and the slurry mixed with water pumped from a large pond was used to irrigate the plants.

The crops grown include coffee, cardamom, coconut, areca nut, different varieties of lime, Indian jujube (Elanthapazham), mango, Rambuttan, bear apple, mangosteen, dragon fruit, guava and even grapes.

Meanwhile, the house in which he is staying, Maruthery mana, is built in a traditional manner and even after two years it is yet to be completed. The walls are made of mud and laterite bricks and they have been left unplastered. The pillars of the house are also of a similar nature and there is a 'nadumuttam'. The compound walls are also made of laterite (mud) bricks.

The moderate-sized house has three storeys as in the case of a 'nallukettu' and has a tiled roof to keep the inmates cool during summer.

*മൂർത്തിയേടം ശങ്കരൻ നമ്പൂതിരിയെപ്പറ്റി ഇന്ത്യൻ എക്സ്പ്രസിൽ വന്ന വാർത്ത*

# വ്യത്യസ്തനാമൊരു കർഷകവിപ്രനെ സത്യത്തിലാരും തിരിച്ചറിഞ്ഞില്ലാ

**2008**ലാണ്. ജൈവകൃഷിയുടെ രാജാവ് സുബാഷ് പാലേക്കർ പാലക്കാട് വന്നു. മൂർത്തിയേടം ശങ്കരൻ നമ്പൂതിരിയും പോയി. ക്ലാസ് കേട്ടു. ഉൾക്കൊണ്ടു. തനിക്ക് ഭാഗിച്ചു കിട്ടിയ മൂന്നര ഏക്കർ സ്ഥലത്ത് ഇറങ്ങി, മണ്ണിനെ അറിഞ്ഞു. നമ്പൂതിരി അഭിമാനത്തോടെ പറയുന്നു, മുപ്പത്തേഴ് വർഷങ്ങളായി ഞാൻ കർഷകനാണ്.

പണ്ടേ തനിക്കിഷ്ടമുള്ളതേ ചെയ്യുമായിരുന്നുള്ളൂ. അതിനാൽ തന്നെ ചുവരുകൾക്കിടക്കുള്ള പഠനം അത്ര നടന്നില്ല. ഗാന്ധിജിയുടെ ആശയങ്ങൾ ഏറെ സ്വാധീനിച്ചിരുന്നു. പ്രകൃതിയെന്ന വലിയ വിദ്യാലയത്തിന് അതിരുകളില്ലല്ലോ. ജീവിക്കാൻ ആഹാരം വേണം. മനുഷ്യനൊഴിച്ച് സകല ജീവികളും അത് തേടി നേടുന്നവരാണ്. തന്റെ വഴി ശങ്കരനും തിരിച്ചറിഞ്ഞു. കൃഷിക്കാരനാവണം. പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നില്ല.

മേൽമണ്ണ് കുറച്ചു മാത്രമുള്ള ചെങ്കൽപ്പറമ്പിനെ തികച്ചും സ്വാഭാവിക കൃഷിയിടമാക്കി. നോക്കി, കണ്ടു, നട്ടു, നനച്ചു. വളർന്നു; ശ്രീകൃഷ്ണപുരത്തെ പറമ്പും വയലും ഒപ്പം



**'പുതു തലമുറ നമ്പൂതിരി യുവാക്കളോട്, ഒന്നേ പറയാനുള്ളൂ. ഇനിയും കുറച്ചു സ്ഥലമൊക്കെ ഉണ്ടല്ലോ. അവിടെ കൃഷി ചെയ്യണം. കഷ്ടപ്പെടേണ്ടത് അവിടെയാണ്. അന്യം നിൽക്കുന്ന പല ചെടികളും തേടിപ്പിടിച്ച് പരിപാലിക്കാൻ കഴിയും. തുമ്പ മുതൽ കയ്പപ്പടവലവും നാരകവും മുരിങ്ങയും നാടൻ മാവുകളും വരെ. ഇവയെ നിലനിർത്തണം. പറയുന്ന പണം കൊടുത്ത് വാങ്ങാൻ ആളുണ്ടാകും. പ്രകൃതിയിൽ അധ്യയനം, ആ പാഠങ്ങൾ ലോകത്തെ പഠിപ്പിക്കുന്ന അധ്യാപനം. ഇതാണ് നമ്മൾ ചെയ്യേണ്ടത്'**

കുടുംബവും. അത്യധ്വാനത്തിന്റെ, ക്ഷമയുടെ വർഷങ്ങൾ. പരീക്ഷണങ്ങൾ. ഒന്നും പഠിക്കാതെ മണ്ണിൽ കളിച്ച് നടന്ന ( പഠിക്കേണ്ടത് / പഠിപ്പിക്കേണ്ടത് മണ്ണിലിറങ്ങാനാണ് എന്ന് ശങ്കരൻ!) ഏഭ്യൻ നമ്പൂതിരിയെ കാണാൻ ഇന്ന് വരുന്നത് സർവ്വകലാശാലാ പ്രൊഫസർമാരും പോസ്റ്റ് ഡോക്ടറൽ വിദ്യാർത്ഥികളും. സന്ദർശകരിൽ വിഐപികൾ നിരവധി. വാനില കൃഷി പരിപാലിക്കാൻ ചെയ്ത നമ്പൂതിരിയുടെ ചില ടെക്നിക്കുകൾ ( പഴയ ടയർ ട്യൂബ് 8 ന്റെ ആകൃതിയിൽ മടക്കി വെച്ചത് ) കർഷകർ ഒന്നടങ്കം ഏറ്റെടുത്തു. കേരളത്തിലും പുറത്തും മറ്റു രാജ്യങ്ങളിലുമുള്ള മുന്നൂറിലധികം മാവിൻ തൈകൾ ( ലോകത്ത് എവിടെയും കിട്ടാത്ത ചില വെറൈറ്റികൾ ഇവിടെ മാത്രം) നമ്പൂതിരിയുടെ മുറ്റത്ത് റെഡിയാണ്. പത്രമാധ്യമങ്ങളിലും ടിവി ചാനലുകളിലും ഇല്ലപ്പറമ്പും ഉടമസ്ഥനും വാർത്തയാവുന്നു. മികച്ച ജൈവകൃഷിക്കാരനുള്ള സർക്കാർ പുരസ്ക്കാരം രണ്ടു തവണ ലഭിച്ചു.

ഇല്ലപ്പറമ്പ് അതിശുദ്ധമാണ്. രാസവളം തൊടില്ല. വറ്റാത്ത കുളം.



# ഹരിത കുടുംബം

**അന്തർജ്ജനം: നിർമ്മല പി, റിട്ട ടീച്ചർ, (പുളിക്ക തൊടി മഹൾ.) മകൾ: ധന്യ, മരുതേരി മന, തിരുവില്വാമല. മരുമകൻ: അനിൽ മരുതേരി മന, മേൽശാന്തി, വില്വാദ്രിനാഥ ക്ഷേത്രം, തിരുവില്വാമല. പേരക്കുട്ടികൾ: അഭിനവ് എം, ആദിദേവ് എം**

പ്രത്യേകം വളർത്തുന്ന വിവിധ ഇനം പശുക്കളുടെ ചാണകം. ഫലവൃക്ഷങ്ങളുടെ ധാരാളം തൈകൾ. കമുങ്ങും ജാതിയും ഡ്രാഗൺ ഫ്രൂട്ടും അവുക്കാഡോയും മാങ്കോസ്റ്റിനും മുന്തിരിയും ഏലവും കാപ്പിയും വാഴയും.

'എല്ലാരും വിമർശിച്ചപ്പോഴും ഇഷ്ടമുള്ളത് ചെയ്യാനാണ് അമ്മ (കിള്ളിമംഗലം മകൾ ) എന്നോട് പറഞ്ഞത്. കരിയർ കൃഷിയാണ് എന്ന് തീരുമാനിച്ചത് അങ്ങിനെയാണ്. ഒന്നും താൻ കണ്ടു പിടിച്ചതല്ല, പ്രകൃതിയെ കണ്ട് പഠിച്ചതാണ്.'

പ്രകൃതി ഒരുക്കിയ ഇക്കോസിസ്റ്റത്തെയും അതിന്റെ ദ്വാരപാലകനെയും കാണാം, അറിയാം... വരൂ മൂർത്തിയേടം മനയിലേക്ക്.

മൂർത്തിയേടം ശങ്കരൻ നമ്പൂതിരി,
ശ്രീകൃഷ്ണപുരം,
പാലക്കാട് ജില്ല.
Mob: 8547589209
(വാട്സ് ആപ് മെസേജ് മാത്രം)



## ഷഷ്ടിപൂർത്തി ആഘോഷിച്ച അഷ്ടവൈദ്യൻ

# വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി

(പിറന്നാൾ ദിനം: 04/08/2023)

യശഃശരീരനായ അഷ്ടവൈദ്യൻ വൈദ്യമഠം സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ഉമാദേവി അന്തർജനത്തിന്റെയും രണ്ടാമത്തെ മകനായി ക്രിസ്തുവർഷം 1963–ലെ കർക്കടകമാസത്തിൽ പൂരോരുട്ടാതി നാളിൽ ജനിച്ചു. സ്കൂൾ കോളേജ് വിദ്യാഭ്യാസത്തിനുശേഷം വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ കീഴിൽ ഗുരുകുല സമ്പ്രദായത്തിൽ ആയുർവേദം പഠിച്ചു. 1990 കളുടെ തുടക്കത്തിൽ വൈദ്യമഠം വൈദ്യശാലയിൽ രോഗികളെ പരിശോധിക്കാൻ തുടങ്ങി. ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസമേകി വൈദ്യസപര്യ തുടരുന്നു. ആയുർവേദത്തിലെ അടിസ്ഥാന തത്ത്വങ്ങളും കീഴ് വഴക്കങ്ങളും അണുവിട വ്യതിചലിക്കാതെ, കൃത്യമായ ശാസ്ത്രത്തിലൂന്നി ആധുനികത്തിൽ നിന്ന് സ്വീകരിക്കാവുന്നവ കൂടി പരീക്ഷിച്ചുകൊണ്ടുള്ള ചികിത്സാരീതിയാണ് അഷ്ടവൈദ്യൻ വൈദ്യമഠം കൃഷ്ണൻ നമ്പൂതിരിയെ വ്യത്യസ്തനാക്കുന്നത്.

Ashtavaidyan Vaidyamadham Krishnan Namboothiri
Ayurveda Physician,Vaidyamadham,Mezhathur, TrithalaPalakkad -679534,
Ph: 9447476845, Email: krishnanvaidyamadham@gmail.com

ആശംസകളോടെ കുടുംബാംഗങ്ങൾ

ഭാര്യ : പ്രീത കെ.എം, മക്കൾ : ദേവി ഉമ, ദേവിശ്രീ




## അമ്പത്താറാം വിവാഹവാർഷികം (വിവാഹദിനം 1967മെയ് 13)

## ശങ്കരനാരായണ ഭട്ടാചാര്യ(87) & ശാന്ത എസ് ഭട്ടാചാര്യ(75)

(ഉപ്പിലാപ്പറ്റ ചെന്നല്ലേരി മഹൾ) പാഴിയോട്ടുമന, പി.ഒ. കുറുമ്പത്തൂർ,
വഴി തിരുന്നാവായ, മലപ്പുറം ജില്ല, ഫോൺ: 9446648792

**അനുഗ്രഹങ്ങൾക്കായി :**......................................................

**മക്കൾ:**

രാജീവ് ചിത്രഭാനു
ഗൗരി
ജയദേവ കൃഷ്ണൻ
ശ്രീജ

**മരുമക്കൾ:**

സീമ (ഉമ) മേലേടത്ത് മന, ശ്രീകൃഷ്ണപുരം
കൃഷ്ണൻ കുട്ടമശ്ശേരി മന, ആലുവ
ശ്രീലേഖ (ആര്യ ) പെരിഞ്ഞേരി മന, പുതുപ്പള്ളി, കോട്ടയം
സതീശൻ എരണ്ടപ്പുറത്തുകാട്, ഓങ്ങല്ലൂർ,

**പേരക്കിടാങ്ങൾ:**

ഋത്വിക് ശങ്കർ, ഗൗരിശ്രീ, നീരജ,
ജിതമന്യു, ഗൗരി, ഗോകുൽ കുട്ടമശ്ശേരി,
സഹധർമ്മിണി ശ്രീദേവി അടാട്ട് കുറൂർ,
ഗായത്രി കുട്ടമശ്ശേരി,
നിവേദ്കൃഷ്ണൻ എരണ്ടപ്പുറത്തുകാട്,
നവനീത് ശങ്കർ എരണ്ടപ്പുറത്തുകാട്,






*അമ്മു കെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രസിഡന്റ് കിഷോർ മുണ്ടനാട് വൈസ് പ്രസിഡന്റ് നികുഞ്ജ് നരേദി എന്നിവർ ചേർന്ന് നവതി ആഘോഷചടങ്ങിൽ ഡോ പി കെ നമ്പൂതിരിയെ ആദരിക്കുന്നു*

തൊണ്ണൂറാം വയസ്സിൽ ഒരാൾ ചെയ്യുന്ന തൊഴിലെന്തായിരിക്കും. രോഗാതുരനായി കട്ടിലിൽ കിടക്കുക. എന്നാലിതാ എൺപത്തേഴാം വയസ്സിൽ തെലുങ്ക് പഠിച്ച് വിവർത്തനത്തിന് ഇറങ്ങിയിരിക്കുകയാണ് ഒരു ഡോക്ടർ. ഇതിനകം ഒൻപത് ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു കഴിഞ്ഞു.

**വിദ്യാരംഭം സ്പെഷ്യൽ ❑ വിവർത്തനകല**

# തൊണ്ണൂറാം വയസ്സിലെ തൊഴിൽ

**അനുജൻ ടി എം**



❑നമ്പൂതിരി സമുദായത്തിലെ ആദ്യകാല ഡോക്ടർമാരിൽ ഒരാൾ.
❑പാഞ്ഞാളിലെ നമ്പൂതിരി വിദ്യാലയത്തിൽ തുടക്കം
❑പനമ്പിള്ളിയുടെ സഹായത്താൽ എം.ബി.ബി.എസ് പ്രവേശനം.
❑ഹൗസ് സർജൻസി സമയത്തു തന്നെ നിയമനം
❑കെ.ജി.എം.ഒ യുടെ സംസ്ഥാന പ്രസിഡന്റ്.
❑മെഡിക്കൽ ജേർണലിന്റെ എഡിറ്റർ.
❑അമ്മു കെയർ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ്
❑ഒൻപത് ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ വിവർത്തനം
❑എൺപത്തിയേഴാം വയസിൽ തെലുങ്ക് പഠനം.

എഴുപത്തിരണ്ട് കൊല്ലം മുമ്പാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് നാലു കൊല്ലം മാത്രം. ഉന്നത പഠനസൗകര്യങ്ങൾ ആയിവരുന്നേയുള്ളൂ. 1951ൽ എറണാകുളം മഹാരാജാസ് കോളേജിൽ ഇന്റർ മീഡിയേറ്റ് പാസ്സായ ഒരു ഉണ്ണിനമ്പൂതിരിക്ക് എം.ബി.ബി.എസിനു ചേരാൻ മോഹം. അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചിട്ട് ഒരു വർഷമേ ആയിരുന്നുള്ളൂ. എല്ലാം കൊണ്ടും പ്രയാസമനുഭവിക്കുന്ന സമയം. തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ് തുടങ്ങിയിരുന്നെങ്കിലും അക്കൊല്ലം അഡ്മിഷൻ കിട്ടിയില്ല. അതുകൊണ്ട് ബിഎസ് സിക്ക് ചേർന്നു. എം.ബി.ബി.എസ് എന്ന സ്വപ്നം തല്കാലത്തേക്ക് മാറ്റി വച്ചു.

പക്ഷേ, കോൺഗ്രസ് നേതാവായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ അവരുടെ കുടുംബ സുഹൃത്തായി

രുന്നു. അദ്ദേഹം അക്കാലത്ത് കേന്ദ്രമന്ത്രിയുമാണ്. പനമ്പള്ളി ഇടപെട്ടതിനാൽ 1952ൽ ഒഡിഷയിലെ കട്ടക്കിലുള്ള മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിച്ചു. അതാണ് ജീവിതം അടിമുടി മാറ്റി മറിച്ചത്.

ഭക്ഷണം, ഭാഷ, കാലാവസ്ഥ എന്നിവയെല്ലാം അപരിചിതം. പലവിധ ആഗോഗ്യ പ്രശ്നങ്ങളുമുണ്ടായി. എങ്കിലും ആറു വർഷം ഒഡീഷയിൽ തങ്ങി. എം.ബി.ബി.എസ്. പാസ്സായി. ഹൗസ് സർജൻസിയുടെ ഏതാനും ഭാഗവും ഒഡീഷയിൽ തന്നെ. ഒടുവിൽ, 1958ൽ നാട്ടിലേക്ക്.

ഇന്നിപ്പോൾ നവതി പിന്നിട്ടിരിക്കുകയാണ് അന്നത്തെ ആ ഡോക്ടർ. നമ്പൂതിരി സമുദായത്തിലെ ആദ്യകാല ഡോക്ടർമാരിൽ ഒരാൾ. ഡോ.പി.കെ നമ്പൂതിരി. തൊണ്ണൂറാം വയസ്സിലും വിശ്രമമില്ല, ഒൻപത് ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ ഇതിനകം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. റിട്ടയർമെന്റിനു ശേഷം അക്ഷരത്തെ കൂട്ടു പിടിച്ച് സാർത്ഥകമാക്കിയ ജീവിതം. ഈ നവരാത്രിക്കാലത്തെ അക്ഷരപ്പതിപ്പിൽ ഏറെ പ്രസക്തിയുണ്ട് അതിന്.

തൃശ്ശൂർ അന്തിക്കാടിനടുത്ത മുറ്റിച്ചൂര് പാതിരിശ്ശേരി മനയിലാണ് ജനനം. അച്ഛൻ പി.എസ്. കേശവൻ നമ്പൂതിരി സംസ്കൃത പണ്ഡിതനും വൈദ്യനുമായിരുന്നു. അമ്മ തൃശൂർ മങ്ങാട്ട് ഉമാദേവി അന്തർജനം. ഏഴ് മക്കളിൽ നാലാമൻ. 1927 ൽ കുടുംബം ചാലക്കുടിക്കടുത്ത് മുരിങ്ങൂരിലേക്ക് താമസം മാറ്റിയിരുന്നു.

അക്കാലത്ത് നമ്പൂതിരിമാർ പൊതുവിദ്യാലയങ്ങളിൽ പോവുന്ന പ്രവണത കുറവാണ്. അതിനാൽ പാഞ്ഞാളിൽ തുടങ്ങിയ നമ്പൂതിരി ഇംഗ്ലീഷ് ബാലിക വിദ്യാലയത്തിൽ തുടക്കമിട്ടു. പിന്നെ ചാലക്കുടി ഗവ ഹൈസ്കൂളിൽ. പത്താംതരം കഴിഞ്ഞ് മഹാരാജാസിലെ പഠനം കഴിയും മുമ്പ് 1950ൽ അച്ഛൻ മരിച്ചു. പിന്നീട് അമ്മ ഉമാദേവിയാണ് പഠിപ്പിച്ചത്.1951ൽ എറണാകുളം മഹാരാജാസ് കോളേജിൽ ഇന്റർ മീഡിയറ്റ് പാസ്സായി. ഇന്നത്തെ പ്ളസ് ടു. അച്ഛൻ വൈദ്യനായിരുന്നതിനാൽ ഡോക്ടറാവാൻ മോഹിച്ചു. എന്നാൽ സീറ്റു കിട്ടാതെ ബിഎസ്സിക്ക് ചേർന്നു. ആ സാഹചര്യത്തിലാണ് പനമ്പള്ളി ഇടപെട്ടതും ഒഡീഷയിൽ സീറ്റു കിട്ടിയതും.



ഡോ പി കെ നമ്പൂതിരി
പാതിരിശ്ശേരി, പുത്തൂർ
പാലക്കാട്,ഫോൺ: 9400545949
Villa Number 12,
The Retreat Boulevard,
Near Olde Bangalore Resort,
Tharabanahalli, Chikjala,
Bengaluru, 562157
Mob:9606659764

**2011 ൽ പേരക്കുട്ടി അമ്മു ഒരു വാഹനാപകടത്തിൽ പ്പെട്ടു. ഒരു വിധ ചികിത്സകൾക്കും അവളെ രക്ഷിക്കാനായില്ല. ആ അകാല മരണം ജീവിതത്തിൽ വലിയ ദുരന്തമായി. ഇത് താങ്ങാനാവാതെയാണ് ഡോക്ടർ ജോലി എന്നേക്കുമായി അവസാനിപ്പിച്ചത്. ഇന്നിപ്പോൾ നവതി പിന്നിട്ടിരിക്കുകയാണ്**

1959 ൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഹൗസ് സർജൻസിയുടെ ബാക്കി ഭാഗം ചെയ്യുന്ന സമയത്തു തന്നെ ആരോഗ്യ വകുപ്പിൽ പി എസ് സി വഴി നിയമനം. ഫെലേറിയ റിസർച്ച് ഓഫിസറായി കോഴിക്കോട്ടായിരുന്നു ആദ്യ നിയമനം. ഒന്നര കൊല്ലത്തിന് ശേഷം ജില്ലാ ആശുപത്രിയിലേക്ക്. 1962 ൽ തൃത്താല ഗവർമെന്റ് ഡിസ്പെൻസറിയിലേക്ക് മാറ്റം കിട്ടി. പിന്നീട് തൃപ്പൂണിത്തുറ, വയനാട്ടിലെ പനമരം, ചാവക്കാട് തുടങ്ങി വിവിധ ആസ്പത്രികളിൽ അദ്ദേഹം ജോലി ചെയ്തു. അക്കാലത്തെല്ലാം പ്രസവ സംബന്ധമായ ഒരു പാട് കേസുകൾ വിദഗ്ധമായി കൈകാര്യം ചെയ്തിരുന്നു. രോഗികളുടെ വീട്ടിൽ പോയി ചികിത്സിക്കുന്ന രീതിയായിരുന്നു അക്കാലത്ത്.

1969ൽ ചാവക്കാട്ട് പ്രവർത്തിക്കുന്ന സമയത്താണ് അസ്ഥിരോഗ ചികിത്സയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉപരിപഠനത്തിന് അവസരമായത്. 1970ൽ പാലക്കാട് ജില്ലാ ആശുപത്രിയിലെ ഓർത്തോ സർജ്ജനായി. അവിടെ ഓർത്തോപീഡിക് വിഭാഗം ആരംഭിക്കാൻ നേതൃത്വം വഹിച്ചു. അതിന് ശേഷം കോട്ടയം, കണ്ണൂർ, കോഴിക്കോട്, എന്നിവിടങ്ങളിൽ ഓർത്തോ സർജനായി. 1988 ൽ വിരമിച്ചശേഷം വിവിധ സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്തു.

പക്ഷേ, 2011 ൽ ചികിത്സ നിർത്തി. അതിനുമുണ്ട് ഒരു കാരണം. പേരക്കുട്ടി അമ്മു ഒരു വാഹനാപകടത്തിൽപ്പെട്ടു. ഒരു വിധ ചികിത്സകൾക്കും അവളെ രക്ഷിക്കാനായില്ല. പേരക്കുട്ടിയുടെ ആ അകാല മരണം ജീവിതത്തിൽ നേരിടേണ്ടിവന്ന വലിയ ദുരന്തമായി. ഇത് താങ്ങാനാവാതെയാണ് ഡോക്ടർ ജോലി എന്നേക്കുമായി അവസാനിപ്പിച്ചത്. പിന്നീട് ആ പേരക്കുട്ടിയുടെ പേരിൽ ചാരിറ്റി പ്രവർത്തനങ്ങളായി.

ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എ യുടെ സജീവ പ്രവർത്തകനായിരുന്നു. കേരളത്തിലെ ഗവണ്മെന്റ് ഡോക്ടർമാരുടെ സംഘടനയായ കെ.ജി.എം.ഒ യുടെ രൂപീകരണ സമയം മുതൽ അതിൽ മെമ്പർ. സംഘടനയുടെ സംസ്ഥാന പ്രസിഡന്റായും പ്രവർത്തിച്ചു. അവരുടെ മെഡിക്കൽ ജേർണലിന്റെ എഡിറ്ററുമായി. സർവീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സംഘടനാ പ്രക്ഷോഭങ്ങളിലും മുൻനിരയിലുണ്ടായിരുന്നു.

പാലക്കാട് കുറുവട്ടൂർ തേനേ

ഴി മന ശ്രീദേവി അന്തർജനമാണ് ഭാര്യ. മക്കളിലൊരാളായ മോഹൻ ഇന്ന് ബ്രഹ്മർഷി മോഹൻജിയായി ആദ്ധ്യാത്മിക രംഗത്തും ചാരിറ്റി രംഗത്തും നിറഞ്ഞ് നിൽക്കുന്നു. മറ്റൊരു മകൻ മനോജ് അമേരിക്കയിലെ ഷാർലെറ്റിൽ ആർക്കിടെക്റ്റാണ്. പ്രശസ്ത ആർക്കിടെക്റ്റ് ലാറി ബേക്കറുടെ കീഴിൽ കുറച്ചു കാലം തിരുവനന്തപുരത്തും ജോലി ചെയ്തിട്ടുണ്ട്.

മകൾ അമ്മുവിന്റെ ഓർമ്മക്കായി മോഹൻജി സ്ഥാപിച്ച അമ്മു കെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വവും ഡോ, പി. കെ നമ്പൂതിരിക്കായിരുന്നു. ആദ്യ ഒൻപത് വർഷം പ്രസിഡന്റുമായി. ചികിത്സാ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, സൗജന്യ യൂണിഫോം, അഗതികൾക്ക് സഹായം തുടങ്ങി വിവിധ മേഖലകളിൽ മകൻ മോഹൻജിയോടൊപ്പം പ്രവർത്തിച്ചു.

2023 ആയപ്പോഴേക്ക് ആറ് ഭൂഖണ്ഡങ്ങളിലായി പത്തൊൻപതോളം രാജ്യങ്ങളിൽ മോഹൻജിക്ക് സ്ഥാപനങ്ങളുണ്ട്. പ്രകൃതി സംരക്ഷണവും ജീവകാരുണ്യ പ്രവർത്തനങ്ങളുമാണ് മേഖല. 43 രാജ്യങ്ങളിൽ ഇവരുടെ പ്രവർത്തനങ്ങൾ നടക്കുന്നു.



*ഡോ കേശവൻ നമ്പൂതിരി, പത്നി ശ്രീദേവി നമ്പൂതിരി, മകൻ മോഹൻ, മകന്റെ ഭാര്യ ദേവി മോഹൻ, പൗത്രി മിള മോഹൻ*

തൊണ്ണൂറിലധികം രാജ്യങ്ങളിൽ മോഹൻജിയുടെ സാന്നിദ്ധ്യവുമുണ്ട്.

ഇപ്പോൾ മറ്റൊന്നാണ് ഡോ. പി. കെ നമ്പൂതിരിയുടെ മേഖല. ഭാഷയും അക്ഷരങ്ങളും. പല ഭാഷകളിലെ ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു മൊഴി മാറ്റുന്നതാണ് തൊണ്ണൂറാം വയസ്സിലെ തൊഴിൽ

വാർദ്ധക്യം ഒട്ടും ബാധിച്ചിട്ടില്ല. മകൻ മോഹൻജി എഴുതിയ തുൾപ്പെടെ ഒൻപത് ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ ഇതിനകം വിവർത്തനം ചെയ്തു. അതെല്ലാം ഗുരു ലൈറ്റ് പബ്ലിക്കേഷൻസ് വഴി വിതരണവും നടക്കുന്നു. വിവർത്തനം വഴങ്ങാൻ വേണ്ടി മാത്രം എൺപത്തിയേഴാം വയസിൽ തെലുങ്ക് ഭാഷ പഠിച്ചു. ശ്രീപാദ ശ്രീവല്ലഭ ചരിതാമൃതം എന്ന സംസ്കൃത മൂലഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷക്ക് പുറമേ തെലുങ്ക് പരിഭാഷയും പരിശോധിച്ചാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. മോഹൻജിയുടെ പ്രഭാഷണ ഭാഗങ്ങൾ ക്രോഡീകരിച്ച പുസ്തകങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

2023 മെയ് 21 ന് ബാഗ്ലൂരിൽ കുടുംബാംഗങ്ങളോടൊപ്പമായിരുന്നു തൊണ്ണൂറാം പിറന്നാൾ. വിദേശത്തും സ്വദേശത്തുമുള്ള മോഹൻജിയുടെ അനുയായികൾ നവതി ഏറ്റെടുത്ത് നടത്തുകയായിരുന്നു. ആദ്ധ്യാത്മികരംഗത്തെയും സാമൂഹികരംഗത്തെും പല പ്രഗല്ഭരും ആഘോഷത്തിനെത്തി. വിളിക്കാം ഈ വേറിട്ട ഭിഷഗ്വരനെ. ആശംസകൾ അറിയിക്കാം. ഒപ്പം ആയുരാരോഗ്യത്തിന് ജഗദീശ്വരനോട് പ്രാർത്ഥിക്കുകയുമാവാം. ●


അനുജൻ ടി എം
റിട്ടയേർഡ് ടീച്ചർ, തേനഴി മന,
പി ഒ കുണ്ടൂർക്കുന്ന്
വഴി മണ്ണാർക്കാട് കോളേജ്
പാലക്കാട്ജില്ല പിൻ678583
മൊബൈൽ 97440 56165




വാർദ്ധക്യം ഒട്ടും ബാധിച്ചിട്ടില്ല. വിവർത്തനം വഴങ്ങാൻ വേണ്ടി മാത്രം എൺപത്തിയേഴാം വയസിൽ തെലുങ്ക് ഭാഷ പഠിച്ചു. മകൻ മോഹൻജി എഴുതിയ തുൾപ്പെടെ ഒൻപത് ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ ഇതിനകം വിവർത്തനം ചെയ്തു.

*ഡോ കേശവൻ നമ്പൂതിരി, പത്നി ശ്രീദേവി നമ്പൂതിരി, മക്കളായ മോഹൻ, മനോജ് എന്നിവർക്കൊപ്പം*

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"



# പൊരുത്തപ്പെടൽ

**വിദ്യാരംഭം സ്പെഷ്യൽ ❑ മലയാളത്തിളക്കം**

എത്രവട്ടം തെറ്റിയാലും സ്വയം ശരി കണ്ടെത്തുന്നതു വരെ ക്ഷമയോടെ പരീക്ഷണം നടത്താനാവും ചില കുട്ടികൾക്ക് താല്പര്യം. അത്തരം കുട്ടികളുടെ മുന്നിൽ തോൽക്കുന്നത് ടീച്ചർമാരായിരിക്കും. മലയാളം ക്ളാസിൽ  ഇങ്ങനെ തോൽക്കാതെ പിടിച്ചു നിന്ന ഒരു അണ്ണാൻ കുഞ്ഞിനെ സ്മരിക്കുകയാണ് അദ്ധ്യാപികയായ ശ്രീജ പട്ടലൂർ

**ശ്രീജ പട്ടലൂർ**



'ടീച്ചർക്കൊരു പാഴ്സലുണ്ട് ' ഓഫീസിൽ നിന്ന് ഇന്ദിര ചേച്ചി വിളിച്ചു പറഞ്ഞപ്പോൾ വിശ്വസിക്കാനായില്ല. സ്കൂളിലേക്ക് എനിക്ക് ആരും കൊറിയർ അയയ്ക്കാറില്ല. ആരുടെ ആയിരിയ്ക്കും ആ പാഴ്സൽ ? തിരയ്ക്കിനിടയിലും അതെന്തെന്നറിയാനുള്ള ആകാംക്ഷയിൽ ഞാൻ പെട്ടെന്നു തന്നെ പോയി അതെടുത്തു.

അല്ലെങ്കിലേ ഞാൻ എപ്പോഴും ഓൺലൈനായി സാധനങ്ങൾ വാങ്ങുന്ന ആളാ എന്ന് എല്ലാവരും പറയാറുണ്ട്. ഇപ്പോൾ സ്കൂളിലേയ്ക്കും കൊറിയർ വന്നു തുടങ്ങില്ലേ ? ദിവാകരേട്ടൻ കാണണ്ട എന്നു കരുതീട്ടാവും സ്കൂൾ അഡ്രസ് കൊടുത്തത് ല്ലേ ? തുടങ്ങി ഒരുപാട് ചോദ്യങ്ങൾ ....

ഞാനതുമായി സ്റ്റാഫ് റൂമിൽ എത്തി. പാക്കറ്റ് തുറക്കുന്ന വീഡിയോ ഇപ്പോ സോഷ്യൽ മീഡിയയിൽ വൈറൽ ആകുന്ന കാലമാണല്ലോ ? സ്കൂളിലേയ്ക്ക് ആദ്യമായി എനിയ്ക്ക് വന്ന ഒരു പാഴ്സൽ അല്ലേ , എന്റെ സൃഹൃത്ത് ബീന ടീച്ചറെ കൊണ്ട് ഞാൻ പാക്കറ്റ് തുറക്കുന്ന വീഡിയോ എടുപ്പിച്ചു.

> അക്ഷരങ്ങളോട് കൂട്ടുകൂടാൻ പിന്നാക്കക്കാരെ പ്രാപ്തരാക്കിയ മികച്ചൊരു പരിശീലനപരിപാടി വിദ്യാലയങ്ങളിലെല്ലാം നടപ്പാക്കിയിരുന്നല്ലൊ. 'മലയാളത്തിളക്കം '. എനിക്കായിരുന്നു ചുമതല.

അതിനുള്ളിൽ എന്റെ ഒരു ഫോട്ടോ, ഒരു പാക്കറ്റ് ചുവപ്പു മഷി പേനകളും, ഒരു പാക്കറ്റ് നീല മഷി പേനകളും ഒരു ഡയറിയുമായിരുന്നു. ആ ഡയറിയിൽ മനോഹരമായ കൈയ്യക്ഷരങ്ങളാൽ ഇങ്ങിനെ എഴുതിയിരുന്നു 'എന്നെ അക്ഷരങ്ങളുടെ ലോകത്തേക്ക് കൈപ്പിടുച്ചയർത്തിയ എന്റെ സ്വന്തം ശ്രീജ ടീച്ചർക്ക്

അംജദ്

ഇതു വായിച്ചതും എന്റെ ഓർമകൾ വർഷങ്ങൾ പിന്നോട്ട് പോയി. വീഡിയോ എടുത്തിരുന്ന ബീന ടീച്ചർ ചോദിയ്ക്കുന്നതൊന്നും ഞാൻ കേൾക്കുന്നതേ ഇല്ലായിരുന്നു. ആ വടിവൊത്ത അക്ഷരങ്ങളെ തലോടി ഞാനങ്ങനെ കുറച്ചു നേരം നിന്നു . അതെ അംജദ പ്പോൾ ഒരു അഞ്ചാം ക്ലാസ്സുകാരാനാണ്. ക്ലാസ്സിൽ കുസൃതി കാണിക്കാത്ത ഒരു ദിവസം പോലുമില്ല.

എന്റെ ക്ലാസ്സിലെത്തിയ മക്കളിൽ വേറിട്ട് നിൽക്കുന്നൊരു മുത്ത്. മികച്ച പ്രതികരണശേഷി. കാര്യം എന്തായാലും വേണ്ടില്ല, 'ഞാനുണ്ട് ടീച്ചറേ' എന്ന്

പറഞ്ഞ് മുന്നിൽതന്നെയുണ്ടാകും മിടുക്കൻ. പഠനപ്രവർത്തനങ്ങൾ നൽകുമ്പോഴും ഈ താത്പര്യം കാണിക്കുമെങ്കിലും പഠിക്കാൻ അത്ര മിടുക്കുണ്ടെന്ന് പറയാനാവില്ല.

അത്ര പോര എന്നുതന്നെ പറയാം. അക്ഷരങ്ങളവനു വഴങ്ങില്ല. അക്ഷരങ്ങളവനോട് പിണങ്ങും. ഗതികെടുമ്പോൾ അവൻ അക്ഷരങ്ങളോടും, ഈ പിണക്കം പക്ഷേ ടീച്ചറോടില്ലെന്നതായിരിക്കാം അവനെ എന്റെ പ്രിയപ്പെട്ട വരിലൊരാളാക്കിയത്.

അക്ഷരങ്ങളോട് കൂട്ടുകൂടാൻ പിന്നാക്കക്കാരെ പ്രാപ്തരാക്കിയ മികച്ചൊരു പരിശീലനപരിപാടി വിദ്യാലയങ്ങളിലെല്ലാം നടപ്പാക്കിയിരുന്നല്ലോ. 'മലയാളത്തിളക്കം'. എനിക്കായിരുന്നു ചുമതല. ക്ലാസിൽ മുന്നിൽ തന്നെ അവനുമുണ്ടായിരുന്നു.

കുട്ടിയെഴുത്ത്, ടീച്ചറെഴുത്ത്, പൊരുത്തപ്പെടൽ. ഇതാണ് മലയാളത്തിളക്കം പഠനപ്രവർത്തനങ്ങളുടെ സവിശേഷത. ടീച്ചർ വീഡിയോ കാണിക്കും. കഥ പറയും. അല്ലെങ്കിൽ ചെറിയ ചില വിവരണങ്ങൾ. തുടർന്ന് ടീച്ചർ പറയുന്ന വാക്കുകളോ വാചകങ്ങളോ കുട്ടികൾ നോട്ടുപുസ്തകത്തിലെഴുതണം.

പിന്നീട് ടീച്ചർ അതെല്ലാം ചാർട്ടിലെഴുതും കുട്ടി എഴുതിയത് ടീച്ചർ എഴുതിയതുമായി താരതമ്യം ചെയ്യണം. തെറ്റാണെന്നോ തെറ്റുപറ്റിയെന്നോ ഒരിക്കലും പറയില്ല. ടീച്ചറുടെ എഴുത്തിനോട് പൊരുത്തപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുകയാണ് രീതി. പൊരുത്തപ്പെട്ടിട്ടുണ്ടെങ്കിൽ ശരിയും സമ്മാനങ്ങളും. പൊരുത്തപ്പെട്ടിട്ടില്ലെങ്കിൽ തെറ്റിനു ചുറ്റും വട്ടം വരയ്ക്കും. പിന്നീട് ടീച്ചർ എഴുതിയത് നോക്കി പകർത്തി എഴുതണം. കുട്ടിയ്ക്ക് സ്വയം തിരുത്താനും മെച്ചപ്പെടാനും അവസരം നൽകുന്ന മികച്ച പഠനരീതി.

'തിളക്ക'ത്തിനിടയ്ക്കൊരു ദിവസം. എഴുത്തും വായനയും പൊരുത്തപ്പെടലുകളുമായി ഉച്ചയായിരിക്കുന്നു. ഊണിനു വിടാൻ ഏതാനും മിനുട്ടുകൾ മാത്രം, വീ



കുട്ടി എഴുതിയത് ടീച്ചർ എഴുതിയതുമായി താരതമ്യം ചെയ്യണം. തെറ്റാണെന്നോ തെറ്റുപറ്റിയെന്നോ ഒരിക്കലും പറയില്ല. ടീച്ചറുടെ എഴുത്തിനോട് പൊരുത്തപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുകയാണ് രീതി. പൊരുത്തപ്പെട്ടിട്ടുണ്ടെങ്കിൽ ശരിയും സമ്മാനങ്ങളും. പൊരുത്തപ്പെട്ടിട്ടില്ലെങ്കിൽ തെറ്റിനു ചുറ്റും വട്ടം വരയ്ക്കും.

ഡിയോ കണ്ട് കഥ വിവരിക്കുകയാണ്. എഴുതാനുള്ളത് പറഞ്ഞു കൊടുത്തു.

'അണ്ണാൻ കുഞ്ഞ് പേടിച്ചു'.

അംജദ് എഴുതി,

'അണ്ണാൻകുഞ്ഞ് പൊടിച്ചു'.

ടീച്ചറെഴുത്ത് ചാർട്ടിലുണ്ട്. അവനതു നോക്കിയില്ല. കാരണം അവന് സംശയമുണ്ടായിരുന്നില്ല.

'ശരിയായില്ലേ ടീച്ചർ' എന്ന ഭാവത്തിൽ ചിരിച്ചുകൊണ്ട് മുന്നിലെത്തി. എന്റെ ചിരി കണ്ടപ്പോൾ സംഗതി പൊരുത്തപ്പെട്ടിട്ടില്ലെന്ന് അവനു മനസ്സിലായി.

വട്ടം വരച്ചപ്പോഴാണ് എഴുതിയത് തെറ്റിയെന്ന് അവന് മനസ്സിലായത്. എന്നിട്ടും ശരിയെന്തെന്ന് അറിയാൻ അവൻ ബോർഡ് നോക്കിയില്ല. നല്ല കോൺഫിഡൻസിലായിരുന്നു അവൻ. ടീച്ചർ എഴുതിയതു നോക്കാതെ തന്നെ ശരി എഴുതാൻ കഴിയുമെന്ന ബോധ്യം

ചാർട്ടിൽ നോക്കാതെ അവൻ തിരുത്തി. അണ്ണാൻ കുഞ്ഞ് 'പൊട്ടിച്ചു'

വീണ്ടും വട്ടം വരച്ചു. എന്നിട്ടും ശരിക്കു വേണ്ടി അവൻ ബോർഡ് നോക്കിയില്ല. പിന്നത് 'പോടിച്ചു' എന്നും 'പോട്ടിച്ചു' എന്നും തിരുത്തിയെഴുതപ്പെട്ടു. ചുറ്റും വട്ടങ്ങൾ വരഞ്ഞു നിറഞ്ഞു.

എത്രവട്ടം തെറ്റിയിട്ടും അവൻ ചാർട്ട് നോക്കി ശരിയാക്കാൻ മുതിർന്നില്ല. മറ്റു കുട്ടികൾ ഉച്ച ഭക്ഷണത്തിനു പോയി. അവനും വിശപ്പുണ്ടാവണം. എന്നിട്ടും ചാർട്ട് നോക്കാതെ അവൻ എഴുത്തു തുടർന്നു

അങ്ങനെ തെറ്റുകളും വട്ടങ്ങളും പുസ്തകത്തിൽ നിറഞ്ഞു. എപ്പഴോ അവന് തോന്നിക്കാണും. ഉച്ചയായി. ടീച്ചർക്ക് ഊണു കഴിക്കാൻ പോണം.

ഒടുവിലവൻ തോൽവി സമ്മതിച്ചു. ചാർട്ടിലേക്ക് നോക്കി ക്ഷമയോടെ പകർത്തിയെഴുതി.

'അണ്ണാൻകുഞ്ഞ് പേടിച്ചു'.

ഇപ്പഴാണ് പൊരുത്തപ്പെട്ടത്. ഞാനവന്റെ ചുമലിൽ തട്ടി, മുഖത്ത് നിറഞ്ഞ പുഞ്ചിരി.

'ന്റെ ടീച്ചറേ ആദ്യമേ നോക്കിയെഴുതിയാ മതിയായിരുന്നു. ചോറിനു പോകാനും വൈകി; നോട്ടുബുക്കില് നിറച്ച് വട്ടം വരയും' ഒരല്പം പരിഭവം കലർത്തി അവൻ പറഞ്ഞു.

'സാരമില്ല, എന്തായാലും പൊരുത്തപ്പെട്ടല്ലോ... ടീച്ചറിന് സന്തോഷമായി'.

പറഞ്ഞ് തീരും മുമ്പ് പ്ലെയ്റ്റുമെടുത്ത് അവൻ പുറത്തേക്കോടിയിരുന്നു. നിഷ്കളങ്കമായ പൊരുത്തപ്പെടലിന്റെ നിർവൃതിയിലായിരുന്നു അപ്പോൾ ഞാൻ. ●

(ശ്രീജ പട്ടലൂർ, ഉമ, യൂണിറ്റി വിമെൻസ് കോളേജ് റോഡ്, പി. ഒ നറുകര, മഞ്ചേരി പിൻ 676122 മൊബൈൽ 9946188670 മഞ്ചേരി ജി.ബി. എച്ച് എസ് സ്കൂളിലെ അദ്ധ്യാപികയാണ്)



*യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കൗൺസിലർമാരുടേയും പ്രവർത്തകരുടേയും*

# സർവജ്ഞം പദ്ധതിയിൽ പരമാവധി പങ്കാളിത്തം വേണം

കോഴിക്കോട്: യോഗക്ഷേമസഭയുടെ സർവജ്ഞം വിദ്യാഭ്യാസ പദ്ധതി പരമാവധി കുട്ടികളിലേക്ക് എത്തിക്കാൻ സഭാപ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി കൊടുപ്പുന്ന കൃഷ്ണൻ പോറ്റി ആഹ്വാനം ചെയ്തു.

സിവിൽ സർവീസ് പോലുള്ള മികച്ച ഇടങ്ങളിൽ നമ്മുടെ സമുദായാംഗങ്ങളും എത്തിച്ചേരാൻ ഹൈസ്കൂൾ കാലം മുതൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സർവജ്ഞം. ഒരു കുട്ടിയ്ക്ക് ആറായിരം രൂപയാണ് വാർഷിക ഫീസ്. അതിന് നിർവാഹമില്ലാത്തവർക്ക് സൗജന്യമായും പരിശീലനം നൽകുന്നുണ്ട്. കുട്ടികളെ സ്പോൺസർ ചെയതും പദ്ധതിയെ അവരിലേക്ക് എത്തിച്ചും കുട്ടികളെ കണ്ടെത്തിയും പ്രവർത്തകർ ഇത് വിജയിപ്പിക്കണം.

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കൗൺസിലർമാരുടേയും പ്രവർത്തകരുടേയും യോഗം 2023 ജൂലൈ 23 ന് കോവൂരിലെ ആസ്ഥാന മന്ദിരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കനത്ത മഴയുള്ള കാലാവസ്ഥയിലും 140 ഓളം പേർ പങ്കെടുത്തു. അതിൽത്തന്നെ ധാരാളം വനിതകളും കുട്ടികളും ഉണ്ടായിരുന്നു.

സംസ്ഥാന ട്രഷറർ ദാമോദരൻ നമ്പൂതിരി കോഴിക്കോട് പുതുതായി തുടങ്ങുന്ന കാരുണ്യനിധിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. അതുല്യമായ പ്രവർത്തനം കാഴ്ച വെക്കുന്ന തൃശൂരിലെ ജീവാമൃതം ട്രസ്റ്റിനെയാണ് മാതൃകയാക്കിയത്. കാരുണ്യനിധിയുടെ ആദ്യ വിഹിതം 5000 കചോക്കൂർ പുതുവാരിടം കൃഷ്ണൻ നമ്പൂതിരിയിൽ നിന്നും സ്വീകരിച്ചു. ഉടൻ തന്നെ 10000 , 5000 തുകകളുടെതടക്കം 95000 രൂപയുടെ ഓഫർ ലഭിച്ചു എന്നത് നല്ല തുടക്കമായി.

എസ് എസ് എൽ സി, പ്ലസ്ടു ഉന്നത വിജയികളായ 33 പേരെ ജില്ലാസഭയുടെ പുരസ്കാരം നൽകി അനുമോദിച്ചു. ജോലിയിൽ പ്രമോഷനായി മൂന്നാറിൽ നിയമിതനായ മധു പൌർണമിക്ക് പകരം ജില്ലാ ജോയന്റ് സെക്രട്ടറിയായി എടവല്യം പുരുഷോത്തമൻ നമ്പൂതിരിയെ തിരഞ്ഞെടുത്തു.

ഉപസഭാ പ്രവർത്തകർ അർത്ഥപൂർണമായ ചർച്ചകളിൽ പങ്കെടുത്തു. വനിതാ സഭയുടെ സാരഥി ശ്രീജ അരീക്കര വനിതാ സഭ പ്രവർത്തനങ്ങൾ വിവരിച്ചു.

അത്തോളി ഭാഗത്തെ 55 ഓളം പ്രവർത്തകരെ ഉൾപ്പെടുത്തി ഉള്ളിയേരി ഉപസഭ വിപുലീകരിച്ചു. കുന്നമംഗലം ഉപസഭയിൽ 60 പുതിയ മെമ്പർമാരെ ഉൾപ്പെടുത്തി.രാമല്ലൂർ ഉപസഭ എല്ലാ വർഷവും രാമായണത്തെ അധികരിച്ച് കർക്കിടക മാസത്തിൽ സംഘടിപ്പിയ്ക്കുന്ന രാമായണപരിക്രമണം ജൂലായ് 30 ന് നടന്നു. രാമായണപ്രഭാഷണം, പ്രശ്നോത്തരി, രാമായണ സ്കിറ്റ്

### സഭയ്ക്ക് പുസ്തക പ്രസിദ്ധീകരണ വിഭാഗവും

സഭാംഗങ്ങളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനായി സ്വസ്തി പബ്ളിക്കേഷൻ വിഭാഗം തുടങ്ങാൻ തീരുമാനിച്ചു. പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ താല്പര്യമുള്ളവർക്ക് സ്വസ്തിയെ സമീപിക്കാം. കേരളത്തിൽ ലഭ്യമാവുന്ന ഏറ്റവും ചുരുങ്ങിയ നിരക്കിൽ പുസ്തകങ്ങൾ തയ്യാറാക്കി പ്രകാശന ചടങ്ങും വിതരണവും ഉൾപ്പെടെയുള്ള സമ്പൂർണ്ണ പാക്കേജാണ് സ്വസ്തി പബ്ളിക്കേഷൻ ലക്ഷ്യം വയ്ക്കുന്നത്. സ്വസ്തിയിൽ കണ്ടന്റ്, പരസ്യം, സർക്കുലേഷൻ എന്നീ വിഭാഗങ്ങളിൽ നിസ്വാർത്ഥരായ പ്രവർത്തകരെ കൂടുതലായി ഉൾപ്പെടുത്താനും തീരുമാനിച്ചു. താല്പര്യമുള്ളവർക്ക് ജില്ലാ സെക്രട്ടറിയുമായി ബന്ധപ്പെടാം. മൊബൈൽ 9447337337




*യോഗം ആസ്ഥാന മന്ദിരത്തിൽ  കൊടുപ്പുന്ന കൃഷ്ണൻ പോറ്റി ഉദ്ഘാടനം ചെയ്യുന്നു.*

എന്നിവയുണ്ടായി. കൊയിലാണ്ടി ഉപസഭയുടെ ഒരു മാസം നീണ്ട രാമായണ പാരായണത്തിന്റെ സമാപനം ജില്ലാ ട്രഷറർ കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു.

മുക്കം ഉപസഭയുടെ രാമായണ മാസാചരണം ജൂലൈ 30 ഞായറാഴ്ച നടന്നു. 45 പേർ പങ്കെടുത്തു. കൗമാരക്കാരുടെ പ്രശ്നങ്ങൾ എന്ന വിഷയത്തെപ്പറ്റി ബോധവൽക്കരണ ക്ലാസും പ്രശ്നോത്തരിയും നടത്തി. ഫറോക്ക് ഉപസഭയും ചേവായൂർ ഉപസഭയും, സിറ്റി ഉപസഭയും രാമായണ പാരായണം, പ്രഭാഷണം ക്വിസ് എന്നിവ നടത്തി.

പെരുമണ്ണ ഉപസഭയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തിൽ ബാലസഭയുടെ ഒന്നാം വാർഷികം കളികളും, ക്വിസും, ഫാൻസി ഡ്രസുമായി ആഘോഷിച്ചു.സിറ്റി ഉപസഭയുടെ നേതൃത്വത്തിൽ തിരുവണ്ണൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ച് വനിതാ സഭാ മെമ്പർമാർ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തി.

ഉത്തര മേഖലാ കൌൺസിൽ യോഗം 26-08-23 ന് എടപ്പാൾ വെങ്ങിനിക്കരയിലെ കാവുങ്കൽ മന ഹാളിൽ ചേർന്നു. 50 പേർ പങ്കെടുത്തു.

വലിയ ജില്ലയായതിനാൽ ജില്ലാ സമ്മേളത്തിൽ അംഗങ്ങളുടെ പങ്കാളിത്തം കൂട്ടാനായി ഈ വർഷത്തെ കുടുംബസംഗമം നോർത്ത് സോൺ, സൌത്ത് സോൺ എന്നിങ്ങിനെ 2 സ്ഥലങ്ങളിലായി നടത്താൻ തീരുമാനിച്ചു. 9 വീതം ഉപസഭകളുണ്ട് ഓരോ സോണിലും. ശ്രീ ശങ്കര ലൈബ്രറിയുടെ ഉത്തരവാദിത്വം തായാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരി, പുതുശ്ശേരി നാരായണൻ മൂസ് എന്നിവർ ഏറ്റെടുത്ത് നടത്താം എന്നറിയിച്ചിട്ടുണ്ട്. പതിനായിരം പുസ്തകങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറുകയാണ് ശ്രീ ശങ്കര ലൈബ്രറി.

കോഴിക്കോട് ജില്ലാ സഭയുടെ ആസ്തികളെല്ലാം ഇൻവെന്ററി രജിസ്റ്ററിൽ കൃത്യമായി നമ്പറുകളിട്ട് ലൊക്കേഷൻ കൂടി കാണിച്ച് തയ്യാറാക്കിയിരിക്കുന്നു. ഇന്റർ ആക്ടീവ് മോട്ടിവേഷൻ ക്ലാസുകൾ, കവി സമ്മേളനം, ചെസ് ക്ലാസ് , തിരുവാതിരക്കളിദിനം എന്നിവയും പ്ലാൻ ചെയ്തു വരുന്നു.

**താമരക്കുളം ദിവാകരൻ**
ജില്ലാ സെക്രട്ടറി
യോഗക്ഷേമസഭ , കോഴിക്കോട്
മൊബൈൽ 9447337337

## ജില്ലാ മന്ദിരത്തിലെ ഹാൾ എ.സിയാക്കുന്നു

വൈദ്യുതി നിലച്ചാലും പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി ജില്ലാ മന്ദിരത്തിൽ ഇൻവെർട്ടർ സ്ഥാപിക്കുന്നു. താഴത്തെ നിലയിലെ ഹാളിൽ എ.സി ചെയ്യാനും, പുറത്ത് ഓപ്പൺ സ്റ്റേജ് നിർമ്മിക്കാനും പ്ലാൻ ചെയ്തു വരുന്നു

ജില്ലാ ആസ്ഥാനമന്ദിരത്തിലേക്ക് പല വിധത്തിലും സംഭാവനകൾ നൽകിക്കൊണ്ട് ആവേശകരമായ പങ്കാളിത്തമാണ് പ്രവർത്തകർ പ്രകടിപ്പിക്കുന്നത്. കുന്നം നാരായണൻ നമ്പൂതിരി 10 ലിറ്ററിന്റെ ഓട്ടുരുളി, പാതിരിശ്ശേരി മിഥുൻ നാരായണൻ നമ്പൂതിരിപ്പാട് ഒരു സെറ്റ് പൂജാപാത്രം, കോരമ്പറ്റ സിദ്ധാർത്ഥ് നമ്പൂതിരി 30 സ്റ്റീൽ പ്ലേറ്റും 30 സ്റ്റീൽ ഗ്ലാസും മഠം ആനന്ദ് നമ്പൂതിരി10 ലിറ്ററിന്റെ ഒരു വലിയ അ ലുമിനിയം ചെമ്പ്, മാളിക ഗോവിന്ദൻ നമ്പൂതിരി 3 സ്റ്റീൽ ബക്കറ്റ്, 3 കയ്യിൽ എന്നിവ സംഭാവന നൽകി. ഇത്തരം സൗകര്യങ്ങൾ കൂടുന്ന മുറയ്ക്ക് ഇവ വാടകയ്ക്ക് നൽകി അധികവരുമാനമുണ്ടാക്കാനും സാധിക്കും.

കോംപാക്റ്റ് സ്പീക്കറുകൾ, ആംപ്ലിഫയർ, 2 മൈക്ക് ( ഒന്ന് വയേർഡും, ഒന്ന് വയർ ലെസ്സും ), ഒരു മൈക്ക് സ്റ്റാൻഡ് എന്നിവയോടു കൂടിയ പുതിയ സൌണ്ട് സിസ്റ്റം ഹാളിൽ ഇൻസ്റ്റാൾ ചെയ്തു.



*ആസ്ഥാന മന്ദിരത്തിൽ ചേവായൂർ ഉപസഭയുടേയും ജില്ലാ സഭയുടേയും സംയുക്താഭിമുഖ്യത്തിൽ, സ്വാതന്ത്ര്യ ദിനത്തിൽ പതാക ഉയർത്തുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.*




*വൈക്കം മഹാദേവക്ഷേത്രപരിസരത്തെ ബുക് സ്റ്റാളിൽ സ്വസ്തി ഓണപ്പതിപ്പ് മറ്റു പ്രസിദ്ധീകരണങ്ങൾക്കൊപ്പം.*

# 'മൂന്നുകൊല്ലത്തെ ശാന്തി വൃത്തിയിലേക്കിന്നലെ ആറുമാസത്തെ പണം റൊക്കമായ് കിട്ടി മേന്നെ'

ശ്രീ കേശവൻ നമ്പൂതിരിയുടെ ഈ ലക്കം സ്വസ്തിയിലെ കവിതയിലെ രണ്ടു വരികൾ: ദാരിദ്ര്യ ദുഃഖം പിൻനിലാവായി വീണു കിടക്കുന്ന അറുപതുകളുടെയും എഴുപതുകളുടെയും ഇല്ലമുറ്റങ്ങളിലേക്ക് കവി കൂട്ടിക്കൊണ്ടുപോയി.അദ്ദേഹം പിന്നിൽ എഴുതിവെച്ച വാങ്മയ ചിത്രത്തിൽ 'തേവരെ സേവിക്കുന്ന സുഖവും നേദ്യചോറിൻ പാവനത്വവും'കുറിച്ചിട്ടപ്പോൾ ഏറെനേരം ആ വരികൾ മനസ്സിൽ നിന്ന് മായാതെ നിലവിളക്കിലെ തിരിപോലെ നിന്നു.

വള്ളത്തോൾ കളരിയിലെ(പൊന്നാനി കളരി)അവസാന വിളക്കും ശ്രീ അക്കിത്തത്തിന്റെ വിയോഗത്തോടെ കത്തി തീർന്നു എന്ന ഖേദം അസ്ഥാനത്താണെന്ന് ഈ കവിത കാട്ടിത്തരുന്നു. 'പണ്ടത്തെ മേൽശാന്തി' എന്ന മാസ്റ്റർപീസിലൂടെ അനശ്വരനായ ആ 'ജ്ഞാന തേജസ്സ്' കൊളുത്തിയ വഴിയിലൂടെയുള്ള ശ്രീ കേശവൻ നമ്പൂതിരിയുടെ യാത്ര തികച്ചും യോഗ്യം തന്നെ. അനുകരണീയനായ ആ മുൻഗാമി ഇങ്ങനെ എഴുതി:

"കാണായതപ്പടി കണ്ണുനീരെങ്കിലും
ഞാനുയിർക്കൊള്ളുന്നു വിശ്വാസശക്തിയാൽ"

എന്ന് അക്കിത്തം പണ്ടത്തെ മേൽശാന്തിയിൽ തന്റെ കവിതയുടെ അശ്രുപ്രസക്തിയെ ഓർക്കുന്നുണ്ട്. സ്വസ്തിക്കു അഭിനന്ദനങ്ങൾ.

**ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്**, കാടമ്പറ്റ മന
ചളവറ, പാലക്കാട് ജില്ല, മൊബൈൽ: 94468 82056

## മിടുക്കന്മാരായ കുട്ടികളെ അറിയാൻ കഴിഞ്ഞു

സ്വസ്തി ഓരോ ലക്കവും അത്ഭുതത്തോടെ ആണ് വായിക്കാറുള്ളത്. എത്ര മഹാന്മാരും പ്രതിഭാശാലികളും നമ്മുടെ പിൻ തലമുറയിലും ഇപ്പോഴും ഉണ്ട്-ഉണ്ടായിരുന്നു. ശാസ്ത്രജ്ഞന്മാർ, ഡോക്ടർമാർ, പൈലറ്റ്മാർ , ഇപ്പോഴത്തെ ചില മിടുക്കന്മാരായ കുട്ടികൾ. ഇവരെ കുറിച്ചൊക്കെ അറിയാൻ കഴിഞ്ഞു സ്വസ്തിയിലൂടെ. അല്ലെങ്കിൽ ഇവരെ കുറിച്ചൊക്കെ ചുരുക്കം ചിലർക്കു മാത്രമേ അറിവുണ്ടാകുമായിരുന്നുള്ളൂ. പെട്ടന്ന് മനസ്സിൽ വന്ന ചില കാര്യങ്ങൾ സൂചിപ്പിച്ചു, അല്ലാതെയും ധാരാളം വിഭവങ്ങളാൽ സമ്പുഷ്ടം ആണ് ഓരോ ലക്കവും. അണിയറ പ്രവർത്തകർക്കും എഴുത്തുകാർക്കും അഭിനന്ദനങ്ങൾ.

**മണികുമാർ**, കിഴക്കേമൂല ഇല്ലം, തിരുവഞ്ചൂർ, മൊബൈൽ: 9971364411

## പുതുമ ഉള്ള നല്ല ഒരു മാസിക

അനുദിനം വളർന്നു കൊണ്ടിരിക്കുന്ന ഒരു നല്ല പ്രസിദ്ധീകരണമാണ് സ്വസ്തി. ഒട്ടേറെ പുതുമ ഉള്ള നല്ല ഒരു മാസിക. ഇനിയും മുന്നേറാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ .

**ഹരികൃഷ്ണൻ വി**, പുതുമന ഇല്ലം, സി.എം.സി.1,
ചേർത്തല പി.ഒ. പിൻ- 688524, മൊബൈൽ: 79076 18606


കവിത
ബ്രാഹ്മണിയ്ക്കൽ
ഹെജിമണി

## മെച്ചപ്പെടട്ടെ

സമുദായവുമായി ബന്ധപ്പെട്ട വിഷയങ്ങളെ പരിചരിയ്ക്കുന്ന സ്വസ്തി ഉത്തരോത്തരം മെച്ചപ്പെട്ടു വരട്ടെ .

**പ്രൊഫ. പാലക്കൽ കേശവൻ നമ്പൂതിരി,**
പാലക്കൽ ഇല്ലം,
പി.ഓ. വിളയിൽ, വഴി കുഴിമണ്ണ, മലപ്പുറം ജില്ല
മൊബൈൽ :94464 88096

## നല്ല നിലവാരം

പുതിയ ലക്കം ഇന്ന് കിട്ടി.വളരെ നല്ല നിലവാരം പുലർത്തിയിട്ടുണ്ട്. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**വാസുദേവരു ത്രിവിക്രമരു,**
മുൻ കന്യാകുമാരി ജില്ലാ സെക്രട്ടറി, മുൻ കേന്ദ്ര കൗൺസിൽ അംഗം.
മൊബൈൽ: 9442829603

# വായനക്കാരുടെ പേജ്

## ഏറ്റവും ഇഷ്ടപ്പെട്ടത് വർക്കേരിയ വട്ടം

സ്വസ്തി ത്രൈമാസികയുടെ പുതിയ ഒരു വരിക്കാരൻ ആണ് ഞാൻ .ഓണപതിപ്പ് കിട്ടി. വളരെ നന്നായിരിക്കുന്നു. ഓരോ ലക്കത്തിലും മലയാള ബ്രാഹ്മണരിലെ അറിയപ്പെടാത്ത മഹദ് വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന പംക്തികൾ ഗംഭീരമായിരിക്കുന്നു. നമ്മുടെ കൂട്ടത്തിൽ ഉള്ള വലിയ ഉദ്യോഗങ്ങളിൽ ഒക്കെ ഇരുന്ന വിരമിച്ചവരെ കുറിച്ച് വായിക്കുമ്പോൾ നമുക്കു കിട്ടുന്ന ഊർജം വളരെ കൂടുതൽ ആണ്. ഈ ലക്കത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ലേഖനം ശ്രീ ഒ.എൻ.രാജേഷ് എഴുതിയ ഒരു വർക്കേരിയ വട്ടം എന്നതാണ്.

ആ ലേഖനത്തിലൂടെ എത്ര ഭംഗിയായാണ് നമുടെ കുട്ടികളുടെ വൈവാഹിക പ്രശ്നങ്ങളെ അപഗ്രഥിച്ചിരിക്കുന്നത്! തികച്ചും സത്യസന്ധമായ അവതരണം.ശ്രീ രാജേഷിനും സ്വസ്തിക്കും എന്റെ അഭിനന്ദനങ്ങൾ.

ഒരു കാര്യം കൂടി ഇത്തരുണത്തിൽ പറയട്ടെ, വൈവാഹിക കാര്യങ്ങളിൽ മലയാള ബ്രാഹ്മണരിലെ എല്ലാ വിഭാഗക്കാരെയും ഒന്നായി കാണുവാൻ നമ്മുടെ കൂട്ടത്തിൽ ചിലർക്ക് ഇപ്പോഴും മടിയുണ്ട് എന്നത് സത്യം മാത്രമാണ്. സ്വസ്തിക്കും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്കും എല്ലാ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**പ്രൊഫ.കെ.ബാലചന്ദ്ര ശർമ്മ** (കേന്ദ്ര പ്രസിഡന്റ് മലയാള ബ്രാഹ്മണ സമാജം) കണ്ടത്തുരുത്തിൽ ഇല്ലം കൊക്കോതമംഗലം, ചേർത്തല 688527. മൊബൈൽ : 9447865535



ഒരു വർക്കേരിയ വട്ടം

## നുണയിലെ സത്യം

ഓണപ്പതിപ്പ് നന്നായി. പുതു തലമുറക്ക് പ്രചോദനമാകുന്ന ത്രൈമാസിക. നുണയിലെ സത്യം ഇത് കാലം ആവശ്യപ്പെടുന്ന ലേഖനമാണ്. പിതാമഹാത്മക്കളുടെ ശ്രമഫലമായി ഉണ്ടായ സാമുദായിക നവോത്ഥാനം രാഷ്ട്രീയ അടിമത്തത്തിലേക്കാണ് പോയത്. ആ നവോത്ഥാനം വേണ്ടത്ര വ്യക്തിവികാസത്തിലോ സംരംഭകത്വത്തിലോ എത്തിയില്ല. എന്തായാലും ചില കെട്ടുകഥകളിലേക്ക് സത്യത്തിന്റെ വെളിച്ചം വീശാൻ മാഗസിന് കഴിയുന്നുണ്ട്.

**എ. എൻ.ശങ്കരൻ,** ചേറൂർ, തൃശൂർ മൊബൈൽ : 94954 10487



സത്യം ഇതാണ്

## Very interesting and informative

Went through the magazine. Very interesting and informative. A few suggestions. Why not start a series on some of the old but well-maintained illams and manas? Mainly about their traditions and also about the architecture of the buildings? Pl think of an interview or profile of Prof KI Krishnan, eminent archaeologist. (MS University Baroda). Done many studies about temple arts also. He is the son of Prof Krishnan whom you have mentioned in the article on Indanthuruthi.

**R. Prasannan,** Resident Editor, Malayala Manorama, 2/11 INS Building, Rafi Marg, New Delhi 110001, Mobile: 98189 92777

## കണ്ണൂരിൽ 9 പേർക്കായി 45000 നൽകി

യോഗക്ഷേമസഭ കണ്ണൂർ ജില്ലാ വാർഷിക കൗൺസിൽ യോഗത്തിൽ വച്ച് അപേക്ഷ നൽകിയ 9 പേർക്ക് ജില്ലാ ആതുര ശുശ്രൂഷ നിധിയിൽ നിന്ന് 5000 രൂപ വീതം സഹായം നൽകി. മൊത്തം 45000 രൂപയാണ് നൽകിയത്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ പി.എൻ കൃഷ്ണൻ നമ്പൂതിരി, ജില്ലാ ട്രഷറർ ഇ.എൻ കൃഷ്ണൻ നമ്പൂതിരി എന്നിവർ ചെക്കുകൾ വിതരണം ചെയ്തു

വാർഷിക കൗൺസിൽ യോഗം സംസ്ഥാന ജനറൽ സെക്രട്ടറി പി.എൻ കൃഷ്ണൻ പോറ്റി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് മധു മരങ്ങാട് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡണ്ട് കെ.എം. ജയദേവൻ നമ്പൂതിരി അനുശോചന പ്രമേയം അവതരിപ്പിച്ചു. വി.എൻ വിഷ്ണുനമ്പൂതിരിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ഉത്തര മേഖല സെക്രട്ടറി മനോജ് തരിപ്പ, യുവജന സഭ സംസ്ഥാന പ്രസിഡണ്ട് ശ്രീജിത് നമ്പൂതിരി, ജില്ല നിരീക്ഷകൻ രാമകൃഷ്ണ ഹരി, സംസ്ഥാന സമിതി അംഗം ടി.സി മാധവൻ നമ്പൂതിരി, വനിതാ സഭ ജില്ലാ പ്രസിഡണ്ട് രാധ ടീച്ചർ എന്നിവർ സംസാരിച്ചു. ജില്ലാ മന്ദിരത്തിലെ ശ്രീശങ്കര ഹാളിൽ നടന്ന പരിപാടിയിൽ 161 പേർ പങ്കെടുത്തു. ജില്ലാ ജോ.സെക്രട്ടറി കെ.വി വാസുദേവൻ സ്വാഗതം ആശംസിച്ചു.

**നീലമന ദാമോദരൻ നമ്പൂതിരി**, ജില്ലാ സെകട്ടറി, യോഗക്ഷേമസഭ കണ്ണൂർ, മൊബൈൽ : 94460 29133

# വായനക്കാരുടെ പേജ്



## തുപ്പേട്ടൻ ചില ഓർമ്മകൾ

പൂജ പഠിപ്പിച്ചത് മമ്മൂട്ടിയെ എന്ന തലക്കെട്ടിൽ ഉദയൻ മ്പൂതിരിപ്പാട് എഴുതിയ ലേഖനം വായിച്ചു. വളരെ ശ്രദ്ധിക്കപ്പെട്ടു. തുപ്പേട്ടനുമായി എനിക്കുള്ള ബന്ധം ഇവിടെ സൂചിപ്പിക്കട്ടെ. എന്റെ അമ്മയുടെ ചിറ്റശ്ശിയുടെ മകനാണ് തുപ്പേട്ടൻ എന്ന പരുത്തിപ്ര സുബ്രഹ്മണ്യൻ നമ്പൂതിരി. മെക്കാനിക്കൽ എഞ്ചിനരയറിംഗ് ഡിപ്ളോമയുള്ള തുപ്പേട്ടൻ പല ഡിപാർട്ടുമെന്റിലും പ്രൊവിഷണൽ ആയി ജോലി ചെയ്തിട്ടുണ്ട്. അരീക്കോട് ഗവ. ഐ ടി ഐയിലും ഇൻസ്ട്രക്ടർ ആയി ജോലി ചെയ്തിരുന്നു. 1979–80 കളിലാണെന്ന് തോന്നുന്നു സ്വകാര്യമേഖലക്ക് സർക്കാർ ഐ ടി ഐ അനുവദിക്കുന്നത്. ഗവ. ഐ ടി ഐയിൽ സെലക്ഷൻ ലഭിക്കാതിരുന്ന എനിക്ക് തുപ്പേട്ടന്റെ നിർദ്ദേശപ്രകാരം സ്വകാര്യ ഐ ടി ഐയിൽ ചേർന്ന് കോഴ്സ് പൂർത്തിയാക്കാൻ കഴിഞ്ഞത് അനുഗ്രഹമായി. ചെറിയ കാത്തിരിപ്പിനു ശേഷം സർക്കാർ ജോലി ലഭിക്കുകയും ചെയ്തു.

സിനിമയിൽ അഭിനയ തിരക്കഥ മേഖലയിലും നാടകാദികലകളിലും അദ്ദേഹം കഴിവ് പ്രകടിപ്പിച്ചിട്ടുണ്ട്.

തുപ്പേട്ടൻ ആദ്യകാലത്ത് അഭിനയിച്ച 'കാഞ്ചനസീത' എന്ന സിനിമ കാണാൻ ഒരിക്കൽ എന്നോട് പറഞ്ഞത് ഓർക്കുന്നു. നടൻ മമ്മൂട്ടി പ്രധാന കഥാപാത്രമായ 'അഥർവം' സിനിമയുടെ പിന്നണിയിൽ പ്രവർത്തിച്ചത് പ്രത്യേകം ശ്രദ്ധ പിടിച്ചുപറ്റി. കൂടാതെ ഭാരതീയദർശനങ്ങളെ കുറിച്ച് നല്ല അറിവുനേടി. വേദപഠനം നടത്തി. ജപം, ധ്യാനം എന്നിങ്ങനെ ആദ്ധ്യാത്മിക പാതകളിലൂടെ സഞ്ചരിച്ചു. എന്റെ വേളിക്ക് തുപ്പേട്ടൻ വേളിഓത്ത് ചൊല്ലിയതും ഓർമ്മയിലുണ്ട്. ഇതുപോലെ വ്യത്യസ്ത മേഖലകളിൽ കഴിവു തെളിയിച്ച നമ്പൂതിരി സമുദായാംഗങ്ങളെ പുതിയ തലമുറക്ക് പരിചയപ്പെടുത്തുന്നത് വളരെ നല്ലത് ! സ്വസ്തി ത്രൈമാസികക്ക് അഭിനന്ദനങ്ങൾ.

**വാസുദേവനുണ്ണി,** തിരുവാലൂർ,പി.ഒ പുല്പറ്റ,
മഞ്ചേരി പിൻ 676123 മൊബൈൽ 9895160320

## മറക്കുടയ്ക്കൊരു മറുശ്ലോകം



ശ്ലോകം ഗംഭീരമായി, കവനമികവുകാ-
ട്ടുന്ന ദൃഷ്ടാന്തമായി,
ശ്ലോകം നിർമ്മോക്തിയായി, പഴയമഹിമയേ
കണ്ട സന്തോഷമായി,
ശോകം പോക്കുന്നതായി; സഹൃദയ ഹൃദയ-
ങ്ങൾക്കു സംതൃപ്തിയായി,
ശ്ലോകം 'മാങ്ങോട്ടരി' സ്വസ്തിക്കിതു പുതുപുളക-
ച്ചാർത്തു ചാർത്തുന്നതായി !!

നളിനി കണ്ടമംഗലത്തിന്റെ ഹൃദയക്കുറിപ്പ് ഹൃദയത്തിൽത്തന്നെ തട്ടി. സൗമ്യകവിശ്രേഷ്ഠൻ വിഷ്ണുനാരായണൻ നമ്പൂതിരിയെപ്പറ്റിയുള്ള വിവരണമടക്കം സ്വസ്തിയിലെ ഉള്ളടക്കങ്ങൾ ശ്രദ്ധേയങ്ങൾ തന്നെയെന്ന പറയാൻ സന്തോഷമുണ്ട്. മുഖസ്തുതിയോ വാഴ്ത്തലോ അല്ലിത്. അക്ഷരത്തെറ്റില്ലാതെ ആധികാരിതയോടെയുള്ള ഓരോ കുറിപ്പും വായിക്കാതിരിക്കാനാവില്ല. കുട്ടിക്കൂട്ടത്തിലെ കുഞ്ഞുരചനകൾ വിളയും പയർ മുളയിലറിയാം എന്നതിനുദാഹരണമാണ്. എട്ടു പേജ് വായനക്കാർക്ക്! സ്വസ്തിയുടെ സ്വീകാര്യതയെ വെളിവാക്കുന്നത്. സ്വസ്തിയുടെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ

ഉപചാരപൂർവ്വം,
**കുറ്റിക്കോൽ ശങ്കരൻ എമ്പ്രാന്തിരി** കൂടാനം, നീലമന
പി. ഒ മടിക്കൈ, വഴി നീലേശ്വരം, കാസറഗോഡ് ജില്ല,
പിൻ: 671314 മൊബൈൽ: 9496247616

### സ്വസ്തി കണ്ടപ്പോൾ അമ്മയുടെ മുഖത്തു ചിരി തെളിഞ്ഞു

അമ്മയുടെ നവതി പ്രമാണിച്ച് സ്വസ്തിയിൽ ഫോട്ടൊ ഉൾപ്പെടുത്തിയതിൽ വളരെ സന്തോഷം. അതു കണ്ടപ്പോൾ ആ ഫോട്ടോയിലേതുപോലെ ഒരു ചിരി അമ്മയുടെ മുഖത്തു തെളിഞ്ഞു. സ്വസ്തി പ്രവർത്തകർക്കു നന്ദി.

**ഓ എസ്. വാസുദേവൻ,**
ഒതളൂർമന, തോന്നല്ലൂർ,
പി.ഓ. വെള്ളറക്കാട് എരുമപ്പെട്ടി, തൃശ്ശൂർ ജില്ല

### I have safekept All the copies For future reference

Swasthi is one of the best small magazines in Kerala. Its layout and printing are superb. A little stricter proof reading perhaps.I have safekept all the copies I received for future reference. Congratulations,Swasthi team. Keep it up.

Rajendran Nambudiri,
(IPS. Rtd)President,
Lalithambika Antharjanam
Smaraka Trust.
Amankara mana
Kottayam Dist
Mobile: 9446412728

# വായനക്കാരുടെ പേജ്

# രണ്ടു പേർക്ക് തൊഴിൽ കിട്ടാനും സ്വസ്തിയിലെ ലേഖനം കാരണമായി




രണ്ടുപേരേ ജോലിക്ക് എടുക്കുകയും ചെയ്തു. രണ്ടു എം.ടെക്കുകാരെ. ഒരാൾ പാലക്കാട്ടുകാരൻ. മറ്റൊരാൾ തൃശൂർ സ്വദേശി. ഇങ്ങനെ രണ്ടു പേർക്ക് തൊഴിൽ നൽകാനായി എന്നതും സന്തോഷമുണ്ടാക്കുന്നു.

പരികർമ്മത്തിനും മറ്റുമായി കൂടെയുണ്ടായിരുന്ന കുറെപ്പേരുമായി കുറെ കാലമായി കോൺടാക്ട് ഉണ്ടായിരുന്നില്ല. സ്വസ്തിയിൽ വന്ന ആർട്ടിക്കിളിൽ എന്റെ നമ്പറുണ്ടായിരുന്നതിനാൽ അവർക്ക് കോൺടാക്ട് ചെയ്യാൻ പറ്റി. ജീവിതത്തിൽ ഒരുപാട് സ്ട്രഗിൾ ചെയ്ത സമയത്ത് കൂടെ ഉണ്ടായിരുന്നവരാണ് അവർ.

ഒപ്പം കഷ്ടപ്പെട്ടവർ. അമ്പതു രൂപയ്ക്കുപോലും ബുദ്ധിമുട്ടിയിരുന്ന കാലം. ആ സമയത്തുള്ളവർ പിന്നീട് കോൺടാക്ട് ചെയ്യുമ്പോൾ കിട്ടുന്ന ഒരു സന്തോഷമുണ്ടല്ലോ അതൊന്നു വേറെത്തന്നെയാണ്. ഹീറോ ഹോണ്ടയുടെ ജനറൽ മാനേജർ വിളിക്കുമ്പോൾ കിട്ടുന്നതിനേക്കാൾ വലിയ സന്തോഷമാണത്. കുറെകാലമായി കോൺടാക്ട് പോയിക്കിടക്കുന്നവർ വിളിക്കുമ്പോൾ കിട്ടുന്ന സന്തോഷം വേറെ ലെവലാണ്. സ്വസ്തിയിലെ ആർട്ടിക്കിൾ വഴി അതാണ് ലഭിച്ചത്.

പത്തിരുപത്തഞ്ച് പേർ വിളിച്ചു. തൃശൂർ, പാലക്കാട്, മലപ്പുറം, എറണാകുളം, തുടങ്ങി മുമ്പ് പരിചയമുണ്ടായിരുന്ന ഇടങ്ങളിലെ ചിലർ. അതിനു പുറമെ വേറെ പല അറിയാത്തവരും വിളിച്ചു. തിരുവനന്തപുരത്തു നിന്നും കൊല്ലത്തു നിന്നും മറ്റു പലേടത്തു നിന്നും. കുറെപേര് വിളിച്ചു. നമ്മുടെ ഇടയിലെ ഒരാൾ നന്നായിട്ടു പോവുന്നു എന്നറിയുമ്പോഴുള്ള സന്തോഷമാവാം. എന്തായാലും, അങ്ങനെ അറിയുന്നവരും അറിയാത്തവരുമായി ധാരാളം പേർ വിളിച്ചു.

എനിക്ക് അതിലേറെ സന്തോഷമായത് തീരെ കോൺടാക്ട് ഇല്ലാതായിപ്പോയ പഴയ ചിലരെ തിരിച്ചു ലഭിച്ചു എന്നതാണ്. സ്വസ്തിയിലെ ഈ ലേഖനം ഇല്ലായിരുന്നുവെങ്കിൽ അത് ലഭിക്കില്ലായിരുന്നു. അതാണ് എനിക്ക് ഏറ്റവും കൂടുതൽ സന്തോഷം. എന്താ പറയാ, ഇപ്പോൾ ഊണു കഴിക്കാനുള്ള വകുപ്പ് ആയതിനേക്കാൾ സന്തോഷമുണ്ട് ആ കൂട്ടുകാരെ തിരിച്ചു കിട്ടിയതിൽ. ഒപ്പം സ്ട്രഗിൾ ചെയ്തവരെ തിരിച്ചു കിട്ടിയതിൽ.

മറ്റൊരു സന്തോഷം ജോലിക്ക് വല്ല ഒഴിവുമുണ്ടോ എന്നു ചോദിച്ചും ചിലർ വിളിച്ചു. രണ്ടുപേരേ എടുക്കുകയും ചെയ്തു. രണ്ടു എം.ടെക്കുകാരെ. ഒരാൾ പാലക്കാട്ടുകാരൻ. മറ്റൊരാൾ തൃശൂർ സ്വദേശി. ഇങ്ങനെ രണ്ടു പേർക്ക് തൊഴിൽ നൽകാനായി എന്നതും സന്തോഷമുണ്ടാക്കുന്നു. ഒന്നര കൊല്ലം ഭീവാഡിയിൽ പരിശീലനം നൽകും. പിന്നീട് തൃശൂരിൽ ഓഫീസ് തുടങ്ങാൻ ആലോചനയുണ്ട്. അപ്പോൾ തൃശൂരിലേക്ക് പരിഗണിക്കും.

അജീഷ് എ.ഡി, ആലപ്പാട്ട് മന, വലിയാലുക്കൽ,
പി.ഒ. കണിമംഗലം, തൃശൂർ. പിൻ: 680027
ajeesh@electritech.in http:/electritech.in
Ajeesh A.D, Electritech, TB 332&333, Capital Galleria, Bhiwadi, Rajasthan,
Pin: 301019, മൊബൈൽ 9886699946




## പുതിയ അറിവുകൾ

വന്നേരി കെ.സാവിത്രി അന്തർജ്ജനം എന്ന പേരിൽ എന്റെ അച്ഛനും (എം.ആർ.ബി) അഫ്ഫനും (പ്രേംജി) ലേഖനങ്ങളും കവിതകളും എഴുതി ഉണ്ണിനമ്പൂതിരി മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അതേപ്പറ്റി അറിയാൻ പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നെ വിളിച്ചിരുന്നു. അങ്ങനെയാണ് സ്വസ്തിയെപ്പറ്റി കേൾക്കുന്നത്. പുതിയ അറിവുകൾ പകരാൻ ഓരോ ലക്കവും ഉപകരിക്കുന്നു. മുതിർന്നവർക്ക് മാത്രമല്ല, കുട്ടികൾക്കും പറ്റുന്ന വിഭവങ്ങളാണ് വിളമ്പുന്നത്. സാഹിത്യസൃഷ്ടികൾ കൊണ്ട് നിറഞ്ഞ പാഥേയം കൂടുതൽ ആസ്വാദകർക്ക് നൽകാൻ സ്വസ്തിക്ക് കഴിയട്ടെ

**എം. സരള മധുസൂദനൻ**
Tower: 1,15A,Tata Trit-vam,Goshree pachalam link road,Marine Drive Extension, Ernakulam North-682018,
Mob: 974611 6990

# വായനക്കാരുടെ പേജ്

## ബ്രാഹ്മണിക്കൽ ഹെജിമണിയല്ല, ബ്രാഹ്മണോഫോബിയ മാത്രം

സ്വസ്തിയുടെ ഏപ്രിൽ ലക്കത്തിൽ തുടങ്ങിയ ഹെജിമണി ചർച്ച ജൂലൈ ലക്കത്തിലും തുടരുന്നതായി കാണുന്നു. ഈ ലക്കത്തിൽ ഇപ്പേരിൽ ഒരു കവിത തന്നെ ഇറങ്ങിയിരിക്കുന്നു ! സത്യത്തിൽ കഴിഞ്ഞ അറുപതിലേറെ വർഷങ്ങളായി ഇവിടെ നടന്നുവരുന്നതും ഇപ്പോൾ തുടർന്നുവരുന്നതും ബ്രാഹ്മണോഫോബിയയാണ്. എന്തിന്? അനർഹമായി, ഒരദ്ധ്വാനവും കൂടാതെ സമൂഹത്തിലെ ഭൂരിഭാഗമാളുകളും കാലമേറെയായി ആനുകൂല്യങ്ങളും സംവരണവും പിടിച്ചുവാങ്ങുന്നത് തുടരാനായുള്ള സൗകര്യത്തിനായി എടുത്തിടുന്ന ക്രൂരമായ വേലയല്ലേ ഇത് എന്നു തോന്നിപ്പോകുന്നു. ലോകാവസാനം വരെ നിലവിലുള്ള അന്യായമായ സമുദായാടിസ്ഥാനത്തിലുള്ള സംവരണരീതി തുടരാനായി ഇരവാദമുയർത്തലാകണം ഉദ്ദേശം. ഇവിടെ പ്രതിക്കൂട്ടിലാക്കപ്പെടുന്നത് നിരപരാധികളും യഥാർത്ഥന്യൂനപക്ഷവുമായ ബ്രാഹ്മണരെന്ന സാധു ജനവിഭാഗമാണ്. ബ്രാഹ്മണരാണ് യഥാർത്ഥ ന്യൂനപക്ഷമെന്ന് എത്രയോ വേദികളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്, വീണ്ടും വീണ്ടും ഊന്നിപ്പറഞ്ഞിട്ടുമുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ അധികാരകേന്ദ്രങ്ങളൊന്നും യഥാർത്ഥ വസ്തുതകൾ വിലയിരുത്തുന്നതേയില്ല. എന്താണ് നിലവിലുള്ള സംവരണസംവിധാനം? സീറ്റുകളിൽ പകുതിയിലേറെ വ്യത്യസ്തസമുദായങ്ങൾക്കും, ബാക്കിയോ സാമുദായികസംവരണം നിലവിൽ ലഭിച്ചിരിക്കുന്ന വിഭാഗങ്ങളുൾപ്പെടെ പൊതുവായി എല്ലാവർക്കും. ഇതിൽ ബ്രാഹ്മണവിഭാഗത്തിന്റെ പ്രാതിനിധ്യം എവിടെ? അധികാരസ്ഥാനങ്ങളിലും ഭരണസംവിധാനങ്ങളിലും ബ്രാഹ്മണൻ ഇരിക്കേണ്ട എന്നാണോ? എന്തിനാണ് ഇത്രയും അസഹിഷ്ണുത? ഈ അനീതി എന്നവസാനിക്കും?

**പുതുമന ഗോവിന്ദൻ നമ്പൂതിരി,** തിടമ്പുനൃത്ത കലാകാരൻ,
പുതുമന ഇല്ലം, നെല്ലിക്കാട്ട്, പി. ഓ ബല്ലാ, വഴി ആനന്ദാശ്രമം,
ചെമ്മട്ടംവയൽ, മൊബൈൽ നമ്പർ – 9747842319




ജൂലായ് ലക്കം സ്വസ്തിയുടെ കവർ പേജ്

## ഇഷ്ടപ്പെട്ടത് കവർ

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് കവർ പേജാണ്. നമ്മുടെ കുട്ടികൾക്ക് ആര്യയെ പോലെയാകാൻ മോഹമുണ്ടാകട്ടെ . കവർ കാണുന്ന ഏതൊരാളിനും അത് ഇഷ്ടപ്പെടും.

**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി,**
തോട്ടത്തിൽ ഇല്ലം,
ഓച്ചിറ, കൊല്ലം ജില്ല
മൊബൈൽ: 790 7931775

## ഇഷ്ടമറിഞ്ഞുള്ള പേജൊതുക്കം

കർക്കടകം മുതൽ ഓണം. ആ പതിവു സ്വസ്തി തെറ്റിക്കുന്നില്ല. കത്തുകൾ, കുറിപ്പുകൾ, പരസ്യങ്ങൾ, ചിത്രങ്ങൾ എല്ലാം ഔചിത്യ സുന്ദരമായി നിർവ്വഹിച്ച പത്രാധിപരെയും സമിതിയേയും അഭിനന്ദിക്കട്ടെ. ഊട്ടുപുരയിലെ ബദ്ധപ്പെട്ട വിളമ്പൽ ഉപേക്ഷിച്ച് വായനക്കാരുടെ ഇഷ്ടമറിഞ്ഞുള്ള പേജൊതുക്കം തുടങ്ങിയ ഭംഗികൾ തുടരട്ടെ. ഓണസ്സദ്യ രുചിയനുസരിച്ച് നുണയാൻ തുടങ്ങുന്നതേയുള്ളു. ഈ സംഘബോധത്തിന് അനുമോദനം .

**വി.ടി.വാസുദേവൻ**, ദീപകം. ഗ്രീൻ ഗാർഡൻസ്
ചിറ്റിലപ്പിള്ളി – 680551 , തൃശ്ശൂർ ജില്ല: മൊബൈൽ: 94478 37902

## ബൈൻഡ് ചെയ്താൽ നന്നായിരിക്കും.

യോഗക്ഷേമസഭയുടെ സ്വസ്തി ത്രൈമാസിക കണ്ടു. പ്രിന്റിംഗ് ലേ ഔട്ട് എന്നിവ നന്നായിട്ടുണ്ട്. സ്റ്റാപ്ളർ പിൻ ഒഴിവാക്കി ബൈൻഡ് ചെയ്താൽ ഒന്നു കൂടി നന്നായിരിക്കും. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**സി. ആർ പ്രഭ,**
വൈസ് പ്രസിഡണ്ട്, ഓച്ചിറ
രാഘവൻ പിള്ള കഥകളി
ആസ്വാദക സമിതി, വലിയ
കുളങ്ങര ഓച്ചിറ
മൊബൈൽ: 9495193631

## മമ്മൂട്ടിയും സ്വസ്തി കണ്ടു.

കഴിഞ്ഞ ലക്കം സ്വസ്തിയിൽ നടൻ മമ്മൂട്ടിയെ പൂജ പഠിപ്പിച്ച സുബ്രഹ്മണ്യൻ നമ്പൂതിരിയെ പറ്റി വന്ന ലേഖനം അദ്ദേഹത്തിന്റെ മകൻ അനിൽ മമ്മൂട്ടിക്ക് അയച്ചു കൊടുക്കുകയും മമ്മൂട്ടി അതു കണ്ടപ്പോൾ കൈവിരൽ ചിഹ്നം ഇടുകയും ചെയ്തു.

**ഉദയൻ നമ്പൂതിരിപ്പാട്,**
കിഴക്കേടത്തു മന, വയപ്പാറപ്പടി,
മഞ്ചേരി. മൊബൈൽ .8281926325.



# വായനക്കാരുടെ പേജ്




## ഓണക്കൂറിന്റെ അഭിമുഖം

ഞാൻ ഒരു ക്രിസ്തു വിശ്വാസിയാണ് . ഋഗ്വേദം, ഭഗവത് ഗീത എന്നിവ വായിക്കാറുണ്ട്. കാണിപ്പയ്യൂർ നമ്പൂതിരിയുടെ ബുക്സ്റ്റാളിൽ നിന്നാണ് നിങ്ങളുടെ മാസികയെ കുറിച്ച് അറിഞ്ഞത്. സ്വസ്തിയിൽ വന്ന ജോർജ് ഓണക്കൂറിന്റെ അഭിമുഖസംഭാഷണം വായിച്ചു. എനിക്ക് ആദ്യത്തെ മൂന്നു ലക്കങ്ങൾ കൂടി അയച്ചു തരണം, വായിക്കുവാൻ കൊതിക്കുന്നു. എന്റെ 5,6,7 ലെ ഹെഡ് മാസ്റ്റർ നമ്പൂതിരി മാഷ് (ഓക്കിമന, മരത്തംകോട്) എന്റെ ഡ്രോയിംഗ് മാഷ് നമ്പൂതിരിയായിരുന്നു. എന്റെ ഒരു സുഹൃത്ത് (1965/70 കാലത്ത് ) വാസുദേവൻ നമ്പൂതിരി -പൂസപ്പിള്ളി മന. ഈ രണ്ടു മനയെക്കുറിച്ചും ലേഖനങ്ങൾ എഴുതണം.


**എ.വി ജോസ്,**
ഏതൻതോട്ടം,
ചൊവ്വന്നൂർ,
പിൻ: 680517,തൃശൂർ
മൊബൈൽ: 9388432092


എന്താണ് മിത്തും മിത്തോളജിയെന്നും മനസ്സിലാക്കേണ്ടതുണ്ട്. അത്തരം മിത്തുകൾ എത്രമാത്രം സമൂഹത്തെ സ്വാധിനിച്ചിട്ടുണ്ട് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

## വേലിതന്നെ വിള തിന്നുമ്പോൾ





**എം. വി. സുബ്രഹ്മണ്യൻ**
(യോഗക്ഷേമസഭ മുൻ ജനറൽ സെക്രട്ടറി)




വിവിധ വിശ്വാസങ്ങൾ സംസ്ക്കാരങ്ങൾ ഭാഷകൾ എന്നിവ ഇഴുകിചേർന്നതാണ് ഭാരതീയസംസ്ക്കാരം. ഇതിൽ ഒരു വിശ്വാസം നികൃഷ്ടമെന്നോ അപരിഷ്കൃതമെന്നോ വിധിയെഴുതി മറ്റുമതങ്ങൾ ശ്രേഷ്ഠമെന്ന് ചിന്തിക്കുന്നതും പ്രചരിപ്പിക്കുന്നതും സാമുദായിക മതസ്പർദ്ധ വർദ്ധിപ്പിക്കാനേ ഇടയാക്കൂ.

കുന്നത്തുനാട് മണ്ഡലത്തിൽ വിദ്യാജ്യോതി പദ്ധതിയുടെ ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ ഷംസീറിന്റെ പ്രസ്താവന വളരെ ദുഃഖകരമായി. ഹിന്ദുവിന്റെ വിശ്വാസങ്ങളെയും ആചാരങ്ങളെയും പുരാണേതിഹാസങ്ങളേയും ഹൈന്ദവദേവതകളെയും നിന്ദിച്ചുകൊണ്ട് ഇവയെല്ലാം അന്ധവിശ്വാസങ്ങളും മിത്തുകളും അപരിഷ്കൃതവുമാണെന്ന് പ്രസ്താവന നടത്തുമ്പോൾ ഇവർ പലപ്പോഴും തങ്ങൾ ഇന്നിരിക്കുന്ന സ്ഥാനങ്ങൾപോലും മറന്ന് വർഗ്ഗീയവാദികളായി മാറുന്നതുകാണാം.

എന്താണ് മിത്തും എന്താണ് മിത്തോളജിയെന്നും മനസ്സിലാക്കേണ്ടതുണ്ട്. അത്തരം മിത്തുകൾ എത്രമാത്രം സമൂഹത്തെ സ്വാധിനിച്ചിട്ടുണ്ട് എന്ന് തിരിച്ചറിയേണ്ടതുണ്ട്. പ്രശസ്ത ഫോക്‌ലോർ സാഹിത്യകാരൻ ഡോ. എം.വി. വിഷ്ണു നമ്പൂതിരി ഫോക്‌ലോർ നിഘണ്ടു എന്ന ഗ്രന്ഥത്തിൽ ഇതുസംബന്ധമായ നിർവ്വചനം നൽകുന്നുണ്ട്.

'ഒരു വർഗ്ഗത്തിന്റേയോ, വിഭാഗത്തിന്റേയോ, ദേശത്തിന്റേയോ പ്രകൃതി പ്രതിഭാസങ്ങളെ വിവരിക്കുന്നതും, അലൗകികമായ ഘടകങ്ങൾ അടങ്ങുന്നതുമായ പാരമ്പര്യോപദേശമാണ് പുരാവൃത്തം അഥവാ മിത്ത്. മനുഷ്യന്റെ ആദ്യകാല പുരോഗതിയുടെ ഒരു ചരിത്രമാണിത്. തത്വചിന്തകന്മാരും വേദാന്തികളും സാഹിത്യകാരന്മാരും കവികളുമൊക്കെ പുരാവൃത്തത്തെ അഥവാ മിത്തിനെ ആശ്രയിച്ചിരുന്നു.

'പുരാവൃത്തങ്ങൾ പവിത്രാഖ്യാനങ്ങളാണ്. അവ കേവലം കഥകളല്ല. ദൃശ്യമായ പ്രതിഭാസത്തിന്റെ അടിസ്ഥാനത്തിൽ അദൃശ്യമായ യാഥാർത്ഥ്യങ്ങളെ ആവിഷ്ക്കരിക്കുന്നു. മിത്തുകൾ പലപ്പോഴും അനുഷ്ഠാനാംശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അതിലെ അനുഷ്ഠാനാംശം നഷ്ടപ്പെടുമ്പോൾ അവ കേവലം കഥകളായി തീരും.

'പുരാവൃത്തങ്ങളെ അല്ലെങ്കിൽ മിത്തിനെ നിർവ്വചിക്കാൻ ശ്രമങ്ങൾ പലതും നടന്നിട്ടുണ്ട്. ദിവ്യത്വമാരോപിക്കപ്പെട്ട വീരന്മാരും, ദൈവങ്ങളുമാണ് പുരാവൃത്തപരമായ രൂപങ്ങൾ. നരവംശശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ പുരാവൃത്തം അനുഷ്ഠാനത്തിന്റെ അനുകരണമത്രെ.

അവ ചരിത്രസത്യങ്ങളാകണമെന്നില്ല. എന്നാൽ വൈകാരിക സത്യങ്ങളാണെന്ന അഭിപ്രായങ്ങളുമുണ്ട്. ആദിമമനുഷ്യന്റെ പ്രതീകാത്മകമായ ആത്മാവിഷ്ക്കാരമാണ് മിത്ത് എന്ന് ചിലർ കരുതുന്നു. ജനസമൂഹത്തിന്റെ സഞ്ചിത സ്വപ്നമെന്ന നിലയിലും പുരാവൃത്തം നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ജനസംസ്ക്കാരത്തിന്റെ ആത്മീയസ്വഭാവം വെളിപ്പെടുത്തുകയെന്നത് പുരാവൃത്തങ്ങളുടെ മുഖ്യധർമ്മമാണ്. അടിസ്ഥാനപരമായ ആവശ്യങ്ങളുടെ സഫലീകരണത്തിന് പ്രത്യക്ഷമായോ പരോക്ഷ

# വായനക്കാരുടെ പേജ്

മായോ സഹായിക്കുകയെന്ന ധർമ്മം അവയ്ക്ക് ഉണ്ടത്രെ.

പരസ്പര ബന്ധങ്ങളും അന്യോന്യ പൂരകങ്ങളുമായ പുരാവൃത്തങ്ങളെ ഒന്നിച്ചുവിവക്ഷിക്കുന്ന പദമാണ് പുരാവൃത്തസഞ്ചയം അഥവാ മിത്തോളജി. ഓരോ ദേശത്തിനും ഓരോ സമൂഹത്തിനും അവരുടേതായ പുരാവൃത്ത സഞ്ചയം ഉണ്ട്. ഇന്ത്യ, ഗ്രീക്ക്, ഈജിപ്ത്, സുമേറിയ, ബാബിലോണിയ, തുടങ്ങിയ പ്രദേശങ്ങളിലെല്ലാം പ്രാക്തന സംസ്ക്കാര ചിന്താമണ്ഡലത്തിന്റെ സംഭാവനകളായി മിത്തോളജി രൂപപ്പെട്ടിട്ടുണ്ട്. ഒരു മത വിഭാഗക്കാരുടേയോ ജനസമൂഹത്തിന്റേയോ പുരാസങ്കൽപ്പങ്ങളെ ഒന്നിച്ച് സൂചിപ്പിക്കുന്നത് മിത്താളജിയാണ്.

ഇപ്രകാരം മിത്തിനേയും മിത്തോളജിയെയും വിശകലനം ചെയ്ത് പഠിക്കുമ്പോൾ എത്രയോ നൂറ്റാണ്ടുകളായി നിലനിൽക്കുന്നതും കാലത്തിനനുസരിച്ച് മാറ്റം ഉൾക്കൊണ്ടതും, എന്നാൽ അന്തരികമായ മൂല്ല്യങ്ങൾക്ക് ച്യുതി സംഭവിച്ചിട്ടില്ലാത്തതുമായ ചിന്തകളുടെ, സംസ്ക്കാരത്തിന്റെ, ശക്തിയുടെ, ആർജ്ജവത്തിന്റെ ആകെതുകയാണ് മിത്ത് എന്ന് പറയുന്നത്. ഇത്തരം സങ്കൽപ്പങ്ങൾ വിശ്വാസങ്ങളുമായി ചേർന്നുനിൽക്കുന്നു. അതുകൊണ്ടുതന്നെ മിത്തിനെ വിശ്വാസങ്ങളിൽ നിന്നും നിഷ്പ്രയാസം മാറ്റി പറിച്ചുനടുക അസാദ്ധ്യവുമാണ്. ഇത്തരം ചിന്തകളും വിശ്വാസങ്ങളും എല്ലാ മതങ്ങളിലും ഉണ്ട്. മതം എന്നതുതന്നെ ഒരു വിശ്വാസമാണ്. കേരളത്തിൽ മിത്തുകൾ അടിയുറച്ച വിശ്വാസങ്ങളായി രൂപാന്തരം പ്രാപിച്ചിട്ടുള്ളതായി കാണാം. അത്തരം വിശ്വാസങ്ങൾ ആ സമൂഹത്തെ നയിക്കുകയും ചെയ്യുന്നു. ഇത്തരം വിശ്വാസങ്ങളിൽ ഇന്നത് ശ്രേഷ്ഠമെന്നോ, ഇന്നത് നികൃഷ്ടമെന്നോ വ്യാഖ്യാനിക്കുന്നിടത്താണ് അപസ്വരങ്ങൾ ഉണ്ടാകുന്നത്.

ശാസ്ത്രത്തിന്റെ മുന്നിൽ ഏതു കാര്യവും തെളിയിക്കപ്പെടണം, എങ്കിൽ മാത്രമെ ശാസ്ത്രം അംഗീകരിക്കുകയുള്ളൂ. ശാസ്ത്രം അംഗീകരിച്ചിട്ടില്ലാത്തതെല്ലാം വിശ്വാസമോ അന്ധവിശ്വാസമോ ആകാം. വിശ്വാസത്തിന് നിലനിൽപ്പില്ലെന്ന് ഒരു വിഭാഗം ചിന്തിക്കുന്നു. എന്നാൽ ശാസ്ത്രത്തിന് വ്യക്തതയില്ലാത്ത എത്രയോ കാര്യങ്ങൾ പ്രപഞ്ചത്തിൽ ഉണ്ട്. അല്പം പഞ്ചസാര വായിലിട്ട് അലിയിക്കുമ്പോൾ ഒരു രസം നമുക്ക് അനുഭവപ്പെടും. മധുരം എന്ന് നാം അതിനെ വിളിക്കുന്നു. അപ്പോൾ മധുരത്തെ എപ്രകാരം നിർവ്വചിക്കണം. ശാസ്ത്രത്തിന് നിർവ്വചിക്കാവുന്ന ഒന്നാണോ രസം.

ആദിമനുഷ്യൻ തനിക്ക് ചുറ്റുമുള്ള ശക്തികളെ മുഴുവൻ ശക്തിസ്രോതസ്സായി കണ്ട് ദൈവിക പരിവേഷം നൽകുകയും ആരാധിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെയാണ് ഭൂമി ഭൂമിദേവിയായതും, വായു വായുഭഗവാനായതും, അഗ്നി അഗ്നിദേവനായതും. ഇപ്രകാരം എത്രയോ ഉദാഹരണങ്ങൾ കാണാൻ കഴിയും. പലസ്ഥലങ്ങളിലും രക്തസാക്ഷി മണ്ഡപങ്ങൾ കെട്ടി പുഷ്പാർച്ചന നടത്തുന്നത് നാം കാണുന്നുണ്ട്. അണികൾക്ക് ശക്തിപകരുന്ന സങ്കേതമായി ആ സമൂഹം അതിനെ കാണുന്നു.

ഇപ്രകാരം നൂറ്റാണ്ടുകളായി നമ്മുടെ മനസ്സിൽ അടിയുറച്ച ചില സങ്കൽപ്പങ്ങൾ ഉണ്ട്. അവ വിശ്വാസങ്ങളായി പരിണമിച്ചിട്ടുമുണ്ട്. ഇത്തരം വിശ്വാസങ്ങളെല്ലാം എല്ലാമതത്തിലും, വ്യക്തികളിലുമുണ്ട്. അവയെ വേർതിരിവ് ഉണ്ടാക്കി രാഷ്ട്രീയ ലക്ഷ്യത്തിനും മുതലെടുപ്പിനും ശ്രമിക്കുമ്പോഴാണ് മനസ്സിന് മുറിവേൽക്കുന്നത്.

യഥാർത്ഥത്തിൽ എവിടെ നിന്നാണ് ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഹൈന്ദവർക്കെതിരെ നിരന്തരം വിദ്വേഷ പ്രചരണങ്ങൾ നടത്തി മറ്റുചില വിഭാഗങ്ങളെ പ്രീണിപ്പിക്കുന്നതിനുള്ള രാഷ്ട്രീയതന്ത്രമായാണിതിനെ കാണേണ്ടത്. ഹൈന്ദവ സംസ്ക്കാരത്തേയും, ആചാരങ്ങളേയും നിരന്തരം വേട്ടയാടുവാൻ ആരംഭിച്ചിട്ട് കുറച്ചുകാലമായി. ഇവയെ വളരെ സൂക്ഷ്മതയും, നിറഞ്ഞ പക്വതയും പുലർത്തി നേരിടേണ്ടതുണ്ട്.

**എം. വി സുബ്രഹ്മണ്യൻ നമ്പൂതിരി** വട്ടപ്പറമ്പ് ഇല്ലം, (ദേവീ കൃപ,)
കോളിച്ചിറ റോഡ്, പി.ഒ അഴൂർ, വഴി പെരുങ്ങുഴി,
തിരുവനന്തപുരം പിൻ: 695305 മൊബൈൽ: 9562638209/9447043037

## ധർമ്മം വേണ്ട പോലെ നിർവ്വഹിക്കുന്നുണ്ട്.

സമുദായ സംഘടന നടത്തുന്ന പ്രസിദ്ധീകരണമെന്ന നിലയിൽ സ്വസ്തി അതിന്റെ ധർമ്മം വേണ്ട പോലെ നിർവ്വഹിക്കുന്നുണ്ട്. നമ്പൂതിരിമാരെപ്പറ്റി പല കോണുകളിൽ നിന്നുമുയരുന്ന വിമർശനങ്ങൾക്ക് വസ്തുതാപരമായ മറുപടിയാണ് സ്വസ്തി ലേഖനങ്ങൾ. പഴയടം മോഹനൻ നമ്പൂതിരിയെ പറ്റിയുള്ള ഫീച്ചറുകളും വൈക്കം സത്യാഗ്രഹത്തിലെ വസ്തുതകൾ നൽകിയതും ഉദാഹരണങ്ങളാണ്. ഫീച്ചറുകൾ പോസിറ്റീവും മോട്ടിവേറ്റിംഗുമാണ്. പ്രതികൂല സാഹചര്യങ്ങളിലും കഷ്ടപ്പെട്ട് പഠിച്ച് ഐ എ എസിലേക്ക് സെലക്ഷൻ നേടിയ ആര്യ വലിയ പ്രചോദനമാവും.

'ഇല്ലപ്പെരുമ' സ്വസ്തിയുടെ വേറിട്ട പംക്തി തന്നെ. സ്വപ്രയത്നം കൊണ്ട് 'ബ്രാഹ്മിൻസ്' പടുത്തുയർത്തിയ പുതുക്കുളം വിഷ്ണു നമ്പൂതിരിയുടെ ചരിത്രം സമുദായത്തിലെ പുതു തലമുറ സംരംഭകർക്ക് വലിയ ആത്മവിശ്വാസം നൽകും. ബ്രാഹ്മണ്യത്തിന്റെ നന്മകളിൽ ഊന്നി നിന്ന് ജീവിതാവസാനം വരെ പ്രവർത്തിച്ചയാളായിരുന്നു. എന്നും വിനയമുള്ള ഈശ്വരവിശ്വാസി.ബ്രാഹ്മിൻസിനും സ്വസ്തിക്കും ആശംസകൾ

**വി എൻ ശംഭുദേവ ശർമ്മ,**വെള്ളൂരില്ലം,കൊണ്ടൂർ,
അരുവിത്തുറ,ഈരാറ്റുപേട്ട 686122,മൊബൈൽ:8893313093

# പാണിഗ്രഹണം

| | | | |
|---|---|---|---|
| | | ശി | കു |
| | ഗ്രഹനില | | |
| ച ഭൃ മ | | | |
| ര | ല ബു സ | | ഗു മാ |

**അനിരുദ്ധൻ പി.ആർ,** ജനനം:26.12.92 (1168 ധനു 11). സമയം: 4.54 a.m. നക്ഷത്രം: ഉത്രാടം. 3 വർഷം 5 മാസം 3 ദിവസം 54 നാഴിക ഗർഭശിഷ്ടം രവിദശ. ഉയരം: 183 സെ.മീ. വിദ്യാഭ്യാസം: ബി.എസ്.സി. ഇലക്ട്രോണിക്സ്, സാങ്കേതിക പരിജ്ഞാനം: ബാംഗ്ലൂർ ഗവ. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഛായാഗ്രഹണത്തിൽ മൂന്നു വർഷത്തെ കോഴ്സ് പൂർത്തീകരിച്ചു. ജോലി: ക്രിയേറ്റീവ് ഡയറക്ടർ (ബ്രേക്കപ്പ് ഇന്റർനെറ്റ് ടെക്നോളജീസ്). അച്ഛൻ: പരേതനായ രവി പി.വി., അമ്മ: ശ്രീകല സി. (എ.സി.വി.). വിലാസം: പാറകുന്നത്ത് മന, സെന്റ് തോമസ് കോളേജ് റോഡ്, ഉദയനഗർ, തൃശൂർ- 680005, അമ്മാത്ത്: ചെറുവക്കാട്ട് ഇല്ലം, പി.ഒ. ചെറുവായൂർ, എടവണ്ണപ്പാറ, കൊണ്ടോട്ടി, മലപ്പുറം ജില്ല., മൊബൈൽ: 8281093982, 9447309687.

മ സ ച ല ര ഗു

| | | | |
|---|---|---|---|
| | | ച സ | |
| | ഗ്രഹനില | | |
| | | ര ബു ശു | |
| ല ഗു മാ | ശി കു | മ | |

മാ

ശു കു ശി ബു

**ഹരീഷ് പി.എൻ.** ജനനം: 20.8.1984. സമയം: 2.21 pm. ജനനസ്ഥലം: ചാലക്കുടി. ഉയരം: 154 സെ.മീ. നക്ഷത്രം: രോഹിണി. ജാതി: മലയാളി ബ്രാഹ്മിൺ, ഉപജാതി: ഭട്ടതിരി. വിദ്യാഭ്യാസം: പ്ലസ് ടു. ജോലി: അറ്റൻഡർ (സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി), അച്ഛൻ: നാരായണൻ ഭട്ടതിരി പി.എൻ. അമ്മ: എൻ.ഡി.ജയ (Late), സഹോദരൻ (ഗിരീഷ് - ഇരട്ട സഹോദരൻ), ഇല്ലം: പാലൂർ മന, പെരുവാരം, വിലാസം: നോർത്ത് പറവൂർ പി.ഒ, എറണാകുളം ജില്ല, പിൻ- 683513. മൊബൈൽ: 9567491877, 9497185181.

ല മാ ച ശി

| | | | |
|---|---|---|---|
| ശ | | | |
| ശി | ഗ്രഹനില | | ര |
| ഗു | | | ബു ച ഭൃ സ |
| | ല മാ | കു | |

ശ · ബു ഗു · ര സ

കു ഭൃ

**സാന്ദ്ര.** ജനനം: 4.8.1997 (1197 കർക്കിടകം 19) തിങ്കളാഴ്ച. സമയം: 3.28 pm. നക്ഷത്രം: മകം. ജന്മശിഷ്ടദശ: കേതുദശ. ഉയരം: 157 സെ.മീ. വെളുത്ത നിറം. വിദ്യാഭ്യാസം: ബി.എ. എൽ.എൽ.ബി (ഓണേഴ്സ്). ജോലി: സർക്കാർ സ്പോൺസേർഡ് സ്കീമിൽ പ്രൊജക്ട് അസിസ്റ്റന്റ് (കോൺട്രാക്ട്). മുൻഗണന: സ്ഥിരം ജോലിയുള്ള (പ്രൊഫഷണൽ) 30 വയസ്സിന് താഴെയുള്ള യുവാക്കൾ. അച്ഛൻ: സുരേഷ് നെടുമ്പള്ളി, വിലാസം: നെടുമ്പള്ളി മന, പെരിമ്പടാരി, മണ്ണാർക്കാട്. പാലക്കാട് ജില്ല. ഫോൺ: 678762. ഇമെയിൽ: suresh.vn@hotmail.com, മൊബൈൽ: 8281123300.

ശു ര രാ

| | | | |
|---|---|---|---|
| ച ശ കേ | | | |
| | ഗ്രഹനില | | കു ശു |
| ല | | | ബു |
| ഗു | | മാ | ര രാ |

മാ · ഗു · കു

ച ബു കേ ല ശ

**ശ്രീപതി എ.** ജനനം: 27.9.1996. സമയം: 3.56 pm. ജനനസ്ഥലം: പയ്യന്നൂർ. നക്ഷത്രം: ഉത്രട്ടാതി. ഉയരം: 182 സെ.മീ. ഇല്ലം: ആലക്കാട്ടില്ലം (മട്ടന്നൂർ). വിദ്യാഭ്യാസം: എം.ടെക്. മെക്കാനിക്കൽ എൻജിനീയർ. ജോലി: എൻജിനീയർ (പ്രൈവറ്റ് കമ്പനി, ബാംഗ്ലൂർ). ഗോത്രം: ഭാർഗ്ഗവഗോത്രം. മുൻഗണന: ബി.ടെക് അല്ലെങ്കിൽ എം.ടെക് കഴിഞ്ഞതോ, ജോലിയുള്ളതോ ആയ സ്വസമുദായത്തിൽപ്പെട്ടവർ. അച്ഛൻ: അദ്ധ്യാപകൻ, അമ്മ: അദ്ധ്യാപിക, സഹോദരൻ (അനിയൻ): അദ്ധ്യാപകൻ. വിലാസം: ബാലകൃഷ്ണൻ നമ്പൂതിരി എ., 'അമ്പാടി', ഇളമ്പച്ചി പി.ഒ. സൗത്ത് തൃക്കരിപ്പൂർ, കാസർകോട് ജില്ല. മൊബൈൽ: 9400571392, 9446653689.

ശി ച ല ബു ശു

| | | | |
|---|---|---|---|
| | ല | ശി ച മാ | |
| മ | ഗ്രഹനില | | |
| | | | |
| കു ര ബു ശു | സ | ഗു | |

മാ · ഗു · ര കു · സ

മ

**രോഹിത് കൃഷ്ണൻ പി.എം.** ജനനം: 26.12.93 (1169 ധനു 11), സമയം: 1.40 pm, ജനനസ്ഥലം: പുന്നയൂർകുളം, ഒൻപത് വ, 11 മാ, 12 ദി ചന്ദ്രശിഷ്ടദശ. നക്ഷത്രം: രോഹിണി. ഉയരം: 160 സെ.മീ. ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: ബി.ബി.എ, എം.ബി.എ. (Pursuing), ജോലി: ഫൈനാൻസ് എക്സിക്യൂട്ടീവ്. എളങ്കൂർ നിധി ലിമിറ്റഡ്, മലപ്പുറം. അച്ഛൻ: പരേതനായ കൃഷ്ണൻ നമ്പൂതിരിപ്പാട് പി.എം. അമ്മ: കെ. ലീല അന്തർജ്ജനം (ഹൗസ് വൈഫ്). സഹോദരങ്ങൾ ഇല്ല. രക്ഷിതാവ്: കെ.എം. സേതുമാധവൻ നമ്പൂതിരിപ്പാട്. അമ്മാത്ത്: കൊളത്തപ്പള്ളി മന. ഹോബി: വായന, സിനിമ കാണൽ, പാട്ട് കേൾക്കൽ. വിലാസം: കിടങ്ങഴി മന, ശ്രീവത്സം, മഞ്ചേരി റോഡ്, വണ്ടൂർ, മലപ്പുറം ജില്ല, പിൻകോഡ്: 679328. ഫോൺ: 09447629839, 7592802074, 9567465132.

| | | | |
|---|---|---|---|
| | | ശി | |
| | ഗ്രഹനില | | |
| ല ച മ | | | |
| | സ | മാ കു ഗു ബു ര | ശു |

**മനു മാധവ് എം.വി.** ജനനം: 23.10.1993. സമയം: 1.35 pm, നക്ഷത്രം: തിരുവോണം. വിദ്യാഭ്യാസം: മെക്കാനിക്കൽ എൻജിനീയറിംഗ്, ജോലി: അഡ്വാൻസ്ഡ് ക്വാളിറ്റി എൻജിനീയർ (മാഗ്ന ഇന്റർനാഷണൽ, കാനഡ). മുൻഗണന: ഐ.ടി. വിദ്യാഭ്യാസമുള്ള യുവതികൾ. അച്ഛൻ: വിഷ്ണു നമ്പൂതിരി, അമ്മ: ആര്യാദേവി. സഹോദരൻ: വിനു വിഷ്ണു (എം.ബി.എ., യു.കെ.). വിലാസം: മാങ്കുളം മന, കാഞ്ഞിരമറ്റം, തൊടുപുഴ. മൊബൈൽ: 9495126134




# കിനാവിനെ നനയ്ക്കുന്ന മഴ

**ചെറുകഥ /ദേവദത്ത ടി.കെ**



'മഴ നിൽക്കുന്ന ലക്ഷണമില്ല. വല്ലാതെ മഴ പാറലും അടിക്കുന്നു. എന്തൊരു തണുപ്പ്!'

ഉമ്മറത്തെ കോലായിരുന്ന് മഴയെ ആസ്വദിക്കുകയായിരുന്നു രാഘവൻ.

'മുത്തശ്ശന് ഉള്ളിലേക്ക് കേറി ഇരുന്നൂടെ മഴ പാറൽ കൊള്ളണോ?'

അകത്തുനിന്ന് കൊച്ചുമകളുടെ ശബ്ദം.

'ഞാനീ മഴ ആസ്വാദിക്കാ ന്റെ കുട്ട്യേ. നല്ല രസല്ലേ കാണാൻ'

ആദ്യമായി മഴ കാണുന്ന കുരുന്നിന്റെ കണ്ണിലെ അത്ഭുതമായിരുന്നു ആ അറുപത്തിമൂന്നുകാരന്റെ കണ്ണിലും.

'ഈ മുത്തശ്ശനിതെന്താ?? മഴക്കിത്ര ഭംഗിണ്ടോ?'

കൊച്ചുമകൾ ചോദ്യവുമായി ഉമ്മറത്തേക്ക് വന്നു. മുത്തശ്ശൻ ആ എട്ടു വയസ്സുകാരിയെ എടുത്ത് മടിയിലിരുത്തി.

'മഴക്ക് എന്ത് രസാള്ളെന്ന് അല്ലേ നീ ചോദിച്ചേ. നോക്ക്. ഓരോ തുള്ളീം ആകാശത്തുന്ന് താഴേക്ക് വീഴണത്. ഓരോന്നിനും ഓരോ കഥ പറയാൻ ണ്ടാവും. നീ മഴേത്ത് ഇറങ്ങി കളിച്ചിട്ടുണ്ടോ'

'ഇല്ല.'

'ന്നാ ഇപ്പൊ ഇറങ്ങിക്കോ'

'അമ്മ കാണും വഴക്ക് പറഞ്ഞാലോ?'

'അമ്മ ഒന്നും പറയില്ല നീ ഇറങ്ങിക്കോ'

മുത്തശ്ശന്റെ വാക്ക് കേൾക്കേണ്ട താമസം അവൾ മടിയിൽ നിന്ന് ചാടി മുറ്റത്തേക്കോടി.

പിന്നാലെ അയാളും. മഴയത്ത് തുള്ളിചാടി രണ്ട് കുരുന്ന് മനസ്സുകളും. അത്രയേറെ ആഗ്രഹിച്ച് പെട്ടന്ന് കിട്ടിയ നിധിപോലെയായിരുന്നു രണ്ടുപേർക്കും. മഴക്ക് ശക്തി വീണ്ടും കൂടുകയാണ്.

******

'ഇത് നോക്കെന്റെ രാജീവേട്ടാ.മുത്തശ്ശനും കുട്ടിം കൂടെ മഴെത്ത് തുള്ളണു?'

അകത്തുനിന്ന് ശ്വേതയുടെ ശബ്ദം കേട്ട് കുട്ടി അകത്തേക്ക് ഓടിക്കയറി.

'അച്ഛനിതെന്താ. ഈ വയസ്സാം കാലത്ത് മഴ നനഞ്ഞു വല്ല പനിം വന്നാലോ. കുട്ടി ആണെന്നാണോ വിചാരം. അതും ഇവളേം കൂട്ട് പിടിച്ചിട്ട്.?'

രാജീവ് അച്ഛനെ പിടിച്ച് കയറ്റി ഇരുത്തി ഒരു തോർത്തുകൊണ്ട് തോർത്തിക്കൊടുത്തു.

'എത്ര കാലായടാ മഴയൊക്കെ ഒന്ന് നനഞ്ഞിട്ട്. ആഗ്രഹം കൊണ്ടാ.??'

'അതിനു ആ കുട്ടീനേം കൂടെ മഴ കൊള്ളിക്കണമായിരുന്നോ?'

അയാൾ മൗനമായി. മകളെയും കൊണ്ട് രാജീവും ശ്വേതയും അകത്തേക്ക് പോയി. അയാൾ നിറകണ്ണുകളോടെ മഴയെ നോക്കിയിരുന്നു. മഴ വല്ലാതെ പെയ്യുന്നുണ്ട് ഇന്ന് ഇനി നിൽക്കുന്ന ലക്ഷണമില്ല. പിറ്റേന്ന് രാവിലെയും നല്ല മഴ.

'കവലയിലേക്കിറങ്ങാമെന്ന് കരുതിയിരുന്നതായിരുന്നു ഞാൻ . മഴയായാൽ എങ്ങനെ പോവാനാ. അതും ചെറിയ മഴയൊന്നുമല്ല.'

ഒറ്റക്കിരുന്നു സംസാരിക്കുന്ന അച്ഛനെ കണ്ടത് രാജീവാണ്.

'അച്ഛനെന്താ ഒറ്റക്കിരുന്നു സംസാരിക്കണേ'

'ഞാനൊറ്റക്കല്ലല്ലോ അവൾ കൂടെ ഇല്ലേ ഞാൻ അവളോടാ പറഞ്ഞെ.?'

കുറച്ചു ദിവസമായി അച്ഛന്റെ പെരുമാറ്റത്തിലും സംസാരത്തിലും ഒരു മാറ്റം ആ കുടുംബം ശ്രദ്ധിക്കുന്നു. രണ്ട് വർഷം മുന്നേ മരിച്ച അമ്മയെ സ്വപ്നം കണ്ടതിനു ശേഷമാണ് ഈ മാറ്റം.ഇപ്പോൾ ഇതാ അവൾ കൂടെയില്ലേ എന്നും പറയുന്നു.ചില സമയത്ത് നിശബ്ദനാണ്. ചിലപ്പോൾ കൊച്ചുകുട്ടികളെക്കാൾപരം.

അമ്മ മരിച്ച ശേഷം അയാൾ പുറത്തിറങ്ങാറില്ല. ആരേയും കാണാൻ പോവാറുമില്ല. വന്നാൽ കാണാൻ സമ്മതിക്കുകയുമില്ല.അച്ഛൻ പതുക്കെ പതുക്കെ വല്ലാത്തൊരു അവസ്ഥയിലേക്ക് മാറുകയാണെന്ന് അയാൾക്ക് തോന്നി.അതിൽ നിന്നും കരകേറ്റാൻ ശ്രമിക്കുകയാണ് രാജീവ് മഴയത്തിറങ്ങി അസുഖം വരുത്തണ്ട എന്ന് കരുതിയാണ് അതിനു വിലക്കിയത്. ദിവസം കഴിയുന്തോറും അച്ഛന്റെ അവസ്ഥയും മോശമായി വരുകയാണ്. കണ്ണുനിറഞ്ഞുകൊണ്ട് രാജീവ് അകത്തേക്ക് പോയി.

************

അടുത്ത ദിവസം നല്ല കാലാവസ്ഥയായിരുന്നു. മകനും ഭാര്യയും ജോലിക്ക് പോയ സമയം. കൊച്ചുമകൾ സ്കൂളിലും. അവർ വരാൻ ഇനിയും സമയമുണ്ട്. അയാൾക്ക് കവല വരെ പോവാം എന്ന് തോന്നി.

പുറത്തിറങ്ങി നടന്നു. സ്ഥിരം സംസാരിച്ചിരിക്കാറുണ്ടായിരുന്ന ചായക്കട. എന്നത്തേയും പോലെ പരിചയക്കാരൊക്കെയുണ്ട്. അവരോടൊപ്പം കൂടി പഴയപോലെ സംസാരിച്ചു. പഴയ കൂട്ടുകാരനെ തിരിച്ചുകിട്ടി എന്ന സന്തോഷത്തിൽ ആ വൃദ്ധ സുഹൃത്തുക്കൾ സന്തോഷിച്ചു. വളരെ സന്തോഷത്തോടെയും മനസ്സുനിറഞ്ഞും അയാൾ തിരികെ വീട്ടിലെത്തി.

വന്നപ്പോൾ മകനും ഭാര്യയും ദേഷ്യത്തിലാണ്.

'അച്ഛനിതെവിടെയാ പോയത് ഞങ്ങൾ എത്ര ടെൻഷൻ അടിച്ചുന്നു അറിയോ?'

'ഞാനൊന്ന് കവല വരെ പോയതാ ?.'

അയാൾ ശാന്തമായി അത്രയും പറഞ്ഞ് ഒരു ചെറു പുഞ്ചിരിയോടെ അകത്തേക്ക് പോയി.നിറം മങ്ങിയ വസ്ത്രം പോലെ അയാളുടെ ജീവിതവും മങ്ങിതുടങ്ങിയിരുന്നു. ●

ദേവദത്ത ടി.കെ
D/o കൃഷ്ണകുമാർ താമരക്കുളം
മാമ്പറ്റ, മുക്കം, കോഴിക്കോട്
ഡിഗ്രി രണ്ടാം വർഷം
മൊബൈൽ : 9446769922









# വിജയാശംസകൾ

## USS winners 2022-23



K M ശ്രീരാം
സുബ്രഹ്മണ്യൻ



ശിവറാം KK
നമ്പൂതിരി

## LSS winners 2022-23



അഞ്ജലി കൃഷ്ണ പി.



ആര്യ പാനാട്

ആശംസകളോടെ:
ആര്യകൃഷ്ണ, വേദസ്, അഭിനവ് മാധവ്,
ജ്യോതിസ് മാധവ് &അക്ഷയ് മാധവ് . 9745137987

# കുട്ടിക്കൂട്ടം

**വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദയാത്ര, ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന, പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി വാട്ട്സ് അപ്പിൽ അയച്ചു തരൂ. 9400992823**



**വേദ വിഷ്ണു.**
D/o വിഷ്ണു പ്രമോദ്
വട്ടപ്പറമ്പില്ലം (ദേവീകൃപ )
കോളിച്ചിറ റോഡ്, അഴൂർ പി.ഒ.
പെരുങ്ങുഴി വഴി,തിരുവനന്തപുരം,
പിൻ : 695305,മൊബൈൽ: 95626 38209

**ഹിമ ദീപക്.**
D/o ദീപക് സി.യു,
ചോല മന House No 9.
ടി.കെ.വി. നഗർ കൽമണ്ഡപം,
പാലക്കാട് 678001.
(673, ലാർക്ക മേട് സീറ്റ് ,
സനോ സെ. യു എസ് എ.
മൊബൈൽ 0017813367110)





**ജഗന്നാഥ കൃഷ്ണൻ**
S/o ശരണ്യ & കൃഷ്ണൻ പോറ്റി
ഗദ്ദമനെ കുളമർവ്വ (സായിഗംഗ)
വട്ടിയൂർക്കാവ്, തിരുവനന്തപുരം.
മൊബൈൽ : 9446421421



**ശ്രീക കരുവാട്.**
D/o രാംദാസ് , കരുവാട് മന,
എടപ്പാൾ : മലപ്പുറം ജില്ല
ഫോൺ നമ്പർ.9447979644



**ദിയ ദീപക്.**
D/o ദീപക് സി.യു, ചോല മന
House No 9. ടി.കെ.വി. നഗർ,
കൽമണ്ഡപം പാലക്കാട് 678001.
(673, ലാർക്ക മേട് സീറ്റ് ,
സനോ സെ. യു എസ് എ.)
മൊബൈൽ 0017813367110



**അദ്വൈത് നാരായണൻ**
S/o ബാബുരാജ് ടി.എൻ.
തെക്കേടത്ത് മന, മാട്ടായ, പട്ടാമ്പി.
മൊബൈൽ: 9446585344

## അരീക്കോട് ഉപസഭ നടത്തിയ രാമായണ മത്സരത്തിൽ നിന്ന്



**ശ്രീരാം പൂക്കോട്**
S/o മായ&
ഉണ്ണികൃഷ്ണൻ
നമ്പൂതിരി
വിളയിൽ
9947517490

# ജഡായുവിനെയാണ് ഏറ്റവും ഇഷ്ടം

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു കഥാപാത്രമാണ് ജഡായു. അതിന്റെ കാരണം പറയാം. സീത ലക്ഷ്മണരേഖയിൽ നിന്ന് പുറത്ത് ഇറങ്ങിയപ്പോൾ രാവണൻ സീതയെ തട്ടിക്കൊണ്ട് പോയി. രാവണൻ സീതയെ പിടിച്ചുകൊണ്ട് പുഷ്പകവിമാനത്തിൽ പോകുന്ന വഴിയിൽ ജഡായു എന്ന അതിസാഹസികനായ പരുന്തു പക്ഷി രാവണൻ സീതയെ തട്ടിക്കൊണ്ടു പോകുന്നത് കണ്ടു. അപ്പോൾ ജഡായു സീതയെ രക്ഷിക്കാൻ പോയി. അപ്പോൾ ക്രൂരനായ രാവണൻ ജഡായുവിന്റെ ചിറകുകൾ വെട്ടിയരിഞ്ഞു. ജഡായുവിന്റെ മനസ്സ് ആരും കാണാതെ പോകരുത്. ●





# കൈകസിയും അമ്മയാണ്

നാമൊരിക്കലും അയോഗ്യമായ, മൂല്യമില്ലാത്ത ഒരമ്മയെക്കുറിച്ച് കേട്ടിട്ടുണ്ടാവില്ല. തന്റെ കുഞ്ഞിന് ജന്മം നൽകി, അവനെ സ്നേഹത്താലും സാന്ത്വനത്താലും വളർത്തി തനിക്കൊത്തവനാക്കി അവൾ വളർത്തിയെടുക്കുന്നു. അത്തരത്തിൽ, രാക്ഷസിയാണെങ്കിൽക്കൂടി ഉള്ളിലുള്ള മാതൃത്വം കൈകസി എന്ന അമ്മയിൽ നാം കാണേണ്ടതാണ്. തന്റെ പുത്രൻ രാവണനെ വീരനായും ശൂരനായും വളർത്തി വേദങ്ങളിലും ശാസ്ത്രങ്ങളിലും ജ്ഞാനം നൽകി. അന്ത്യത്തിൽ തന്റെ മകൻ



**സംഗീത.എം.പി**
മുണ്ടക്കാശ്ശേരി
പുല്ലൂർമണ്ണ ഇല്ലം.
D/o രുദ്രൻ നമ്പൂതിരി
& ഗിരിജ
9048938011

ശ്രീരാമനാൽ വധിക്കപ്പെടുന്ന വേളയിലും തന്റെ മകനാണ് ശരി എന്ന് ഉറച്ച് വിശ്വസിച്ച് അവനെ രക്ഷിക്കാൻ വേണ്ടി മഹാശിവനോട് പ്രാർത്ഥിച്ച് അവസാനം തന്റെ മകന്റെ അന്ത്യം സംഭവിക്കുന്ന വേളയിൽ പിടയുന്ന ആ മാതാവിന്റെ ഉള്ളിലുള്ള ദുഃഖത്തെ നാം മനസ്സിലാക്കേണ്ടതാണ്. അത്തരത്തിൽ രാമായണത്തിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ കൗസല്യയെ പോലെ തന്നെ മാതൃത്വം തുളുമ്പുന്ന കഥാപാത്രമായ കൈകസിയും. ആ അമ്മയുടെ വാത്സല്യവും എന്നെ ആകർഷിച്ചു. ●

# ശ്രീരാമന്റെ വില്ലിന്റെ പേര്

ശ്രീരാമൻ കൗസല്യയുടെ ഒരേ ഒരു പുത്രനാണ്. ശ്രീരാമന്റെ അച്ഛന്റെ പേരാണ് ദശരഥൻ. ശ്രീരാമന്റെ കോദണ്ഡം എന്നു പേരുള്ള വില്ലുണ്ട്. അതിനാൽ ശ്രീരാമന് കോദണ്ഡരാമൻ എന്നു കൂടി പേരുണ്ട്. ശ്രീരാമൻ മഹാവിഷ്ണുവിന്റെ അവതാരമാണ്. ത്രയംബകം എന്ന വില്ല് ഒടിച്ചിട്ടുണ്ട് ശ്രീരാമൻ. അങ്ങനെയാണ് . ശ്രീരാമൻ ഭാര്യയായ സീതയെ സ്വന്തമാക്കിയത്. സീതക്ക് മറ്റൊരു പേരു കൂടിയുണ്ട്. മൈഥിലി എന്നും ജാനകി എന്നും. സീതയെ രാക്ഷസനായ രാവണൻ കട്ടുകൊണ്ടുപോയി. കുറേ രാക്ഷസികളെയും രാക്ഷസൻമാരെയും കൊന്നിട്ടാണ് പിന്നീട് ശ്രീരാമൻ സീതയെ വീണ്ടെടുത്തത്. കാട്ടിലേക്ക് പോയപ്പോൾ ശ്രീരാമന്റെ കൂടെ പോയത് സഹോദരനും ഉറ്റ സുഹൃത്തുമായ ലക്ഷ്മണനാണ്. ലക്ഷ്മണന്റെ ഭാര്യ ഊർമ്മിള. ശ്രീരാമന്റെ മക്കൾ ലവനും കുശനും. ലക്ഷ്മണന്റെ പുത്രൻ ചന്ദ്രകേതു. ●




**ജാതവേദ്**

മലപ്പുറം ജില്ലയിലെ അരീക്കോട് ഉപസഭ വിളയിൽപുതിയക്കാട്ട് ഇല്ലത്ത് ഉമേഷ് കൃഷ്ണന്റെയും ജ്യോതിർമയിയുടെയും പുത്രനാണ്

മൊബൈൽ: 994705206


# ലക്ഷ്മണൻ ജീവിത മാതൃക

ഭാരതത്തിലെ പ്രാചീനകൃതികളേറെയും വിശ്വാസങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു. അവയിൽ പ്രധാന കൃതിയാണ് വാത്മീകിയുടെ രാമായണം. വിഷ്ണുവിന്റെ അവതാരമായ ശ്രീരാമന്റെ ജീവിതയാത്രയാണ് രാമായണത്തിലുടനീളം. ദശരഥന് കൗസല്യയിൽ ജാതനായ ശ്രീരാമൻ ആയുധവിദ്യയിൽ പ്രഗല്ഭനും മാതാപിതാക്കളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്ത് പ്രീതി നേടിയവനുമാണ്. കൈകേയിയുടെ ആവശ്യാർത്ഥം ദശരഥൻ ശ്രീരാമനെ വനവാസത്തിനയക്കാൻ നിർബന്ധിതനാവുകയും, പതിനാല് വർഷം ദൈർഘ്യമേറിയ വനവാസം അനുഷ്ഠിക്കാൻ ശ്രീരാമനോടൊപ്പം പത്നി സീതയും അനുജൻ ലക്ഷ്മണനും യാത്രയാവുന്നു. പുത്രവിരഹത്താൽ ദശരഥൻ മരിക്കുന്നു. കൈകേയിയും സുമിത്രയും ദുഃഖത്തിൽ മുങ്ങുന്നു.

രാമായണത്തിൽ ശ്രദ്ധേയനായ ലക്ഷ്മണൻ ദശരഥന് സുമിത്രയിലുണ്ടായ മകനാണ്. ദശരഥന്റെ ആജ്ഞപ്രകാരം വനവാസത്തിനയയ്ക്കപ്പെട്ട തന്റെ സഹോദരനെ പിരിയാനാവാത്തതിൽ താൻ ആദരിക്കുന്ന അദ്ദേഹത്തിന്റെ സുരക്ഷക്കായി അദ്ദേഹത്തോടൊപ്പം ലക്ഷ്മണനും യാത്രയാവുന്നു. വനവാസത്തിനിടെ രാവണൻ ശ്രീരാമന്റെ പത്നിയായ സീതയെ ലങ്കയിലേക്ക് തട്ടിക്കൊണ്ടു പോകുന്നു. തുടർന്നു സീതയെത്തേടിയുള്ള യാത്രയിലും ലക്ഷ്മണൻ സജീവമായി പങ്കെടുക്കുന്നു. സഹോദരനെയും സഹോദരപത്നിയെയും ആദരിക്കുകയും പൂജിക്കുകയും ചെയ്യുന്ന ലക്ഷ്മണൻ രാമായണാസ്വാദർക്കുള്ള ജീവിതമാതൃകയാണ്. ഇന്നത്തെ കാലത്തും പ്രസക്തിയുള്ള ഈ കൃതി വായനക്കാരെ ആത്മീയപാതയിലേക്ക് നയിക്കുന്നതിനോടൊപ്പം തന്നെ ജീവിത മൂല്യങ്ങളെയും വായനക്കാർക്ക് ചൊരിഞ്ഞു കൊടുക്കുന്നു. ●




**പാർവ്വതി.പി.**

വിളയിൽ പാനാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും സുജയുടെയും മകളാണ്

മൊബൈൽ 7356341560


# തൊട്ട് തലയിൽ വെച്ചു

ജനകമഹാരാജാവിന്റെ അതിസുന്ദരിയായ പുത്രിയാണ് സീത. സീതയ്ക്ക് മറ്റൊരു പേരും ഉണ്ട്. മൈഥിലി. സീതയെ വിവാഹം കഴിക്കണമെന്ന് കുറേ രാജാക്കന്മാർക്ക് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ഒരിക്കൽ ജനകമഹാരാജാവ് ഒരു തീരുമാനം എടുത്തു. ത്രയംബകം വില്ല് ഒടിക്കുന്നവരെ സീതയ്ക്ക് വിവാഹം കഴിച്ചു കൊടുക്കും. അങ്ങനെ എല്ലാ രാജാക്കന്മാരും നിർദ്ദേശം കേട്ട് കൊട്ടാരത്തിലെത്തി. ശ്രീരാമനുൾപ്പെടെ അനേകം സുന്ദരൻമാരായ രാജാക്കന്മാർ. മത്സരം ആരംഭിച്ചു. ഓരോരുത്തരായി വന്നു. എല്ലാവർക്കും അതൊന്ന് ഒടിക്കുന്നത് പോയിട്ട് പൊന്തിക്കാൻ പോലും പറ്റില. ശ്രീരാമന്റെ അവസരം വന്നു. ശ്രീരാമൻ ആദ്യം രാജാവിന് നേരെ ഒന്ന് വണങ്ങി, പിന്നെ വില്ലിനെ പ്രദക്ഷിണം വെച്ചു. അതിനെ ഒന്ന് നോക്കി. എന്നിട്ടൊന്ന് തൊട്ട് തലയിൽ വെച്ചു. എന്നിട്ട് ഒരു ബുദ്ധിമുട്ടും ഇല്ലാതെ ഒരു കൈകൊണ്ട് അത് ഉയർത്തി, ഞാൺ കൂട്ടിക്കെട്ടാൻ വില്ല് വലിച്ചു അപ്പോഴേക്കും അത് പൊട്ടി. എല്ലാവർക്കും അത്ഭുതമായി.

ജനകമഹാരാജാവ് സീതയെ ശ്രീരാമന് വിവാഹം കഴിച്ചു കൊടുത്തു. ●




**ദേവനന്ദ രാഹുൽ**

പുതിയക്കാട്ട് ഇല്ലം,അച്ഛൻ: രാഹുൽ ദേവൻ അമ്മ:ഷൈലജ വിളയിൽ പറപ്പൂർ

മൊബൈൽ 9745907899

# രാമായണം വെറുമൊരു മതഗ്രന്ഥമല്ല

**സാവിത്രി.പി**



ഹൈന്ദവ വിശ്വാസികളുടെ ഏറ്റവും ശ്രേഷ്ഠമായ കൃതികളിൽ ഒന്നാണ് രാമായണം. ഭാരതത്തിന്റെ പ്രാചീന ജീവിത രീതികളെ വായനക്കാർക്കുമുമ്പിൽ എത്തിക്കുക വഴി ആത്മീയമായ ഒരു ശക്തിയെ നമുക്കു മുമ്പിൽ അവതരിപ്പിക്കുവാൻ പ്രാപ്തമായ ഒരു കൃതിയാണ് വാത്മീകിയുടെ രാമായണം. വിശുദ്ധഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ പ്രാപ്തമായ ഈ കൃതി അമാനുഷികതയിലൂടെയും മാനുഷികതയിലൂടെയും മൂല്യവത്തായ ജീവിതമാർഗ്ഗങ്ങളെ നമുക്കു മുമ്പിൽ കാണിച്ചു തരുന്നു.

രാജഭരണകാലത്ത് എഴുതി ചിട്ടപ്പെടുത്തിയ ഈ കൃതി പ്രാചീന പുണ്യതീർത്ഥാടനകേന്ദ്രമായ അയോദ്ധ്യയിൽ പുരോഗമിക്കുന്നു. കഥയിലെ കേന്ദ്രകഥാപാത്രമായ രാമനിലൂടെ കഥ പുരോഗമിക്കുന്നതിനാൽ രാമന്റെ അയനം അഥവാ രാമന്റെ ജീവിതയാത്രയായി ഈ ഗ്രന്ഥത്തിനു നാമകരണം ചെയ്യപ്പെട്ടു. ദശരഥ മഹാരാജാവിന് മൂന്നു ഭാര്യമാരിലായി നാല് മക്കളുണ്ട്. കൗസല്യയുടെ പുത്രനായ രാമൻ, കൈകേയിയുടെ പുത്രനായ ഭരതൻ, സുമിത്രയുടെ പുത്രന്മാരായ ലക്ഷ്മണനും ശത്രുഘ്നനും.

ആചാരവിധിപ്രകാരം രാജാവിന്റെ കാലശേഷം ഭരണം ഏൽക്കേണ്ടത് പ്രായത്തിൽ ഏറ്റവും മൂത്ത വ്യക്തിയായിരിക്കണം. അപ്രകാരം രാമനിലേക്ക് രാജ്യഭരണം ഏൽക്കപ്പെടും എന്ന അവസ്ഥയിൽ കൈകേയി പണ്ട് ദശരഥൻ അനുവദിച്ച വരം ഉപയോഗിച്ച് രാമനെ പതിനാലു വർഷത്തെ വനവാസത്തിനായി പറഞ്ഞു വിടുന്നു. കൂടാതെ നീണ്ട വനവാസത്തിനിടയിൽ രാമന്റെ പത്നിയായ സീതയെ രാവണൻ കടത്തിക്കൊണ്ടു പോകുന്നു. സീതയെ വീണ്ടെടുത്ത ശേഷം രാജ്യം കൈക്കലാക്കിയ രാമന് സീതയെ കാട്ടിൽ ഉപേക്ഷിക്കേണ്ടി വരുന്നുമുണ്ട്. സ്ഥാനമോഹങ്ങൾക്കു വേണ്ടി പരസ്പരം മത്സരിക്കുന്നവരുടെ പുതിയ ലോകത്ത് സ്ത്രീയെ ദേവിയായി പൂജിക്കേണ്ടതിനു പ്രകാരം കഠാര കൊണ്ടു കുത്തി വ്രണപ്പെടുത്തുന്നു. കാമസ്വഭാവം വർദ്ധിച്ചു വരുന്നു. ഈ സാഹചര്യത്തിൽ രാമായണം വെറുമൊരു മതഗ്രന്ഥം മാത്രമല്ല മറിച്ച് ജീവിത മൂല്യങ്ങളെ നമുക്ക് മുമ്പിൽ വരച്ചിടുന്ന ഗ്രന്ഥം കൂടിയാണ്. അധർമ്മ പാതയിലൂടെ സഞ്ചരിച്ചാൽ ഉണ്ടാകുന്ന വിപത്തിനെ നമുക്കു കാണിച്ചു തരുന്നു. അതിനാൽ സമകാലിക പ്രസക്തിയുള്ള ഒരു ഗ്രന്ഥമായി രാമായണത്തെ കാണണം. സാമൂഹികമായി ഉയർത്തേണ്ട മൂല്യങ്ങളെ എറിഞ്ഞുടക്കുന്ന ആധുനിക സമൂഹം പ്രത്യേകിച്ചും ●


വിളയിൽ പാനാട്ട് ഇല്ലത്ത്
കൃഷ്ണൻ നമ്പൂതിരിയുടെയും
സുജയുടെയും മകളാണ്.
വിളയിൽ.പി.ഒ
മൊബൈൽ 7356341560




## അമ്പട ഹനുമാനേ

ഇഷ്ടപ്പെട്ട കഥാപാത്രം ഹനുമാനാണ് കാരണം- സീതയെ കണ്ടെത്താൻ ശ്രീരാമൻ ഹനുമാനെ ലങ്കയിലേക്കയച്ചു. അപ്പോൾ ഹനുമാൻ കടൽ ചാടി കടന്ന് ലങ്കയിലേക്കെത്തി. എന്നിട്ട് ആരും കാണാതെ സീതയുടെ അടുത്തെത്തി. എന്നിട്ട് സീതയോടു പറഞ്ഞു. ശ്രീരാമനാണ് എന്നെ ഇവിടേക്ക് പറഞ്ഞയച്ചത്. എന്നാൽ സീതക്ക് ഇത് ഹനുമാനാണോ മായാവിയാണോ എന്നറിയില്ല. അപ്പോൾ ഹനുമാൻ ശ്രീരാമൻ കൊടുത്ത ഒരു മോതിരം സീതക്ക് നൽകി. അപ്പോൾ സീതക്ക് വിശ്വാസമായി ഇത് ഹനുമാൻ ആണെന്ന്. എന്നിട്ട് എല്ലാമറിഞ്ഞപ്പോൾ ഹനുമാൻ മടങ്ങാൻ തീരുമാനിച്ചു. എന്നാൽ വിചാരിച്ചു ഞാൻ ലങ്കയിലേക്ക് വന്ന കാര്യം ലങ്കയൊന്ന് അറിയട്ടെ. എന്നിട്ട് അവിടെയുള്ള പൂന്തോട്ടവും വീടുകളും എല്ലാം ഹനുമാൻ നശിപ്പിച്ചു. എത്രയായിട്ടും ഹനുമാനെ പിടിക്കാൻ കഴിയാഞ്ഞിട്ട് ഹനുമാനു നേരെ അസ്ത്രം ഉപയോഗിച്ചു. എന്നിട്ട് ഹനുമാനെ പിടിച്ചു കെട്ടി. അവർ ഹനുമാന്റെ വാലിൽ തീ കൊളുത്തി വിട്ടു. അങ്ങനെ ഹനുമാനാകട്ടെ വാലിലെ തീ ഉപയോഗിച്ച് ലങ്ക മുഴുവൻ ചുട്ടെരിച്ചു. ●




**ദേവജിത്ത്,** വിളയിൽ പുതിയക്കാട്ട് ഇല്ലത്ത്
രാഹുൽ, ഷൈല ദമ്പതികളുടെ മകനാണ്
മൊബൈൽ :9747907899

# സർഗ്ഗാലയയിലെ മൂന്നു ദിനങ്ങൾ



**പാർത്ഥിവ്,**
S/o നാരായണൻ നമ്പൂതിരി,
ചേലോട് ഇല്ലം,
പി.ഒ നമ്പിണ്ട,
കോഴിക്കോട് ജില്ല,
പിൻ 673613
മൊബൈൽ 9745502754
രാമല്ലൂർ ഉപസഭ

ഒട്ടും പ്രതീക്ഷിക്കാതെയാണ് ഇരിങ്ങൽ സർഗാലയയിലേക്കുള്ള എന്റെ യാത്ര ആരംഭിച്ചത്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കോഴിക്കോട് മലപ്പുറം ജില്ലകളിലെ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ എൻ എസ് എസ് ലീഡർമാർക്കുള്ള ത്രിദിന ക്യാമ്പിലേക്ക് എന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് ക്യാമ്പിന്റെ രണ്ട് ദിവസം മുന്നേയാണ് ഞാൻ അറിഞ്ഞത്. ആ വാർത്ത ഒരേസമയം സന്തോഷത്തിലേക്കും ആശങ്കയിലേക്കും വഴിതെളിച്ചു. ആദ്യമായി ഒരു ത്രിദിന ക്യാമ്പിൽ പങ്കെടുക്കുന്ന എനിക്ക് അവിടെ എത്തിയതിനുശേഷം ഉണ്ടാവുന്ന പ്രവർത്തനങ്ങളെ പറ്റി ഒരു അറിവും ഇല്ലായിരുന്നു. എന്നിരുന്നാലും എനിക്ക് അത് അനുഭവിച്ചറിയണമായിരുന്നു. എന്നാൽ അവിടെ എത്തിയവരിൽ ഭൂരിപക്ഷവും എനിക്ക് അപരിചിതരായിരുന്നിട്ട് പോലും ഒറ്റപ്പെടലിന്റെ പ്രതീതി എനിക്ക് അനുഭവപ്പെട്ടതേയില്ല. നിമിഷനേരങ്ങൾ കൊണ്ട് ഞങ്ങളെല്ലാവരും ഒരു കുടുംബം പോലെയായി മാറി. ജീവിതമൂല്യങ്ങളെക്കുറിച്ചും വ്യക്തിത്വ വികസനത്തെ കുറിച്ചും ആ ക്യാമ്പ് ഞങ്ങൾക്ക് ഒട്ടേറെ അറിവുകളാണ് പകർന്ന് നൽകിയത്. അതിനെക്കാളുപരി നിമിഷനേരം കൊണ്ടുണ്ടായ സൗഹൃദങ്ങൾ പോലും പരസ്പരം പിരിയാൻ മടിക്കുന്ന വേദനിക്കുന്ന ഹൃദയഹാരിയായ കാഴ്ചകളിലൂടെ സ്നേഹത്തിന്റെ ആഴം ഞാൻ മനസ്സിലാക്കി. മൂന്നാം ദിനം ക്യാമ്പ് കഴിഞ്ഞ് ഇറങ്ങി വന്നവരുടെ കണ്ണിൽ നിന്നും അടർന്നുവീണത് കണ്ണുനീരായിരുന്നില്ല. ഒട്ടേറെ നല്ല സൗഹൃദങ്ങളുടെയും ഓർമ്മകളുടെയും മണിമുത്തുകൾ ആയിരുന്നു. ●

# ഓർമ്മയിലെ ഓണം

എന്നെ സംബന്ധിച്ച് ഓണം വലിയൊരു ആഘോഷമാണ്. ഓർമ്മയിലെ ഏറ്റവും നല്ല ഓണം രണ്ടുവർഷം മുമ്പായിരുന്നു. 2021 ലേത്. ആ വർഷം വല്യഅച്ചോൾ നാട്ടിലുണ്ടായിരുന്നു. നേരത്തെ എണീറ്റ് ഞാനും കുഞ്ഞനിയനും ( അച്ചോളുടെ മകനാണ് ) കൂടി പൂക്കൾ പറിക്കാൻ പോകും. ഇല്ലത്ത് ധാരാളം പൂക്കൾ ഉണ്ട്. പിന്നെ അമ്പലത്തിന്റെ ചുറ്റും വേറെ പലതരം പൂക്കളും. കൊണ്ടുപോകാറുള്ള കൊട്ട നിറച്ചാണ് തിരിച്ചു വരാറുള്ളത്. തിരിച്ചെത്തുമ്പോഴേക്കും അനിയത്തിമാർ പൂക്കളം ഇടാനായി കാത്തു നിൽക്കുന്നുണ്ടാകും. കർക്കിടക മാസത്തിലെ തിരുവോണം മുതൽക്കാണത്രെ പണ്ടു പൂക്കളം ഇടാറ്. എന്നാൽ ഞങ്ങൾ ചിങ്ങമാസത്തിലെ അത്തം മുതൽക്കേ ഇടാറുള്ളൂ. അന്നുമുതൽക്ക് തൃക്കാക്കരപ്പനെയും വയ്ക്കും. തൃക്കാക്കരപ്പന് ചുറ്റും പൂക്കളമിടും. അനിയത്തിമാർ അത് പരത്തും പിന്നെ പൂക്കളം ഇടാനുള്ള തല്ലു തുടങ്ങുന്നു.

അത്തം മുതൽക്കേ തൃക്കരപ്പനെ വെക്കുമെന്ന് പറഞ്ഞല്ലോ. അതിനു വേണ്ടി മുത്തശ്ശൻ കുറേ മണ്ണുരുളകൾ ഉണ്ടാക്കിവയ്ക്കും. ഞങ്ങൾ അതുകൊണ്ട് പല വലുപ്പത്തിൽ തൃക്കാരപ്പനെ ഉണ്ടാക്കും. മുത്തശ്ശനും കൂടും. പിന്നെ ഞങ്ങൾ പഴയ തിരുവാതിര പാട്ടുകൾ പാടി കളി കളിക്കും. മുത്തശ്ശിമാരാണ് സാധാരണ പാടാറ്. കാളനും ഓലനും എലിശ്ശേരി വർത്തപ്പേരി അവിയലും പപ്പടം അങ്ങനെ പല വിഭവങ്ങൾ ഉണ്ടാവും ഓണസദ്യയിൽ. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് അവിയൽ ആണ്. പിന്നെ പായസങ്ങളും ഉണ്ടാവും. വാഴയിലയിൽ ഊണ് കഴിക്കാൻ എനിക്ക് നല്ല ഇഷ്ടാ.

തിരുവോണത്തിന്റെ അന്നുള്ള അണിയലും അടയുണ്ടാക്കലും അപ്പം ഉണ്ടാക്കലും നേദിക്കലും ഒക്കെയായി ആ ഒരു ഓണം ഗംഭീരമായി. കുട്ടികളെല്ലാവരും കൂടിയാൽ നല്ല രസാ. പിന്നെ ഞങ്ങടെ ഓണത്തിന് വേറൊരു പ്രത്യേകത ഉണ്ട്. മൂന്നാം ഓണം അവിട്ടം അതായത് തിരുവോണത്തിന്റെ പിറ്റേദിവസം ഞങ്ങളുടെ മുത്തശ്ശന്റെ പിറന്നാളാണ്. അതൊക്കെ കഴിഞ്ഞിട്ടേ എല്ലാവരും ഇല്ലത്തുനിന്ന് പോകാറുള്ളൂ. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആഘോഷം ഓണമാണ്. ഓണക്കാലത്ത് പരീക്ഷ ഉണ്ടെങ്കിലും അതു കഴിഞ്ഞാൽ വളരെ രസമാണ്.

ഒരു കാര്യം പറയാൻ മറന്നു. ഓണപ്പുടവയുടെ കാര്യം. ഇല്ലത്തു നിന്നും അമ്മാത്തു നിന്നും ഓണപ്പുടവകിട്ടും. ഇപ്രാവശ്യം ഓണം ഒന്നുകൂടി ഗംഭീരമായി. ഇതേ പോലെ തന്നെ എല്ലാവരും ഓണം ആഘോഷിക്കണം കേട്ടോ...... ●



**ഗൗരി എ.കെ,**
D/o ദിലീപ്, അരിഞ്ചിയിൽ
ഇല്ലം, ചെമ്പ്രശ്ശേരി പോസ്റ്റ്
പാണ്ടിക്കാട്, പിൻ 676521
മൊബൈൽ 999 5516 595.



# TO YOU

I was tiny,
With little pigtails and a quivering lip -
That’s when you welcomed me
With open arms
And wiped my tear-stained cheeks
You told me to draw my dreams on a slate.

When I tripped over my feet
And fell face-first into the ground,
You were there by my side
To lift me up and tell me,
Not to accept defeat without
Another round.

And I know you’ve seen it all,
So many of us come and go
Yet still I hope that I was
Someone worth getting to know
And if nothing, dear teacher,
Please remember this -
It was you who freed my wings,
And told me to just let go.

So as I fly high,
To my castle in the sky
Here’s a big thank you!
Because the future I see before me -
I owe it all to you. ●

Dyuti K.M,
D/o Deepak K.M,
F.4, Block -2,Jain□s Green Acres,
Durgah Road,
Zamin Pallavaram,Chennai.
Mobile no.9840711525.



# മകളായും ചേച്ചിയായും എല്ലാം അച്ഛനെ പരിചരിക്കാൻ കഴിഞ്ഞു

ജീവിതം അത് സുഖവും സന്തോഷവും മാത്രം നിറഞ്ഞതല്ല. എന്റെ ജീവിതത്തിൽ എന്നെ ഏറെ വേദനിപ്പിച്ച അനുഭവം എന്റെ സ്നേഹ നിധിയായ അച്ഛന്റെ മരണമാണ്.ഈ കഴിഞ്ഞ കോവിഡ് കാലത്ത് എന്നെ ഏറെ സ്നേഹിച്ച ഞാൻ ഏറെ സ്നേഹിച്ച എന്റെ അച്ഛൻ എന്നെവിട്ടു പിരിഞ്ഞു. 2019ലെ കോവിഡ് കാലഘട്ടം മുതൽ ക്യാൻസർ എന്ന മഹാ രോഗത്തിന്റെ പിടിയിൽ അകപ്പെട്ട അച്ഛനെ പരിചരിച്ച് മരണംവരെ അമ്മയോടെപ്പം നിന്ന് ഒരു മകളായും ചേച്ചിയായും എല്ലാം അച്ഛനെ പരിചരിക്കാൻ എനിക്ക് കഴിഞ്ഞു. നീണ്ട രണ്ടുവർഷക്കാലം ആശുപത്രി മുറികളിൽ അച്ഛനോടൊപ്പം ചിലവഴിച്ച നാളുകളിൽ ആണ് അച്ഛൻ എനിക്ക് ആരായിരുന്നു എന്ന് മനസ്സിലാകുന്നത്. ആവോളം സ്നേഹം തന്ന് എന്റെ ഭാവിയെക്കുറിച്ച് സ്വപ്നം കണ്ടിരുന്ന അച്ഛൻ ഓരോ പ്രാവശ്യവും ഐസിയുവിന്റെ ഉള്ളിൽ ബോധമില്ലാതെ കിടക്കുമ്പോഴുംഎന്റെ നൃത്തത്തെക്കുറിച്ചുംപ്രോഗ്രാമുകളെ കുറിച്ചും മാത്രമാണ് പറഞ്ഞുകൊണ്ടിരുന്നത്.2021 ജൂലൈ 20 സന്ധ്യക്ക് ഞാനും അമ്മയും വല്യച്ഛനും ഏട്ടന്മാരും എല്ലാംചുറ്റും നിൽക്കുമ്പോൾ മരണം അച്ഛനെ കവർന്നെടുത്ത ആ നിമിഷം എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വേദന നിറഞ്ഞ ഒരു നിമിഷമായിരുന്നു. ഇന്നും ആ വേദനയിൽ നിന്നും മോചിതയാവാൻ എനിക്കോ അമ്മക്കോ കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. എനിക്ക് നഷ്ടപ്പെട്ടത് അച്ഛനെ മാത്രമല്ല ഒരു സുഹൃത്തിനേയും വഴികാട്ടിയേയും കളിക്കൂട്ടുകാരനേയും എല്ലാം ആണ്.എന്റെ ഈ ജീവിതം ഇനി അച്ഛന്റെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ വേണ്ടിയുള്ളതാണ്. ●

**ആർദ്ര മാളിക**, Malika illam, P.O Perumanna, Calicut 673019
D/o Narayanan namboothiri & Raji K.N, Ph no:9446260335



# അമ്പിളിമാമന് ഒരു കത്ത്



ആർദ്ര പി രാജേഷ്,
പടിഞ്ഞാറെ പാട്ട് ഇല്ലം,
കരിക്കാട്, മഞ്ചേരി.
മൊബെൽ 9746627841

പ്രിയപ്പെട്ട അമ്പിളി അമ്മാവാ,
അമ്മാവന് സുഖം തന്നെയല്ലേ? എനിക്കിവിടെ സുഖം തന്നെയാണ്. ഞാനാരാണെന്ന് അമ്മാവന് അറിയാമോ? ഞാൻ ഭൂമിയിലെ ഒരു പെൺകുട്ടിയാണ്. ഇങ്ങനെ ഒരു കത്തെഴുതുമ്പോൾ അമ്മാവന് ഉണ്ടാവുന്ന സന്തോഷം എന്താണ് എന്നെനിക്കറിയാം. കാരണം ആകെ ഒരു ഒറ്റപ്പെടലിന്റെ ലോകത്താണ് അമ്മാവൻ ജീവിക്കുന്നത്. എനിക്കും ഇതുപോലെ ഒറ്റപ്പെട്ടിരിക്കുന്ന ഒത്തിരി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

അമ്മാവന്റെ അടുത്തേക്ക് ഭൂമിയിൽനിന്ന് ഒത്തിരി ഒത്തിരി മനുഷ്യർ ഇടയ്ക്കിടെ വരുന്നതുപോലെ ചില സമയങ്ങളിൽ മാത്രം എന്റെ കൂട്ടുകാർ എന്റെ കൂടെ കളിക്കുന്നു. അപ്പോൾ അമ്മാവന് ഉണ്ടാവുന്ന അതേ സന്തോഷം എനിക്കുമുണ്ടാകുന്നു. എന്നാൽ മനുഷ്യർ അമ്മാമനെ വിട്ട് തിരിച്ച് ഭൂമിയിൽ എത്തുമ്പോൾ അമ്മാവന് ഉണ്ടാവുന്ന അതേ സങ്കടം എന്റെ കൂട്ടുകാർ എന്നെ വിട്ടു പോകുമ്പോൾ എനിക്കുമുണ്ടാവുന്നു.

ഞങ്ങൾക്കിവിടെ ഓണം അടുത്തു. പരീക്ഷ കഴിഞ്ഞാൽ ഓണം വെക്കേഷനാണ്. ആ സമയത്ത് ഞാൻ മുറ്റത്തുണ്ടായ മനോഹരമായ പൂക്കൾ പറിച്ച് അനിയന്റെ കൂടെ പൂക്കളം ഇടും. എനിക്ക് പൂക്കളം ഇടാൻ വളരെയേറെ ഇഷ്ടമാണ്. പലനിറങ്ങളിലുള്ള പൂക്കളം എല്ലാവരുടെ മനസ്സിലും സന്തോഷം തരുന്നതാണല്ലോ. ഓണസമയങ്ങളിൽ ഞങ്ങൾ ഞങ്ങളുടെ തറവാട്ടിലേക്ക് പോകും. അവിടെ ഓണത്തിന് പഴം നുറുക്കാണ് ഉണ്ടാവുക. എനിക്ക് വലിയ ഇഷ്ടമല്ലെങ്കിലും മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കൂടെയിരുന്ന് കഴിക്കുമ്പോൾ ഒരു പ്രത്യേക സ്വാദാണ്.

അമ്പിളി അമ്മാവന് പഴം നുറുക്ക് ഇഷ്ടാണോ ? പഴം നുറുക്ക് കഴിച്ചിട്ടുണ്ടോ ? കഴിച്ചിട്ടില്ലെങ്കിൽ വിഷമിക്കേണ്ട. ഞാൻ അങ്ങോട്ട് വരുമ്പോൾ ഒരു പൊതി പഴം നുറുക്ക് അമ്മാമന് കൊണ്ടന്ന് തരാം. ഇവിടെയുള്ള എന്റെ കൂട്ടുകാർക്കെല്ലാം എന്നെപ്പോലെ തന്നെ അമ്മാവനെ ഒത്തിരി ഒത്തിരി ഇഷ്ടാണ്. അമ്മാവൻ ഒരു ദിവസം ഇങ്ങോട്ട് ഞങ്ങളെ കാണാൻ വരില്ലേ ? ഇനിമുതൽ എല്ലാ ദിവസവും ഈ കത്തിന്റെ മറുപടിക്കായി ഞാൻ കാത്തിരിക്കും ഒരുപാട് സ്നേഹത്തോടെ ആർദ്ര.



# ബാലസഭയുടെ ബാലലീലകൾ

പെരുമണ്ണ ഉപസഭ – വനിതാ സഭയുടെ നേതൃത്വത്തിൽ ബാലസഭയുടെ ഒന്നാം വാർഷികം സ്വാതന്ത്ര്യ ദിനത്തിൽ ആഘോഷിച്ചു. ശ്രീകുമാരി വയപ്പുറത്തിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ശ്രീഹരി എടക്രമഞ്ചേരി സ്വാഗതഭാഷണം നടത്തി. ശ്രീനാരായണൻ വയപ്പുറം അധ്യക്ഷത വഹിച്ചു. പാർവതി പാലാഞ്ചേരി സംസ്കൃതത്തിലുള്ള ദേശഭക്തി ഗാനം പാടി ഉദ്ഘാടനം ചെയ്തു.

ദേശഭക്തി ഗാനാലാപനം, തൊപ്പിക്കളി, ഫാൻസി ഡ്രസ്സ്, മിഠായി പെറുക്കൽ, പതാക വരച്ച് നിറം കൊടുക്കൽ, വനിതകൾക്കായി ലെമൺ ആൻഡ് സ്പൂൺ എന്നീ മത്സരങ്ങൾ നടത്തി. വനിതാസഭയുടെ സെക്രട്ടറി രാധ ടീച്ചർ പരിപാടികൾക്ക് ആശംസകളും അർപ്പിച്ചു. രോഹിത് പാലാഞ്ചേരി നന്ദി പ്രകാശിപ്പിച്ചു. ദേശീയഗാനത്തോടെ പരിപാടികൾ അവസാനിച്ചു






**ആദികൃഷ്ണ,**
*s/o സുധീർ കുമാർ*
*പാറക്കോട്ട് ഇല്ലം,*
*പെരുമണ്ണ*
*പിൻ 673019*
*കോഴിക്കോട് ജില്ല*
*മൊബൈൽ 9061424785*


# സിർകാ ബുർകാ

ഇക്കഴിഞ്ഞ മദ്ധ്യവേനലവധിക്കാലത്ത് കുറച്ച് പുസ്തകങ്ങൾ വായിക്കാൻ സാധിച്ചു. വായിച്ചതിൽ ഏറെ ഇഷ്ടപ്പെട്ടത് പ്രിയ ദിനേശ് എഴുതിയ 'റഷ്യൻ നാടോടി കഥകൾ ' എന്ന പുസ്തകമാണ്. ഇതിലെ ഓരോ കഥയും നമ്മളെ ചിന്തിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യും. നന്മയും സ്നേഹവും ധൈര്യവും ഉണർത്താൻ ഇതിലെ ഓരോ കഥയും സഹായിക്കും. ഗുണപാഠകഥകളാണ്. മനോഹരമായ ചിത്രങ്ങളോടെ 34 കഥകൾ. ഇതിലെ 'സിർകാ ബുർകാ' എന്ന കഥയാണ് കൂടുതൽ ഇഷ്ടമായത്. ഒരു വൃദ്ധന്റെയും മൂന്ന് ആൺ മക്കളുടെയും കഥ. അനുസരണയോടെ നിന്നാൽ എന്തും നേടിയെടുക്കാമെന്ന് ഈ കഥ പറഞ്ഞു തരുന്നു. പരിഹാസവും അസൂയയുമെല്ലാം ദോഷം വരുത്തുന്നവയാണെന്നും ഈ കഥ ഓർമ്മിപ്പിക്കുന്നു.●




**സാത്വിക ഉണ്ണി. ഒ എം.**
D/o. ഉണ്ണികൃഷ്ണൻ
ഒതളൂർ മന,
പോസ്റ്റ്: തേലക്കാട്,
വഴി:പട്ടിക്കാട്, മലപ്പുറം ജില്ല.
മൊബൈൽ: 9656349291


# Save the forest

**O**nce upon a time , there was a magical forest filled with mythical creatures. There were fairies, dwarves, elves, trolls and more . Outside the forest was the human world , where magic never existed. That world was full of greed .

One day , when the creatures were living happily, the humans attacked the forest and cut down its trees. The creatures decided to fight back and be brave. Their leader , who was a dragon, had a plan. " Let's start our attack ."

They poured oil on the human world making everything slide everywhere. They threw fire balls on their towns. At last the humans left the creatures. "

This is the story of my plan . Yes , it is me , the leader of the dragons. You all know that forests all over the world are being cut down for humans furniture. So please, buy less wooden appliances and let creatures like me live happily . Also don't buy more things than you need . Your actions will change the world to good. Oh no , the humans came back to attack. I have to go now , bye ! Don't forget, save the forests.●




Ardra Sreerag,
Karanath Mana,
6th std
Arden Place,
LU2 7YE.LUTON UK
MOB: +44 7443 553146


# Brown and white

I'm chocolate brown, he's milky white.
A sacred thread on his body
And no clothes on mine.
He showers everyday and so do I,
Yet they all call him pure and me dirty.

They bless him with their hands on his heads,
While they look at me,their eyes to the sides,
Several feet away.
Do we all not sleep under the same sky?
Cause I forever drink the water that-'s
Left after his thirst.●




NAMITHA RAJEEV,
NALLEDATH MANA
(1ST BA ENGLISH,
FAROOK COLLEGE)
VILATHUR(P.O) KAIPURAM
THIRUVEGAPPURA, 679304(PIN)
PALAKKAD(DIST.),
MOB:9747466259

# ഇപ്പോഴും മറക്കാനാവുന്നില്ല ശ്രീരംഗം

വിനോദയാത്ര എന്ന് മാത്രമായി പറയാൻ വയ്യ. അതൊരു തീർത്ഥയാത്രയായിരുന്നു. പത്തു വയസുള്ളപ്പോൾ അച്ഛന്റെയും അമ്മയുടെയും കൂടെ തമിഴ്നാട്ടിലെ ട്രിച്ചിയിലേക്ക് നടത്തിയ യാത്ര. സ്കൂൾ അവധി ഒരുമിച്ച് കിട്ടുന്ന സമയത്ത് കേരളത്തിന് പുറത്തെ പുണ്യക്ഷേത്രങ്ങൾ സന്ദർശിക്കുക പതിവാണ്. അഞ്ചാറു ദിവസം നീണ്ടു നിൽക്കും. വിനോദയാത്രക്കുപരിയായി, സ്വഭാവരൂപീകരണത്തിനും ദൈവചിന്തയും വരാനുമാണ് അച്ഛൻ പുണ്യസ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നത്. യാത്ര ചെയ്തു പരിചയം സിദ്ധിക്കാനും ഉപകരിക്കും.

അപ്രകാരം,2016 ലെ ഓണംഅവധി വന്നപ്പോൾ, ഞങ്ങൾ ട്രിച്ചിയിലെ ശ്രീരംഗം ക്ഷേത്രത്തിൽ തൊഴുതു. കൂടാതെ അവിടെയുള്ള, ഭൂമിനാഥർ ക്ഷേത്രം, തിരുവനൈ കോവിൽ, ഉത്തമർ ക്ഷേത്രം, ദശാവതാര ക്ഷേത്രം, ബ്രഹ്മപുരേശ്വർ ക്ഷേത്രം ഇവിടെയൊക്കെ തൊഴുതു.

ട്രെയിനിൽ ബുക്ക്ചെയ്താണ് പോയത്. ട്രിച്ചി സ്റ്റാൻഡിനടുത്തുള്ള നല്ലൊരു ഹോട്ടലിലാണ് റൂം എടുത്തത്. ദർശനത്തിന് മുമ്പ്,




**ജഗന്നാഥ് രാമചന്ദ്രൻ,**
S/o അഡ്വ. കെ. പി. രാമചന്ദ്രൻ,
ശ്രീജഗന്നാഥം, കണ്ണോലിപ്പാടം
റോഡ്, പോസ്റ്റ് പൂപ്പത്തി, മാള,
തൃശ്ശൂർ ജില്ല, പിൻ–680 733.
ഫോൺ : 9447799548 ഇമെയിൽ
: kpradv@rediffmail.com


പോകേണ്ട ക്ഷേത്രങ്ങളുടെ ലിസ്റ്റും അവയുടെ ഐതിഹ്യവും അച്ഛൻ നെറ്റിൽ നിന്നു ഡൌൺലോഡ് ചെയ്ത് പ്രിന്റെടുത്തിരുന്നു. ഐതിഹ്യങ്ങളൊക്കെ പറഞ്ഞു തന്നു. ഐതിഹ്യം മനസ്സിലാക്കി തൊഴുതാൽ കൂടുതൽ ഹൃദ്യമെന്നാണ് അച്ഛൻ പറയാറ്.

ശ്രീരംഗം ക്ഷേത്രത്തിലെ മൂർത്തി വിഷ്ണു ഭഗവാനാണ്. ശ്രീരാമദേവൻ പൂജ ചെയ്ത വിഗ്രഹം എന്നാണ് ഐതിഹ്യം. ബ്രഹ്മ, ഹനുമാൻ, ഗരുഡ, ധന്വന്തരി, വിഭീഷണ പ്രതിഷ്ഠകളും ഉണ്ട്. വളരെ വിശാലമായ, സ്ഥലത്താണ് മനോഹരവും ചൈതന്യം നിറഞ്ഞതുമായ ശ്രീരംഗം ക്ഷേത്രം. ഇപ്പോഴും, 8 വർഷം കഴിഞ്ഞിട്ടും, മറക്കാനാകാത്ത നല്ല ഓർമ്മയാണ് ഈ യാത്ര തരുന്നത്.

റോക്ക് ഫോർട്ട് ക്ഷേത്രവും മനോഹരമാണ്. ഞങ്ങൾ പോയ സമയത്ത്, കാവേരി വറ്റി വരണ്ട് കിടക്കുകയായിരുന്നു. മുകളിൽ കൂടി പാലം. 4 ദിവസം ട്രിച്ചിയിൽ തങ്ങി. എല്ലാ പ്രധാന സ്ഥലങ്ങളും കണ്ടു. ഒരു ക്ഷേത്രത്തിൽ വെച്ച്, അച്ഛന് ഒന്ന് കൂടി പ്രദക്ഷിണം വെക്കണം എന്ന് തോന്നി.

ഞങ്ങളെ ഒരു ഉപദേവന് മുന്നിൽ നിറുത്തി. അച്ഛൻ ഒരു വട്ടം കൂടി തൊഴാൻ പോയി. തിരിച്ചു വന്ന അച്ഛൻ വിചാരിച്ചു, ഞാനും അമ്മയും പുറത്തിറങ്ങിയെന്ന്. അച്ഛൻ ഒരു കൂട്ടം തമിഴ് തീർത്ഥാടകർക്കൊപ്പം പുറത്തിറങ്ങി. ഞങ്ങളെ കാണാതെ തിരിച്ചു അകത്തു വന്നു. ഞങ്ങൾ ഇത് കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ ഇപ്പോഴും അച്ഛനെ കളിയാക്കും, 'തമിഴരെ കണ്ടാൽ കൂടെ പോയി കളയുമേ' എന്ന്. ആ കളിയാക്കൽ അച്ഛന് ഇഷ്ടവുമാണ്. വിനോദയാത്രയിൽ ക്ഷേത്രദർശനത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുക. ആ പുണ്യം നമ്മെ കൂടെ പിന്തുടരും. അതാണ് എന്റെ എളിയ സന്ദേശം. സ്നേഹപൂർവ്വം, ജഗന്നാഥ് രാമചന്ദ്രൻ ●

(ഇപ്പോൾ, മാള ഹോളി ഗ്രേസ് സ്കൂളിൽ 12 ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. തൃപ്പൂണിത്തുറ അന്യോന്യം നടത്തിയ നിത്യകർമ്മത്തിലെ 'മിടുക്കൻ' ആയിരുന്നു)



## മരങ്ങൾക്കുമുണ്ട്
# പ്രണയം



**നിവേദ് കൃഷ്ണൻ പി.എം**
S/o കൃഷണൻ പി.എം.
പരുത്തി മന
പോസ്റ്റ്: തേലക്കാട്
വഴി: പട്ടിക്കാട്, മലപ്പുറം .
മൊബൈൽ: 8921912718

പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരൻ പീറ്റർ വോലെബെന്റെ പുസ്തകമാണ് 'വൃക്ഷങ്ങളുടെ രഹസ്യ ജീവിതം'. വൃക്ഷങ്ങളുടെ സാമൂഹിക ജീവിതം, ആശയവിനിമയരീതികൾ, പരസ്പര സ്നേഹം, സംരക്ഷണം തുടങ്ങി വളരെ കൗതുകകരമായ ധാരാളം നിഗൂഢതകൾ ഇതിലുണ്ട്.

മനുഷ്യനെ പോലെ തന്നെയാണ് സസ്യങ്ങളും. എന്നാൽ അവയ്ക്ക് അനങ്ങാൻ കഴിയുന്നില്ല എന്നു മാത്രം. എന്നാൽ അവ മറ്റുള്ളവരെ സഹായിക്കുന്നതിൽ വളരെ ശ്രദ്ധാലുക്കളാണ്. എന്തെന്നാൽ ഏതെങ്കിലുമൊരു ജീവി വൃക്ഷത്തിന്റെ ഇലകളിൽ കടിക്കുകയോ മറ്റോ ചെയ്താൽ ആ വൃക്ഷം പെട്ടെന്നുതന്നെ രാസവസ്തുക്കൾ അന്തരീക്ഷത്തിലേക്ക് പുറപ്പെടുവിക്കുകയും അപായത്തെക്കുറിച്ച് മറ്റു വൃക്ഷങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ രാസസന്ദേശങ്ങൾ അന്തരീക്ഷത്തിലേക്ക് അയക്കാനും ഗന്ധം വായുവിൽ പടർത്താനും അതുവഴി സ്വയരക്ഷയും മറ്റു വൃക്ഷങ്ങളുടെ രക്ഷയും ഉറപ്പാക്കാൻ സാധിക്കുന്നു എന്നതും നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമാണ്.




ഇത്തരത്തിൽ വനത്തിലെ വൃക്ഷങ്ങൾ പരസ്പര സംരക്ഷണം ഒരുക്കുക മാത്രമല്ല അവ പരസ്പരം പരിപാലിക്കപ്പെടുകയും ചെയ്യുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് വെട്ടിമാറ്റപ്പെട്ട മരങ്ങളുടെ കുറ്റിക്ക് പോലും അന്നജവും മറ്റ് പോഷകങ്ങളും പകർന്നുകൊടുത്ത് അവയുടെ ജീവൻ നിലനിർത്തുന്നു. വൃക്ഷങ്ങളും സാമൂഹിക ജീവികളാണ്. അവ ഭക്ഷണം പങ്കിടുകയും പരസ്പരം ആശയവിനിമയം നടത്തുകയും ചെയ്യുന്നു. കാരണം അവക്കും പരസ്പരം സഹായം ആവശ്യമുണ്ട്. മാത്രമല്ല വൃക്ഷങ്ങൾ അവയുടെ പൈതൃകം അടുത്ത തലമുറയ്ക്ക് കൈമാറുന്നതിനും ഇളമുറക്കാരെ വളർത്തുന്നതിനും തങ്ങളുടെ സ്വാധീനം ചെലുത്താൻ വളരെ മിടുക്കരാണ്. മറ്റൊരാളെ സഹായിക്കുന്നതിൽ മാത്രമല്ല തങ്ങൾക്ക് ലഭിക്കുന്ന ഊർജ്ജത്തെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാനും വൃക്ഷങ്ങൾക്ക് അറിയാം.

വൃക്ഷങ്ങൾക്കു കാനന മര്യാദകളും ഉണ്ടെന്നാണ് എഴുത്തുകാരന്റെ കണ്ടെത്തൽ. ഇത്തരത്തിൽ വൃക്ഷങ്ങളുടെ സംരക്ഷണത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും അവയുടെ വാർദ്ധക്യത്തെക്കുറിച്ചും അവയുടെ പ്രണയത്തെക്കുറിച്ചുമൊക്കെ പ്രതിപാദിക്കുന്ന ഈ പുസ്തകം ഒരു മുതൽക്കൂട്ടുതന്നെ. വൃക്ഷങ്ങൾ നൽകുന്ന പാഠങ്ങളെക്കുറിച്ചറിയാൻ ഈ പുസ്തകത്തോളം മറ്റൊന്നില്ല. നാം ഓരോരുത്തരും ഇതു വായിക്കണം എന്നാണ് എന്റെ അഭിപ്രായം ●

# പെൺപൂവ്

വർണ്ണശബളദളങ്ങൾ തൻ ശോഭയാൽ
സ്വർണ്ണപ്രഭ തൂകും താരകം പോൽ
കണ്ടു ലോകത്തെ ചെറു പുഞ്ചിരിയോടെ
ചിത്തത്തിലേറും ഭയത്തോടെയും.

കാലടിയോരോന്നുമെണ്ണിയെണ്ണി വെച്ചും
കാതു കൂർപ്പിച്ചും നടക്കുന്നവൾ,
രക്ഷതേടുന്നവൾ, പച്ചിലകൾക്കുള്ളിൽ
വൻകഴുകൻ കണ്ണിൽ പെട്ടിടാതെ

ക്രൂര മനസ്സിനുടമയാകുന്നവർ
ഓരോ ഇലയും വകഞ്ഞെത്തവേ
കീറുന്നു ഓരോ ദളങ്ങളായ് പിന്നെയാ
പൂമേനി പുഞ്ചിരിച്ചുണ്ടുകളും.

ആവില്ലവൾക്കു ചെറുക്കുവാനെങ്കിലും
ആവും വിധത്തിൽ പൊരുതീടുന്നു
ജീവച്ഛവമായുരുകാനയയ്ക്കുന്നു
ചേതന വിട്ടൊരാ പൊൻതിരിയെ



കുറ്റപ്പെടുത്തിയവൾ, തൻ മനസ്സിനെ,
തട്ടി മാറ്റീടാത്ത കൈകളെയും.
ശബ്ദമുയർത്താതെ നിന്നതാം നാവിനെ,
നിശ്ചലം വീക്ഷിച്ച മാലോകരെ.

നിശ്ചയം ചെയ്തവൾ ചൊല്ലിയപ്പോൾത്തന്നെ
വെന്തു തീർന്നീടുവാനല്ലെൻ ജന്മം!
നാവുയർത്തുന്നു കരയാതവൾ തന്റെ
നേർക്കു വന്നീടുന്ന നീചർക്കു നേർ.

എന്തിനെയേതിനേയും വക വെക്കാതെ
പൊന്തിച്ചു നിൽക്കും ശിരസ്സുമേന്തീ
മുൾമുനക്കൂർപ്പിനാൽ ആയുധം തീർക്കുന്ന
പെൺപൂവായ് മാറീ! പനിനീരായീ !!

**ആർദ്ര,** D/o ഹരിനാരായൺ
തെഞ്ചേരി ഇല്ലം, കാക്കൂർ പോസ്റ്റ്
കോഴിക്കോട് 673613
മൊബൈൽ: 9847564517

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**മണ്ണാറശാല അമ്മ ഉമാദേവി അന്തർജനം**

ആലപ്പുഴ: മണ്ണാറശാല അമ്മ ഉമാദേവി അന്തർജനം (93) വിഷ്ണുപാദം പൂകി. കോട്ടയം മാങ്ങാനം ചെമ്പകനല്ലൂർ ഇല്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും രുക്മിണിദേവി അന്തർജനത്തിന്റെയും മകളാണ്. 1949 ൽ മണ്ണാറശാല ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടെ പത്നിയായാണ് മണ്ണാറശാല കുടുംബാംഗമായത്. തൊട്ടുമുൻപുള്ള വലിയമ്മ സാവിത്രി അന്തർജനം 1993 ഒക്ടോബർ 24നു സമാധിയായപ്പോഴാണ് ഉമാദേവി അന്തർജനം അമ്മയായി ചുമതലയേറ്റത്. 1995 മാർച്ച് 22ന് ആണ് ക്ഷേത്രത്തിൽ അമ്മ പൂജ തുടങ്ങിയത്.

ഏകമകൾ വൽസലാദേവി. കൂടുതൽ പ്രായമുള്ളവർ ഇല്ലത്ത് ഉണ്ടായിരുന്നുവെങ്കിലും മൂപ്പുമുറ അനുസരിച്ചു വലിയമ്മയാകാനുള്ള നിയോഗം ഉമാദേവി അന്തർജനത്തിനായിരുന്നു. ഇല്ലത്തെ കാരണവർ സുബ്രഹ്മണ്യൻ നമ്പൂതിരിയായിരുന്നു അഭ്യസിപ്പിച്ചത്. സ്ഥാനാരോഹണം കഴിഞ്ഞെങ്കിലും ഒരു വർഷത്തിലേറെ അമ്മ ക്ഷേത്രത്തിൽ പൂജ നടത്തിയിരുന്നില്ല. ഈ കാലയളവിൽ മന്ത്രങ്ങളും പൂജാവിധികളും ഹൃദിസ്ഥമാക്കുകയായിരുന്നു.



**ആർട്ടിസ്റ്റ് നമ്പൂതിരി**

പൊന്നാനി: പ്രശസ്തനായ ചിത്രകാരനും ശില്പിയുമായ കെ.എം. വാസുദേവൻ നമ്പൂതിരി എന്ന ആർട്ടിസ്റ്റ് നമ്പൂതിരി വിഷ്ണുപാദം പൂകി. 1925 ആഗസ്റ്റ് 19 ന് ആയില്യം നാളിൽ പൊന്നാനി കരുവാട്ടില്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടേയും ശ്രീദേവി അന്തർജ്ജനത്തിന്റേയും മകനായി ജനിച്ചു. കെ.സി.എസ്. പണിക്കർ ഡി.പി. റോയ് ചൗധരി തുടങ്ങിയ ഗുരുക്കന്മാരിലൂടെ മദ്രാസ് ഫൈൻ ആർട്സ് കോളജിൽ നിന്നു ചിത്രകല അഭ്യസിച്ച നമ്പൂതിരി 1960ലാണു രേഖാചിത്രകാരനായി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ചേർന്നതു. പിന്നീട് കലാകൗമുദി, സമകാലീക മലയാളം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ആയിരക്കണക്കിനു രേഖാചിത്രങ്ങൾ വരച്ചു. നമ്പൂതിരിച്ചിത്രങ്ങൾ എന്ന ശൈലി തന്നെ പ്രശസ്തമായി. പ്രശസ്ത നിരൂപകനായിരുന്ന എം.കൃഷ്ണൻ നായർ നമ്പൂതിരിച്ചിത്രം മാതിരി സുന്ദരിയായിരുന്നു എന്നു സ്ത്രീകളെ വിശേഷിപ്പിക്കുമായിരുന്നു. എം.ടിയുടെ രണ്ടാമൂഴത്തിലെ ദ്രൗപദി, വി.കെ.എൻ കഥകൾക്കു വരച്ച രേഖാചിത്രങ്ങൾ എന്നിവ പ്രസിദ്ധമാണ്.അരവിന്ദന്റെ ഉത്തരായനം, കാഞ്ചനസീത എന്നീ സിനിമകളുടെ ആർട്ട് ഡയറക്ടറായിരുന്നു.സഹധർമ്മിണി മൃണാളിനി. മക്കൾ പരമേശ്വരൻ, വാസുദേവൻ



**സി.എം.ഡി. നമ്പൂതിരിപ്പാട്**

ചേർപ്പ്: കഥകളി പണ്ഡിതൻ സി.എം.ഡി. നമ്പൂതിരിപ്പാട്(86) വിഷ്ണുപാദം പൂകി. ഒല്ലൂക്കര ചെറമംഗലത്തുമന അംഗമായ ഇദ്ദേഹം ഊരകം വാരണാംകുളം ക്ഷേത്രത്തിനു സമീപമാണ് താമസം. 60 കൊല്ലമായി കഥകളിവേദികളിൽ കഥകളി പരിചയപ്പെടുത്തുന്നതിൽ പ്രഗല്ഭനാണ് ഇദ്ദേഹം. കൊച്ചി തുറമുഖത്തിലെ എൻജിനീയറിങ് വിഭാഗം, ദക്ഷിണ റെയിൽവേയിലെ പെർമെനന്റ്‌വേ വിഭാഗം, തൃപ്രയാർ ശ്രീരാമ പോളിടെക്നിക്, ഒമാനിലെ ഗൾഫാർ എൻജിനീയറിങ് കോൺട്രാക്റ്റിങ് കമ്പനി, കോതമംഗലം ഗവ. പോളി ടെക്നിക് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

റെയിൽവേ എൻജിനീയറിങ് (സാങ്കേതികശാസ്ത്രം), തന്റേടാട്ടം (കഥകളി ലേഖന സമാഹാരം), കദന കുതൂഹലം (ആത്മകഥ), ഗാനകിരണം (കർണാടക സംഗീതാസ്വാദന സഹായി) എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. അച്ഛൻ: സി.എം.സി. നാരായണൻ നമ്പൂതിരിപ്പാട്. അമ്മ: നീലി അന്തർജനം. ഭാര്യ: സാവിത്രി. മക്കൾ: ബീന, നന്ദകുമാർ. മരുമക്കൾ: കേശവൻ നമ്പൂതിരിപ്പാട്, ശ്രീജ.



**നാടകകൃത്ത് പി.കെ. ദേവൻ**

മഞ്ചേരി: നാടകകൃത്തും അധ്യാപകനും സാംസ്കാരിക പ്രവർത്തകനുമായ പുല്ലൂർ കുറ്റാനിക്കാട് മനയിലെ പി. കെ. ദേവൻ (77) വിഷ്ണുപാദം പൂകി. മഞ്ചേരി കോ -ഓപ്പറേറ്റീവ് കോളേജ് അധ്യാപകനായിരുന്നു.പിന്നീട് വിവേകപ്രദായിനി വിദ്യാലയം, എടക്കാട് ശ്രീ ശാസ്താകോളേജ് എന്നിവ സ്ഥാപിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി.

പ്രജാപതി, പരുഷപുരാണം, അടിമകൾക്ക് ഒരു പുരാവൃത്തം, അമ്മ കരയരുത്. ഇടത്തുപുറത്തപ്പൻ, സംഘവൃത്തം, അമ്പതുക കൈയെഴുത്തുപ്രതി, ആറ്റുകര തോറ്റം, ആദിചേര പെരുമാൾ, കരിങ്കളിയാട്ടം, പഴമയുടെ പാട്ട് എന്നീ നാടകങ്ങളുടെ രചയിതാവാണ്. വ്രണിത ഭൂമി, മൂഷിക വംശം എന്നീ പുസ്തകങ്ങളുടെ വിവർത്തനം നിർവഹിച്ചു. കേരള സംഗീത നാടക ഭാര്യ. അക്കാദമി, തുഞ്ചൻ, ദൃശ്യ കലാ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഭാര്യ: ചന്ദ്രിക. മക്കൾ : സൗമ്യ, രമ്യ , ഭവ്യ. മരുമക്കൾ: മനോജ്, ധനേഷ്, മിഥുൻ . സഹോദരങ്ങൾ: ശ്രീകുമാർ, ഭവാനി, ശാരദ.



**ദേവകി നിലയങ്ങോട്**

തൃശൂർ: സാമൂഹിക പരിഷ്കർത്താവും എഴുത്തുകാരിയുമായ ദേവകി നിലയങ്ങോട് അന്തരിച്ചു. പകരാവൂർ മനയിൽ കൃഷ്ണൻ സോമയാജിപ്പാടിന്റെയും പാർവ്വതി അന്തർജ്ജനത്തിന്റെയും മകളായി 1928-ൽ പൊന്നാനിക്കടുത്ത് മൂക്കുതലയിലാണ് ജനിച്ചത്.ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ല. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനും എഴുത്തുകാരനുമായ പി. ചിത്രൻ നമ്പൂതിരിപ്പാടിന്റെ സഹോദരിയാണ്. 1943-ൽ ചാത്തന്നൂർ നിലയങ്ങോട് മനയിലെ രവി നമ്പൂതിരിയെ വിവാഹം കഴിച്ചു. സതീശൻ, ചന്ദ്രിക, കൃഷ്ണൻ, ഗംഗാധരൻ, ഹരിദാസ് ഗീത എന്നിവർ മക്കളാണ്. 1948ൽ ലക്കിടി ചെറാമംഗലത്ത് മനക്കൽ അന്തർജ്ജനങ്ങളുടെ കൂട്ടായ്മയിൽ നിന്നും പിറന്ന തൊഴിൽകേന്ദ്രത്തിലേക്ക് എന്ന നാടകത്തിന്റെ ചുക്കാൻ പിടിച്ചത് ദേവകി നിലയങ്ങോട് ആയിരുന്നു. കാലപ്പകർച്ചകൾ ,യാത്ര: കാട്ടിലും നാട്ടിലും, നഷ്ടബോധങ്ങളില്ലാതെ ഒരു അന്തർജ്ജനത്തിന്റെ ആത്മകഥ, അന്തർജനം- മെമ്മറീസ് ഓഫ് നമ്പൂതിരി വുമൺ എന്നിവയാണ് പ്രധാന കൃതികൾ.

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ദേവസേന അന്തർജനം**

തൃശ്ശൂർ: എരുമപ്പെട്ടി തോന്നല്ലൂർ ഒതളൂർ മനയിൽ ദേവസേന അന്തർജനം (93) വിഷ്ണുപാദം പൂകി. ഷൊർണ്ണൂർ പരുത്തിപ്ര വടക്കേപ്പാട്ട് മനയ്ക്കൽ പരേതരായ നീലകണ്ഠൻ ഭട്ടതിരിപ്പാടിന്റെയും സാവിത്രി അന്തർജനത്തിന്റെയും മകളാണ്. ഭർത്താവ്: പരേതനായ ഒതളൂർ രാമൻ നമ്പൂതിരി. മക്കൾ: ഒ.ആർ. നീലകണ്ഠൻ (റിട്ട. ഫിഷറീസ്), ഒ.ആർ. ശൈലജ (മടങ്ങർളി മന, തൃശ്ശൂർ), ഒ.ആർ. സാവിത്രി (അമ്പലപ്പിള്ളി മന, ചേർപ്പ്; റിട്ട. അധ്യാപിക, പെരിങ്ങോട് എൽ.പി. സ്കൂൾ), ഒ.ആർ. രാമചന്ദ്രൻ (എക്സിക്യൂട്ടീവ് എഡിറ്റർ, മാതൃഭൂമി, കോഴിക്കോട് ), ഒ. ആർ. ഹേമലത (താഴക്കുളത്ത് മന, ചെമ്മണ്ണൂർ ), പരേതനായ ഒ.ആർ.വാസുദേവൻ.

മരുമക്കൾ: നിർമല (പടിഞ്ഞാറെത്തടത്തിൽ മന, ഒല്ലൂക്കര), ടി.ആർ. ലീല (റിട്ട. എസ്.ബി.ടി. തിരുത്തി മന പുലിയന്നൂർ), പി.എം. ശ്രീദേവി ( പടിഞ്ഞാറ്റുകര മന, മാറാക്കര, പ്രിൻസിപ്പൽ, കാലിക്കറ്റ് ഗേൾസ് വി.എച്ച്.എസ്. സ്കൂൾ, കോഴിക്കോട് ), താഴക്കുളം ടി.പി. വാസുദേവൻ നമ്പൂതിരി, പരേതരായ എം.ആർ. മടങ്ങർളി, അമ്പലപ്പിള്ളി ശാസ്ത്രശർമൻ നമ്പൂതിരി.



**പ്രൊഫ. ടി.എം. ശങ്കരൻ**

കൊച്ചി: ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുൻ എറണാകുളം ജില്ലാ പ്രസിഡന്റ് ഇടപ്പള്ളി ചങ്ങമ്പുഴ സമാധി റോഡിൽ തേനേഴിയിൽ പ്രൊഫ. ടി.എം. ശങ്കരൻ (78) വിഷ്ണു പാദം പൂകി. പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിന് അടുത്ത് തച്ചനാട്ടുകര തേനേഴി ഇല്ലത്ത് ജനിച്ച ശങ്കരൻ, കൊച്ചി സർവകലാശാല, ഫിഷറീസ് സർവകലാശാല എന്നിവിടങ്ങളിൽ സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസർ ആയിരുന്നു. പരിഷത്തിന്റെ ജനകീയ ഗവേഷണ സ്ഥാപനമായ ഐ.ആർ.ടി.സി. യുടെ ഡയറക്ടറായും പ്രവർത്തിച്ചു. പരിഷത്തിന്റെ നിരവധി ഗവേഷണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇടപ്പള്ളി ചങ്ങമ്പുഴ സ്മാരക വായനശാലയുടെ പ്രസിഡന്റ്, ഇടപ്പള്ളി സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹി ച്ചു. ഇടപ്പള്ളിയിലെ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. ഭാര്യ: രുക്മിണി (പി.ഡബ്ല്യു.ഡി. റിട്ട. എക്സി. എൻജിനീയർ). മക്കൾ: പ്രമോദ് ശങ്കർ, സുമോദ് ശങ്കർ.



**സുഭദ്രാ അന്തർജനം**

മാവേലിക്കര: കണ്ടിയൂർ നീലമന ( കളീയ്ക്ക മഠം ) ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണിയും ശബരിമല ആദ്യ പുറപ്പെടാ മേശാന്തി എൻ. ഗോവിന്ദൻ നമ്പൂതിരിയുടെയും മുൻ മേശാന്തിയും ഉപസഭാ വൈസ് പ്രസിഡന്റ് എൻ. പരമേശ്വരൻ നമ്പൂതിരിയുടെയും മാതാവുമായ സുഭദ്രാ അന്തർജനം (95) വിഷ്ണുപാദം പൂകി.



**നാരായണൻ നമ്പൂതിരി**

കോട്ടയം: വൈദ്യരത്നം നഴ്സിംഗ് ഹോമിന്റെ ജനറൽ മേനേജർ കോട്ടയം കൈപ്പിള്ളി - എരവിമംഗലം നാരായണൻ നമ്പൂതിരി (62) വിഷ്ണുപാദം പൂകി. പത്നി: വാസിനി. മകൾ - ഡോ. സ്വാതി നാരായണൻ പാണക്കാട് (നർത്തകി, അഭിനേത്രി). വൈദ്യരത്നം നഴ്സിംഗ് ഹോമിന്റെ ജനറൽ മാനേജരും ശ്രീഭദ്രം കഥകളി സമിതിയുടെ മുഖ്യ സംഘാടകനുമാണ്.



**സാവിത്രി അന്തർജനം**

മാന്നാർ : പുലിയൂർ നീലമന ഇല്ലത്തു പരേതനായ റിട്ട. പ്രൊഫസർ ഡോ.എൻ. മാധവൻ നമ്പൂതിരിയുടെ സഹധർമിണി സാവിത്രി അന്തർജനം (76) വിഷ്ണുപാദം പൂകി. മാന്നാർ കടപ്ര പെരിയമന കുടുംബാംഗം ആണ്.മക്കൾ: ജയശ്രീ, വിജയശ്രീ, രാജശ്രീ(late). മരുമക്കൾ: വിഷ്ണു നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി.



**സാവിത്രി അന്തർജ്ജനം**

ആലുവ ഉളിയന്നൂർ പല്ലേരി ഇല്ലത്തു പരേതനായ നാരായണൻനമ്പൂതിരിയുടെ പത്നി സാവിത്രി അന്തർജ്ജനം (85) വിഷ്ണുപാദം പൂകി . മക്കൾ : പി.എൻ.ഡി.നമ്പൂതിരി, നിർമ്മലാദേവി, ഉമാദേവി, ലോഹിതാക്ഷൻ നമ്പൂതിരി, സത്യഭാമ .

മരുമക്കൾ : ലളിതാംബിക, വെങ്കിടേശ്വര ശർമ്മ, പരേതനായ മുരളി നാരായണൻ, ശ്രീലത , വാസുദേവൻനമ്പൂതിരി



**ദേവകി അന്തർജനം**

മഞ്ചേരി: പുല്പറ്റ നാഗേരി ഇല്ലത്ത് എൻ.സി.വി.നമ്പൂതിരിയുടെ പത്നി ദേവകി അന്തർജനം (80) വിഷ്ണുപാദം പൂകി. ഓമശ്ശേരി മുതുമന കുടുംബാംഗമാണ്. മക്കൾ: വിഷ്ണുപ്രസാദ്, ശ്രീനാഥ്, ലത, അജിത, സവിത. മരുമക്കൾ: നടുവിലേടം ജനാർദ്ദനൻ നമ്പൂതിരി, ചേന്നാസ് പരമേശ്വരൻ ഭട്ടതിരി, ആലമ്പിള്ളി കൃഷ്ണൻ നമ്പൂതിരി, ബിന്ദു, ലക്ഷ്മി.



**ശ്രീധരൻ നമ്പൂതിരി**

കോതമംഗലം : ഇഞ്ചൂർ പുളിക്കാപ്പറമ്പ് ഇല്ലത്തു പരേതരായ കൃഷ്ണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റേയും പുത്രൻ ശ്രീധരൻ നമ്പൂതിരി (83) വള്ളിക്കാവിൽ മാതാ അമൃതാനന്ദമയി ആശ്രമത്തിൽ വച്ചു വിഷ്ണു പാദം പൂകി. കേന്ദ്രസർക്കാർ സേവനത്തിൽ നിന്ന് അഡിഷണൽ സെക്രട്ടറി ആയി ഏതാനും വർഷം മുമ്പു പെൻഷൻ പറ്റി. ഭാര്യ: അന്തരിച്ച നിവേദിത. മകൾ: ഭക്തി മാഥുർ, മരുമകൻ: അനുരാഗ് മാഥുർ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ലളിതാംബിക അന്തർജനം**

അർക്കന്നൂർ നെടുമൺ മഠത്തിൽ പരേതനായ നാരായണർ പണ്ടാരത്തിലിന്റെ വേളി ലളിതാംബിക അന്തർജനം( 90) വിഷ്ണു പാദം പൂകി. മക്കൾ മാലതി , ഹേമലത, ജ്യോതികുമാർ. മരുമക്കൾ മാധവൻ പോറ്റി, സജീവൻ പോറ്റി, ദ്രൗപദി അന്തർജനം



**വാസുദേവൻ നമ്പൂതിരി**

ചാത്തമംഗലം വെള്ളന്നൂർ എടക്കാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ മാലതി അന്തർജ്ജനം (തായാട്ട് ഇല്ലം), മകൾ പരേതയായ ശ്രീജ(കൊറ്റിവട്ടത്ത് ഇല്ലം ) മകൻ ശ്രീജിത്ത് നമ്പൂതിരി (കൊള്ളങ്ങോട്ട് അയ്യപ്പ ക്ഷേത്രം)



**ഉണ്ണികൃഷ്ണൻ മൂസ്സത്**

കാഞ്ഞിരങ്ങാട് മേപ്പാട്ട് ഇല്ലത്തെ ഉണ്ണികൃഷ്ണൻ മൂസ്സത് (70) വിഷ്ണു പാദം പൂകി. പത്നി ഗീതാ ദേവി. (തോട്ടത്തിൽ ചോലക്കര ഇല്ലം). മക്കൾ: വിപിൻ, ദിവ്യ ദിലീപ്. മരുമക്കൾ: സുനിത വിപിൻ(കാരിക്കമഠം), ദിലീപ് (ടി വി പുരം).



**സാവിത്രി അന്തർജ്ജനം**

പങ്ങാരപ്പിള്ളി പടുതോൾ മനയിൽ ഗോദൻ നമ്പൂതിരിപ്പാടിന്റെ പത്നിയും, കുസാറ്റ് വൈസ് ചാൻസലർ ഡേ പി. ജി. ശങ്കരന്റെ അമ്മയുമായ സാവിത്രി അന്തർജ്ജനം (മാതാനംപറ്റ മഹൾ) വിഷ്ണു പാദം പൂകി. അകവൂർ ദേവി മകൾ ആണ്.



**നാരായണൻ നമ്പൂതിരി**

പേരാമംഗലം: മായന്നൂർ അമ്പായിമന നാരായണൻ നമ്പൂതിരി (76) വിഷ്ണുപാദം പൂകി. ഭാര്യ: വസന്ത നാരായണൻ. മക്കൾ: പരേതയായ ലീല, ലീന, അനൂജ്. മരുമക്കൾ: വിവേക്, വിദ്യ. യോഗക്ഷേമസഭ പേരാമംഗലം ഉപസഭാ പ്രസിഡണ്ടായിരുന്നു.



**ദാക്ഷായിണി അന്തർജ്ജനം**

വണ്ടൂർ: പനയ്ക്കാട് നമ്പ്യാത്തൻ നമ്പൂതിരിയുടെ ഭാര്യ ദാക്ഷായിണി അന്തർജ്ജനം (നന്ദിനി) വിഷ്ണുപാദം പൂകി.



**മാധവൻ പോറ്റി**

ആലപ്പുഴ: അമ്പലപ്പുഴ കരുമാടിയിലെ പുന്നാക്കോച്ചി മഠം മാധവൻ പോറ്റി (59) വിഷ്ണു പാദം പൂകി.



**ബാലകൃഷ്ണൻ നമ്പൂതിരി**

ചെങ്ങന്നൂർ: ഉപസഭാ അംഗം കുറ്റൂർ നെല്ലിക്കുന്നത്തു മഠത്തിൽ ബാലകൃഷ്ണൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



**പത്മിനി അന്തർജ്ജനം**

പന്തളം:ഇടപ്പോൺ കോളമംഗലത്ത് മഠം (പുത്തൂർ) കൃഷ്ണൻ പോറ്റിയുടെ സഹധർമ്മിണി പത്മിനി അന്തർജ്ജനം (76) വിഷ്ണുപാദം പൂകി.



**സരസ്വതി അന്തർജ്ജനം**

കൊഞ്ചിറവിള: മരങ്ങാട്ടില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ പത്നി സരസ്വതി അന്തർജ്ജനം (79) വിഷ്ണു പാദം പൂകി. മക്കൾ: ശങ്കരൻ നമ്പൂതിരി, ശംഭു നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി.



**വിഷ്ണുനമ്പൂതിരി**

പള്ളിപ്പാട്: തളിയ്ക്കൽ പടിഞ്ഞാറേമഠം മംഗലം വി.വിഷ്ണുനമ്പൂതിരി (60) വിഷ്ണുപാദം പൂകി. പാപ്പനംകോട് ഉപസഭ പ്രസിഡന്റ് മംഗലം മാധവൻ ചേട്ടന്റെ അനുജനാണ്.



**സരസ്വതി അന്തർജ്ജനം**

ഹരിപ്പാട്: പള്ളിപ്പാട് കൊച്ചൂർ ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മാതാവ് സരസ്വതി അന്തർജ്ജനം (94) വിഷ്ണുപാദം പൂകി.



**ടി.സി.കൃഷ്ണൻ നമ്പൂതിരി**

മാവേലിക്കര: റിട്ട. ഖാദി ബോർഡ് ഉദ്യോഗസ്ഥൻ മാവേലിക്കര ഉപസഭാംഗം തട്ടാരമ്പലം മറ്റം വടക്ക് ചന്ദ്രമന ഇല്ലത്ത് ടി.സി.കൃഷ്ണൻ നമ്പൂതിരി (76) വിഷ്ണുപാദം പൂകി.



**ദേവകി അന്തർജ്ജനം**

തൃശൂർ: പ്രാണബലം മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിയുടെ സഹധർമ്മിണി ദേവകി അന്തർജ്ജനം (കാരാട്ടെ മകൾ) വിഷ്ണുപാദം പൂകി.



**ദാമോദരൻ നമ്പൂതിരി**

പാണ്ടിക്കാട്: കൊടശ്ശേരി ദേവസ്വം ട്രസ്റ്റിബോർഡ് മുൻ ചെയർമാൻ മേലേടത്ത് മനക്കൽ ദാമോദരൻ നമ്പൂതിരി (90) വിഷ്ണുപാദം പൂകി. ഭാര്യ പരേതയായ ശൈലജ അന്തർജ്ജനം.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**വി.കെ.ദേവകി അന്തർജനം**

ഊർങ്ങാട്ടിരി: മൈത്ര ഉണ്ണി മുറ കരിപ്പത്ത് ഇല്ലത്ത് വി .കെ.ദേവകി അന്തർജനം (90) വിഷ്ണു പാദം പൂകി. ഭർത്താവ്: പരേതനായ റിട്ട. ഡിഡി വി.കെ.സി.നാരായണൻ നമ്പൂതിരി. മക്കൾ: രാമചന്ദ്രൻ (റിട്ട. എഇഒ), വിജ യകൃഷ്ണൻ (റിട്ട. ബാങ്ക് മാനേജർ), ഉഷ (റിട്ട. പ്ര ധ്യാനാധ്യാപിക), രഘു നാരായണൻ (എൻജിനീയർ ഷാർജ), സതി (റിട്ട. അധ്യാപിക), ജയ (റിട്ട. അധ്യാപിക), സുമ (ചെറൂപ്പ മണക്കാട് ജിയുപി എസ് അധ്യാപിക). മരുമക്കൾ: സരള (റിട്ട. അധ്യാപിക), ശ്രീജ (റിട്ട. അധ്യാപിക), കൃഷ്ണൻ നമ്പൂതിരി (റിട്ട. ഡപ്യൂട്ടി തഹസിൽദാർ, ശ്രീലത, നീലകണ്ഠൻ (റിട്ട. അധ്യാപകൻ), കൃഷ്ണൻ (വിമുക്തഭടൻ), ശ്രീകുമാർ (അഭിഭാഷകൻ).



**എ.പി.വാസുദേവ പട്ടേരി**

കാഞ്ഞങ്ങാട്: പ്രമുഖ തന്ത്രികാഞ്ഞങ്ങാട് മടിക്കൈ ആലമ്പാടി ഇല്ലത്ത് എ.പി.വാസുദേവ് പട്ടേരി(93) വിഷ്ണു പാദം പൂകി. ധർസ്ഥല മഞ്ജുനാഥേശ്വര ക്ഷേത്രം, വിട്ടല പഞ്ചലിംഗേശ്വര ക്ഷേത്രം ഉൾപ്പെടെ കർണാടകത്തിലെയും കാസർകോട്ടെയും തിരുവനന്തപുരത്തെയും ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്നു. ഭാര്യ: പരേതയായ ഗൗരി അന്തർജനം. മക്കൾ: എ.പി.മാധവപട്ടേരി (തലശ്ശേരി തിരുവങ്ങാട് ക്ഷേത്രം കീഴ്ശാന്തി), എ.പി.പത്മനാഭ പട്ടേരി, ആറമ്പാടി വാസുദേവ പട്ടേരി (തിരുവനന്തപു ശ്രീപദ്മനാഭസ്വാമി ക്ഷേത്രം കീഴ്ശാന്തി), ഗൗരി അന്തർജനം കൈതപ്രം. മരുമക്കൾ: ഗൗരി അന്തർജനം, ശ്രീജ പത്മനാഭൻ, സന്ധ്യാറാണി, സംഗീത സംവിധായകൻ പരേതനായ കൈതപ്രം വിശ്വനാഥൻ നമ്പൂതിരി.



**വാസുദേവനുണ്ണി**

മണ്ണാർക്കാട്: ഒരുവന്നൂർ പാഴൂർ മന ഒ.പി. വാസുദേ വനുണ്ണി (45) വിഷ്ണുപാദം പൂകി. യുവമോർച്ച മുൻ സംസ്ഥാന വൈസ് പ്രസിഡന്റ്, ബി.ജെ.പി. മണ്ണാർക്കാട് മണ്ഡലം പ്രസിഡന്റ്, സംഘത്തിന്റെ താലൂക്ക് കാര്യവാഹ് എന്നീ നിലയിൽ പ്രവർത്തിച്ചു. 2011ൽ ബി.ജെ. പി. സ്ഥാനാർഥിയായി മ ണ്ണാർക്കാട് മണ്ഡലത്തിൽ മത്സരിച്ചിരുന്നു. കോങ്ങാട് വേഗ മോട്ടോഴ്സ് നടത്തിവരികയായിരുന്നു. ജനസംഘം പ്രവർത്തിച്ചിരുന്ന കാലത്തെ സംസ്ഥാനനേതാവും അടിയന്തരാ വസ്ഥാ വിരുദ്ധ പോരാട്ടത്തിൽ ജയിൽ ശിക്ഷ അനുഭവിച്ച ഒ.പി.വി. നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകനുമാണ്. സഹോദരങ്ങൾ: സാവിത്രി, നാരായണൻ (അധ്യാപകൻ), പരമേശ്വരൻ (ചണ്ഡീഗഡ് കോളജ് അധ്യാപകൻ), ജയശ്രീ.



**ദേവകി അന്തർജനം**

എടപ്പാൾ: റിട്ട. അധ്യാപിക യും സി.പി.എം. നേതാവും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റുമായിരുന്ന വട്ടംകുളം കുറ്റിപ്പാല തോട്ടുപുറത്ത് പറയത്ത് മനയിൽ എൻ. ദേവകി അന്തർജനം (80) വിഷ്ണുപാദം പൂകി. വട്ടംകുളം ഗ്രാമപ്പഞ്ചായത്ത് അംഗമായിട്ടുണ്ട്. പൊന്നാനി ഗേൾസ് ഹൈസ്കൂളിലെ ഹിന്ദി അധ്യാപികയായിരുന്നു. ജനാധിപത്യ മഹിളാ അസോസിയേഷൻ പൊന്നാനി ഏരിയ കമ്മിറ്റിയംഗം, സി.പി.എം. കുറ്റിപ്പാല ബ്രാഞ്ചംഗം എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. ഭർത്താവ്: പരേതനായ പുരുഷോത്തമൻ നമ്പൂതിരി. മക്കൾ: നന്ദകുമാർ, ശശികുമാർ, കൃഷ്ണകുമാർ. മരുമക്കൾ: അജിത, സുജാത, മാധുരി.



**സി.കെ.വാസുദേവൻ**

തൃശൂർ: ചാർട്ടേർഡ് അക്കൗണ്ടന്റും വാസു ആൻഡ് ശിവറാം ചാർട്ടേർഡ് അക്കൗണ്ടന്റ്സ് സീനിയർ പാർട്ണറുമായ ചെമ്പൂക്കാവ് മനയ്ക്കൽ (ഹരിത) സി.കെ.വാസുദേവൻ (72) വിഷ്ണു പാദം പൂകി.

ഭാര്യ: കോട്ടവട്ടത്തു മനയ്ക്കൽ ഡോ.എൻ. സാവിത്രി (ഇക്കണോമിക്സ് വിഭാഗം റിട്ട. പ്രഫസർ, ശ്രീ കേരളവർമ്മ കോളജ്, തൃശൂർ). മക്കൾ: സുനിത (സോഫ്റ്റ് വെയർ എൻജിനീയർ, യുഎസ്), ഹരികൃഷ്ണൻ (ചാർട്ടേർഡ് അക്കൗണ്ടന്റ്, വാസു ആൻഡ് ശിവറാം ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, തൃശൂർ), മരുമക്കൾ: വിജയ് മാധവൻ(ഐടി, യുഎസ്), ഡോ. ആതിര (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചേർപ്പ് )



**കൃഷ്ണൻ ഭട്ടതിരി**

തിരുവല്ല: തിരുവല്ലയിലെ നെടുവേലി മനയ്ക്കൽ കൃഷ്ണൻ ഭട്ടതിരി (89 ) പാദം പൂകി.



**ശ്രീദേവി വിശ്വനാഥ ഭട്ടതിരി**

പേരിശ്ശേരി: വാഴമാവേലി മഠം ശ്രീദേവി വിശ്വനാഥ ഭട്ടതിരി (70) വിഷ്ണുപാദം പൂകി.



**ഉമാദേവി അന്തർജനം**

പേരാനല്ലൂർ ഉമാദേവി അന്തർജ്ജനം (കൊടക്കാട്ടുകുത്തുള്ളി മഹൾ, ഉറിയമ്മഠം മരുമകൾ) വിഷ്ണുപാദം പൂകി.



**ഗിരിജ അന്തർജനം**

ചെറുകുളപ്പുറത്തു മനയ്ക്കൽ ഗിരിജ അന്തർജനം ( ഗിരിജ ടീച്ചർ പെരുമ്പള്ളി മഹൾ) വിഷ്ണുപാദം പുകി.



**ഉഷ അന്തർജനം**

ഗുരുവായൂർ: വേങ്ങേരി പരേതനായ രാമൻ നമ്പൂതിരിയുടെ പത്നി ഉഷ അന്തർജനം വിഷ്ണുപദം പൂകി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**യു.സി.മുകുന്ദൻ**

വണ്ടൂർ: വാണിയമ്പലം ഉപ്പിലാപ്പറ്റ ചെന്നല്ലേരി മനയിൽ യു.സി.മുകുന്ദൻ (68) വിഷ്ണുപാദം പൂകി. യു.സി.ബി. ഏജൻസീസ് ഡീലർ ആയിരുന്നു. അച്ചിപ്രവാധ്യാനില്ലത്ത് എ.വി. ഷീലയാണ് ഭാര്യ. മക്കൾ: സൗമ്യ ഹരീഷ് (കാഞ്ഞിരപ്പള്ളി മന), മുരളീധരൻ, സവിത അശ്വിൻ (നെടുമ്പറമ്പ് മന). മരുമക്കൾ: ഹരീഷ് ആർ.നമ്പൂതിരിപ്പാട് (കാഞ്ഞിരപ്പള്ളി മന, കാക്കൂർ- അദ്ധ്യാപകൻ, ഹൈസ്കൂൾ, രാമമംഗലം), അശ്വിൻ രാമൻ (നെടുംപറമ്പ് മന, തൃപ്പൂണിത്തുറ- മർച്ചന്റ് നേവി). ആരതി മുരളി (വടക്കേടത്ത് മന, ഉദയംപേരൂർ).



**ഗംഗാദേവി അന്തർജ്ജനം**

പെരുമണ്ണ: തയ്യിൽത്താഴത്ത് കല്പകശ്ശേരി പാട്ടം ഇല്ലത്ത് ഗംഗാദേവി അന്തർജ്ജനം (82) വിഷ്ണുപാദം പൂകി. ഭർത്താവ്: പുനരിട്ടമഠം പരേതനായ കൃഷ്ണൻ നമ്പൂതിരി.

മക്കൾ: പി.എം.ഹരികൃഷ്ണൻ, പി.കെ.ജയകൃഷ്ണൻ (യു.എസ്.എ). മരുമക്കൾ: കാവുങ്കര ഇല്ലത്ത് സുലോചന, മൺകുന്നത്ത് മഠം ബീന. സഹോദരങ്ങൾ: പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരി (സയന്റിസ്റ്റ്, യു.എസ്.എ), കൃഷ്ണൻ നമ്പൂതിരി (സയന്റിസ്റ്റ്, യു.എസ്.എ).



**വാസുദേവൻ നമ്പൂതിരിപ്പാട്**

പാലക്കാട്: പാതായ്ക്കര മനക്കലെ ഇപ്പോഴത്തെ കാരണവരും റിട്ടയേർഡ് അദ്ധ്യാപകനുമായിരുന്ന വാസുദേവൻ നമ്പൂതിരിപ്പാട് 89 പാലക്കാട് എടത്തറയിലുള്ള വസതിയിൽ വെച്ച് വിഷ്ണുപാദം പൂകി. പതായ്ക്കര സ്ക്കൂൾ മുൻ മാനേജരും സംസ്ക്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ സജീവ സാന്നിധ്യവുമായിരുന്നു. ഭാഗവത സപ്താഹ വേദികളിൽ മരിക്കുന്നതു വരെ ആചാര്യ സ്ഥാനത്ത് ഇരുന്നിരുന്നു. ഭാര്യ. ശ്രീദേവി ( കൂടല്ലൂർ മന ) മക്കൾ സുബ്രമണ്യൻ, നാരായണൻ, സുരേഷ്, പ്രദീപ്.



**ദേവകി അന്തർജനം**

കാഞ്ഞങ്ങാട്: നെല്ലിക്കാട്ട് കാഞ്ഞിരവയലിൽ ദേവകി അന്തർജനം (70) വിഷ്ണുപാദം പൂകി. റിട്ട. അങ്കണവാടി വർക്കറായിരുന്നു. ഭർത്താവ്: തലക്കുളം ഇല്ലത്ത് ദാമോദരൻ നമ്പൂതിരി. മക്കൾ മധു തലക്കുളം (ഐ.ഐ.എസ് . ഇ . ആർ . തിരുവനന്തപുരം), സുധ പനയാൽ), സുധി (ഹൈദരാബാദ്). മരുമക്കൾ: മരുമക്കൾ: ഛായാ ഗോവിന്ദ്, ഉണ്ണികൃഷ്ണൻ നമ്പൂതിരി, ജയശ്രീ (വർക്കല). സഹോദരങ്ങൾ: ശ്രീധരൻ ( വയനാട്) പദ്മിനി (ആലുവ).



**സർവ്വ മംഗലാദേവി**

തമിഴ്നാട്: കന്യാകുമാരി ജില്ലയിൽ കടയാലും മൂട്ടിൽ താമരക്കുളത്ത് മഠത്തിൽ പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ പത്നി സർവ്വ മംഗലാദേവി (85) വിഷ്ണുപാദം പൂകി.

മക്കൾ: പരേതനായ സുരേന്ദ്രകുമാർ, സുശീലാദേവി, രാജേന്ദ്ര കുമാർ, സുജിത കുമാരി, രജനി കുമാരി, രജിത് കുമാർ.

മരുമക്കൾ: പരേതയായ ശ്രീലത , പരേതനായ നാരായണായ ശർമ്മ, ശ്രീദേവി , സുകുമാരൻ, വാസുദേവൻ നമ്പൂതിരി, സ്മിത.



**രാമൻ നമ്പൂതിരി**

തൃശൂർ: കുറിയേടത്ത് രാമൻ നമ്പൂതിരി (88) വിഷ്ണുപാദം പൂകി. മക്കൾ: സാവിത്രി, ശ്രീകുമാർ (എൽ.ഐ.സി.). മരുമക്കൾ: വാസുദേവൻ നീലമന (റാന്നി), രജ്നി ശ്രീകുമാർ (പുനം). കൊച്ചുമക്കൾ: ഇന്ദു വാസുദേവൻ, ആര്യ ശ്രീകുമാർ, ആര്യ വാസുദേവൻ.



**എ.കെ. വാസുദേവൻ നമ്പൂതിരി**

കാക്കനാട്: ഗ്രാമവികസന വകുപ്പ് റിട്ട. വി.ഇ.ഒ. തുതി യൂർ പേരമന എ.കെ. വാസുദേവൻ നമ്പൂതിരി (73) അന്തരിച്ചു. ഭാര്യ: ചെത്തല്ലൂർ കറുത്തേടത്ത് മന യിൽ അമ്മിണി അന്തർജനം. മക്കൾ: വാണി, വരുൺ. മരുമകൾ: ശ്രീലക്ഷ്മി.



**ഗീത**

ഉളിക്കൽ : വയത്തൂരിലെ പരേതനായ ചാലക്കുന്നം ഇല്ലത്ത് ശങ്കരൻ നമ്പൂതിരിയുടെ ഭാര്യ ഗീത (67) വിഷ്ണുപാദം പൂകി. മക്കൾ: ഗോപാലകൃഷ്ണൻ നമ്പൂതിരി, ജലജ, പ്രസന്നൻ നമ്പൂതിരി (വയത്തൂർ അമ്പലം). മരുമക്കൾ: അനിത, സൂര്യ നാരായണ ശാസ്ത്രി (മിലിട്ടറി, ), പ്രീത (ഇടുക്കി).



**രമണി അന്തർജനം**

വടകര: പുറമേരി ഇല്ലത്ത് രമണി അന്തർജനംവിഷ്ണുപാദം പൂകി. മക്കൾ: ഷൺമുഖൻ നമ്പൂതിരി(ബിജു ,പരവന്തല ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം), ബൈജു (നാരയണമംഗലം വിഷ്ണു ക്ഷേത്രം), ബിജിത, ജയശ്രീ



**കൃഷ്ണൻ നമ്പൂതിരി**

പാലക്കാട് : വടക്കേടത്ത് അച്യുതൻ നമ്പൂതിരി യുടെയും ഹാലബന്ധി അന്തർജനത്തിന്റെയും മകൻ കൃഷ്ണൻ നമ്പൂതിരി (80) വിഷ്ണുപാദം പൂകി. സഹോദരങ്ങൾ രവിനമ്പൂതിരി, ശങ്കരൻ നമ്പൂതിരി, അച്യുതൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, പരമേശ്വരൻ നമ്പൂതിരി, രാമൻ നമ്പൂതിരി, ഉമാദേവി, ലീല .

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കൃഷ്ണൻ നമ്പൂതിരി**

പാണ്ടിക്കാട്: എറിയാട് മനക്കൽ കൃഷ്ണൻ നമ്പൂതിരി (89) വിഷ്ണുപാദം പൂകി. റിട്ടയേർഡ് പിഡബ്ല്യുഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറാണ്. മലപ്പുറം ജില്ല യോഗക്ഷേമസഭയുടെ മുൻ പ്രസിഡന്റും ശ്രീ ശങ്കരാ ട്രസ്റ്റ് മുൻ വൈസ് പ്രസിഡന്റുമാണ്. ഭാര്യ ഉമാദേവി അന്തർജനം (മൂത്തേടത്ത് മന) മക്കൾ: ഉണ്ണികൃഷ്ണൻ നമ്പൂതിരി (അസിസ്റ്റന്റ് പ്രൊഫസർ ഭവൻസ് ലോ കോളേജ്, കോഴിക്കോട്), ദാമോദരൻ നമ്പൂതിരി ( അഡ്വക്കറ്റ്), ഗീത (മുതുമന) മനോജ് കുമാർ ( സെക്രട്ടറി, കരുവാരകുണ്ട് സർവീസ് സഹകരണ ബാങ്ക്), വിഷ്ണു കുമാർ ( അഡ്വക്കറ്റ്) മരുമക്കൾ: ബിന്ദു കിഴക്കേടത്തു മന, ഗായത്രി (എയുപിഎസ് ചെമ്പ്രശ്ശേരി), ആർട്ടിസ്റ്റ് സുബ്രമണ്യൻ (മുതുമന), ജീജ (പൂളമണ്ണ മന), ദീപ (എ എം ഹയർ സെക്കൻഡറി സ്കൂൾ, വേങ്ങൂർ)



**കൈലാസ് നാഥ്**

കൊച്ചി: പ്രശസ്ത സിനിമ/സീരിയൽ അഭിനേതാവായ കൈലാസ് നാഥ് വിഷ്ണുപാദം പൂകി. തമിഴ്, മലയാളം, കന്നഡ ഭാഷകളിൽ ഏകദേശം 180-ഓളം സിനിമകളിലും വിവിധ ഭാഷകളിലായി 400-ലേറെ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ അഭിനയ വിഭാഗത്തിൽ ലക്ചറർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബാലതാരമായി വിടരുന്ന മൊട്ടുകൾ എന്ന ചിത്രത്തിലൂടെയാണ് സിനിമാ പ്രവേശം. ഇത് നല്ല തമാശ(1985) എന്ന പേരിൽ ഒരു ചലച്ചിത്രം സംവിധാനം ചെയ്തിട്ടുണ്ട്. ശ്രീകുമാരൻ തമ്പിയുടെ അസോസിയേറ്റ് ആയും പ്രവർത്തിച്ചിട്ടുണ്ട്. അജിതാ കൈലാസ് പത്നിയാണ്. മകൾ ധന്യ കൈലാസ്.



**ദാമോദരൻ നമ്പൂതിരി**

ആലപ്പുഴ പനച്ചിക്കാട് കിഴുപ്പുറത്തില്ലത്ത് കെ എൻ ദാമോദരൻ നമ്പൂതിരി (83) വിഷ്ണുപാദം പൂകി.

പതിനായിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം കുറിച്ച ആചാര്യനാണ്. പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രം ഊരാളൻ, ഭാഷാ അധ്യാപകൻ,വാഗ്മി, ഭക്തിഗാനങ്ങൾ ഉൾപ്പെടെ അനേക ഗാനങ്ങളുടെ രചയിതാവ് തുടങ്ങിയ നിലകളിൽ പ്രശസ്തനാണ്. ഭാര്യ: ദേവി അന്തർജ്ജനം (കുഴിയടി ഇല്ലം, ഏറ്റുമാനൂർ) മക്കൾ : ശ്യാമ, ശ്രീജിത്ത്, മരുമക്കൾ : ശ്യാംകുമാർ (നെല്ലിപ്പുഴ ഇല്ലം, കിടങ്ങൂർ ദേവസ്വം മാനേജർ) ,ആശ (കളക്കാട്ടില്ലം,കുട്ടൻപേരൂർ, മാന്നാർ).



**കൃഷ്ണൻ ഭട്ടതിരിപ്പാട്**

മേഴത്തൂർ പത്തിയിൽ കൃഷ്ണൻ ഭട്ടതിരിപ്പാട് വിഷ്ണുപാദം പൂകി. വൈദ്യമഠം വൈദ്യശാലയിൽ ദീർഘകാലം ജീവനക്കാരനായിരുന്നു. പത്നി: രാപ്പാൾ നടുവത്ത് മഹൾ ശ്രീദേവി അന്തർജ്ജനം. മക്കൾ: നാരായണൻ (സെയിൽസ് ടാക്സ് ഓഫീസർ) ഡോ. കൃഷ്ണദാസ് ( ആയു. സീനിയർ മെഡിക്കൽ ഓഫീസർ)ഡോ. നേത്രദാസ് (നേത്രരോഗ വിഭാഗം മെഡിക്കൽ ഓഫീസർ രാമവർമ്മാ ജില്ലാ ആയുർവ്വേദ ആശുപത്രി, തൃശൂർ). മരുമക്കൾ: കുന്നൂര് മഹൾ ശ്രീജ (ഗവ. ഹൈസ്കൂൾ അദ്ധ്യാപിക) കക്കാട്ട് മഹൾ ഉമ (അദ്ധ്യാപിക)എടവൂർ മഠം മഹൾ ഡോ. ദിവ്യ (പ്രൊഡ. മാനേജർ, ഔഷധി തൃശൂർ)



**മാധവൻ നമ്പൂതിരി**

പുതുക്കാട് രാപ്പാൾ നടുവത്ത് മന (സൌത്ത് തൊറവ്) മാധവൻ നമ്പൂതിരി (82) നിര്യാതനായി. HMT Rtd. ഉദ്യോഗസ്ഥനാണ്. മേഴത്തൂർ ഇടമരത്ത മന കുടുംബാംഗമായ E.M.സാവിത്രിയാണ് ഭാര്യ. കല്ലൂർ വെർണാകുലർ സ്കൂൾ പ്രധാനാധ്യാപികയായിരുന്നു. മകൾ ഇന്ദുകല, ശ്രീ ശങ്കര ഓറിയന്റൽ സ്കൂൾ (ലക്കിഡി) പ്രധാനാദ്ധ്യപിക, മകൻ നാരായണൻ, ബാങ്ക് ഉദ്യോഗസ്ഥൻ, മുംബൈ. മരുമക്കൾ പന്നിശ്ശേരി മന മധു, വെറൂര് മൂത്തേടത്ത് മന സജന.



**ബാലകൃഷ്ണൻ നമ്പൂതിരി**

ഓച്ചിറ: റിട്ട. റവന്യു വകുപ്പ് ഉദ്യോഗസ്ഥൻ വലിയ കുളങ്ങര തോട്ടത്തിൽ ഇല്ലത്ത് ബാലകൃഷ്ണൻ നമ്പൂതിരി (78) വിഷ്ണുപാദം പൂകി. ഭാര്യ: ശാരദാദേവി. മക്കൾ: അജികൃഷ്ണൻ (ലോക്കോ പൈലറ്റ്, ഇന്ത്യൻ റെയിൽവേ), ഉമാലക്ഷ്മി, പരേതനായ ജയകൃഷ്ണൻ. മരുമക്കൾ: ജ്യോതി ശർമ്മ ഇ.എസ്.ഐ വകുപ്പ്), ഡോ. ധന്യ(അമൃത ആയുർവ്വേദ കോളജ് വള്ളിക്കാവ്), രാജേഷ് കുമാർ (എസ്ഐ, പൊലീസ് വെള്ളൂർ).



**വാസുദേവൻ നമ്പൂതിരി**

ഗുരുവായൂർ- തിരുവാലൂർ ഇല്ലത്തു വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ: ശ്രീജ മേല്പള്ളി.



**വാമനൻ നമ്പൂതിരി**

ആലച്ചേരി പുതിയടത്തില്ലം വാമനൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

അയ്യന്തോൾ: പുതുശ്ശേരി മനയിൽ വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**നാരായണൻ നമ്പൂതിരി**

തളിപ്പറമ്പ് : കൊയ്യം കോതാവൂർ ഇല്ലത്തെ നാരായണൻ നമ്പൂതിരി (68 ) വിഷ്ണു പാദം പൂകി. മൊതശ്ശറ മല്ലിശ്ശേരി സുഭദ്ര അന്തർജനമാണ് പത്നി.

**ചരമവാർത്തകൾ**
**വാട്ട്സ്അപ്പിൽ അയക്കൂ**
**9400992823**

## വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കാർത്തിക**

വടകര : ഓർക്കാട്ടേരി പാറോളി ഇല്ലത്ത് കാർത്തിക(23) വിഷ്ണു പാദം പുകി. പരേതനായ വൈക്കം ഉദയനാപുരം വാതുക്കോടത്തില്ലത്ത് പരമേശ്വരന്റേയും ജലജയുടെയും മകളാണ്. ഭർത്താവ്: ഓർക്കാട്ടേരി പാറോളി ഇല്ലത്ത് കൃഷ്ണദേവ്. മകൾ: ദുർഗ പ്രഭ. സഹോദരൻ: കണ്ണൻ.



**ദിവാകരൻ നമ്പൂതിരിപ്പാട്**

ഷൊർണൂർ: കുളഞ്ചേരി കുളത്തിനു സമീപം പുറയന്നൂർ മന ദിവാകരൻ നമ്പൂതിരിപ്പാട് (കുഞ്ചു-71) തിരുവനന്തപുരത്ത് വിഷ്ണുപാദം പൂകി. കുളപ്പുള്ളി സിംകോ കമ്പനി മുൻ മാനേജിങ് പാർട്ണറാണ്. ഭാര്യ: അരുണ. മക്കൾ: രാമൻ ദിവാകരൻ (തിരുവനന്തപുരം), ഡോ. ദിവാകരൻ ദിവാകരൻ (ബെംഗളൂരു). മരുമകൾ: നിഷ.



**മനോഹരൻ നമ്പൂതിരി**

കോഴിക്കോട് കോൽപ്പുറത്തില്ലത്ത് മനോഹരൻ നമ്പൂതിരി (62 ) വിഷ്ണുപാദം പൂകി. പഞ്ചാബ് നാഷണൽ ബാങ്ക് ജീവനക്കാരനായിരുന്നു. ഭാര്യ എടക്രമഞ്ചേരി മകൾ ഹേമ അന്തർജ്ജനം. മക്കൾ ശ്രീഹരി, ഹരിത. ജാമാതാവ് ദീപക് കാശിപ്പള്ളി. പെരുമണ്ണ ഉപസഭാംഗമാണ്.



**വസന്ത അന്തർജനം**

പൊൽപായ മന വസന്ത അന്തർജനം(71) ബോംബെയിൽ വെച്ച് അന്തരിച്ചു. ന്യൂഡൽഹി ദൂരദർശൻ മുൻ അസിസ്റ്റന്റ് ഡയറക്ടർ വാസുദേവൻ ഭട്ടതിരിപ്പാടിന്റെ ഭാര്യയും രാമപുരത്തു വടക്കേടത്തെ മകളുമാണ്. മക്കൾ ബിനു വാസുദേവൻ, (കൽക്കി കമ്മ്യൂണിക്കേഷൻസ് ബെങ്ക്ളൂരു), സനു വാസുദേവൻ (ലോജിടെക്) മുംബൈ .



**സത്യവതി അന്തർജനം**

ആനമങ്ങാട്: എരവിമംഗലം മുണ്ടേക്കാട്ട് മനയ്ക്കൽ സത്യവതി അന്തർജനം (88) വിഷ്ണുപാദം പൂകി. ഭർത്താവ്: എം.എൻ. നമ്പൂതിരി (റിട്ട. അധ്യാപകൻ). മക്കൾ: മുരളീധരൻ, രമണി (കണ്ണൂർ ചിറ്റാരിപ്പറമ്പ് സ്കൂൾ റിട്ട. അധ്യാപിക), ഡോ. ബാബു മുണ്ടേക്കാട്ട് (റിട്ട. അധ്യാപകൻ). മരുമക്കൾ: സുചിത, വിജയകുമാരി (റിട്ട. അധ്യാപിക), പരേതനായ ഹരിദാസ്.


യോഗക്ഷേമസഭ

സ്വസ്തി

ത്രൈമാസിക

സ്വസ്തിയുടെ പ്രതിനിധികളായി പ്രവർത്തിക്കാൻ സമുദായാംഗങ്ങളായ യുവതീയുവാക്കളെ ആവശ്യമുണ്ട്. സർക്കുലേഷൻ, പരസ്യം, ഉള്ളടക്കം എന്നീ മേഖലകളിലായിരിക്കും പ്രവർത്തനം. പ്രാദേശിക ലേഖകരാവാൻ താല്പര്യമുള്ളവരെയും പരിഗണിക്കും. പത്രങ്ങളിലും മാസികകളിലും പ്രവൃത്തി പരിചമുള്ളവർക്ക് മുൻഗണന. സമുദായ സേവനം എന്ന നിലയിൽ ഒഴിവുസമയം പ്രയോജനപ്പെടുത്താനും ഇതൊരു നല്ല അവസരമാവും. പ്ളസ് ടു /ഡിഗ്രി വിദ്യാർത്ഥികൾക്ക് ജേർണലിസം ഇന്റേൺഷിപ്പിനും അസൈൻമെന്റ് വർക്കുകൾ പ്രസിദ്ധീകരിക്കാനും സൗകര്യമുണ്ട്.

ബന്ധപ്പെടുക.

അസോസിയേറ്റ് എഡിറ്റർ, യോഗക്ഷേമസഭ സ്വസ്തി

കോഴിക്കോട്. മൊബൈൽ: 9400992823

**യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,ജില്ലാ ആസ്ഥാനമന്ദിരം,**

**കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,**

**പി.ഒ. ചേവായൂർ, കോഴിക്കോട് 673017**

*An Exclusive Publication on Namboodiri Life &Life style*

# സ്നേഹ സ്മരണകളോടെ...



## എറിയാട് കൃഷ്ണൻ നമ്പൂതിരി

**(റിട്ടയേർഡ് എഞ്ചിനിയർ)**

**S/o എറിയാട് കൃഷ്ണൻ നമ്പൂതിരി & ശ്രീദേവി അന്തർജനം**

**(1937 - 2023)**

**യോഗക്ഷേമസഭ മലപ്പുറം ജില്ല മുൻ പ്രസിഡന്റ്, ശ്രീ ശങ്കര ട്രസ്റ്റ് മുൻ വൈസ് ചെയർമാൻ )**

ഉദകപൂർവം: ഭാര്യ: **ഉമാദേവി അന്തർജനം** (മുത്തേടത്ത് മന, ചെമ്പ്രശ്ശേരി)
മക്കൾ: **അഡ്വ. ഉണ്ണികൃഷ്ണൻ, അഡ്വ. ദാമോദരൻ, ഗീത, മനോജ് കുമാർ** (സെക്രട്ടറി, കരുവാരകുണ്ട് കോഓപ്പറേറ്റീവ് ബാങ്ക്), **അഡ്വ. വിഷ്ണുകുമാർ.**
മരുമക്കൾ: **ബിന്ദു** (കിഴക്കേടം), **ഗായത്രി** (കിഴക്കേടം), **സുബ്രഹ്മണ്യൻ നമ്പൂതിരി** (മുതുമന), **ജീജ** (പൂളമണ്ണ), **ദീപ** (കുമരംപുലാക്കൽ).

**എറിയാട് മന, കൊളപ്പറമ്പ് പോസ്റ്റ്, പാണ്ടിക്കാട്. മലപ്പുറം ജില്ല: 9349767519.**



# ഗംഗാദേവി അന്തർജനം

(പുനരിട്ടമഠം പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ പത്നി)

**കൽപ്പകശ്ശേരി പാട്ടം മകൾ**

**പുനരിട്ടമഠം, പെരുമണ്ണ ,കോഴിക്കോട് 19**

**മരണം: 5/8/2023**

മക്കൾ: ഹരികൃഷ്ണൻ (പൂജാരി), ജയകൃഷ്ണൻ (യു എസ് എ )
സഹോദരങ്ങൾ: പരേതനായ പാട്ടം സുബ്രഹ്മണ്യൻ നമ്പൂതിരി (യുഎസ്എ)
പാട്ടം കൃഷ്ണൻ നമ്പൂതിരി (യു എസ് എ)

**ബാഷ്പാഞ്ജലികളോടെ, ബന്ധുമിത്രാദികൾ. ഹരികൃഷ്ണൻ പുനരിട്ടമഠം : 9400492291**




കാട്ടകാമ്പാൽ പെരുമ്പിള്ളി മന പുരുഷോത്തമൻ നമ്പൂതിരിയുടെ സഹധർമ്മിണി

**ജയാ അന്തർജ്ജനത്തിന് ഷഷ്ട്യബ്ദപൂർത്തി ആശംസകൾ**

(കോങ്ങാട് മുണ്ടോർക്കര മഹൾ, ചെങ്ങല്ലൂർ മരുമകൾ)

ആയുരാരോഗ്യ സൗഖ്യത്തിനായി പ്രാർത്ഥനയോടെ

മക്കളും പേരക്കുട്ടികളും. മാളവിക പെരുമ്പുള്ളി & നൈനിക പെരുമ്പുള്ളി.

ഡോ. പി.പി. പുരുഷോത്തമൻ ബി.എ.എം.എസ്, എം.ഡി (ആയുർവേദ),

പെരുമ്പിള്ളി മന, പി.ഒ കാട്ടകാമ്പാൽ, തൃശ്ശൂർ ജില്ല, 9048613096



**2023 ആഗസ്റ്റ് 11 ന് അശീതി ആഘോഷിച്ച**

**സുഭദ്രാ അന്തർജനം**

(തൃശൂർ നന്ദിപുലം ഭസ്മത്തിൽ മേക്കാട് മന

മാധവൻ നമ്പൂതിരിയുടെ സഹധർമ്മിണി , പനയൂർ മകൾ)

ബി.എം മാധവൻ നമ്പൂതിരി (യോഗക്ഷേമസഭാ സംസ്ഥാന കമ്മിറ്റി, മലപ്പുറം
ജില്ലാ നിരീക്ഷകൻ, തൃശ്ശൂർ ജില്ലാ കമ്മിറ്റി അംഗം തുടങ്ങിയ നിലകളിൽ
പ്രവർത്തിച്ചിട്ടുണ്ട് ഖാദി ബോർഡിൽ നിന്ന് റിട്ടയർ ചെയ്തു)

ആശംസകളോടെ മക്കൾ മരുമക്കൾ

രമണി ബി.എം, നെന്മിനിശ്ശേരി മന അലനല്ലൂർ, രവി നെന്മിനിശ്ശേരി
വല്ലഭൻ ബി.എം, (ധനലക്ഷ്മി ബാങ്ക് സീനിയർ മാനേജർ, വടകര) നന്ദിനി, കരുമല
വാസന്തി ബി.എം, വിശ്വൻ കൊടശ്ശേരി മേലേടത്ത് മന
നാരായണൻ ബി.എം (വിപ്രോ ബാംഗ്ലൂർ)ആതിര കിഴക്കിനിയേടത്ത്, മാള

മൊബൈൽ :8589003801






# ശരണ്യയും പരമേശ്വരനും



ഷൊർണൂർ കയിലിയാട് ചേറമ്പറ്റ തൃക്കാരമണ്ണ മന സി എം ഉണ്ണികൃഷ്ണൻ ഭട്ടതിരിപ്പാടിന്റെയും പി എൻ സിന്ധുവിന്റെയും മകൾ ശരണ്യയും പെലക്കാട്ട് പയ്യൂർ മന നാരായണൻ നമ്പൂതിരിപ്പാടിന്റെയും അജയയുടെയും മകൻ പരമേശ്വരനും 2023 ഓഗസ്റ്റ് 28 (1199ചിങ്ങം 12) തിങ്കളാഴ്ച രാവിലെ 11.44 നും 1.50 നും ഇടയിലുള്ള മുഹൂർത്തത്തിൽ വാണിയമ്പലം ഗോൾഡൻ വാലി ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി. ഫോൺ: 9447158016



ഒരുവന്നൂർ പാഴിയൂർ (കറുത്തേടത്ത് ) മന സതീശന്റേയും ഹേമയുടെയും മകൾ സൗമ്യയും പാഞ്ഞാൾ കയ്പഞ്ചേരി മന കൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീദേവിയുടേയും മകൻ കൃഷ്ണപ്രസാദും തമ്മിലുള്ള വിവാഹം ആഗസ്റ്റ് 26 ന് ശനിയാഴ്ച ചേലക്കര എം.എസ്.എൻ. ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു
മൊബൈൽ: 9495567915



കോഴിക്കോട് കൊയിലാണ്ടി കീഴാറ്റുപുറത്ത് ഇല്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടേയും സുചിത്രയുടേയും മകൻ വൈശാഖും ചെർപ്പുളശ്ശേരി മോഴികുന്നത്ത് നാരായണന്റേയുംസാവിത്രിയുടേയും മകൾ ശ്രീഭദ്രയും 2023 സെപ്റ്റംബർ 2 ന് കീഴാറ്റുപുറത്ത് ഇല്ലത്തു വച്ച് വിവാഹിതരായി. മൊബൈൽ:9747216134/9496118766



മുക്കം കളരിക്കണ്ടി പാതിരമറ്റം ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും ജലജകുമാരി അന്തർജ്ജനത്തിന്റെയും മകൻ ഡോ. പി.കെ അക്ഷയ് രാജും ഏഴിലോട് പുറച്ചേരി മംഗലത്തില്ലം വിഷ്ണു നമ്പൂതിരിയുടെയും സരസ്വതി അന്തർജ്ജനത്തിന്റെയും മകൾ എം.എസ് ചിത്തിരയും 2023 സെപ്റ്റംബർ 07 (1199 ചിങ്ങം 22) വ്യാഴാഴ്ച അരീക്കുളങ്ങര കല്ല്യാണമണ്ഡപത്തിൽ വച്ച് വിവാഹിതരായി. മൊബൈൽ 9846466307



തൃപ്പൂണിത്തുറ ഉദയംപേരൂർ ആമേട മംഗലത്ത് മന ആര്യൻ നമ്പൂതിരിയുടെയും കുന്നോത്ത് മണ്ണൂർ സുധാ ദേവിയുടെയും മകൾ ആര്യയും തൃശൂർ വെങ്കിടങ്ങു നെടിയപ്പറമ്പ് മന ശാസ്ത്ര ശർമ്മന്റെയും ശോഭനയുടെയും മകൻ വിഷ്ണു ശർമ്മയും തമ്മിലുള്ള വിവാഹം 02/09/2023 ന് നമ്പോർകാവ് ശ്രീഭദ്ര ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.
മൊബൈൽ9446207321/9446522381



മഞ്ചേരി പാപ്പിനിപ്പാറ എറിയാട്ട് മന ഹരിനാരായണന്റെയും ഇന്ദുവിന്റെയും മകൾ ഹരിതയും പുലാമന്തോൾ മന ശങ്കരൻ മൂസ്സിന്റെയും രേണുക അന്തർജ്ജനത്തിന്റെയും മകൻ ജയശങ്കരനും തമ്മിലുള്ള വിവാഹം സെപ്തംബർ 2ന് പുലാമന്തോൾ എമറാൾഡ് റിസോർട്ടിൽ വച്ച് നടന്നു.
മൊബൈൽ: 9846719646



പാഞ്ഞാൾ പെരുമങ്ങാട്ടു മന സുരേന്ദ്രന്റെയും
ഗായത്രി സുരേന്ദ്രന്റെയും മകൻ
**അതുൽ വാസുദേവനും** കൊടുമുണ്ട കാഞ്ഞൂർ മന
രാംദാസിന്റെയും, ഉമാ രാംദാസിന്റെയും മകൾ
**അനിഷ രാംദാസും** 2023 ജൂലൈ 15ന്
തൃശ്ശൂർ ശ്രീ ശങ്കര ഹാളിൽ വെച്ച് വിവാഹിതരായി.

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:2 Issue No:4 ❑ Kozhikode ❑ Date of Publication: 1 October 2023

